# ചാവറ ജീവിത ദർശനം

അധ്യാപകർക്കും മാതാപിതാക്കൾക്കും ഒരു കൈപുസ്തകം



എഡിറ്റർ : ഫാ. ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ.



# ചാവറജീവിത ദർശനം

അധ്യാപകർക്കും മാതാപിതാക്കൾക്കും ഒരു കൈപുസ്തകം


**എഡിറ്റർ : ഫാ.ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ.**

ജനറൽ കൗൺസിലർ, വിദ്യാഭ്യാസ-മാധ്യമവകുപ്പ്

ചാവറഹിൽസ്, കാക്കനാട്, കൊച്ചി 682 030

**Chavara Jeevitha Dharsanam**
Malayalam

| | |
|---|---|
| *Editor* | : Fr. Jose Chittilappilly CMI |
| *Published by* | : CMI General Dept. of Education |
| *First Published* | : December, 2007 |
| *Second Published* | : January 3rd, 2008 |
| *Cover* | : David Thekkiniyath |
| *Type Setting* | : Smriti design, Thrissur |
| *Printed at* | : Word Thrissur |

**Price : Rs : 80.00**

# ഇതളുകൾക്കിടയിൽ


മുഖമൊഴി

**അനുഗ്രഹ പ്രഭാഷണങ്ങൾ**

1. സ്വപ്നങ്ങളുടെ മനുഷ്യൻ 13
2. ഭാരതസഭയുടെ സൂര്യതേജസ്സ് 15
3. കേരളനവോത്ഥാന ശുക്രനക്ഷത്രം 17
4. അരൂപിയുടെ സംഗീതം 21
5. ദൈവാരൂപി നിറഞ്ഞ മനുഷ്യൻ 23

**സെമിനാർ പ്രബന്ധങ്ങൾ**

6. ചാവറ : ദർശനവും ദൗത്യവും 31
7. ചാവറ : അതുല്യ വിദ്യാദാനശുശ്രൂഷ 43
8. ചാവറ : കുടുംബദർശനം 61
9. ചാവറ : കുട്ടികളുടെ സമഗ്രവളർച്ച 71
11. ചാവറ : സാമൂഹ്യദർശനം 85

**അനുസ്മരണാകിരണങ്ങൾ**

12. ചാവറ : തറവാട് 102
13. ചാവറ : നാഴികക്കല്ലുകൾ 103
14. ചാവറ : സമ്പൂർണ്ണകൃതികൾ 104
15. ചാവറ : ആരംഭകൻ 105
16. ചാവറ : ഉത്തമകുടുംബം 106
17. പ്രിയോർ മാവിന്റെ കഥ 107
18. ഒരു തലമുടിയുടെ കഥ 108
19. നിർമ്മല ജീവിത സാക്ഷ്യം 109
20. ചാവറ : അന്തിമോപദേശം 110
21. ചാവറ : മഹാത്മാക്കളുടെ വീക്ഷണം 111
22. ചാവറ : കുട്ടികളോട് സംസാരിക്കുന്നു 116

**ചരിത്രവും ചാവരുളും**

23. ചാവറ: ഒരു ലഘുജീവചരിത്രം 119
24. ഒരു നല്ല അപ്പന്റെ ചാവരുൾ 129



# മുഖമൊഴി

നമ്മുടെ അമ്മനാടായ ഭാരതത്തിൽ അൾത്താര യിലെ വണക്കത്തിനായി പ്രഥമത ഉയർത്തപ്പെട്ട മഹാത്മാവാണ് ചാവറ കുരിയാക്കോസ് ഏലിയാ സച്ചൻ. ദൈവാരൂപി നിറഞ്ഞ പുണ്യപുരുഷനായ ചാവറയച്ചൻ മത-സാംസ്കാരിക-വിദ്യാഭ്യാസരംഗ ങ്ങളിൽ മനുഷ്യർക്ക് ദൈവത്തിന്റെ മനോജ്ഞദാ നമായി തീർന്നു. അതുകൊണ്ടുതന്നെ ഒരു യുഗം കൊണ്ട് ചെയ്യാവുന്നതിലധികം കാര്യങ്ങൾ ഒരു പുരുഷായുസുകൊണ്ട് ചെയ്തുതീർക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

ജനനന്മയിൽ കണ്ണും നട്ടുകൊണ്ട് ആരംഭിച്ച ഏത ദ്ദേശീയമായ രണ്ടു സന്ന്യാസസഭകളുടെ, സി.എം. ഐ-സി.എം.സി സമർപ്പിത സമൂഹങ്ങളുടെ, സ്ഥാപ കൻ, അജപാലനരംഗത്ത് അത്ഭുതങ്ങൾ വിരചിച്ച മാർത്തോമ ക്രിസ്ത്യാനികളുടെ പ്രഥമ വികാരി ജന റാൾ, ആരാധനാ ക്രമങ്ങൾക്ക് അടുക്കും ചിട്ടയുമു ണ്ടാക്കിയ ആദ്ധ്യാത്മികാചാര്യൻ, സമൂഹത്തിലെ ശിഥില പ്രവണതകൾക്കെതിരെ സുധീരം പടപൊ രുതിയ വിശ്വാസ സംരക്ഷകൻ, 'ഒരു നല്ല അപ്പന്റെ ചാവരുൾ' രചിച്ച് കുടുംബനവീകരണത്തിനായി യത്നിച്ച സമുദായസമുദ്ധാരകൻ, സാമൂഹ്യ സേവ നത്തെപ്പറ്റി കേട്ടുകേൾവി പോലുമില്ലാത്ത കാലഘ

ട്ടത്തിൽ കേരളത്തിലെ ആദ്യ ഉപവിശാലയ്ക്ക് അടിസ്ഥാനമിട്ട ആതുരശുശ്രൂഷാരംഗത്തെ പയനിയർ, 'പിടിയരി', 'കെട്ടുതെങ്ങ്' പദ്ധതികളിലൂടെ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച ജനനായകൻ, തീണ്ടലും തൊടീലും നിലനിന്നിരുന്ന കാലയളവിൽ ജാതിമതവർഗ്ഗ ഭേദമന്യേ ഏവർക്കും വിദ്യ നേടാൻ പള്ളികളോടനുബന്ധിച്ച് പള്ളികൂടങ്ങൾ ആരംഭിക്കണമെന്ന് കർശനകല്പനയിറക്കിയ ക്രാന്തദർശിയായ വിദ്യാഭ്യാസ പ്രവർത്തകൻ, മാധ്യമങ്ങളുടെ പ്രാധാന്യം കണ്ടറിഞ്ഞ് പ്രഥമ കത്തോലിക്ക പ്രസ് സ്ഥാപിക്കയും സാഹിത്യ രചന നടത്തുകയും ചെയ്ത അക്ഷര സ്നേഹിയായ മഹാനുഭവൻ എന്നീ നിലകളിൽ ചാവറയച്ചൻ കാഴ്ചവെച്ച വിലപ്പെട്ട സേവനങ്ങൾ ആധുനിക കേരളത്തിന്റെ നിർമ്മിതിയിൽ സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്.

19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കേരളക്കരയിലെ നിറസാന്നിധ്യമായിരുന്ന ചാവറപിതാവിന്റെ തിളക്കമാർന്ന പ്രവർത്തനങ്ങളുടെ പിറകിൽ തെളിമയുള്ള ഒരു ജീവിത ദർശനമുണ്ടായിരുന്നു. ദൗത്യമുണ്ടായിരുന്നു. ഉന്നതമായ ആ ദർശനവും ഉദാത്തമായ ആ ദൗത്യവും വളരുന്ന തലമുറക്ക് പകരുവാൻ സി.എം.ഐ. -സി.എം.സി. സന്ന്യാസസഭകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർക്കായി 'ചാവറജീവിതദർശനം' എന്ന വിഷയത്തെ ആസ്പദമാക്കി 2007-ൽ മൂന്ന് ത്രിദിന സെമിനാറുകൾ സി.എം.ഐ. സഭയുടെ ആസ്ഥാനമായ കാക്കനാട് ചാവറഹിൽസിൽ വച്ച് നടത്തുകയുണ്ടായി.

സെമിനാറിലെ പ്രബന്ധങ്ങളും പ്രഭാഷണങ്ങളും അധ്യാപകർക്കും മാതാപിതാക്കൾക്കും സംലഭ്യമാക്കുക അനുഗ്രഹപ്രദമായിരിക്കുമെന്ന നിർദ്ദേശമാണ് ഈ കൈപുസ്തകം പ്രസാധനം ചെയ്യുവാൻ പ്രേരകമായത്. ഈ ചെറു ഗ്രന്ഥം വഴിയായി വളരുന്ന

തലമുറയിൽ ഒരു 'ചാവറ തരംഗം' വിരചിക്കുവാൻ, ഒരു 'ചാവറചാരുത' പകരുവാൻ സാധിച്ചാൽ ഞങ്ങൾ കൃതാർത്ഥരായി.

സെമിനാർ പ്രബന്ധങ്ങളും അനുഗ്രഹപ്രഭാഷണങ്ങളും ലേഖന രൂപത്തിൽ നൽകി ഞങ്ങളെ സഹായിച്ച എല്ലാവരോടും അതിയായ നന്ദിയുണ്ട്. ചാവറ പിതാവിന്റെ ജീവിതത്തിലെ നിർണ്ണായകമായ അനുസ്മരണാകിരണങ്ങളും ചാവറ ജീവിതദർശനത്തിന്റെ പ്രകാശനമായ 'ഒരു നല്ല അപ്പന്റെ ചാവരുളി'ന്റെ ആധുനിക ഭാഷീകരണവും ചാവറയച്ചന്റെ ഒരു ലഘു ജീവചരിത്രവും ഈ ഗ്രന്ഥത്തിന് തിലകമണിയിക്കുന്നു.

ഈ കൈപുസ്തകം വെളിച്ചം കാണാൻ കൊതിച്ചപ്പോൾ സഹായഹസ്തവുമായി വന്നനുഗ്രഹിച്ച ബാംഗ്ലൂർ ക്രൈസ്റ്റ് കലാലയസാരഥി റവ. ഡോ. തോമസ് സി. മാത്യു അച്ചനെ അകം നിറഞ്ഞ നന്ദിയോടെ ഇവിടെ അനുസ്മരിക്കുന്നു.


നാളെയുടെ നാമ്പുകളായ വിദ്യാർത്ഥികൾക്കും അവരെ സ്നേഹിക്കുകയും നയിക്കുകയും ചെയ്യുന്ന അധ്യാപകർക്കും മാതാപിതാക്കൾക്കും ഈ കൃതി സമർപ്പിക്കുന്നു. ഈ വരികളിൽ നിറഞ്ഞു നില്ക്കുന്ന ചാവറപിതാവിന്റെ സുകൃതസ്മരണയുടെ മുമ്പിൽ നിമിഷനേരം നമ്രശിരസ്കനായി നിന്ന്, അനതിവിദൂരമായ ഭാവിയിൽ കൈനകരിയിലെ ആ കനകദീപം സാർവ്വത്രികസഭയുടെ വിഹായസ്സിൽ പ്രോജ്ജ്വലിക്കുന്ന വിശുദ്ധ താരകമായി വിരാചിക്കുവാൻ ദൈവം കനിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*എഡിറ്റർ*

ഫാ. ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ.

ചാവറഹിൽസ്, കാക്കനാട്, കൊച്ചി 682 030

ചാവറജീവിത ദർശനം



# അനുഗ്രഹപ്രഭാഷണങ്ങൾ



# 1 സ്വപ്നങ്ങളുടെ മനുഷ്യൻ

**മാർ തോമസ് ചകൃത്ത്**

വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ സ്വപ്നങ്ങളുടെ മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ, സ്വാർത്ഥതയുടേതായിരുന്നില്ല, ദൈവത്തിന്റെ സ്വപ്നങ്ങളായിരുന്നു. ഈ പ്രപഞ്ചത്തെയും പ്രപഞ്ചത്തിന്റെ മകുടമായ മനുഷ്യനെയും പറ്റിയുള്ള ദൈവത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ ജീവിതം ഉഴിഞ്ഞു വച്ച ദിവ്യപുരുഷനായിരുന്നു ചാവറയച്ചൻ.

അരൂപിയുടെ മേലൊപ്പുള്ള മനുഷ്യനായിരുന്നതുകൊണ്ടാണ് കാലത്തിനുമുമ്പേ നടന്നുനീങ്ങിയ നവോത്ഥാനനായകനാകുവാൻ ചാവറയച്ചന് കഴിഞ്ഞത്. ഭാരതവല്ക്കരണം, മതസൗഹാർദ്ദം, മാധ്യമപ്രവർത്തനം, അധികാരവികേന്ദ്രീകരണം, സാർവ്വത്രിക വിദ്യാഭ്യാസം, ആതുരസേവനം, മാനവസമത്വം, സ്ത്രീശാക്തീകരണം എന്നീ തലങ്ങളിൽ നൽകിയ സംഭാവനകൾ ദൈവത്തിന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിച്ച മഹാത്മാവ് എന്ന നാമധേയം ചാവറയച്ചനിൽ സാർത്ഥകമാക്കുന്നു. സാമൂഹ്യമായി, ഉച്ചനീചത്വങ്ങളുടെ നീർച്ചുഴിയിലും രാഷ്ട്രീയമായി, ബ്രിട്ടീഷ് ആധിപത്യത്തിലും സഭാഭരണപരമായി, പോർട്ടുഗീസ് മേൽകോയ്മയിലും വീർപ്പുമുട്ടി കഴിഞ്ഞിരുന്ന കേരള ജനതയ്ക്ക് പ്രതീക്ഷയുടെ പ്രഭാകിരണങ്ങൾ പകർന്ന സൂര്യതേജസായിരുന്നു ചാവറയച്ചൻ.

'ഒരു പള്ളിക്കൊരു പള്ളിക്കൂടം' എന്ന അദ്ദേഹത്തിന്റെ സ്വപ്നമാണ് സാർവ്വത്രിക വിദ്യാഭ്യാസത്തിന് വിത്ത് പാകിയത്. സമ്പൂർണ്ണ സാക്ഷരതയ്ക്ക് അടിത്തറയിട്ടത്. പൊതു വിദ്യാഭ്യാസരംഗത്ത് വിപ്ലവം വിരചിച്ച ചാവറയച്ചൻ സുറിയാനി ക്രിസ്ത്യാനികളുടെ സമഗ്രവളർച്ചയിൽ കണ്ണും

നട്ടുകൊണ്ട് മാന്നാനത്ത് ഒരു ഉന്നതവിദ്യാഭ്യാസ കേന്ദ്രം ആരംഭിക്കുവാൻ പരിശ്രമങ്ങൾ നടത്തിയെങ്കിലും റോക്കോസ് ശീശ്മയുടെ കൊടുംകാറ്റിൽ ആ സ്വപ്നം പൊലിഞ്ഞു. ഇന്നിപ്പോൾ അദ്ദേഹത്തിന്റെ അനുയായികളായ സി.എം.ഐ. സഭാംഗങ്ങൾ സ്ഥാപക പിതാവിന്റെ കാലടിപ്പാടുകൾ പിന്തുടർന്ന് ഉന്നത വിദ്യാഭ്യാസമേഖലയിലും മെഡിക്കൽ, എൻജിനിയറിങ്ങ് രംഗത്തും അതിവേഗം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു.

ചാവറയച്ചന്റെ ക്രാന്തദർശിത്വത്തിന് നിറഞ്ഞ നിദർശനമാണ് മുദ്രാലയപ്രവർത്തനം. വിദ്യാഭ്യാസ വിപ്ലവത്തിന് ഊർജ്ജം പകരുവാൻ അച്ചടി മാധ്യമങ്ങൾ അനിവാര്യമാണെന്ന് ഒന്നര നൂറ്റാണ്ട് മുമ്പുതന്നെ ചാവറയച്ചൻ ചിന്തിച്ചു. വിപരീത സാഹചര്യങ്ങളെ അതിജീവിച്ച് വിജയം വരിക്കുവാനുള്ള നിശ്ചയ ദാർഢ്യത്തിന്റെയും കഠിനാദ്ധ്വാനത്വരയുടേയും ഫലമായാണ് 1846-ൽ തന്നെ മാന്നാനത്ത് കേരള കത്തോലിക്കരുടെ ആദ്യത്തെ പ്രസ് അദ്ദേഹം തുടക്കം കുറിച്ചത്. ഈ പ്രസ്സിൽ നിന്ന് പ്രഥമ മലയാളദിനപത്രമായ 'ദീപിക' അച്ചടിമഷിപുരണ്ട് വെളിച്ചം കണ്ടത് 1887-ൽ ആയിരുന്നെങ്കിലും സാംസ്കാരിക കേരളത്തിന്റെ കണ്ണും കാതും നാവുമായി മാറാൻ ശേഷിയുള്ളൊരു ദിനപത്രത്തെക്കുറിച്ചുള്ള സ്വപ്നം ചാവറയച്ചൻ താലോലിച്ചിരുന്നു. അതുകൊണ്ട് മലയാള അച്ചടി മാധ്യമരംഗത്തിന്റെ തലതൊട്ടപ്പനെന്ന് ചാവറയച്ചനെ നിസംശയം വിശേഷിപ്പിക്കാം. മലയാള പത്രപ്രവർത്തന ചരിത്രം ഈ മഹാപ്രതിഭയോട് എന്നും കടപ്പെട്ടിരിക്കുന്നു.

കൈനകരിയിൽ ചാവറയച്ചൻ ആരംഭിച്ച ഉപവിശാല ആതുരശുശ്രൂഷാരംഗത്തെ പയനിയറായി ചാവറയച്ചനെ പ്രതിഷ്ഠിച്ചിരിക്കുന്നു. സ്ത്രീശാക്തീകരണത്തെ ലക്ഷ്യം വച്ചാണ് ചാവറയച്ചൻ സി.എം.സി. സന്യാസിനിസമൂഹം സ്ഥാപിച്ചതുതന്നെ. സ്ത്രീകളുടെ വിദ്യാഭ്യാസവും സ്വാതന്ത്ര്യവും ചാവറയച്ചൻ ഒന്നര നൂറ്റാണ്ടു മുമ്പുതന്നെ സ്വപ്നം കണ്ടിരുന്നു. ഇന്ന് ഏറ്റവും ആവശ്യമായിരിക്കുന്ന മതസൗഹാർദ്ദവും സഹിഷ്ണുതയും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു.

അങ്ങനെ സത്യത്തിലും നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ ഒരു നവ സമൂഹത്തിന്റെ സൃഷ്ടിക്ക് ക്രിയാത്മകമായി ചാവറയച്ചൻ നേതൃത്വം നൽകി. അദ്ദേഹത്തിന്റെ പൈതൃകത്തിൽ പദമൂന്നി നിന്നുകൊണ്ട് വ്യക്തിപരമായ വികസനത്തേക്കാളുപരി സമൂഹത്തിന്റെ വിമോചനത്തെപ്പറ്റിയുള്ള സ്വപ്നങ്ങൾ താലോലിക്കുന്ന തലമുറയെ വിരചിക്കുവാൻ സി.എം.ഐ.-സി.എം.സി. സന്യാസസമൂഹങ്ങൾ വ്യക്തമായ ജീവിത ദർശനത്തോടു കൂടി കർമ്മനിരതരാകണം. അതിന് സഹായകമായ ഒരു വിദ്യഭ്യാസ ഗവേഷണകേന്ദ്രം സ്ഥാപിക്കുവാൻ സി.എം.ഐ. സഭ മുന്നോട്ടു വരണം. ഈ സെമിനാർ പരമ്പര അതിന്റെ നാന്ദിയായിരിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ■



# 2

## ഭാരതസഭയുടെ സൂര്യതേജസ്

റവ. ഡോ. ആന്റണി കരിയിൽ
സി.എം.ഐ. പ്രിയോർ ജനറാൾ.

കേരളത്തിന്റെ വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക ആദ്ധ്യാത്മിക രംഗങ്ങളിൽ വിപ്ലവം വിരചിച്ച നവോത്ഥാന നായകനായ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ ഭാരത സഭയിൽ ഉദിച്ചുയർന്ന സൂര്യതേജസാണ്. ചാവറയച്ചൻ 1805 ഫെബ്രുവരി 10-ന് കൈനകരിയിൽ ജനിച്ചു. 1871 ജനുവരി 3-ന് കൂനമ്മാവിൽ മരിച്ചു. ജനനമരണങ്ങൾക്കിടയിൽ 66 സംവത്സരക്കാലത്തെ അതിധന്യമായ ജീവിതം കാഴ്ച വെച്ചു എന്നതാണ് ചാവറയച്ചന്റെ വിജയം. നമ്മുടെ മുൻ രാഷ്ട്രപതി ആർ. വെങ്കിട്ടരാമന്റെ വീക്ഷണത്തിൽ, ധ്യാനയോഗവും കർമ്മയോഗവും സ്വന്തജീവിതശൈലിയിൽ ചേതോഹരമായി സമന്വയിപ്പിച്ച അപൂർവ്വ യുഗകർത്താവായിരുന്നു ചാവറയച്ചൻ.

"എത്രയും ചിത്രമാം യേശുവിന്റെ തിരുമുഖം ഏകാന്ത പ്രേമത്തിൽ" ദർശിച്ച് പരിശുദ്ധാരൂപി നിറഞ്ഞ ദൈവികമനുഷ്യനായി വളർന്ന ചാവറയച്ചൻ മനുഷ്യർക്ക് ദൈവത്തിന്റെ മനോജ്ഞദാനമായി തീർന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ "ഈ മലയാളക്കരയിൽ പട്ടക്കാർക്കെങ്കിലും ഒരു ദർശനഭവനമില്ലാതെ ഏറിയ നന്മകൾക്ക് കുറവ്" ആയിരിക്കയാൽ 1831 മേയ് 11-ാം തീയതി സി.എം.ഐ. സഭയ്ക്കും 'പെൺ പൈതങ്ങളുടെ' സമുദ്ധാരണത്തിനായി 1866 ഫെബ്രുവരി 13-ന് സി.എം.സി. സന്ന്യാസിനി സമൂഹത്തിനും ചാവറയച്ചൻ ആരംഭം കുറിച്ചു. ഇന്ന് ഈ സന്യാസ സഭകളിലെ 10000-ത്തിൽ അധികം അംഗങ്ങൾ 4500-ൽ പരം സ്ഥാപനങ്ങളിലൂടെ ചാവറയച്ചന്റെ കർമ്മയോഗം തുടരുന്നു.

അജപാലന രംഗത്ത് അത്ഭുതങ്ങൾ വിരചിച്ച സീറോ-മലബാർ സഭയുടെ ആദ്യത്തെ വികാരി ജനറാളായിരുന്നു ചാവറയച്ചൻ. വ്യവസ്ഥാപിത സെമിനാരികൾ സ്ഥാപിച്ച് വൈദിക പരിശീലനത്തിന് നിയതരൂപം നല്കുകയും പള്ളികളിൽ ഞായറാഴ്ച പ്രസംഗവും ജ്ഞാനധ്യാനങ്ങളും ഏർപ്പെടുത്തുകയും കുർബാന പുസ്തകവും യാമപ്രാർത്ഥനകളും രചിച്ച് ആരാധനാക്രമത്തിന് അടുക്കും ചിട്ടയും ഉണ്ടാക്കുകയും 40 മണിയാരാധന ആരംഭിച്ച് ദിവ്യകാരുണ്യ ഭക്തി പ്രചരിപ്പിക്കുകയും ചെയ്ത ആരാധനാ പരിഷ്കർത്താവായിരുന്നു അദ്ദേഹം. 1861-62 കളിൽ കേരള സഭയെ ശിഥിലമാക്കിയ റോക്കോസ് ശീശ്മക്കെതിരെ സുധീരം പടപൊരുതി ജയിച്ച വിശ്വാസ സംരക്ഷകനായിരുന്നു ചാവറയച്ചൻ.

തീണ്ടലും തൊടീലും നിലനിന്നിരുന്ന കാലഘട്ടത്തിൽ ജാതിമതഭേദമന്യേ എല്ലാവർക്കും വിദ്യാഭ്യാസം നൽകുവാൻ 1846-ൽ കേരളത്തിലെ ആദ്യത്തെ കത്തോലിക്ക വിദ്യാലയത്തിന് തുടക്കം കുറിക്കുകയും പള്ളികളോടനുബന്ധിച്ച് പള്ളികൂടങ്ങൾ ആരംഭിക്കണമെന്ന കർശനകല്പനയിറക്കുകയും ചെയ്ത ക്രാന്തദർശിയായ വിദ്യാഭ്യസ പ്രവർത്തകനായിരുന്നു ചാവറയച്ചൻ. നിർധന വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങളും ഉച്ചകഞ്ഞിയും നല്കുവാൻ കേരളത്തിലെന്നല്ല, ഇന്ത്യയിൽത്തന്നെ ആരംഭമിട്ടത് മറ്റാരുമല്ല. മാധ്യമങ്ങളുടെ പ്രാധാന്യം കണ്ടറിഞ്ഞ് 1846-ൽ തന്നെ മാന്നാനത്ത് ചാവറയച്ചൻ സ്ഥാപിച്ച ആദ്യ കത്തോലിക്കപ്രസ്സിൽ നിന്നാണ് 1887-ൽ മലയാളത്തിലെ പ്രഥമ ദിനപത്രമായ ദീപിക പ്രസിദ്ധീകരിച്ചു തുടങ്ങിയത്. 30-ഓളം ഗ്രന്ഥങ്ങളുടെ കർത്താവായ ചാവറയച്ചൻ 1862-ൽ രചിച്ച അനസ്താസിയായുടെ രക്തസാക്ഷിത്വം ആണ് മലയാളത്തിലെ പ്രഥമ ഖണ്ഡകാവ്യം.

സാമൂഹ്യസേവനത്തെപ്പറ്റി കേട്ടുകേൾവിപോലുമില്ലാതിരുന്ന കാലഘട്ടത്തിൽ കൈനകരിയിൽ ആദ്യ ഉപവിശാലയ്ക്ക് ചാവറയച്ചൻ അടിസ്ഥാനമിട്ടു. 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന ഗ്രന്ഥത്തിലൂടെ കുടുംബനവീകരണത്തിനായി അദ്ദേഹം യത്നിച്ചു. അങ്ങനെ വിവധ രംഗങ്ങളിൽ വരുംതലമുറകൾക്ക് ഓർമ്മിക്കാനും ഓമനിക്കാനും ഒത്തിരിയേറെ സംഭാവനകകൾ കാഴ്ചവച്ച യുഗപുരുഷനായ ചാവറയച്ചന്റെ ജീവിത ദർശനം ശില്പശാലാപരമ്പരയിലൂടെ അദ്ധ്യാപക മനസുകളിൽ വിരചിക്കാനും ശില്പശാലയിലെ പ്രബന്ധങ്ങളുടെ സമാഹാരമായ ഈ കൈപുസ്തകത്തിലൂടെ ജനഹൃദയങ്ങളിലെത്തിക്കാനും മുന്നോട്ടുവന്ന സി.എം.ഐ. വിദ്യാഭ്യാസ-മാധ്യമ വകുപ്പദ്ധ്യക്ഷൻ ഫാ. ജോസ് ചിറ്റിലപ്പിള്ളിയെ ഹൃദയംഗമമായി അഭിനന്ദിക്കുന്നു. ■

3



# കേരള നവോത്ഥാനത്തിലെ ശുക്രനക്ഷത്രം

പ്രഫ. എം. കെ. സാനു

പുണ്യകർമ്മങ്ങൾകൊണ്ട് ജീവിതം അർത്ഥപൂർണമാക്കുന്നവർ കാലത്തെ അതിജീവിക്കുന്നു. മരണത്തിന്റെ അതിർത്തി ലംഘിച്ചുകൊണ്ട് അവർ നിത്യതയുടെ ഭാഗമായിത്തീരുന്നു. വാസ്തവത്തിൽ അവരുടെ ജീവിതം ആരംഭിക്കുന്നതുതന്നെ മരണശേഷമാണ്.

ഈ പൊതുനിയമത്തിന് ഉത്തമ ദൃഷ്ടാന്തമെന്ന നിലയിലാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇന്നും ജനങ്ങളുടെ ആരാധനാപാത്രമായി ശോഭിക്കുന്നത്. 1805-ൽ ജനിച്ച് 1871-ൽ സ്വർഗസ്ഥനായ ആ പുണ്യപുരുഷൻ മുഖ്യമായും ആധ്യാത്മികരംഗത്താണ് പ്രവർത്തനം സമർപ്പിച്ചത്. പതിനൊന്നാം വയസിൽ അൾത്താരബാലകനാകുന്നതിൽ ആനന്ദമനുഭവിച്ചു. അതിന്റെ തുടർച്ചയായാണ് പൗരോഹിത്യവൃത്തിയുടെ പഠനശിക്ഷണങ്ങൾക്കു വിധേയനാകുന്നത്. 24-ാം വയസിൽ അൾത്താരയിൽ ബലിയർപ്പിക്കുന്ന പുരോഹിതനായിത്തീരുകയും ചെയ്തു.

പുരോഹിതവൃത്തിയുടെ വിവിധ ഘട്ടങ്ങളിലൂടെയാണ് അന്ത്യംവരെ ആ ജീവിതം തുടർന്നത്. ആ കാലയളവിൽ ഏവരുടെയും സ്നേഹബഹുമാനങ്ങൾ മാത്രമല്ല ചാവറയച്ചൻ നേടിയത്. അടുത്തിടപഴകുന്ന ആർക്കുംതന്നെ ആരാധനാ മനോഭാവത്തോടെയല്ലാതെ ആ പുണ്യപുരുഷനെ നോക്കുക സാധ്യമായിരുന്നില്ല. അത്ര

മാത്രം വിശുദ്ധമായ നിഷ്ഠകളോടെയാണ് തന്റെ പെരുമാറ്റങ്ങളും പ്രവൃത്തികളും അദ്ദേഹം നിയന്ത്രിച്ചുപോന്നത്. ആ നിയന്ത്രണത്തിനു പിന്നിൽ സുദൃഢമായ വിശ്വാസവും സമുന്നതമായ ദർശനവുമുണ്ടായിരുന്നു.

ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ ചാവറയച്ചൻ വൈദികസമൂഹത്തിനയച്ച കത്തിലെ ഒരു ഭാഗം നോക്കൂ."സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ, ഈ നമ്മുടെ എളിയ സമൂഹം മനുഷ്യർ ഉണ്ടാക്കിയതല്ല. പിന്നെയോ, തമ്പുരാൻ തന്നെ തന്റെ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു എന്നതിന് നിങ്ങളെല്ലാവരും സാക്ഷികളായിരിക്കുന്നു. അതുകൊണ്ടു ഈ വൈദികപ്രവൃത്തിക്കു ഭേദം വരുത്തുന്നതിന് മനുഷ്യരുടെ ഞെരുക്കങ്ങൾ മതിയാകുന്നില്ല. ഇതിന് ഒരേയൊരു കാര്യം തന്നെ മതിയായിരിക്കുന്നു. അതായത് നാം നമ്മുടെ ദൈവവിളിപ്പിനെ മറന്ന്, അതിന്റെ കടമകളെ ഉപേക്ഷിച്ച്, നമ്മുടെ ജീവിതാന്തസിനടുത്ത മൂല്യങ്ങളായ എളിമ, അനുസരണം, പരസ്നേഹം, സന്യാസ അച്ചടക്കം, സമൃദ്ധമായ ഭക്തി എന്നീ പുണ്യങ്ങളെ വിചാരത്തിൽ മാത്രം പാലിച്ചാൽ മതിയെന്നു വെച്ച് പ്രവൃത്തിയാലേ നിറവേറ്റാതിരിക്കുന്ന ഈ കൊവേന്തകളെ ചുരുങ്ങിയ കാലത്തിനകത്ത് ദൈവം ഇല്ലാതാക്കാൻ മതിയായിരിക്കയും ചെയ്യുന്നു."

വിശ്വാസത്തിനനുസരണമായി ധ്യാനാത്മക ജീവിതം നയിക്കുന്നതുകൊണ്ടുമാത്രം ദൈവശുശ്രൂഷ പൂർണമാകുന്നില്ല എന്നതായിരുന്നു ചാവറയച്ചന്റെ വീക്ഷണം. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യങ്ങളിൽ അടങ്ങിയിട്ടുള്ള താക്കീതിന്റെ അർഥമതാണ്. ആചാരങ്ങളും അനുഷ്ഠാനങ്ങളുമല്ല, കരുണാർദ്രമായ സേവനകർമങ്ങളാണ് ദൈവവിശ്വാസത്തിന്റെ യഥാർത്ഥമായ ആവിഷ്കാരമെന്ന് അച്ചൻ തറച്ചെഴുതുന്നു: "ചുമരുകളുടെ കനമല്ല, അതിനുള്ളിൽ പാർക്കുന്നവരുടെ പുണ്യമാണ് സന്യാസസമൂഹത്തെ ബലമുള്ളതാക്കുന്നത്."

യഥാർത്ഥമായ ആത്മീയത ഒരിക്കലും ഭൗതിക ജീവിതത്തെ അവഗണിക്കുന്നില്ല. നാം ജനിക്കുന്ന സമൂഹത്തിൽ നമ്മെ തൊട്ടുരുമ്മി നിൽക്കുന്ന ജീവിതവൈഷമ്യങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ട ബാധ്യതയാണ് ദൈവം നമ്മിൽ സമർപ്പിച്ചിരിക്കുന്നത്. ഈ ബാധ്യത നിറവേറ്റുന്നതിന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ പല മേഖ

ലകളിലായി പ്രവർത്തനം വ്യാപിപ്പിച്ചു. എക്കാലവും വിജ്ഞാനദാഹിയായിരുന്ന ചാവറയച്ചൻ വിദ്യാഭ്യാസത്തിന് സമൂഹത്തിൽ വലിയ സ്ഥാനമുണ്ടെന്നു മനസിലാക്കി. ജാതിവ്യവസ്ഥ മൂലം പള്ളികൂടങ്ങളിൽ പോകാനോ പഠിക്കാനോ സാധിക്കാതെ വലയുന്ന കീഴ്ജാതിക്കാർക്കാണ് അതിന്റെ പ്രയോജനം ഏറെ ആവശ്യമെന്നും ചാവറയച്ചൻ അറിഞ്ഞു. അതിന്റെ ഫലമായാണ് പല ഭാഗങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തത്.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ നമുക്കദ്ഭുതം തോന്നും. ചാവറയച്ചൻ തന്റെ ആശ്രമത്തോടുചേർന്ന് 1846-ൽ ഒരു സംസ്കൃത വിദ്യാലയംതന്നെ ആരംഭിച്ചു. അവിടെ അധ്യാപകനായി നിയമിച്ചത് തൃശൂർ സ്വദേശിയായ ഒരു വാര്യരെയാണ്. ആ വിദ്യാലയത്തിൽ പഠനം നടത്തുന്നതിന് ആശ്രമവാസികളായ വൈദികരെയും ശെമ്മാശെന്മാരെയും ചേർക്കാൻ ഒട്ടും താമസമുണ്ടായില്ല. മറ്റ് ഇടവകകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട വൈദികരെയും പഠനത്തിനു നിയോഗിച്ചു. ഹിന്ദു മതത്തിന്റെ അടിസ്ഥനതത്ത്വങ്ങൾ അറിഞ്ഞു കൊണ്ടല്ലാതെ സഭാപ്രവർത്തനം സാർത്ഥകമാക്കാൻ സാധ്യമല്ലെന്ന് ചാവറയച്ചൻ എപ്പോഴും ഉദ്ബോധിപ്പിക്കുകയും ചെയ്തു. ഹിന്ദുമതത്തെ മാത്രമല്ല, ഇസ്ലാം മതത്തെയും ചാവറയച്ചൻ അങ്ങേയറ്റം ആദരിച്ചുപോന്നുവെന്നത് പ്രത്യേകമായി സ്മരിക്കേണ്ട വസ്തുതയാണ്.

പാശ്ചാത്യ സമ്പ്രദായത്തിലുള്ള വിദ്യാലയങ്ങൾ എല്ലാ ഇടവക പള്ളികളോടും ചേർന്ന് ആരംഭിക്കാനുള്ള നിർദ്ദേശവും 1864-ൽ ചാവറയച്ചൻ ഒരു സർക്കുലറിന്റെ രൂപത്തിൽ പള്ളികളിലേക്കയച്ചു. അന്ന് അച്ചൻ സീറോ-മലബാർ സഭയുടെ വികാരി ജനറാളായിരുന്നു. ആ നിർദേശം അനുസരിക്കേണ്ട ബാധ്യതയിൽ നിന്ന് ഇടവക പള്ളികൾക്ക് ഒഴിഞ്ഞു മാറുക സാധ്യമായിരുന്നില്ല. അതിന്റെ ഫലമായി അനേകം സ്കൂളുകൾ സ്ഥാപിതമായി. ആ സ്കൂളുകളിൽ ദളിത് വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്കു പ്രത്യേക പ്രോത്സാഹനമാണ് നൽകിയത്.

തികഞ്ഞ ദാരിദ്ര്യത്തിലാണ് അക്കാലത്തു മിക്ക ദളിത് കുടുംബങ്ങളും കഴിഞ്ഞുപോന്നിരുന്നത്. ചാവറയച്ചൻ ആ കുഞ്ഞുങ്ങൾക്കു സൗജന്യമായി പുസ്തകവും വസ്ത്രവും നൽകി. അതോടൊപ്പം

അവർക്ക് ഉച്ചകഞ്ഞി നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. കേരളത്തിന്റെ ചരിത്രത്തിൽ ദരിദ്ര വിദ്യാർത്ഥികൾക്കു സൗജന്യഭക്ഷണം ആദ്യമായി നൽകിയത് ചാവറയച്ചനാണെന്ന് എത്രപേർ ഓർമിക്കുന്നു?

വിദ്യാഭ്യാസം മികവുറ്റ രീതിയിൽ നടക്കണമെങ്കിൽ അധ്യാപകർ അന്തസോടെ ജീവിക്കണമെന്നും ചാവറയച്ചൻ മനസിലാക്കിയിരുന്നു. അതുകൊണ്ട് അവർക്ക് തുലോം മെച്ചപ്പെട്ട ശമ്പളം നൽകാൻ എപ്പോഴും ശ്രദ്ധിക്കുകയും ചെയ്തു. സേവനസ്ഥിരത നൽകി സുരക്ഷിതരാക്കാനും ചാവറയച്ചൻ മറന്നില്ല.

സ്ത്രീകൾക്കു വിദ്യാഭ്യാസം നൽകുകയെന്നത് അന്ന് ആർക്കും ആലോചിക്കാൻ കഴിയുന്ന കാര്യമായിരുന്നില്ല. എങ്കിലും ക്രാന്തദർശിയായ ചാവറയച്ചന്റെ കണ്ണുകൾ സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും കണ്ടറിഞ്ഞു. ഒരു സ്ത്രീക്ക് വിദ്യാഭ്യാസം ലഭിച്ചാൽ ഒരു കുടുംബം മാത്രമല്ല, അയൽക്കാർകൂടി വിദ്യാഭ്യാസത്തിലേക്കുള്ള വഴി കണ്ടെത്തി തുടങ്ങുമെന്ന് ചാവറയച്ചൻ മനസിലാക്കി. അതിന്റെ ബലത്തിലാണ് സ്കൂളുകളിൽ പഠിക്കാൻ പെൺകുട്ടികൾക്ക് പ്രത്യേകമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നത്.

ഇതൊക്കെയും നടക്കുന്നത് 1865 കാലത്താണെന്നോർമിക്കണം. അന്ന്, ശ്രീ നാരായണഗുരു കേവലം ഒമ്പതു വയസുള്ള ബാലൻ മാത്രമായിരുന്നു. മതമോ ജാതിയോ പരിഗണിക്കാതെ വിദ്യാഭ്യാസത്തിലൂടെ ഒരു സമൂഹത്തെ പാരതന്ത്ര്യത്തിന്റെ ചങ്ങലകളിൽ നിന്നു മോചിപ്പിക്കാൻ കഠിനമായും സാഹസികമായും പരിശ്രമിച്ച ചാവറയച്ചനു നമ്മുടെ നവോത്ഥാന നായകരിൽ സുപ്രധാന സ്ഥാനമുണ്ടെന്നോർമിപ്പിക്കാനാണ് ഇക്കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചത്.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ 19-ാം നൂറ്റാണ്ടിന്റെ കേരള ചരിത്ര ചക്രവാളത്തിൽ ഒരു ശുക്രനക്ഷത്രമായി അദ്ദേഹം തെളിഞ്ഞു ല്ലസിക്കുന്നു. ആ ഭാസുര നക്ഷത്രം എന്നുമെന്നും കേരളീയർക്ക് മാർഗദർശകമായിരിക്കും. ചാവറയച്ചനെന്ന ശുക്രനക്ഷത്രത്തിന്റെ വെള്ളിവെളിച്ചം ജനഹൃദയങ്ങളിലെത്തിക്കാനുള്ള സി.എം.ഐ.സഭയുടെ സംരംഭത്തിൽ എന്നെക്കൂടി പങ്കാളിയാക്കിയതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. നന്ദി പറയുന്നു. ■

4



# അരൂപിയുടെ സംഗീതം

റവ.ഡോ. തോമസ് ഐക്കര സി.എം.ഐ

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഒരസാധാരണ സമഗ്ര വ്യക്തിത്വത്തിന്റെ ഉടമയാണ്. ഉദ്ഗ്രഥനം സത്തയിൽ സമ്യക്കായി സ്വാംശീകരിച്ച ദൈവത്തിന്റെ മനുഷ്യൻ. ദൈവത്തിനും ജനത്തിനുമായി വ്യവസ്ഥയില്ലാതെ സ്വയം സമർപ്പിച്ച മഹാത്മാവായ മനുഷ്യസ്നേഹി.

ചാവറയച്ചൻ ജീവിച്ചിരിക്കുമ്പോൾ തന്നെ പ്രകാശമാനമായ ഒരസാധാരണ പ്രതിഭാസമായിരുന്നു. തന്റെ മനോഹര സാന്നിധ്യത്താൽ സകലർക്കും അനുഗ്രഹമായി ജീവിച്ച അദ്ഭുത പ്രതിഭയായിരുന്നു അദ്ദേഹം. ദൈവാരൂപിയുടെ വാചാലമായ ശബ്ദമായിരുന്നു ആ പാവനമായ പെരുമാറ്റ ശൈലി. അദ്ദേഹത്തിന്റെ ജീവിത ദർശനത്തിന്റെ ഉൾഘടകങ്ങൾ അടിസ്ഥാനഭാവത്രയമാണ്. ദൈവപരിപാലനയിലുള്ള അഞ്ചലമായ വിശ്വാസം, ദൈവകൃപകൾക്കുള്ള അഗാധമായ നന്ദി, ദൈവാനുഗ്രഹങ്ങൾക്ക് ആനുപാതികമായി ഉത്തരം നൽകുവാൻ കഴിയാതെ പോയതിലുള്ള ആത്മാർത്ഥമായ അനുതാപം. ആത്യന്തികമായി ചാവറയച്ചൻ പ്രണിധാനവും പ്രവർത്തനവും സമന്വയിപ്പിച്ച ഒരടിസ്ഥാന മിസ്റ്റിക് ആയിരുന്നു. ദൃശ്യമായവയിൽനിന്ന് അദൃശ്യമായ ദൈവസാന്നിദ്ധ്യ ശക്തി സദാപി അനുഭവിച്ചിരുന്ന ദൈവത്തിന്റെ മനുഷ്യനായിരുന്നു അദ്ദേഹം.

തന്റെ ചുറ്റുമുള്ള പ്രകൃതിയെ പ്രകാശമാനമായ ഒരു ദൈവമേഖലയായി കണ്ടാസ്വദിച്ച് ജീവിച്ച കവി ഹൃദയത്തിലാണ് ദൈവ

വചനം വിടർന്ന് പുഷ്പിച്ചത്. അദ്ദേഹത്തിന്റെ മുഖ്യമൂലധനം ദൈവാശ്രയ ബോധമായിരുന്നു, സമ്പത്തും സ്വാധീനവുമായിരുന്നില്ല. തന്റെ വൈദിക വിളിയിൽ സംഘർഷ സാഹചര്യമുണ്ടായപ്പോൾ തുടങ്ങി, ഉത്തരവാദിത്വ നിർഭരമായ നിരവധി പ്രവർത്തന മേഖലകളിലേക്ക് ഇറങ്ങിയപ്പോഴെല്ലാം ചാവറയച്ചന്റെ പ്രധാന ശക്തി ഈ മൂലധനത്തിന്റെ ഉൾവിളിയായിരുന്നു.

മനസും ഹൃദയവും വികസിച്ച് പ്രകാശിതരായ വ്യക്തികളെല്ലാം നന്ദിയുള്ളവരാണ്. അഭാവങ്ങളെക്കാൾ അധികമായി അനുഗ്രഹങ്ങളെക്കുറിച്ചായിരിക്കും അവർ ചിന്തിക്കുക. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവിതം അനുഗ്രഹങ്ങൾക്കുള്ള കൃതജ്ഞതയുടെ ഒരു സ്ത്രോത്രഗീതമായിരുന്നു. ഭാരതത്തിന്റെ ചിരകാലാഭിമാനമായ രവീന്ദ്രനാഥടാഗോറിനെപ്പോലെ ജീവിതം നന്ദിയുടെ ചിരന്തന ഗാനമായിട്ടാലപിക്കണമെന്ന് ഉറച്ചു വിശ്വസിച്ച അരൂപിയുടെ സംഗീതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. നന്ദിയുടെ മനോഭാവം ഒരു ആധ്യാത്മിക ടോണിക്കാണ്. മന:ശാസ്ത്ര പ്രചോദക ശക്തിയാണ്. നമുക്കേറ്റം ആവശ്യമായ സമാധാനം, സന്തോഷം, സമഗ്രഉദ്ഗ്രഥനം എന്നിവ ലഭിക്കുവാൻ ഉപയുക്തമായ ഉത്തമമനോഭാവം. അനുഗ്രഹങ്ങളെക്കുറിച്ചുള്ള അടിയുറച്ച അവബോധവും തത്ഫലമായുള്ള നന്ദിയുടെ മനോഭാവവും മൂന്നാമതൊരു ഭാവത്തിലേക്ക് അദ്ദേഹത്തെ ആനയിച്ചു. തനിക്കു ലഭിച്ച നിരവധിയായ കൃപകൾക്കു വേണ്ടത്ര പ്രതികരിക്കുവാൻ കഴിയാതെ പോയതിലുള്ള ഖേദം. ഈ തിരിച്ചറിവാണ് അദ്ദേഹത്തെ ആത്മാനുതാപത്തിന്റെ ഭാവങ്ങളിലേക്ക് ആനയിച്ചത്.

പ്രണിധാനവും പ്രവർത്തനവും ദൈവോന്മുഖതയും സഹോദരോന്മുഖതയും ജീവിതത്തിൽ ഒന്നാക്കിയ ചാവറയച്ചൻ പ്രാർത്ഥനയുടെ മനുഷ്യൻ മാത്രമായിരുന്നില്ല; അദ്ദേഹം പ്രാർത്ഥനയായിരുന്നു. ദൈവാശ്രയ ബോധവും അഗാധമായ നന്ദിയും അനുതാപത്തിന്റെ ഭാവങ്ങളും വാഴ്ത്തപ്പെട്ട ചാവറയച്ചനെ പൂർണമായി ഗ്രസിച്ചതിനാൽ സാധാരണ ബുദ്ധിക്ക് അസാധ്യമായവ അനായാസം സാധ്യമാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ചാവറപ്പിതാവിന്റെ ദർശനവും ദൗത്യവും അനുദിന ജീവിതത്തിൽ തിളങ്ങുന്ന യാഥാർത്ഥ്യമായിത്തീർന്നു. അർപ്പണത്തിലൂടെ സ്വയം അടിയറ വയ്ക്കുന്ന അനുകരണീയമായ ഒരു ഭക്തിസാധന. തൽഫലമായി എല്ലാവർക്കും എവിടെയും അദ്ദേഹം ഒരനുഗ്രഹമായിരുന്നു. സാന്നിധ്യം സംഗീതമാക്കി സഹോദരങ്ങൾക്കായി ആലപിച്ച ഒരു കർമ്മഗായകനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. ■



# 5

# ദൈവാരൂപി നിറഞ്ഞ മനുഷ്യൻ

റവ. ഫാ.ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ.

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവിത ദർശനത്തെപ്പറ്റി ചിന്തിച്ചപ്പോൾ സുവിശേഷത്തിൽ യേശു മൊഴിഞ്ഞ ഏറ്റവും ചെറിയ ഉപമ ഓർത്തുപോകുകയാണ്. ഒറ്റ വാചകത്തിലൊതുങ്ങുന്ന പുളിമാവിന്റെ ഉപമ. ഒട്ടേറെ സത്യങ്ങൾ ഒളിവിതറുന്ന സുന്ദരമായ രൂപകം. "ഒരു സ്ത്രീ മൂന്നളവ് മാവിൽ അതു മുഴുവൻ പുളിക്കുവോളം ചേർത്തു വച്ചിരിക്കുന്ന പുളിമാവുപോലെയാണ് ദൈവരാജ്യം." (ലൂക്ക. 13:21)

പരിശുദ്ധകന്യാമറിയം അടുക്കളയിൽ അപ്പമുണ്ടാക്കുമ്പോൾ പുളിമാവു ചേർത്തു വയ്ക്കുന്ന മാവിൽ വരുന്ന അനുപമമായ പരിവർത്തനം യേശു വിസ്മയമൂറുന്ന മിഴികളോടെ വീക്ഷിച്ചിട്ടുണ്ടായിരിക്കണം. പുളിമാവിന്റെ പ്രവർത്തന ഫലമായി പരുപരുത്ത മാവ് മാർദ്ദവമുള്ളതായി നീളത്തിലും വീതിയിലും ഉയർന്ന് വിരിഞ്ഞു പൊങ്ങുന്നു. ആ മാവ് പാത്രത്തിൽ കോരിയൊഴിച്ച് പാകപ്പെടുത്തി കഴിയുമ്പോൾ രുചികരമായ അപ്പമായിത്തീരുന്നു.

നിത്യപിതാവിന്റെ സത്യവചനമായ യേശുവാകുന്ന പുളിമാവുകൊണ്ട് അടിമുടി പുളിപ്പിച്ച് അനുസ്യൂതം ദൈവത്തിലേക്ക് ഉയരുകയും അനവരതം മനുഷ്യരിലേക്ക് വിരിയുകയും ചെയ്ത അതുല്യ വ്യക്തി പ്രാഭവമായിരുന്നു വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

പ്രഥമവും പ്രധാനവുമായി കുര്യാക്കോസ് ഏലിയാസച്ചൻ ഒരു ധ്യാന യോഗിയായിരുന്നു. ഈശ്വരോന്മുഖതയായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഏറ്റവും സമ്പന്നമായ വശം. പ്രാർത്ഥനയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. മാന്നാനം കുന്നിൻമുകളിലേക്ക് നടന്നു നീങ്ങുന്ന ചാവറയച്ചനെ നോക്കി "ഇതാ ദൈവാരൂപിയാൽ നിറഞ്ഞ മനുഷ്യൻ" എന്ന് ജനങ്ങൾ പറയുമായിരുന്നു. ചാവറയച്ചനെ സംബന്ധിച്ചിടത്തോളം ദൈവം സ്നേഹധനനായ ഒരു പിതാവാണ്. ദൈവപിതാവിനെ സ്നേഹസമ്പന്നനായ അപ്പച്ചനായി കണ്ടറിഞ്ഞ് ആ അപ്പന്റെ മുമ്പിൽ നിൽക്കുന്ന മകന്റെ ചാരുതയാർന്ന ചിത്രം ചാവറയച്ചന്റെ സാഹിത്യകൃതികളിൽ, പ്രത്യേകിച്ച് 'ധ്യാനസല്ലാപങ്ങ'ളിലും 'ആത്മാനുതാപ'ത്തിലും നമുക്കു ദർശിക്കാനാവും.

ചാവറയച്ചന്റെ വീക്ഷണത്തിൽ പ്രാർത്ഥന അപ്പനുമായുള്ള സ്നേഹസംഭാഷണമാണ്. ക്രൈസ്തവ ആധ്യാത്മികതയുടെ അടിസ്ഥാനം ദൈവവും മനുഷ്യനും തമ്മിലുള്ള പിതൃപുത്രബന്ധമാണ്. ദൈവത്തെ 'ആബാ' എന്നു വിളിക്കാനാണ് യേശു നമ്മെ പഠിപ്പിച്ചത്. പിതാവായ ദൈവത്തെ ആബാ എന്നു വിളിക്കുന്ന പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. ചാവറയച്ചന്റെ പ്രാർത്ഥന ഈ പിതൃപുത്രബന്ധത്തിന്റെ അനുഭവവും ആസ്വാദനവുമാണ്.

മുപ്പത്തിരണ്ടു പേജ് മാത്രമുള്ള ധ്യാനസല്ലാപങ്ങളിൽ 31 പ്രാവശ്യം ദൈവത്തെ 'അപ്പാ' എന്ന് ചാവറയച്ചൻ വിളിക്കുന്നുണ്ട്. "ഇതാ എന്റെ അപ്പന്റെ തിരുമുമ്പിൽ ഞാൻ വരുന്നു.... പ്രിയമുള്ള അപ്പാ, നിന്റെ മുമ്പിൽ ഞാൻ മുട്ടുകുത്തിയിരിക്കുന്നു.... എന്റെ അനുഗ്രഹമുള്ള അപ്പാ, നിന്റെ തിരുമുഖം എത്രയും അഴകുള്ളതാണ്..... എന്റെ അപ്പാ, ആ പേരുകൊണ്ടല്ലാതെ നിന്നെ വിളിക്കുവാൻ എന്റെ ഹൃദയം എന്നെ അനുവദിക്കുന്നില്ല ....." ഇന്നിന്റെ 'മമ്മി-ഡാഡി' സംസ്കാരത്തിൽ നിന്ന് വിഭിന്നമായി ദൈവത്തെ അപ്പാ എന്ന് അഭിസംബോധന ചെയ്യുന്ന അതീവ ഹൃദ്യമായ ഒരു ഉൾകാഴ്ചയുടെ ഉടമയായ ചാവറയച്ചനെ ഈ വരികളിൽ നമുക്കു കാണാം. ദൈവത്തെ 'എന്റെ അപ്പനും' 'നല്ല അപ്പനും' ആയി കാണുന്ന ആബാനുഭവത്തിന്റെ മൂർത്തി ഭാവമായിരുന്നു ചാവറയച്ചൻ.

ആത്മാനുതാപത്തിലെ ഈരടികളിലും ഇതേ ശൈലി തന്നെ മുഴങ്ങികേൾക്കാം.

"മമപിതാവ് നീയേ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയേ മറ്റെന്തു ഗുണം നാഥാ.
എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ
നിന്നിലല്ലാതെ ഞാനെങ്ങനെ ജീവിക്കുന്നു.
ശ്വാസവുമെനിക്കു നീ യാവനപാനം നീയേ
ആശ്വാസം നിന്നിലല്ലാതെയെവിയെനിക്കയ്യോ."

ദൈവസന്നിധിയിൽ ധ്യാനനിർലീനനായി നിൽക്കുന്ന ചാവറയച്ചൻ സെന്റ് പോളിനെപ്പോലെ 'എനിക്ക് ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭ'വുമാണെന്ന് പ്രഖ്യാപിക്കുകയാണ്. ഇതെങ്ങനെ സാധിതമായി എന്ന ചോദ്യത്തിനുള്ള ഉത്തരം ചാവറയച്ചൻ തന്നെ നല്കുന്നുണ്ട്.

"എത്രയും ചിത്രമാം നിന്മുഖപത്മത്തെ
ഏകാന്തപ്രേമത്തിൽ പാർക്കുന്നഹം."

എത്രയും മനോഹരമായ യേശുവിന്റെ തിരുമുഖം ഉറ്റുവീക്ഷിച്ച്, പരിശുദ്ധരൂപി നിറഞ്ഞ ദിവ്യപുരുഷനായി ഉയരുകയായിരുന്നു ചാവറയച്ചൻ. യേശുവിൽ സ്നേഹവും ഭാഗ്യവും ദർശിച്ച്, ശ്വാസവും ആശ്വാസവും നിക്ഷേപിച്ച്, യാവനയും പാനീയവും ആസ്വദിച്ച് യേശുബദ്ധമായ ഒരു ജീവിതം നയിക്കുവാൻ ചാവറയച്ചനു സാധിച്ചു. "കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും. എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ്." (സങ്കീർത്തനം 16) എന്ന മനോഭാവം ചാവറയച്ചനിൽ രൂഢമൂലമായിരുന്നു.

യേശു അനുഭവത്തിനുള്ള തീവ്രമായ അഭിവാഞ്ഛ ചാവറയച്ചനിൽ തിളങ്ങിനിന്നിരുന്നു. ആത്മാനുതാപത്തിലെ മൂന്നാം അധ്യായം മുഴുവൻ യേശുവിനാൽ നിറയാനുള്ള പ്രാർത്ഥനാ പ്രകരണങ്ങളാണ്.

"കാരുണ്യനാഥനാം ദൈവകുമാരന്റെ
ആരണ്യശോഭയെ കാണാകേണം.
മാനുഷനീചവേഷത്തെ ധരിച്ചൊരു
മാനുഷത്രാതാവെ കാണാകേണം.
ഉന്നതനാം ദൈവം കന്യാമറിയത്തിൽ
വന്നു പിറന്നതും കാണാകേണം,"

'കാണാകേണം, കൃഷ്ണാ കണികാണാകേണം' എന്ന ഹൈന്ദവ ഭക്തിഗാനത്തിന്റെ ഈണത്തിൽ വിരചിതമായ ഈ വരികളിൽ യേശുവിനെ സദാ മനസ്സിൽ നിനച്ച്, യേശുവിന്റെ ജീവിതരംഗങ്ങൾ ഹൃദ്യമായി അനുസ്മരിച്ച്, യേശുവുമായി താദാത്മ്യം പ്രാപിക്കുന്ന ചാവറയച്ചനെയാണ് നമുക്കു കാണുവാൻ കഴിയുക. യേശുവിനെ കണ്ണോടു കണ്ണുകണ്ട് ദൈവാനുഭവത്തിന്റെ പുതിയ മേഖലകളിലേക്ക് പ്രവേശിക്കുന്ന ചാവറയച്ചൻ, അസ്സീസ്സിയിലെ വി. ഫ്രാൻസീസിനെപ്പോലെ, പ്രകൃതിയിലൂടെയും അനുദിനജീവിത സംഭവങ്ങളിലൂടെയും സ്വർഗപിതാവിന്റെ പക്കലേക്കുയരുന്നത് ആത്മാനുതാപത്തിലെ വരികൾ വ്യക്തമാക്കുന്നു.

"ആകാശഗമനവും ആദിത്യചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്രകൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലും സമസ്തവും സൂക്ഷിച്ചു നോക്കികൊണ്ട്
ഇതൊക്കെ സൃഷ്ടിച്ചതെന്തുകാരണമെന്നും
ഇതിനെകണ്ട് നിന്റെ മഹിമ ഗ്രഹിപ്പാനും
ഇപ്പോലെയുള്ള ഭാഗ്യമീലോകെ വച്ചുവെങ്കിൽ
അപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം."

പ്രപഞ്ചത്തെ ദൈവത്തിന്റെ കണ്ണോടുകൂടി വീക്ഷിക്കുന്ന വിശ്വഗായകനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ.

ദൈവാനുഗ്രഹത്തിന്റെ അനന്തരഫലം അനുതപ്തഹൃദയമാണ്. പരിശുദ്ധി തന്നെയായ ദൈവപിതാവിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ താനെത്ര നിസാരനാണെന്ന ചിന്ത ചാവറയച്ചനെ 'ആത്മാനുതാപത്തി'ലേക്ക് നയിക്കുന്നു. സർവ്വനന്മയായ ദൈവത്തെ ധ്യാനിക്കുന്നതിനോ അവിടുത്തെ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനോ തനിക്കർഹതയില്ലെന്ന് ചാവറയച്ചൻ ആവർത്തിച്ചേറ്റു പറയുന്നത് ധ്യാനസല്ലാപങ്ങളിലും ആത്മാനുതാപത്തിലും സുതരാം വ്യക്തമാണ്.

"വെണ്മയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞയ്യോ പാപി ഞാൻ മഹാമൂഢൻ
നിന്നുടെ പുത്രസ്ഥാനം നശിപ്പിച്ചതും ദു:ഖം
എന്നതിൽപരം ദു:ഖം പിശാചിൻ ദാസനായി

പാപിയാം മമ പൈതൽ പ്രായത്തിൻ കുറ്റങ്ങളെ
താപത്താൽ പൊറുതിയെകണ്ടു പ്രാർത്ഥിക്കുന്നേൻ.
നിന്നുടെ തിരുക്കരം നീട്ടിയെൻ തിരുവാഴ്‌വ്
തന്നിടണമേ മമപാപവും പോക്കിടേണം."

'മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം ഒരിക്കലും കളങ്കപ്പെടുത്തിയിട്ടില്ല' എന്ന് മരണാവസരത്തിൽ പ്രഖ്യാപിക്കുവാൻ കഴിഞ്ഞ ചാവറയച്ചന്റെ പാപബോധവും അനുതാപാരൂപിയും ഉന്നതമായ ദൈവാനുഭവത്തിന്റെയും ഉദാത്തമായ പുണ്യപൂർണതയുടേയും പ്രകാശനമാണ്.

പാപബോധം സ്നേഹധനമായ ദൈവപിതാവിൽ ആശ്രയിക്കുന്നതിന് ചാവറയച്ചന് ഉൾപ്രേരണയേകി. ധ്യാനസല്ലാപങ്ങളിൽ ദൈവഭവനത്തിൽ കണ്ണും നട്ട്, ധൂർത്ത പുത്രനെ മനസിൽ സ്വരൂപിച്ചുകൊണ്ട് ചാവറയച്ചൻ വിവരിക്കുന്ന രംഗം അതീവഹൃദ്യമാണ്: "ഇതാ, സ്വർഗവാതിലുകൾ തുറക്കുന്നു. ഞാൻ ഈ വേഷത്തിൽ എന്തു ചെയ്യേണ്ടു. ഇപ്പോൾ എന്റെ അപ്പൻ വന്ന് എന്നെ പിടിച്ചു തഴുകും. ഞാനതിന് യോഗ്യനല്ല. അതിനാൽ ഞാൻ അവിടുത്തെ തൃപ്പാദത്തിൽ വീഴട്ടെ."

ഇവിടെ ചാവറയച്ചന്റെ ദൈവാനുഭവം ആത്യന്തികലക്ഷ്യത്തിൽ എത്തിച്ചേരുന്നു. അതുകൊണ്ടാണ് ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച ഔദ്യോഗിക ഡിക്രിയിൽ പറയുന്നത്: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ പക്കൽ വന്ന് അവനോടുകൂടി വസിക്കുകയും ചെയ്യും" (യോഹ.14:23). കർത്താവിന്റെ ഈ വചനങ്ങൾ പ്രസാദവരമുള്ള ഏതു ക്രിസ്തു ശിഷ്യനിലും സാർത്ഥകമാണെങ്കിൽ, വന്ദ്യനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനിൽ ഈ ദൈവിക സാന്നിധ്യം ബാഹ്യലോകത്തിന് ദൃശ്യമാകത്തക്കവിധം വളരെ പ്രകടമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ഒരു ദൈവിക മനുഷ്യനായി അഥവാ പരിശുദ്ധാത്മാവ് നിറഞ്ഞവനായി മനുഷ്യർ കാണുകയും അപ്രകാരം പരസ്യമായി അംഗീകരിക്കുകയും ചെയ്തു."

അങ്ങനെ യേശുവാകുന്ന വചനത്തെ "കണ്ണുകൊണ്ടു കണ്ട്, കാതുകൊണ്ടു കേട്ട് കൈകൾകൊണ്ട് തൊട്ട്"(1യോഹ. 1:1) ആ വചനാനു

ഭവം സ്വായത്തമാക്കിയ ചാവറയച്ചൻ മനുഷ്യർക്ക് ദൈവത്തിന്റെ മനോജ്ഞ ദാനമായിത്തീർന്നു. ആത്മാവിന്റെ ആന്തരികഹർമ്യത്തിൽ ദൈവാനുഭവത്തിന്റെ അഗ്നിയിൽ ജ്വലിച്ച അദ്ദേഹം 'തപസ്സുഭവന' മായ ' ദർശന വീട് ' സ്ഥാപിച്ച് ജനനന്മയ്ക്കുപകാരപ്രദമായ അനേകം കർമപരിപാടികൾ ആവിഷ്കരിച്ചു. ദൈവാരൂപിയാൽ നിറഞ്ഞ ചാവറയച്ചൻ ആ അരൂപിയുടെ പ്രകാശം ലോകമെങ്ങും പ്രസരിക്കുവാൻ ആഗ്രഹിച്ചതിൽ അദ്ഭുതത്തിന് അവകാശമില്ല. ചാവറയച്ചൻ ആത്മാനുതാപത്തിൽ ആലപിക്കുന്നതു ശ്രദ്ധേയമാണ്:

"കേസരി രാജൻ നീ, നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം
കൈകാലുംശേഷവും നൽകിയ നിൻവേദം
കൈകൊണ്ടിടുന്നതും കാണാകേണം.

ചുരുക്കത്തിൽ, ജ്ഞാന-ഭക്തി-കർമ്മമാർഗങ്ങളെ സ്വവ്യക്തിത്വത്തിൽ സുന്ദരമായി സമന്വയിപ്പിച്ച ധന്യാത്മാവാണ് ചാവറയച്ചൻ. അതുകൊണ്ടുതന്നെ ഒരു യുഗം കൊണ്ട് ചെയ്യാവുന്നതിലധികം കാര്യങ്ങൾ ഒരു പുരുഷായുസ്സുകൊണ്ട് ചെയ്തു തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. സന്യാസസഭകളുടെ സ്ഥാപനം, അജപാലന പരിഷ്കാരങ്ങൾ, ആരാധന ക്രമ നവീകരണം, വിശ്വാസ സംരക്ഷണം, വിദ്യാഭ്യാസപ്രവർത്തനം, മുദ്രാലയ പ്രേഷിതത്വം, ജീവകാരുണ്യ ശുശ്രൂഷ, സാഹിതീ സേവനം, കുടുംബസമുദ്ധാരണം എന്നീ തലങ്ങളിൽ ചാവറയച്ചൻ കാഴ്ചവെച്ച സംഭാവനകൾ അന്നത്തെ തലമുറയെ ധന്യമാക്കി. അനന്തര തലമുറയ്ക്കു പ്രചോദനമായി.


അങ്ങനെ സുഭഗസ്മരണാർഹനായ മാർ മാത്യു കാവുക്കാട്ട് മെത്രാപ്പോലീത്ത പറഞ്ഞതുപോലെ, ചാവറയച്ചൻ "സന്യാസികളുടെ ഇടയിൽ ഒരു സമുദായസേവകനും സമുദായസേവകരുടെ ഇടയിൽ ഒരു സന്യാസിവര്യനും ഇരുകൂട്ടരുടെയും ഇടയിൽ ഒരു ദൈവികമഹാപുരുഷനുമായി ഉയർന്നു നിൽക്കുന്നു."

ചാവറജീവിത ദർശനം



# സെമിനാർ പ്രബന്ധങ്ങൾ






# 6

# ചാവറ ദർശനവും ദൗത്യവും

റവ. ഫാ. ബിജു വെള്ളക്കട സി.എം.ഐ

പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ സാമൂഹ്യ സാംസ്കാരിക ആത്മീയ വേദികളിൽ നിറസാന്നിദ്ധ്യമായിരുന്നു വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ. ഒരു ക്രൈസ്തവ പുരോഹിതനായിരുന്നുകൊണ്ട് കേരളത്തിലെ കത്തോലിക്കാ സമൂഹത്തിന്റെ സവിശേഷമായ അഭിവൃദ്ധിക്കായി പരിശ്രമിച്ചപ്പോഴും, ആരെയും മാറ്റിനിർത്താതെ സമൂഹത്തിലെ എല്ലാവരെയും ഒരുപോലെ പരിഗണിക്കാനും ഏവരുടേയും സാമൂഹിക സാംസ്കാരിക ഉന്നമനത്തിനായി ജീവിതം സമർപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. എന്നിട്ടും ചാവറയച്ചനെ കേരളചരിത്രം അർഹമായ സ്ഥാനം നല്കി ആദരിച്ചില്ല. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റേയും സേവന പാരമ്പര്യത്തിന്റേയും ഉൽകൃഷ്ടഫലങ്ങൾ അനുഭവിക്കുന്ന നമ്മൾ ഇനിയെങ്കിലും ഈ ദൈവിക മനുഷ്യനെ അറിയാനും അദ്ദേഹത്തിന്റെ ദർശനങ്ങൾ ഉൾക്കൊള്ളാനും മനസ്സ് വെയ്ക്കണം. കാരണം ആത്മീയത എങ്ങനെ സാമൂഹിക നവോത്ഥാനത്തിന് കാരണമാകും എന്നതിന്റെ തെളിവാകുന്നുണ്ട് ചാവറയച്ചന്റെ ജീവിതം. ചാവറയച്ചന്റെ ജീവിതത്തെക്കുറിച്ചും ജീവിതദർശനങ്ങളെക്കുറിച്ചും അറിയാനും അറിയിക്കാനുമുള്ള പുതിയ പുറപ്പാടുകൾ ഉണ്ടാവണം.

1805 ഫെബ്രുവരി 10-ാം തീയതി ആലപ്പുഴയിലെ കൈനകരിയിലാണ് ചാവറയച്ചന്റെ ജനനം. കുട്ടനാടിന്റെ മണ്ണിനെന്നും ഒരു വിപ്ലവത്തിന്റെ മണമുണ്ട്. ഒരുപാട് പ്രതിഷേധത്തിന്റെ സ്വരങ്ങളും സമരത്തിന്റെ മുഴക്കവും ഒക്കെ അലിഞ്ഞുചേർന്നിട്ടുണ്ട് കുട്ടനാടിന്റെ കായലുകളിൽ. എന്നാൽ നാടറിഞ്ഞ ഈ വിപ്ലവങ്ങൾക്കും ഒരുപാട് മുൻപ്, കേരളത്തിന്റെ സാമൂഹികരംഗത്തും വിദ്യാഭ്യാസരംഗത്തും യഥാർത്ഥമായ വിപ്ലവങ്ങൾ സൃഷ്ടിച്ച, പാവപ്പെട്ടവന്റെയും അധ:കൃതന്റേയും തോളോട് ഉരുമി നിൽക്കുകയും അവന് പള്ളിയിലും പള്ളികൂടത്തിലും പ്രവേശനം നൽകുകയും ചെയ്ത വിപ്ലവകാരിയായിരുന്നു ചാവറയച്ചൻ. അദ്ദേഹം രൂപം കൊടുത്ത സന്യാസസമൂഹങ്ങൾ നേതൃത്വം നല്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ വിദ്യയും വിജ്ഞാനവും നേടി വളർന്നവരാണ് കേരളത്തിലെ നല്ലൊരു ശതമാനം അഭ്യസ്ഥവിദ്യരെന്നും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളൊക്കെ ഇവരിൽ നിന്നാണ് പ്രചോദനം സ്വീകരിച്ചതെന്നും മലയാളി മറന്നുകൂട. ഈ ചാവറയച്ചനെ നായകനാക്കി ഒരു പാട് കഥകൾ പറയാൻ നമുക്ക് കഴിയണം. അദ്ദേഹം തുറന്നിട്ട ചക്രവാളങ്ങളും പകർന്നു നല്കിയ നന്മകളും നമ്മുടെ സ്വപ്നങ്ങൾക്കപ്പുറത്താണ്. ഇന്ന് കേരളസമൂഹം നൂറുശതമാനം സാക്ഷരരാണെങ്കിൽ, കേരളത്തിന്റെ സാമൂഹികരംഗവും, ആരോഗ്യരംഗവും മെച്ചമാണെങ്കിൽ ഇതിന്റെയൊക്കെ ആരംഭദശകളിൽ ചാവറയച്ചനും മുന്നിലുണ്ടായിരുന്നു എന്നറിയണം. പാവപ്പെട്ടവരേയും ദു:ഖിതരേയും അധ:കൃതരേയും ഒക്കെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നങ്ങൾക്ക് അസ്ഥിത്വം നല്കിയവനാണ് ചാവറയച്ചൻ.

ഈ ചാവറയച്ചനേക്കുറിച്ച് നാം അറിയുകയും പഠിക്കുകയും വേണം. അദ്ദേഹത്തിന്റെ ദർശനങ്ങളും ഉൾകാഴ്ചകളും സ്വന്തമാക്കണം. എന്നിട്ട് അടുത്ത തലമുറയിലേയ്ക്ക് കഥകളായി അവ പകർന്നു നല്കപ്പെടണം. അതിന് ആദ്യം ചാവറയച്ചൻ എന്ന വ്യക്തി കണ്ടെത്തപ്പെടേണ്ടതുണ്ട്. അദ്ദേഹത്തിന്റെ സ്വപ്നങ്ങളും സേവനങ്ങളും വ്യഖ്യാനിക്കപ്പെടേണ്ടതുണ്ട്. ചാവറയച്ചന്റെ ദർശനങ്ങളെ മൂന്ന് തലക്കെട്ടുകൾക്ക് കീഴിലായി നമുക്ക് പരിശോധിക്കാം.

1. ദൈവത്തേക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനം
2. മനുഷ്യനേയും അവന്റെ വേദനയേയും കുറിച്ചുള്ള ദർശനം
3. സമൂഹത്തെക്കുറിച്ചുള്ള ദർശനം

## 1. ചാവറയച്ചന്റെ ദൈവദർശനം

മാതാപിതാക്കളേയും, കുടുംബത്തേയും ഉപേക്ഷിച്ച് ദൈവികനിയോഗപ്രകാരം വൈദികനാകാൻ ഇറങ്ങിപുറപ്പെട്ടവനായിരുന്നു ചാവറയച്ചൻ. മനുഷ്യന്റെ പിറവിയുടെ സാഫല്യം തേടേണ്ടത് ദൈവത്തിലാണ് എന്നതാണ് അദ്ദേഹത്തിന്റെ ഒന്നാമത്തെ ദർശനം. ദൈവത്തെ അദ്ദേഹം "അപ്പാ" എന്നാണ് വിളിക്കുക. വൈദികനാവുന്നതിന് മുമ്പേ തന്നെ സ്വന്തം അപ്പനേയും അമ്മയേയും ഏകസഹോദരനേയും നഷ്ടമായ അദ്ദേഹത്തിന് തികച്ചും സാർത്ഥകമായിത്തന്നെ ദൈവത്തെ അപ്പാ എന്ന് വിളിക്കാൻ കഴിയുമായിരുന്നു.

"അനാഥനാവുക എന്നാൽ സകലവും സ്വന്തമാകുന്ന അവസ്ഥയാണ്. എങ്ങും പോകാനില്ലാത്തവന് ഒന്നും തടസ്സമാവാതെ എവിടെയും പോകാം" എന്ന് പുറപ്പാടിന്റെ പുസ്തകം എന്ന നോവലിൽ കഥാകൃത്ത് വി.ജെ. ജെയിംസ് പറയുന്നുണ്ട്. അങ്ങിനെ വരുമ്പോൾ ചാവറയച്ചനെ 'ദൈവത്തിന്റെ അനാഥൻ' (The orphan of God) എന്ന് വിളിക്കുന്നതിൽ തെറ്റില്ല. കാരണം അടുത്ത ബന്ധുക്കളെ മുഴുവൻ തട്ടിയെടുത്തപ്പോൾ ദൈവത്തെ അപ്പനാക്കി വിശ്വമാനവികതയിലേയ്ക്കാണ് ചാവറയച്ചൻ വളർന്നത്. ദൈവത്തിന്റെ അനാഥനാവുക എന്നത് അതിമനോഹരമായ ഒരു അനുഭവമാണ്. ഒന്നുമില്ലാത്തവന്എല്ലാം സ്വന്തമാകുന്ന അനുഭവം. ഒരു രാത്രിയിൽ ഗൗതമബുദ്ധൻ ഭാര്യയേയും മകനേയും, രാജ്യവും രാജകൊട്ടാരവുമൊക്കെ ഉപേക്ഷിച്ച് ശൂന്യതയിലേയ്ക്ക് ഇറങ്ങിപ്പോയത് ഈ അവബോധമുണ്ടായതുകൊണ്ടാണ്. മതിലുകൾക്കതീതമായ സൗഹൃദത്തിലേയ്ക്ക് ഒരുവൻ വളരുന്നതും ദൈവത്തിന്റെ അനാഥനാവുമ്പോഴാണ്. വി. ഫ്രാൻസീസ് അസീസി 'സഹോദരൻ കാറ്റേ', 'സഹോദരി മഴേ', എന്നൊക്കെ വിളിക്കുന്നതും ഈ അറിവിൽ നിറഞ്ഞപ്പോഴാണ്. വൈക്കം മുഹമ്മത് ബഷീർ 'ഈ ഭൂമിയുടെ അവകാശികൾ' എന്ന കഥയിൽ പാമ്പിനേയും പെരുച്ചാഴിയേയും ഒക്കെ ഈ ഭൂമിയുടെ അവകാശികളായി ചിത്രീകരിക്കുന്നതും ഈ വിശ്വമാനവികത ഉൾക്കൊണ്ടിരുന്നതുകൊണ്ടാണ്.

ചാവറയച്ചന്റെ ആത്മീയ കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് "ധ്യാനസല്ലാപങ്ങൾ" ആണ്. ദൈവത്തോടുള്ള സംഭാഷണത്തിന്റെ

രീതിയിലുള്ള ധ്യാനചിന്തകളാണ് ഇതിന്റെ ഉള്ളടക്കം. ദൈവവുമായി എത്ര ആഴത്തിലുള്ള ബന്ധമായിരുന്നു അദ്ദേഹത്തിന് എന്നറിയാൻ ഈ കൃതിയിലൂടെ ഒരുവട്ടം കടന്നുപോയാൽമതി. ദൈവത്തെ"എന്റെ പ്രിയമുള്ള അപ്പാ" എന്നാണ് പലപ്പോഴും അദ്ദേഹം സംബോധന ചെയ്യുക. അപ്പാ എന്ന വിളിയിൽ വാക്കുകൾക്കപ്പുറത്തുള്ള ഒരർത്ഥ മുണ്ട്. അപ്പൻ നമ്മുടെ അസ്ഥിത്വത്തിന്റെ ഭാഗമാണ്. അപ്പനില്ലെങ്കിൽ പിന്നെ നമ്മളില്ല. കുറേകൂടി ശാസ്ത്രീയമായി ചിന്തിച്ചാൽ, അപ്പന്റെ ജനിതകം പേറുന്നവനാണ് മകൻ. അപ്പനും മകനും തമ്മിൽ പാരമ്പ ര്യത്തിന്റെ ബന്ധമുണ്ട്. ബാഹ്യമായ ശരീരസാമ്യങ്ങൾക്കപ്പുറത്ത്, കോശങ്ങളും, ക്രോമസോമുകളും കടന്ന് ജീനിനോളം ആഴത്തിലെ ത്തുന്നതാണ് ആ ബന്ധം. ഇവിടെയാണ് ചാവറയച്ചൻ ദൈവത്തെ അപ്പാ എന്നു വിളിക്കുന്നതിന്റെ ആഴം നാം കണ്ടെത്തേണ്ടത്. ദൈവ മാണ് തന്റെ അപ്പൻ, താൻ ഈശ്വരന്റെ മകനാണ് എന്ന അവബോധം ഉണ്ടായിരുന്നവനാണ് ചാവറ. മകൻ അപ്പന്റെ ഗുണം പേറുന്നതു പോലെ, ദൈവത്തിന്റെ ഗുണങ്ങൾ നിറഞ്ഞവനായിരുന്നു ചാവറയ ച്ചൻ. താൻ ചെയ്യുന്നത് അപ്പന്റെ ജോലിയാണ് എന്നും അദ്ദേഹം അറിഞ്ഞിരുന്നു. മക്കളെന്നും അപ്പന്റെ ജോലിയോടാണല്ലോ താത്പര്യം കാട്ടാറ്.

കസാൻ ദെ സാക്കീസിന്റെ 'ഫ്രാൻസീസ് അസീസി' എന്ന നോവ ലിലെ ഒരു രംഗം ഇങ്ങനെയാണ്. ഭ്രാന്തനെപ്പോലെ അലഞ്ഞുതി രിഞ്ഞ് ഭിക്ഷയാചിച്ചു നടക്കുന്ന ഫ്രാൻസീസിനെ കണ്ട് അദ്ദേഹ ത്തിന്റെ ഒരു പഴയകാല സുഹൃത്ത് ചോദിച്ചു; "സ്നേഹിതാ! നിന ക്കിതെന്തുപറ്റി? ആരാണ് നിന്നെ ഈ പരുവത്തിലാക്കിയത്?" ഫ്രാൻസീസ് മറുപടി പറഞ്ഞു: "ദൈവം, അവനാണ് എന്നെ ഈ പരുവത്തിലാക്കിയത് ".

ജീവിതത്തിന്റെ നിറങ്ങളും സന്തോഷങ്ങളും മുഴുവൻ ദൈവത്തി നായി മാറ്റിവെച്ചവനാണ് ചാവറയച്ചൻ. ദൈവത്തിന് പന്താടാനായി ജീവിതം വിട്ടുകൊടുത്തവൻ. അതുകൊണ്ട്തന്നെ അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയും അമാനുഷികതയുടെ ആഴങ്ങൾ നമുക്ക് ദർശി ക്കാനാവും. ദൈവവുമായി നിരന്തരം ബന്ധം പുലർത്തിയിരുന്ന, ദൈവ ത്തിന്റെ മനസ്സറിഞ്ഞ, മനുഷ്യനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ എന്ന് നമുക്ക് നിസ്സംശയം പറയാം. നമ്മുടെ മനസ്സുകളും താത്പര്യ

ങ്ങളും ദൈവത്തിലേയ്ക്ക് ആരോപിച്ച് അവന്റെ മനസ്സായി തെറ്റിദ്ധരിച്ചും തെറ്റിദ്ധരിപ്പിച്ചും ജീവിതം നയിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ചാവറച്ചനേപ്പോലുള്ളവർ നമുക്ക് വഴികാട്ടികളാവേണ്ടതാണ്.

## 2. ചാവറയച്ചന്റെ മനുഷ്യ-ദർശനം

മനുഷ്യനെക്കുറിച്ചുള്ള ചാവറയച്ചന്റെ ദർശനം വിടരുന്നത് അദ്ദേഹത്തിന്റെ ദൈവദർശനത്തിൽ നിന്നുമാണ്. ദൈവത്തെ "അപ്പാ" എന്ന് വിളിക്കുന്ന ഒരുവന് മനുഷ്യരെ മുഴുവനും സഹോദരങ്ങളായി കാണാൻ കഴിയും എന്നത് തികച്ചും സ്വാഭാവികം. അതുകൊണ്ട് ചരിത്രത്തിന്റെ പുറമ്പോക്കുകളിലേയ്ക്ക് തള്ളിമാറ്റപ്പെട്ടവരോടൊപ്പം സൗഹൃദം പങ്കിടാനും അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ധാരാളം പരിശ്രമങ്ങൾ ചാവറയച്ചൻ നടത്തുന്നതായി നമ്മൾ കണ്ടെത്തുന്നുണ്ട്. ഒന്നുമല്ലാതെയും ഒന്നുമില്ലാതെയുമിരുന്ന ഒരുപാട് ചെറുമനുഷ്യർക്ക് ഒരു തീർത്ഥാടനത്തിന്റെ വിശുദ്ധി പകരുന്നതാണ് ചാവറയച്ചനേക്കുറിച്ചുള്ള ഓർമ്മകൾ തന്നെ. ജീവിതം ഒരു സന്മനസ്സായി മാറ്റിക്കൊണ്ട് അപാരമായ മനുഷ്യസ്നേഹം ചൊരിഞ്ഞ പച്ച മനുഷ്യനായാണ് ചാവറയച്ചനെ നമുക്ക് കാണാനാവുക.

കരയുന്ന ദൈവത്തെ കണ്ടോ, പാരിൽ
അലയുന്ന ദൈവത്തെ കണ്ടോ
ഒരുവറ്റ് ചോറിന് കൈനീട്ടിനിൽക്കുന്ന
വിവശനാം ദൈവത്തെ കണ്ടോ?

എന്ന കവിതാശകലം നമുക്ക് സുപരിചിതമാണെങ്കിലും നാമൊരിക്കലും കരയുന്ന ദൈവത്തെ കാണാറും ശ്രദ്ധിക്കാറുമില്ല. അവനെ നമുക്ക വേണ്ട എന്നതാണ് സത്യം. അനുഗ്രഹങ്ങൾ ചൊരിയുന്ന, പ്രാർത്ഥന കേൾക്കുന്ന ദൈവത്തെ മാത്രമാണ് നമുക്ക് വേണ്ടത്. എന്തും ഉപഭോഗവസ്തുവായി മാറുന്ന ഉപഭോഗസംസ്കാരത്തിൽ ദൈവവും ഒരു ഉപഭോഗവസ്തുവായി ഉപയോഗിക്കപ്പെടുന്നുണ്ട്. എന്നാൽ ദൈവത്തിലേയ്ക്കുള്ള ദൂരം വേദനിക്കുന്ന, തരംതാഴ്ത്തപ്പെടുന്ന മനുഷ്യനിലേയ്ക്കുള്ള അകലമാണെന്ന് തിരിച്ചറിഞ്ഞവനാണ് ചാവറയച്ചൻ. അതുകൊണ്ട് അപരനെ സ്നേഹിക്കാനും അവന്റെ ഉയർച്ചയ്ക്കായി ജീവിതം സമർപ്പിക്കാനും ചാവറയച്ചന് കഴിഞ്ഞു.

ചാവറയച്ചന്റെ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ ഒന്ന് കണ്ണോടിച്ചാൽ പകൽപോലെ ഇത് നമുക്ക് വ്യക്തമാകും. പാവപ്പെട്ടവർക്കും ദളിതർക്കും വേണ്ടി സ്കൂളുകൾ തുടങ്ങുകയും, വായിച്ചുവളരാൻ പുസ്തകങ്ങളും, പുസ്തകങ്ങൾ ലഭ്യമാക്കാൻ അച്ചടിശാലയും, അനാഥരേയും രോഗികളേയും പരിചരിക്കാൻ ഉപവിശാലയും സ്ഥാപിച്ച് അദ്ദേഹം തന്റെ മനുഷ്യസ്നേഹത്തെ പ്രവൃത്തിപദത്തിലെത്തിച്ചു.

നമ്മുടെ സ്നേഹങ്ങളൊക്കെ വാക്കുകളിൽ ഒതുങ്ങിപ്പോകുന്നു എന്നത് ഇന്നിന്റെ ദുരന്തമാണ്. സ്നേഹത്തെ സാക്ഷാൽക്കരിക്കാൻ നമുക്കാവുന്നില്ല. സ്നേഹത്തെ പ്രവൃത്തി പദത്തിലെത്തിക്കാൻ പരിശ്രമിക്കുമ്പോൾ തീർച്ചയായും നിരവധി പ്രതിസന്ധികളുണ്ടാവും. അവയെ നേരിടാനുള്ള ആത്മശക്തി പ്രകടിപ്പിക്കുക എന്നതാണ് പ്രധാനം. ഇതുപോലൊരു ആത്മശക്തി കൈമുതലായുണ്ടായിരുന്ന ഒരു വ്യക്തിയായിരുന്നു ചാവറയച്ചൻ. ജീവിതത്തിന്റെ ഓരങ്ങളിലേയ്ക്ക് തള്ളപ്പെട്ടുപോയവരെ അന്തസ്സുള്ള മനുഷ്യരായി ജീവിക്കാൻ പ്രാപ്തരാക്കുക എന്നത് ചാവറയച്ചന്റെ ദർശനമായിരുന്നു.

"ഭിക്ഷക്കാർ വെറും കൈയോടെ നിന്റെ വീട്ടിൽ നിന്നും പോകാൻ സമ്മതിക്കേണ്ട. പാവപ്പെട്ടവരെ നിന്ദിക്കുകയോ ബുദ്ധിമുട്ടിക്കുകയോ അരുത്......." എന്നൊക്കെയാണ് തന്റെ മരണപത്രത്തിൽ ചാവറയച്ചൻ ക്രിസ്തീയ കുടുംബങ്ങൾക്ക് നല്കുന്ന അന്തിമ ഉപദേശം. എന്നും പാവപ്പെട്ടവനെ നെഞ്ചിൽ കാത്തുസൂക്ഷിക്കുന്ന ഒരുവന് മാത്രമേ തന്റെ മരണക്കിടക്കയിൽ വച്ച് ഇങ്ങിനെ പറയാൻ കഴിയുകയുള്ളൂ. മനുഷ്യരെ ആദരിക്കാനും, ബഹുമാനിക്കാനും, അവനെ വേദനിപ്പിക്കാതിരിക്കാനും പരിശ്രമിക്കണം എന്നതാണ് ചാവറയച്ചന്റെ മറ്റൊരു ദർശനം. "ഏറ്റവും വലിയ കാര്യം മുറിവേറ്റവന്റെ വേദനയും നിരാശനായവന്റെ ശ്വസംമുട്ടലും അറിയുക എന്നതാണ്." എന്ന് 'ഗോവർദ്ധനന്റെ യാത്രകൾ' എന്ന നോവലിൽ ആനന്ദ് പറയുന്നത് ഓർക്കുക. മനുഷ്യനെ ആദരിക്കാനും അവന്റെ കണ്ണ് നനയിക്കുന്ന എന്തിനേയും എതിർക്കാനും ചാവറയച്ചൻ എന്നും മുന്നിലുണ്ടായിരുന്നു. മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കാൻ അദ്ദേഹം എത്രത്തോളം തത്പരനായിരുന്നു എന്ന് വ്യക്തമാക്കുന്ന ഒരു സംഭവം അദ്ദേഹം തന്നെ രചിച്ച "നാളാഗമങ്ങൾ"എന്ന കൃതിയിൽ കാണാം.

സി.എം.ഐ. സന്യാസസഭാ സ്ഥാപനത്തിനായുള്ള മെത്രാനച്ചന്റെ അനുവാദം ലഭിച്ചശേഷം, അനുയോജ്യമായ സ്ഥലം വാങ്ങിക്കാനുള്ള പരിശ്രമങ്ങൾ നടത്തിവരുമ്പോഴാണ്, ആ പ്രദേശം കുമാരനെല്ലൂർ ഭഗവതിയുടെ സങ്കേതമാണെന്നു അവിടെ ഒരു ക്രൈസ്തവ സന്യാസ ഭവനം വരുന്നതിൽ ഹിന്ദു സഹോദരങ്ങൾക്ക് വിഷമമുണ്ടെന്നും ചാവറയച്ചൻ അറിയുക. അത് കാര്യമാക്കേണ്ട. ചെറിയ എതിർപ്പുകളൊക്കെ കാലക്രമത്തിൽ മാറികൊള്ളുമെന്നും, ഇല്ലെങ്കിൽ മാറ്റിയെടുക്കാമെന്നും കൂടെയുള്ളവർ പറഞ്ഞെങ്കിലും ചാവറയച്ചനും സഹസന്യസസ്ഥാപകരും പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു.''ആരേയും സങ്കടപ്പെടുത്തേണ്ട. ആരോടും വഴക്കിനും പോവേണ്ട." എന്നിട്ട് മനസിനിണങ്ങിയ ആ സ്ഥലം വേണ്ട എന്ന് വച്ച് തിരികെ പോരുകയും പിന്നീട് മാന്നാനം കണ്ടെത്തി അവിടെ സന്യസസഭാസ്ഥാപനം നടത്തുകയും ചെയ്യുകയാണ്. മതമൗലികവാദം പെരുവെള്ളത്തിന്റെ മുഴക്കംപോലെ കൂടി വരുന്ന ഈ കാലഘട്ടത്തിൽ ചാവറയച്ചന്റെ ഈ ദർശനങ്ങൾ ഉള്ളവർ ഈ ഭൂമി മലയാളത്തിലും നിറയണം. മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കാനും അവയ്ക്ക് വിലകല്പ്പിക്കാനും ചാവറയച്ചൻ നല്കുന്ന ഉദാത്തമായ മാതൃക പ്രയോജനകരം തന്നെ.

കൈനകരിക്കാർക്കായി ചാവറയച്ചൻ എഴുതിയ ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന കുടുംബചട്ടം അദ്ദേഹം ആരംഭിക്കുക 'നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹമായിരിപ്പിൻ' എന്ന് നിർദ്ദേശിച്ചുകൊണ്ടാണ്. സർക്കാരിനോടും മറ്റുള്ളവരോടും നിങ്ങൾ വഴക്കിന് പോവരുതെന്നും, അന്തസ്സിനുതക്ക വേലചെയ്യണമെന്നും, സമ്പത്തിന്റെ അഹങ്കാരം കാട്ടരുതെന്നും, മാതാപിതാക്കളെ ബഹുമാനിക്കുക, ദൈവപേടിയിൽ ജീവിക്കുക എന്നുമൊക്കെ ഉപദേശിച്ച ചാവറയച്ചൻ തന്റെ ജീവിതം മുഴുവനും അവർക്ക് മാതൃക കൊടുത്തുകൊണ്ടാണ് സംസാരിക്കുക. ദർശനങ്ങളും ഉൾകാഴ്ചകളും ഉള്ളവർ നമ്മുടെ നാട്ടിൽ ഇന്ന് അന്യം നിന്നുപോവുകയാണ്. ആഴമായ പഠനങ്ങൾ ഉള്ളവനേ മനുഷ്യനെക്കുറിച്ചുള്ള ദർശനങ്ങൾ ഉണ്ടാവു. ഡോക്ടർമാരും എഞ്ചിനീയർമാരുമൊക്കെ ആവാനുള്ള പഠനത്തിന്റെ തിരക്കിൽ മനുഷ്യന്റെ വേദനയെക്കുറിച്ചോ, മനുഷ്യസംസ്കാരങ്ങളെക്കുറിച്ചോ പഠിക്കാൻ ആളെ കിട്ടാതെ വരുന്നു. മനുഷ്യനെക്കുറിച്ച് പഠിക്കാൻ, അവന്റെ

വേദനകൾ അറിയാൻ, അതിന് പരിഹാരമാർഗ്ഗങ്ങൾ ആരായാൻ ചാവറയച്ചൻ നമുക്ക് പ്രചോദനമാവണം.

## 3. ചാവറയച്ചന്റെ സാമൂഹിക-ദർശനം

ചാവറയച്ചൻ ഏറ്റവും കൂടുതൽ മനസ്സിലാക്കപ്പെടുന്നത് ഒരു സാമൂഹിക പരിഷ്ക്കർത്താവും പ്രവർത്തകനുമായിട്ടാണ്. അതിനാൽ അദ്ദേഹത്തിന്റെ സാമൂഹിക ദർശനങ്ങളും പ്രവർത്തനങ്ങളും വീണ്ടും പഠനവിധേയമാക്കുകയും വിലയിരുത്തപ്പെടുകയും ചെയ്യണം. അദ്ദേഹം ഒരു സമൂഹത്തെക്കുറിച്ച് നെയ്തെടുത്ത സ്വപ്നങ്ങൾ എന്തൊക്കെയാണ്? ആ സ്വപ്നങ്ങൾക്ക് എങ്ങിനെയാണ് അസ്ഥിത്വം നൽകിയത്? ഒരു പുരുഷായുസ്സുകൊണ്ട് കേരളസമൂഹത്തിന്റെ വിവിധങ്ങളായ മണ്ഡലങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചവനാണ് ചാവറയച്ചൻ. അദ്ദേഹത്തിന്റെ സാമൂഹിക വീക്ഷണങ്ങളെ നാം പഠിച്ചെടുക്കേണ്ടത് അദ്ദേഹത്തിന്റെ പ്രവർത്തനരംഗങ്ങളിൽ നിന്നുമാണ്. ചാവറയച്ചന്റെ സാമൂഹികപ്രവർത്തനത്തിന്റെ തലങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചത് താഴെപറയുന്ന മേഖലകളിലായിരുന്നു.

1. വിദ്യാഭ്യാസ രംഗം
2. പ്രസ്സും പ്രസിദ്ധീകരണങ്ങളും
3. സ്ത്രീ ശക്തീകരണ പ്രവർത്തനങ്ങൾ
4. ആതുരാലയ പ്രവർത്തനങ്ങൾ

## 1. വിദ്യാഭ്യാസരംഗം

ചാവറയച്ചന്റെ വലിയൊരു സംഭാവന വിദ്യാഭ്യാസമണ്ഡലത്തിലാണ്. അക്ഷരാഭ്യാസത്തിലൂടെ മാത്രമെ ഒരു ജനതയുടെ പുരോഗതി സാദ്ധ്യമാവുകയുള്ളു എന്ന ദൃഢബോധ്യമുള്ളവനായിരുന്നു അദ്ദേഹം. ജാതീയതയും അയിത്തവും ഒക്കെ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിലാണ് ജാതിമതഭേദമെന്യേ എല്ലാവരേയും വിദ്യ അഭ്യസിപ്പിക്കാൻ ചാവറയച്ചൻ മുന്നിട്ടിറങ്ങുന്നത്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെത്തന്നെ വിവിധ കാലഘട്ടങ്ങളലായി നമുക്ക് വേർതിരിക്കാവുന്നതാണ്. 1830-കളിൽ മാന്നാനത്ത് ആശ്രമത്തോട് അനുബന്ധിയായി ഒരു മലയാളം സ്കൂൾ ആരംഭിച്ചതാണ് അദ്ദേഹത്തിന്റെ പ്രഥമ സംരംഭം. ദളിത ക്രൈസ്തവർക്ക് വേണ്ടിയിട്ടാണ് അദ്ദേഹം ഈ സ്കൂൾ ആരംഭിച്ചതെങ്കിലും ഇവിടെ എല്ലാവർക്കും

ഒരുപോലെ പ്രവേശനം അനുവദിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ നയം. ദളിതർക്കും, അധഃകൃതർക്കും വിദ്യ അന്യമായിരുന്ന ഒരു കാലഘട്ടത്തിൽ ചാവറയച്ചന്റെ ഈ സംരംഭം ഒരു യഥാർത്ഥ വിപ്ലവമായിരുന്നു എന്നത് ചരിത്രകാരൻമാർ അറിയാതെ പോയി എന്നതാണ് സത്യം. ഈ സ്കൂളുകളുടെ നടത്തിപ്പിനായി, പള്ളികളിൽ നിന്നും പിരിവെടുത്ത്, പതിനേഴു പറയ്ക്ക് നിലം വാങ്ങി, അതിൽ നിന്നുളള ആദായം കൊണ്ട് ഈ സ്കൂൾ മുന്നോട്ട് കൊണ്ടുപോകാൻ മാന്നാനം കൊവേന്തയെ ഏൽപ്പിക്കുകയും ചെയ്തു അദ്ദേഹം.

ചാവറയച്ചന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ രണ്ടാമത്തെ ഘട്ടം 1846-ൽ അദ്ദേഹം മാന്നാനത്ത് സംസ്കൃത സ്കൂളിന് തുടക്കമിട്ടതാണ്. സവർണ്ണർ മാത്രം പഠിച്ചിരുന്ന സംസ്കൃത ഭാഷ എല്ലാവർക്കും ലഭ്യമാക്കാനുളള അദ്ദേഹത്തിന്റെ പരിശ്രമം, അവർണ്ണരേയും പുറന്തളളപ്പെട്ടവരേയുമൊക്കെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുളള യത്നത്തിന്റെ ഭാഗമായിരുന്നു. സംസ്കൃത സ്കൂൾ തുടങ്ങാനും അവിടെ അദ്ധ്യാപകനെ കിട്ടാനുമൊക്കെയുളള അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിന്റെ ചരിത്രം "നാളാഗമങ്ങൾ" എന്ന കൃതിയിൽ ചാവറയച്ചൻ തന്നെ വിവരിക്കുന്നുണ്ട്. ഒടുവിൽ തൃശൂരു് നിന്ന് ഒരു സംസ്കൃത അദ്ധ്യപകനെ കൊണ്ടുവരികയാണ് അദ്ദേഹം, കാരണം നസ്രാണിപ്പയ്യന്മാരേയും ദളിതരേയും സംസ്കൃതം പഠിപ്പിക്കാൻ ആരും തയ്യാറല്ലായിരുന്നു. ചരിത്രത്തിന്റെ ഗതിവിഗതികളിൽ മുന്നോട്ട് പോകാൻ കഴിയാതെ ഈ സംസ്കൃത സ്കൂൾ പിന്നീട് നിന്നുപോയി. എങ്കിലും വിദ്യകൊണ്ട് എല്ലാവരേയും സമന്മാരാക്കണം എന്ന ചാവറയച്ചന്റെ ദർശനം കാലാനുവർത്തിയാണ്.

ചാവറയച്ചന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ മൂന്നാംഘട്ടം അദ്ദേഹം 1865-ൽ കേരളസുറിയാനി കത്തോലിക്കാസഭയുടെ വികാരിജനറാളായി നിയമിക്കപ്പെട്ടതിനുശേഷമുളള കാലഘട്ടമാണ്. കേരളത്തിലെ എല്ലാ സുറിയാനി പള്ളികളോടും ചേർന്ന് സ്കൂളുകൾ തുടങ്ങണമെന്ന് അദ്ദേഹം കല്പനയെഴുതി. ഇന്ന് കേരളത്തിലെ ക്രൈസ്തവ ആരാധനാലയങ്ങളോട് ചേർന്ന് പളളിക്കൂടങ്ങൾ ഉണ്ടെങ്കിൽ അതിന്റെ ആദികാരണം ചാവറയച്ചന്റെ ഈ കല്പന ആയിരുന്നു എന്ന് മറക്കരുത്. ചാവറയച്ചൻ രൂപം കൊടുത്ത സി.എം.ഐ, സി.

എം.സി, സന്യാസസമൂഹങ്ങൾ നടത്തുന്ന വിദ്യാദാന ശുശ്രൂഷയാണ് ചാവറയച്ചന്റെ വിദ്യാഭ്യാസ നവീകരണ പ്രവർത്തനങ്ങളുടെ നാലാം ഘട്ടമായി വിലയിരുത്തപ്പെടേണ്ടത്. ഈ സന്യാസ സഭകൾ ഏററവും കൂടുതൽ ആളും അർത്ഥവും ചിലവിട്ടത് വിദ്യാഭ്യാസ മേഖലയിലാണെന്നും, കേരളം ഇന്ന് മേഖലയിൽ ഒരുപാട് മുന്നേറിയിട്ടുണ്ടെങ്കിൽ ചാവറയച്ചൻ സ്ഥാപിച്ച ഈ രണ്ട് സന്യാസസഭകളുടേയും ത്യാഗോജ്ജ്വലമായ ഒരുപാട് സേവനങ്ങളുടെ ഫലങ്ങൾ കാരണമാണെന്നും നന്ദിയോടെ ഓർക്കേണ്ടതാണ്.

അക്ഷരങ്ങൾ അഗ്നിയാണെന്നും, ഈ അഗ്നി ഉളളിലുളളവന് സമൂഹത്തെ മാറ്റാനും വളർത്താനുമുളള ഊർജ്ജം ഉണ്ടാവുമെന്നും തിരിച്ചറിഞ്ഞിടത്താണ് ചാവറയച്ചന്റെ മഹത്വം. സമൂഹത്തിന്റെ സമഗ്രവളർച്ചയ്ക്കും പാവപ്പെട്ടവന്റേയും അധ:സ്ഥിതന്റേയും വിമോചനത്തിനു ഒരുപാട് പ്രസ്ഥാനങ്ങളുണ്ടെങ്കിലും വിദ്യാഭ്യാസം പോലെ ശ്രേഷ്ഠമായ ഒന്നില്ല തന്നെ. അതുകൊണ്ടാണ് വിദ്യാലയത്തെ ഭാരതീയസംസ്കാരത്തിൽ സരസ്വതീകേന്ദ്രം എന്നൊക്കെ വിളിക്കുക. ഈ സരസ്വതീക്ഷേത്രത്തിൽ പൂജചെയ്യുന്ന പൂജാരിമാരാണ് അദ്ധ്യാപകർ.

## 2. പ്രസ്സും പ്രസിദ്ധീകരണങ്ങളും

ചാവറയച്ചന്റെ പ്രവർത്തനമേഖലകളിൽ പ്രാധാന്യമേറിയ ഒന്നായിരുന്നു അച്ചടിമാദ്ധ്യമം. തിരുവനന്തപുരത്ത് ഒരു സർക്കാർ പ്രസ്സും, കോട്ടയത്ത് പ്രൊട്ടസ്റ്റന്റ് മിഷന്റെ പ്രസ്സും ഒഴികെ മറ്റൊരിടത്തും അച്ചടിശാലകൾ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് 1844-ൽ അദ്ദേഹം മാന്നാനത്ത് സെന്റ് ജോസഫ് പ്രസ്സ് ആരംഭിച്ചതെന്നോർക്കണം. സമൂഹത്തിന് മൂല്യബോധം പകരുന്ന സന്മാർഗ്ഗകൃതികളും, കുടുംബചട്ടങ്ങളും ആത്മീയ കൃതികളുമായിരുന്നു ഈ പ്രസ്സിൽ അച്ചടിച്ചുതുടങ്ങിയത്. എന്നാൽ പിന്നീട് ഗഹനമായ വായനയ്ക്ക് ഉതകുന്ന പല പുസ്തകങ്ങളും, ദീപിക ദിനപത്രവും അച്ചടി തുടങ്ങിയത് ഇവിടെ നിന്നായിരുന്നു. അങ്ങനെ സാംസ്കാരിക കേരളത്തെ കെട്ടിപ്പടുക്കുന്നതിൽ ചാവറയച്ചനും ഒരുപങ്കുണ്ട്. അത്മാനുതാപം, അനസ്താസ്യയുടെ രക്തസാക്ഷ്യത്വം, മരണവീട്ടിൽ പാടുന്ന പാന തുടങ്ങിയ സാഹിത്യകൃതികൾ അദ്ദേഹത്തിന്റേതായി നമുക്കുണ്ട്. ഈ കൃതികളുടെ സാഹിത്യ മൂല്യത്തിനപ്പുറം നാമോർക്കേണ്ടത് അന്നത്തെ കാല

ഘട്ടത്തിൽ അതിനുവേണ്ടി താത്പര്യമെടുക്കുകയും സമയം നീക്കി വെയ്ക്കുകയും ചെയ്ത ചാവറയച്ചന്റെ സാഹിതീയമായ മനോഭാവത്തെയും പരിശ്രമത്തെയുമാണ്.

### 3. വനിതാക്ഷേമപ്രവർത്തനങ്ങൾ

ഇന്നും സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ പ്രാതിനിധ്യം കിട്ടാത്തപ്പോൾ നൂറ്റമ്പതുവർഷം പിന്നിലെ അവസ്ഥയെക്കുറിച്ചോർക്കുക. അന്ന് അവർക്കുവേണ്ടി സംസാരിക്കാനും പ്രവർത്തിക്കാനും ചാവറയച്ചൻ മുന്നിട്ടിറങ്ങി എന്നത് അത്ഭുതത്തോടുകൂടിയേ നമുക്ക് മനസ്സിലാക്കാനാവൂ. സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ സ്ത്രീജനങ്ങൾക്ക് പുരോഗതി കൈവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സ്ത്രീകൾക്കായി ആദ്ദേഹം സി.എം.സി. സന്യസ സമൂഹത്തിന് രൂപം കൊടുക്കുന്നത്. ചാവറയച്ചന്റെ കത്തുകളിൽ ഏറെയും ഈ സന്യാസസമൂഹത്തിന് നിർദ്ദേശങ്ങളും ഉപദേശങ്ങളും കൊടുത്തുകൊണ്ട് എഴുതിയവയാണ് എന്നറിയുമ്പോഴാണ് എത്ര സ്നേഹത്തോടും ആർദ്രതയോടെയുമാണ് അദ്ദേഹം അവരെ നയിച്ചതെന്ന് മനസ്സിലാവുക. ഒരു പക്ഷേ പെണ്ണെഴുത്തിന് വേണ്ടിയിട്ടോ, സ്ത്രീസംവരണത്തിനായോ ചാവറയച്ചൻ നിലകൊണ്ടിട്ടുണ്ടാവില്ല. പക്ഷേ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനായി, അവരുടെ സംഭാവനകളും ഈ സമൂഹനിർമ്മിതിക്ക് ആവശ്യമാണെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനായി അദ്ദേഹം കഠിനപരിശ്രമം ചെയ്തിട്ടുണ്ട്.

### 4. ഉപവിപ്രവർത്തനങ്ങൾ

ഉപവിശാലകളും ആതുരാലയങ്ങളുമായിരുന്നു ചാവറയച്ചന്റെ പ്രവർത്തനങ്ങളുടെ മറ്റൊരു മേഖല. സമൂഹത്തിലെ ഉപേക്ഷിക്കപ്പെട്ടവർക്കും, പാവപ്പെട്ടവർക്കുമായാണ് അദ്ദേഹം ഉപവിശാലകൾ ആരംഭിച്ചത്. അന്നുവരെ ആരും സ്വപ്നം കാണാതിരുന്ന അനുകമ്പയുടേയും ആർദ്രതയുടേയും പ്രകടനങ്ങളായിരുന്നു ചാവറയച്ചന്റെ ആതുരാലയ പ്രവർത്തനങ്ങൾ. വഴിയോരങ്ങളിൽ അനാഥരായി മരണത്തിന്റെ കാലൊച്ചകേട്ട് കിടന്നവർക്ക് തുണയായി ചാവറയച്ചൻ തുടക്കമിട്ട "നന്മരണസഭ" എന്ന സംഘടന അന്നുവരെ അജ്ഞാത

മായിരുന്ന പരസ്നേഹത്തിന്റെ പുതിയ മുഖമായിരുന്നു. കേരളത്തിലങ്ങോളം ഇന്ന് വൃദ്ധസദനങ്ങൾ നിറയുകയാണ്. പ്രായമായവരും പാവപ്പെട്ടവരും വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കപ്പെടുമ്പോൾ അവർക്ക് സാന്ത്വനമാകാൻ ചാവറയച്ചൻ ഇല്ല എന്നത് നമ്മുടെ ദു:ഖമാണ്. വ ഴിയോരങ്ങളിലും ചെറ്റകുടിലുകളിലും ഉപേക്ഷിക്കപ്പെട്ടവർക്ക് ദൈവത്തിന്റെ മുഖമാണെന്ന് തിരിച്ചറിഞ്ഞിടത്താണ് ചാവറയച്ചൻ ദൈവികനായി മാറുന്നതും മനുഷ്യസ്നേഹത്തിന്റെ ഇതിഹാസമായിത്തീരുന്നതും.

ഡിസ്നി ഷെൽഡന്റെ "ആർ, യു അഫ്രെയ്ഡ് ഓഫ് ഡാർക്ക്നസ്സ്" എന്ന നോവലിൽ ഒരു കഥാപാത്രം പറയുന്നു. പട്ടിണിയും പുറത്താക്കപ്പെടലും! ഇനിമേൽ അവയെ വാക്കുകളായി കാണരുത്. അവയുടെ അർത്ഥത്തേക്കുറിച്ച് ചിന്തിക്കുക. പുരുഷന്മാരും, സ്ത്രീകളും കുട്ടികളും......അവർക്ക് വീടുകളില്ല. വിശക്കുന്നവരും രോഗികളുമാണവർ. മരണത്തെ മുഖാഭിമുഖം കാണുന്നവർ! മരണത്തെ മുഖാഭിമുഖം കാണുമ്പോഴുള്ള ഞെട്ടലില്ലേ, എന്നും അതനുഭവിച്ചുകഴിയുന്നവരേക്കുറിച്ച് ചിന്തിക്കണം. നാം വാക്കുകളേക്കുറിച്ചേ ചിന്തിക്കാറുള്ളു. വാക്കുകൾക്കപ്പുറത്തുള്ള അർത്ഥം തേടിയവനായിരുന്നു ചാവറയച്ചൻ. അക്ഷരങ്ങൾക്കപ്പുറത്തെ പൊള്ളുന്ന ജീവിതങ്ങളെ ചേർത്ത്നിറുത്തി, അവരുടെ ജീവിതത്തിലേയ്ക്കിറങ്ങി, അവരുടെ സർവ്വോന്മുഖമായ അഭിവൃദ്ധിക്കായി ജീവിതം സമർപ്പിച്ചു എന്നതാണ് ചാവറയച്ചന്റെ ദർശനങ്ങളുടെയൊക്കെ ആകെത്തുക.

അങ്ങനെ തന്റെ കൊച്ചുജന്മം കൊണ്ട് ഈ നാടിനും സമൂഹത്തിനും നന്മ കൈവരുവാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ഒരാളുടെ മാത്രം നന്മ കൊണ്ട് ഒരു സമൂഹത്തെയാകെ മാറ്റുവാൻ കഴിഞ്ഞില്ലെങ്കിലും ഒരു മിന്നാമിനുങ്ങിന്റെ അത്രയെങ്കിലും വെളിച്ചം തെളിക്കാനായാൽ അത് അനുഗ്രഹം തന്നെ എന്നാണ് ചാവറയച്ചന്റെ ജീവിതം നമ്മെ പഠിപ്പിക്കുക. അതുകൊണ്ട് അദ്ദേഹത്തിന്റെ ജീവിതം നമുക്കൊരു പാഠപുസ്തകമാണ്, വായിച്ചുപഠിക്കാനും, പഠിപ്പിക്കാനുമുള്ള പാഠപുസ്തകം.





# 7

# ചാവറ അതുല്യമായ വിദ്യാദാനശുശ്രൂഷ, വിദ്യാഭ്യാസദർശനം

റവ. ഫാ. ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ

ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ കേരളം കണ്ട ഉന്നതമായ വിദ്യാദാനശുശ്രൂഷയുടെയും ഉദാത്തമായ വിദ്യാഭ്യാസ ദർശനത്തിന്റെയും ഉടമയായിരുന്നു. സുപ്രസിദ്ധ സാഹിത്യനിരൂപകനായ സുകുമാർ അഴിക്കോടിന്റെ വീക്ഷണത്തിൽ 19-ാം നൂറ്റാണ്ടിൽ ജീവിച്ച്, 20-ാം നൂറ്റാണ്ടിന്റെ ഇതിഹാസമായി വളർന്ന്, 21-ാം നൂറ്റാണ്ടിന്റെ പ്രകാശഗോപുരമായി ജ്വലിച്ചുനിൽക്കുന്ന ആചാര്യനാണ് ചാവറയച്ചൻ. "എത്രയും ചിത്രമാം യേശുവിൻ മുഖപത്മത്തെ ഏകാന്ത പ്രേമത്താൽ " ദർശിച്ച് ദൈവാരൂപി നിറഞ്ഞ ദിവ്യപുരുഷനായ ചാവറയച്ചൻ മത-സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിൽ മനുഷ്യർക്ക് ദൈവത്തിന്റെ മനോജ്ഞദാനമായി തീർന്നു. തൽഫലമായി ഒരു യുഗംകൊണ്ട് ചെയ്യാവുന്നതിലധികം കാര്യങ്ങൾ ഒരു പുരുഷായുസ്സുകൊണ്ട് അദ്ദേഹം ചെയ്തുതീർത്തു.

## 19-ാം നൂറ്റാണ്ടിലെ വിദ്യാഭ്യാസരംഗം

സാക്ഷരകേരളത്തിന്റെ രൂപീകരണത്തിൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ വഹിച്ച അതുല്യമായ നേതൃത്വം തിരിച്ചറിയണമെങ്കിൽ 19-ാം

നൂറ്റാണ്ടിലെ കേരള വിദ്യാഭ്യാസ രംഗത്തെ സ്ഥിതി വിശേഷം നാം വിസ്മരിച്ചുകൂടാ. കുടിപ്പള്ളിക്കൂടങ്ങളുടെയും ആശാൻ കളരികളുടെ യും നാടായിരുന്ന കേരളക്കരയിൽ ആധുനിക വിദ്യാഭ്യാസത്തിന്റെ വിത്തുപാകിയത് പാശ്ചാത്യമിഷനറിമാരായിരുന്നു. സ്വാതിതിരുനാൾ രാമവർമ്മ മഹാരാജാവാണ് തിരുവിതാംകൂറിലെ ഇംഗ്ലീഷ് വിദ്യാഭ്യാ സത്തിന് തുടക്കം കുറിച്ചത്. നാഗർ കോവിൽ സെമിനാരിയിലെ പ്രാധാനാധ്യാപകനായിരുന്ന റോബർട്ട്സിന്റെ സാരഥ്യത്തിൽ 1814 -ൽ മഹാരാജാവ് തിരുവിതാംകൂറിലെ പ്രഥമ ആംഗ്ലേയവിദ്യാലയം തുടങ്ങി. 1818-ൽ റവ. ഡാസൻ മട്ടാഞ്ചേരിയിൽ സ്ഥാപിച്ചതാണ് കൊച്ചിയിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ. മലബാറിലെ പ്രഥമ ഇംഗ്ലീഷ് വിദ്യാലയം ബാസ്സൽ മിഷൻകാർ 1848-ൽ കല്ലായിയിൽ ആരംഭിച്ചു. കേരളത്തിലെ ആദ്യത്തെ ഉന്നത വിദ്യാഭ്യസ സ്ഥാപനം 1866-ൽ കോട്ടയ ത്ത് ആരംഭിച്ച സി.എം. എസ്. കോളേജാണ്.

ഇങ്ങനെ 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഇംഗ്ലീഷ് വിദ്യാ ഭ്യാസത്തിന്റെ ഫലമായി കേരളത്തിൽ നവോത്ഥാനത്തിന്റെ ചലന ങ്ങൾക്ക് ആരംഭം കുറിച്ചുവെങ്കിലും സാധാരണ ജനങ്ങൾക്കും സുറി യാനി ക്രൈസ്തവർക്കും ഇത് അപ്രാപ്യമായിരുന്നു. ഉന്നതകുലജാ തർക്ക് മാത്രമേ വിദ്യ അഭ്യസിക്കുവാൻ ജാതിവ്യവസ്ഥയിൽ അനു വാദമുണ്ടായിരുന്നുള്ളു. സാധാരണജനങ്ങൾക്ക് വിദ്യാഭ്യാസം നിഷേ ധിക്കപ്പെട്ടിരുന്നു. തീണ്ടലും തൊടീലും കൊടികുത്തിവാണിരുന്ന അക്കാലത്ത് സർക്കാർ വിദ്യാലയങ്ങളിൽ പോലും താഴ്ന്ന കുല ത്തിൽപ്പെട്ടവർക്ക് പഠിക്കുവാൻ അവസരമുണ്ടായിരുന്നില്ല.

1599-ൽ നടന്ന ഉദയം പേരൂർ സൂനഹദോസിന്റെ വിലക്കുക ളുടെ ഫലമായി ഇംഗ്ലീഷ് വിദ്യാഭ്യാസം സുറിയാനി ക്രൈസ്തവർക്ക് നിഷിധ്യമായിരുന്നു. സുറിയാനിക്കാർ അന്യമതക്കാരായ അധ്യാപക രുടെ പക്കൽനിന്ന് വിദ്യ അഭ്യസിക്കുന്നത് സൂനഹദോസ് വിലക്കി. സുറിയാനിക്കാരായ ആശാന്മാർ അന്യമതസ്ഥരായ കുട്ടികളെ ആകർ ഷിക്കുന്നതായി ഒന്നും ചെയ്യരുതെന്ന് സൂനഹദോസ് കല്പിച്ചു. ഈ വിലക്കുളുടെ പരിണതഫലം അതീവ ഗുരുതരമായിരുന്നു. കച്ചവടം, കൃഷി കാര്യങ്ങളില്ലാതെ, സുറിയാനിക്കാർ വൈജ്ഞാനിക മണ്ഡല ത്തിൽ തീർത്തും പിന്നോക്കാവസ്ഥയിലായിരുന്നു. 1884-ൽ ഏതാനും സുറിയാനി വൈദികർ റോമിലേക്കെഴുതിയ കത്തിലെ വാക്കുകൾ ഇവിടെ പ്രത്യേകം ശ്രദ്ധാർഹമാണ്. “സുറിയാനി കത്തോലിക്കരുടെ

ഇടയിൽ കോളേജിൽ പഠിച്ച് ഡിഗ്രി എടുത്തിട്ടുള്ളവർ ആരും തന്നെയില്ല. യാക്കോബായ സഹോദരങ്ങളിൽ ഡിഗ്രിയെടുത്തിട്ടുള ളവർ നൂറിലധികം പേരുണ്ട്. വക്കീലന്മാർ, ഡോക്ടർമാർ, ജഡ്ജി മാർ തുട ങ്ങി മറ്റു സമുദായങ്ങളിൽ പലരുള്ളപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ആരും തന്നെയില്ല."

## അറിവിലൂടെ അഭിവൃദ്ധി

സമൂഹത്തിന്റെയും സമുദായത്തിന്റെയും പുരോഗതിക്ക് ആധുനിക വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്ന് ക്രാന്തദർശി യായ ചാവറയച്ചൻ മനസ്സിലാക്കി. "അറിവിലൂടെ അഭിവൃദ്ധി" "വിദ്യാ ഭ്യാസത്തിലൂടെ വികസനം"-ചാവറയച്ചന്റെ വീക്ഷണമായിരുന്നു. വിദ്യനേടാൻ വിദ്യാലയത്തിന്റെ പടികയറാൻ ചാവറയച്ചന് ഭാഗ്യം ലഭിച്ചില്ല. തനിക്ക് സാധിക്കാത്തത് തന്റെ സമകാലികർക്കും പിൻത ലമുറയ് ക്കും സംലഭ്യമാക്കുവാനുള്ള ധീരത ചാവറയച്ചൻ കാഴ്ച വെച്ചു. അന്ന ത്തെ സാഹചര്യത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഉടനടി നേതൃത്വമെടുക്കുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. അതുകൊണ്ട് 1846-ൽ സി.എം.ഐ. സഭയുടെ കാനോനിക സ്ഥാപ നത്തിന് മുമ്പുതന്നെ മാന്നാനത്ത് ഒരു സംസ്കൃത വിദ്യലയത്തിന് ചാവറയച്ചൻ ആരംഭം കുറിച്ചു.

കേരളത്തിലെ ആദ്യത്തെ കത്തോലിക്ക വിദ്യാലയം എന്തു കൊണ്ട് സംസ്കൃത സ്കൂൾ എന്ന ചോദ്യത്തിന് ഉദയം പേരൂർ സൂനനദോസിന്റെ വിലക്ക് എന്നതാണ് ഉടനടിയുള്ള ഉത്തരം. സമൂ ഹത്തിലെ മേലേക്കടിയിലുള്ളവരുടെ ഇടയിൽ സംസ്കൃതത്തിനു ണ്ടായിരുന്ന സ്ഥാനവും കാരണമായേക്കാം. ഏതായാലും ഇതേ പ്പറ്റി ചാവറയച്ചന്റെ സമകാലികനും ചരിത്രകാരനുമായ പാറപ്പുറത്ത് വർക്കിയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്: "ഈ സമയം ഒന്നിച്ച് മാന്നാനം ആശ്രമത്തോട് ചേർന്ന് ഒരു സംസ് കൃത സ്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഇതിൽ ആശ്രമത്തിലെ വൈദി കരും സമീപസ്ഥലങ്ങളിൽ നിന്ന് കുട്ടികളും ചേർന്ന് പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശൂരിൽ നിന്ന് വാര്യര് ജാതിയിൽ പ്പെട്ട ഒരു വാദ്ധ്യരെ വരുത്തിയിരുന്നു. ഇയാൾ മലയാളഭാഷയിലും സംസ്കൃതഭാഷയിലും വളരെ സമർത്ഥനായിരുന്നു."സംസ്കൃത വിദ്യാലയം തുടങ്ങിയതും അതിൽ പഠിപ്പിക്കാൻ ഹൈന്ദവനായ

അധ്യാപകനെ നിയമിച്ചതും അന്നത്തെ കാലയളവിൽ ധീരവും പയ നിയറിങ്ങുമായ ഒരു കാൽവെപ്പായിരുന്നു. സംശയമില്ല.

ഇതേ തുടർന്ന് അർപ്പൂക്കരയിലും സമീപപ്രദേശങ്ങളിലും ചാവ റയച്ചൻ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതായി നാം കാണുന്നു. ഈ വിദ്യാലയങ്ങളിൽ സമൂഹത്തിലെ ഉന്നതകുലജാതരേയും ദളിതരേയും ഒരേ ബഞ്ചിലിരുത്തി വിദ്യ അഭ്യാസിക്കുന്നതായി നാം മനസ്സിലാ ക്കുന്നു. ഇതൊരു വെല്ലുവിളിയായിരുന്നു. ഇത് പ്രവചനാത്മകമായ ഒരു കാൽവെയ്പ്പും കേരളക്കരയുടെ സാക്ഷരതക്കും സാർവ്വത്രിക വിദ്യാഭ്യാസത്തിനും ദിശാബോധം നൽകിയ പ്രവൃത്തിയുമായിരു ന്നു. അതുവഴി സാമൂഹ്യ സമത്വത്തിന്റെ അടിത്തറ പാകുവാൻ അദ്ദേ ഹത്തിന് സാധിച്ചു. മാത്രമല്ല ഒന്നര നൂറ്റാണ്ടുമുമ്പ് തന്നെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നൽകുവാനുള്ള ഒരു പദ്ധതിയും അവ ർക്ക് വസ്ത്രവും പഠനോപകരണങ്ങളും സംലഭ്യമാക്കുവാൻ പഠന സഹായ സ്കീമും ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ചാവറ യച്ചൻ പ്രദർശിപ്പിച്ച പ്രതിഭാശക്തിയും നിശ്ചയദാർഢ്യവും വിസ്മ യത്തോടെ മാത്രമേ നമുക്ക് വിലയിരുത്തുവാൻ കഴിയൂ.

## സാർവ്വത്രിക വിദ്യഭ്യാസവിപ്ലവം

സുറിയാനികത്തോലിക്കരുടെ പ്രഥമ വികാരി ജനറാൾ ആയി രുന്ന വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ "ഒരു പള്ളിക്കൊരു പള്ളിക്കൂടം" എന്ന ഉത്തരവ് ചരിത്ര പ്രസിദ്ധമാണ്. കേരളത്തിലെ വിദ്യാഭ്യാസപുരോഗതിയുടെയും സമ്പൂർണ്ണസാക്ഷ രതയുടെയും നിമിത്തവും നിദാനവും ചാവറയച്ചൻ സ്വന്ത കൈപ്പട യിലെഴുതി വരാപ്പുഴ ബർണ്ണദീനോസ് മെത്രാപ്പോലീത്തയെക്കൊണ്ട് മുദ്ര വപ്പിച്ച് പുറപ്പെടുവിച്ച ഈ സർക്കുലറാണെന്ന് അർത്ഥശങ്കക്കി ടയില്ലാത്ത വിധം പറയാം. "ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും അല്ലാത്തപക്ഷം അംശമുടക്ക് കല്പിക്കുമെന്ന ഈ കർശന നിയമം വൈജ്ഞാനിക മണ്ഡലത്തിൽ ഒരു വിപ്ലവത്തി നു തന്നെ നാന്ദി കുറിച്ചു. ഈ കല്പന നടപ്പിൽ വരുത്തുവാൻ ചാവ റയച്ചൻ തന്റെ സഭാംഗങ്ങളെ ചുമതലപ്പെടുത്തുകയും താൻ സ്ഥാ പിച്ച ആശ്രമങ്ങൾ അവയുടെ അതിർത്തിയിലുള്ള പള്ളികളുടെ വിദ്യാ ദാന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുവാൻ ദത്തശ്രദ്ധരാ യിരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. വിദ്യാഭ്യാസ സൗക

ര്യങ്ങൾ ഏർപ്പെടുത്തുവാൻ ആശ്രമങ്ങളും ഇടവകകളും എന്ത് ത്യാഗവും വഹിക്കുവാൻ തയ്യാറാകണമെന്ന് ചാവറയച്ചൻ ഉദ്ബോധിപ്പിക്കുകയുണ്ടായി. ഇതിനായി 'പിടിയരി' 'കെട്ടുതെങ്ങ്' പദ്ധതികൾ ആസൂത്രണം ചെയ്തതു വഴി ഒരു വിധത്തിൽ പറഞ്ഞാൽ സഹകരണ പ്രസ്ഥാനത്തിന്റെ പ്രയോക്താവ് ചാവറയച്ചനാണെന്ന് പറയാം.

പൊതുവിദ്യാഭ്യാസ രംഗത്തു മാത്രമല്ല, മതവിദ്യാഭ്യാസ മണ്ഡലത്തിലും വാഴ്ത്തപ്പെട്ട ചാവറയച്ചൻ പുത്തൻ വഴിത്താര വെട്ടിത്തുറന്നു. വിജ്ഞാനവും വിശുദ്ധിയുമുള്ള വൈദികരിലൂടെ മാത്രമേ സഭയും സമുദായവും പുരോഗതി പ്രാപിക്കൂ എന്നു മനസിലാക്കിയ ചാവറയച്ചൻ യൂറോപ്യൻ രാജ്യങ്ങളിലെ സെമിനാരികളുടെ ശൈലിയിൽ വൈദികപരിശീലനത്തിന് നിയതരൂപം നൽകി. 1833-ൽ മാന്നാനത്ത് കേരളത്തിലെ പ്രഥമ വ്യവസ്ഥാപിത വൈദികപരിശീലന സെമിനാരി അദ്ദേഹം സ്ഥാപിച്ചു. 1866-ൽ വാഴക്കളത്തും 1868 ഏൽത്തുരുത്തും 1871-ൽ പുളിങ്കുന്നിലും ആശ്രമങ്ങളോടനുബന്ധമായി സെമിനാരികൾ നിലവിൽ വന്നു. അവയോടൊപ്പം വിദ്യാലയങ്ങളും വളർന്നു വന്നു. അങ്ങനെ മാന്നാനവും വാഴക്കളവും ഏൽത്തുരുത്തും പുളിങ്കുന്നും കേരളത്തിലെ പ്രസിദ്ധമായ വിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറി. അവിടങ്ങളിൽ പഠിച്ചു വളർന്ന അനേകം വ്യക്തികൾ കേരളത്തിന്റെ മത-സാംസ്കാരിക-സാമൂഹികരംഗങ്ങളിൽ തിളക്കമേറിയ നേതൃത്വം നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യസമണ്ഡലത്തിൽ വിപ്ലവം വിരചിച്ച ചാവറയച്ചൻ മാർതോമ ക്രിസ്ത്യനികളുടെ സമഗ്രമായ വളർച്ച ലക്ഷ്യംവച്ചുകൊണ്ട് മാന്നാനത്ത് ഒരു ഉന്നതവിദ്യാഭ്യാസകേന്ദ്രം തുടങ്ങുവാൻ ആഗ്രഹിക്കുകയും അതിനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്തതായി ചരിത്രത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. (ഫാ. റോമയോ തോമാസ് : മലങ്കരസഭയുടെ വീരസന്താനം) പക്ഷേ റോക്കോസ് ശീശ്മയുടെ ശിഥിലപ്രവണതകളുടേയും പ്രതിരോധപ്രയത്നങ്ങളുടേയും പാശ്ചത്തലത്തിൽ കോളേജ് സ്ഥാപനലക്ഷ്യം യാഥാർത്ഥീകരിക്കാൻ ചാവറയച്ചന് സാധിച്ചില്ല. 1861 ജൂൺ 8ന് ചാവറയച്ചൻ വിപുലമായ അധികാരങ്ങളോടെ വികാരിജനറാളായി നിയമിതനായി. ബർണ്ണദീനോസ് മെത്രാപ്പോലീത്ത ആസ്ഥാനമായ വരാപ്പുഴയ്ക്ക് സമീപം കൂനമാവിലേയ്ക്ക് ചാവറയച്ചനെ സ്ഥലം മാറ്റി. തൽഫലമായി കോളേജ് സ്ഥാപനം സ്വപ്നമായി അവശേഷിച്ചു.

## മാധ്യമ രംഗത്തിന്റെ തലതൊട്ടപ്പൻ

ജനതയുടെ വിജ്ഞാനവ്യാപനത്തിലും വിശ്വാസ പിശീലനത്തിലും മാധ്യമങ്ങൾക്കായുളള സ്ഥാനം കണ്ടറിഞ്ഞ ചാനറയച്ചൻ ഒട്ടനവധി വെല്ലുവിളികളെ അതിജീവിച്ചുകൊണ്ടാണ് കേരള കത്തോലിക്കരുടെ പ്രഥമ മുദ്രണാലയം 1846-ൽ മാന്നാനത്ത് സ്ഥാപിച്ചത്. ഇവിടെ നിന്നാണ് 1887-ൽ പ്രഥമ മലയാള ദിനപത്രമായ ദീപിക പ്രസിദ്ധീകരണം ആരംഭിക്കുക. സാംസ്കാരിക കേരളത്തിന്റെ കണ്ണും കാതും നാവുമാകുവാൻ കെല്പുളള ഒരു ദിനപത്രത്തെക്കുറിച്ചുളള സ്വപ്നം അരനൂറ്റാണ്ടുമുമ്പ് തന്നെ താലോലിച്ച ചാവറയച്ചനെ മലയാള മാധ്യമരംഗത്തിന്റെ തലതൊട്ടപ്പനെന്നാണ് ശ്രീ സെബാസ്റ്റ്യൻ പോൾ എം.പി.വിശേഷിപ്പിച്ചത്.

അക്ഷര കേരളത്തിന്റെ ജൈത്രയാത്രയിൽ ദീപിക ചെലുത്തിയ പ്രതിഭയും പ്രയത്നവും പില്ക്കാലചരിത്രം. മാന്നാനം അച്ചുകുടത്തിന്റെ ശാഖയായി കൂനന്മാവിലും ചാവറയച്ചൻ മറ്റൊരു പ്രസ്സ് സ്ഥാപിക്കുകയുണ്ടായി. 'ജ്ഞാനപിയൂഷം' തുടങ്ങിയ ധാരാളം പ്രാർത്ഥനാപുസ്തകങ്ങളും വിശ്വാസപരിശീലനത്തിനുപകരിക്കുന്ന ലഘുഗ്രന്ഥങ്ങളും ഈ മുദ്രണാലയങ്ങളിൽനിന്ന് വെളിച്ചം കണ്ടു. എന്നു മാത്രമല്ല, കൃത്യാന്തര ബഹുലമായ ജീവിതത്തിനിടയിലും മതാത്മകവും ചരിത്രപരവുമായ നിരവധി കൃതികൾ രചിച്ചുകൊണ്ട് ജനസാമാന്യത്തിന്റെ വൈജ്ഞാനിക മണ്ഡലം ദീപ്തമാക്കുവാൻ ചാവറയച്ചൻ പരിശ്രമിക്കുകയുണ്ടായി. നാളാഗമങ്ങൾ, കത്തുകൾ, ഒരു നല്ല അപ്പന്റെ ചാവരുൾ എന്നീ കൃതികൾ പ്രത്യേകം ശ്രദ്ധാർഹമാണ്. മലയാളത്തിലെ പ്രഥമ ഖണ്ഡകാവ്യമായ അസ്താസിയായുടെ രക്തസാക്ഷിത്വം, ചാവറയുടെ വ്യക്തിത്വം നിഴലിക്കുന്ന കൃതി എന്ന് വിശേഷിപ്പിക്കാവുന്ന ആത്മാനുതാപം എന്നീ രചനകൾ ജീവിത വിശുദ്ധിയുടേയും ഭാവസൗന്ദര്യത്തിന്റേയും സങ്കീർത്തനങ്ങളെന്നാണ് പെരുമ്പടം ശ്രീധരൻ വിലയിരുത്തുന്നത്. വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിലെ ചാവറയച്ചന്റെ നിസ്തുലമായ സംഭാവനകൾ അംഗീകരിച്ചുകൊണ്ട് 1986-ൽ ഭാരതസർക്കാർ അദ്ദേഹത്തിന്റെ സ്മാരകസ്റ്റാമ്പിറക്കുകയും 2005-ൽ കേരളസാഹിത്യഅക്കാദമി ഛായചിത്രം അക്കാദമി ഹാളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

സ്ഥാപക പിതാവായ ചാവറയച്ചന്റെ പൈതൃകം ഏറ്റുവാങ്ങി വിദ്യാഭ്യാസ മാധ്യമരംഗത്ത് കഴിഞ്ഞ ഒന്നര നൂറ്റാണ്ടുകാലം ഓർമ്മി

ക്കാനും ഓമനിക്കാനും മഹത്തായ ഒരു ചരിത്രം കുറിക്കുവാൻ സി. എം. ഐ. സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഇക്കാലയളവിൽ കേരളത്തിന്റെ സാംസ്കാരിക പുരോഗതിയിൽ സജീവമായ ഭാഗഭാഗിത്വം വഹിക്കുവാൻ സി.എം.ഐ.സഭാംഗങ്ങൾ എന്നും മുൻപന്തിയിലുണ്ടായിരുന്നു. അത് വിവരിക്കുക എന്റെ വിഷയമല്ല. ഇന്ന് തൃശൂർ അമല മെഡിക്കൽകോളേജ്, രാജഗിരി എഞ്ചിനിയറിങ്ങ് കോളേജ്, 16 യൂണികോളേജുകൾ, 8 ബി.എഡ്. കോളജുകൾ, 10 പാരലൽ കോളേജുകൾ, 3 ശാസ്ത്രഗവേഷണകേന്ദ്രങ്ങൾ, 1 പോളിടെക്നിക്, 12 ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, 5 നേഴ്സിംങ്ങ് സ്കൂളുകൾ, 47 പബ്ളിക്ക് സ്കൂളുകൾ, 7 സ്പെഷ്യൽ സ്കൂളുകൾ എന്നിവയടക്കം 472 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സി.എം.ഐ. സഭ നേതൃത്വം നൽകുന്നു. കൂടാതെ 79 അനൗപചാരിക വിദ്യഭ്യാസ കേന്ദ്രങ്ങളും 45 യുവജനഹോസ്റ്റലുകളും സഭ നടത്തുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ 112 സഭാംഗങ്ങൾ സേവനനിരതരായിരിക്കുന്നു. വിശദാംശങ്ങളിലേയ്ക്ക് ഞാൻ പ്രവേശിക്കുന്നില്ല.

ഇതുവരെ പറഞ്ഞതിൽ നിന്ന് ഉരുത്തിരിയുന്ന ഒരു സത്യം സുതരാം വ്യക്തമാണ്. കേരളം കണ്ട അതുല്യനായ വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ. വിദ്യദാനശുശ്രൂഷയിലെ ക്രാന്തദർശിയായ, പ്രവാചക വീക്ഷണം കൈമുതലായി കരുതിയ പയനീർ ! അതിന് പിറകിൽ ഉന്നതമായ ഒരു വിദ്യാഭ്യാസ വീക്ഷണം നമുക്ക് കാണുവാൻ കഴിയും. അത്യുദാത്തമായ ഒരു വിദ്യാഭ്യാസ ദർശനത്തിന്റെ ഉടമയായിരുന്നു ചാവറയച്ചൻ. ഈ ദർശനത്തിന് 6 പ്രധാന മാനങ്ങൾ ഉണ്ട്.

## 1. വിദ്യാഭ്യാസം: സമഗ്രവികസന സാധന

ചാവറയച്ചനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം വ്യക്തിയുടെ വികസനത്തിനും സമൂഹത്തിന്റെ നിർമിതിക്കും വ്യവസ്ഥിതിയുടെ വിമോചനത്തിനും ഉപകരിക്കുന്ന സാധനയായിരിക്കണം. വിദ്യാഭ്യാസത്തിലൂടെ വികസനം എന്നതായിരുന്നു ചാവറയച്ചന്റെ വീക്ഷണം. വിമോചനമാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. ഒന്നാമതായി വിദ്യാഭ്യാസം വ്യക്തികളുടെ വികസനത്തിനുതകുന്ന പ്രക്രിയയാണ്. ഗാന്ധിജിയുടെ വീക്ഷണത്തിൽ "ഒരു ശിശുവിന്റെ അഥവാ മനുഷ്യന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ല

തിനെ പുറത്തെടുത്ത് വികസിപ്പിച്ചെടുക്കുന്നതെന്തോ അതാണ് വിദ്യാഭ്യാസം." നിറവേറപ്പെടാനുള്ള നിരവധി സാധ്യതകളുടെ ആകെത്തുകയാണ് മനുഷ്യൻ. മൃഗീയതയിലേക്ക് അധ:പതിക്കാതെ, മനുഷ്യത്വത്തിലേക്ക് വളരാനും അതിലൂടെ ദൈവികതയിലേക്ക് ഉയരാനും മനുഷ്യന് സാധിക്കണം. വിദ്യാഭ്യാസം വ്യക്തിയെ അതിന് സഹായിക്കണം. ദേശീയ വിദ്യാഭ്യാസ നയത്തിൽ വ്യക്തമാക്കുന്നതുപോലെ, "സാഹചര്യങ്ങളെ നിയന്ത്രിച്ച് സാധ്യതകളെല്ലാം സഫലീകൃതമാക്കുവാൻ വ്യക്തിയെ പ്രാപ്തനാക്കുന്ന അവന്റെ സമസ്ത കഴിവുകളുടേയും വികസനമാണ് വിദ്യാഭ്യാസം."

വ്യക്തിയുടെ വികസനത്തിന് വിദ്യാഭ്യാസം അവശ്യം ആവശ്യമാണെന്ന് വിശ്വസിച്ചിരുന്ന ചാവറച്ചന്റെ വാക്കുകൾ ശ്രദ്ധേയമാണ്. "രണ്ടാമത്തെ വെളിവ് പഠിത്വം ആകുന്നു. കണ്ണിന്റെ വെളിവു കൂടാതെ ലോകത്തിലുള്ള വസ്തുക്കൾ കാണ്മാൻ വശമില്ലാത്തതുപോലെ പഠിത്വം എന്ന വെളിവു കൂടാതെ പരലോകത്തിൽ അതിൽ കൂടിയിരിക്കുന്ന തമ്പുരാനേയും അറിവാൻ വശമില്ലാത്തതിനാൽ, കണ്ണില്ലാത്തവരും കുരുടന്മാരായിരിക്കുന്നതുപോലെ പഠിത്വമില്ലാത്തവർ ജ്ഞാനകുരുടന്മാരാകുന്നു." 1859 മാർച്ച് 25 ന് പള്ളികളിലേക്കയച്ച കത്തിലെ ആദ്യവാക്യമാണിത്.

അതുകൊണ്ട് വ്യക്തമായ വീക്ഷണത്തോടെ ചാവറയച്ചൻ ചാവരുളിൽ കുറിച്ചു വച്ചിട്ടുണ്ട് : "തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളികൂടത്തിൽ അയക്കണം. അതും പോരാ, അവർ പഠിക്കുന്നുവെന്നും അവർ എങ്ങനെയുള്ള കൂട്ടും കൂടിയാണ് നടക്കുന്നതെന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം."

രണ്ടാമതായി, സമൂഹത്തിന്റെ നിർമ്മിതിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. കാരണം, മനുഷ്യവ്യക്തി ഒറ്റപ്പെട്ട ദ്വീപല്ല. പ്രകൃതിയോടും സഹജീവികളോടുമുള്ള ബന്ധത്തിലാണ് മനുഷ്യവ്യക്തിത്വം വികസ്വരമാകുന്നത്. നീതിയിലും സത്യത്തിലും സ്നേഹത്തിലധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ നിർമ്മിതിക്ക് വിദ്യാഭ്യാസം വഴിതെളിക്കണം. സത്യവും നീതിയും സ്നേഹവും മുറുകെപ്പിടിച്ച് പരസ്പരം സഹായിക്കുന്ന അയൽകൂട്ടങ്ങൾ നിർമ്മിക്കുവാൻ മക്കളെ പഠിപ്പിക്കണമെന്ന് ചാവറയച്ചൻ പറയുമ്പോൾ ഇത് വ്യക്തമാണ്.

ഒരു പടികൂടി കടന്ന്, നിലവിലിരിക്കുന്ന സാമൂഹ്യ സംവിധാന

ങ്ങളെ പുനർനിർമ്മാണം ചെയ്യുവാൻ വിദ്യാഭ്യാസം വ്യക്തികളെ കഴിവുറ്റവരാക്കണം. ഉന്നതകുലജാതരേയും ദളിതരേയും ഒരേ ബഞ്ചിലിരുത്തി പഠിപ്പിക്കുകയും സംസ്കൃത സ്കൂളും പിന്നീട് ഇംഗ്ലീഷ് സ്കൂളും തുടങ്ങുകയും വാര്യർ ജാതിയിൽപ്പെട്ട വാധ്യാരെ താൻ സ്ഥാപിച്ച സ്കൂളിൽ നിയമിക്കുകയും ചെയ്തപ്പോൾ വ്യവസ്ഥിതിയുടെ മോചനത്തിനുകൂടി വഴിയൊരുക്കുകയായിരുന്നു ചാവറയച്ചൻ. മനുഷ്യമഹത്വവും വ്യക്തി സ്വാതന്ത്ര്യവും സഹോദരസമത്വവും ഉറപ്പുവരുത്തുന്ന ഒരു നവസമൂഹസൃഷ്ടിയെ ചാവറയച്ചൻ സ്വപ്നം കണ്ടിരുന്നു.

## 2. വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമായിരിക്കണം

ചാവറയച്ചനെ സംബന്ധിച്ചിടത്തോളം മതമൂല്യങ്ങളെ മാറ്റിനിറുത്തികൊണ്ടുള്ള വിദ്യാഭ്യാസം അർത്ഥശൂന്യമാണ്. ദൈവത്തെ പിതാവായി കാണുവാൻ കഴിയുമ്പോൾ മാത്രമെ സമത്വവും സാഹോദര്യവും ഉണ്ടാകു എന്ന് ചാവറയച്ചൻ അടിവരയിട്ടെടുത്തു പറയുന്നുണ്ട്. സ്വഭാവശുദ്ധിയുള്ള, മനസ്സും ഹൃദയവും നിറഞ്ഞ മനുഷ്യരെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസം ലക്ഷ്യം വക്കേണ്ടത്. ഒരു കവിതാശകലം ഓർത്തുപോകുന്നു.

മുത്തുകൊണ്ടെന്റെ മുറ്റം നിറഞ്ഞു
പവിഴം കൊണ്ടെന്റെ പടി നിറഞ്ഞു
നിറപറ നിറഞ്ഞിട്ടും നിറയാത്തതൊന്നു മാത്രം
എന്റെ മനസ്സു മാത്രം.

ജീവിതമാർഗ്ഗം കണ്ടെത്തുവാൻ വരുംതലമുറയെ പഠിപ്പിക്കുന്നത് നല്ലത്. പക്ഷേ എങ്ങനെ ജീവിത മാർഗ്ഗം കണ്ടെത്തണം (how to earn a living)എന്ന് പഠിപ്പിച്ചാൽ പോരാ, എങ്ങനെ ജീവിക്കണം (how to live) എന്നുകൂടി കുട്ടികളെ പഠിപ്പിക്കണം. അതിന് മതമൂല്യങ്ങൾക്ക് പാഠ്യപദ്ധതിയിൽ പ്രാധാന്യമുണ്ടായിരിക്കണം.

ചാവറയച്ചന്റെ കാലടിപ്പാടുകളെ പിന്തുടർന്നുകൊണ്ട് വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്വം നിറവേറ്റുവാൻ കഴിയും വിധം വിദ്യാർത്ഥികളെ രൂപപ്പെടുത്തുകയും മാനുഷികമൂല്യങ്ങൾ ഊട്ടിവളർത്തി ദൈവികതയിലേക്ക് തുറവിയുള്ള ഒരു തലമുറയെ സൃഷ്ടിക്കുകയാണ് സി.എം.ഐ.വിദ്യാഭ്യാസശുശ്രൂഷ ലക്ഷ്യം വയ്ക്കുക. സി.എം.ഐ. വിദ്യാഭ്യാസ നയത്തിൽ അടിവരയിട്ടെത്തു പറയുന്നുണ്ട്. "കായികമായി അരോഗ ദൃഢഗാത്രരും ബൗദ്ധികമായി

ഉന്നതശീർഷരും മാനസികമായി പക്വമതികളും ധാർമ്മികമായി സുതാര്യവ്യക്തിത്വത്തിന്റെ ഉടമകളും സാമൂഹ്യമായി പ്രതിബദ്ധരുമായ വ്യക്തികൾക്ക് പരിശീലനം നൽകി, സത്യത്തിലും നീതിയിലും സ്നേഹത്തിലും വേരൂന്നിയ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും വിരചിക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്."

## 3. വിദ്യാഭ്യാസം സാമൂഹ്യനവോത്ഥാനത്തിന്

പ്രാന്തവത്ക്കരിക്കപ്പെട്ടവരുടെ, പുറമ്പോക്കിലുള്ളവരുടെ, താഴെക്കിടയിലുള്ളവരുടെ ശാക്തീകരണം ചാവറപിതാവിന്റെ ജീവിതദർശനമായിരുന്നു, വലിയൊരു സ്വപ്നമായിരുന്നു. ദളിതരുടെ സമുദ്ധാരണം ചാവറയച്ചന്റെ ജീവിത വ്യതമായിരുന്നു. അജ്ഞതയിലും ദാരിദ്ര്യത്തിലും ജീവിക്കുവാൻ വിധിക്കപ്പെട്ടവരും സമൂഹത്തിൽ താഴ്ന്ന വർഗ്ഗക്കാരെന്നു കരുതപ്പെട്ടവരുമായ പുലയ-പറയ വിഭാഗത്തിൽ പെട്ടവരോട് ചാവറ പിതാവിന് പ്രത്യേക മമതയുണ്ടായിരുന്നു. ദളിതരെ ക്രിസ്തുമതത്തിൽ ചേർക്കാൻ ചാവറയച്ചൻ മുൻകൈ എടുത്തതു ക്രിസ്തുമതത്തിൽ ആളെടുപ്പു നടത്തി അംഗസംഖ്യ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയായിരുന്നില്ല. ഈ പാവങ്ങളും ദൈവത്തിന്റെ മക്കളാണെന്നും യേശുവിന്റെ രക്ഷ അവർക്കും അവകാശപ്പെട്ടതാണെന്നുമുള്ള ബോധ്യമാണ് അദ്ദേഹത്തെ അതിന് പ്രേരിപ്പിച്ചത്.

ചാവറയച്ചന്റെയും അനുയായികളുടെയും സേവനം സ്വീകരിച്ച ദളിതരിൽ ബഹുഭൂരിപക്ഷവും ചേരമർ (പുലയർ) സാംബർ (പറയർ) എന്നീ വിഭാഗങ്ങളിൽപ്പെട്ടവരാണ്. വിശ്വാസവെളിച്ചം മാത്രം പോരാ, അക്ഷരവെളിച്ചം കൂടി ലഭിച്ചാലെ അവർ ബൗദ്ധിക തലത്തിൽ വിമോചിതരും സാമൂഹ്യതലത്തിൽ സ്വതന്ത്രരുമാകൂ എന്ന് ചാവറയച്ചനറിയാമായിരുന്നു. അർപ്പൂക്കര തുരുത്തുമാലിക്കുന്നിൽ ദളിതർക്ക് വേണ്ടി 1864-ൽ ഒരു സ്കൂൾ ചാവറയച്ചൻ തുടങ്ങിയതാ യി പാറപ്പുറത്ത് വർക്കിയച്ചന്റെ നാളാമത്തിൽ പറഞ്ഞിട്ടുണ്ട്. പിന്നീട് മാന്നാനത്ത് ആശ്രമത്തോടനുബന്ധിച്ച് മലയാളം പ്രൈമറി സ്കൂൾ നിലവിൽ വന്നപ്പോൾ അത് നിറുത്തലാക്കിയതായി കരുതാം. ദളിതർക്കുവേണ്ടി ക്രൈസ്തവ മതപാഠശാലകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ അവരെ അക്ഷരം പഠിപ്പിക്കാൻ കൂടി ഏർപ്പാടുകളുണ്ടായിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

അവശതയനുഭവിക്കുന്നവരെയും ദരിദ്രരെയും അനാഥരെയും ദൈവത്തിന്റെ മക്കളായി വീക്ഷിച്ച ചാവറയച്ചൻ, അവരെ സഹായിക്കുക ക്രൈസ്തവ ദൗത്യമാണെന്ന് പ്രബോധിപ്പിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു. "നന്മ ചെയ്യാത്ത ദിവസം നിന്റെ ആയുസിന്റെ പുസ്തകത്തിൽ ചേർക്കില്ല.," "ദരിദ്രരെ വെറും കൈയോടെ പറഞ്ഞയക്കരുത്" "വേലക്കാർക്ക് ന്യായമായ കൂലി കൃത്യസമയത്തുതന്നെ നൽകണം." എന്നീ ചാവറ സൂക്തങ്ങൾ ഇവിടെ സ്മരണീയമാണ്. ചാവറയച്ചൻ സമാരംഭിച്ച 'പിടിയരി പ്രസ്ഥാനവും'കൈനകരിയിലെ ഉപവിശാലയും പ്രഥമ അനാഥ ശാലയും നന്മരണ സംഖ്യവും (പ്രഥമ അൽമായ സംഘടന) ഇവിടെ നാം വിസ്മരിച്ചുകൂടാ.

സ്ത്രീശാക്തീകരണ നീക്കങ്ങളുടെ യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. പക്ഷേ സ്ത്രീശാക്തീകരണത്തിന്റെ പ്രവാചകനും മാർഗ്ഗദീപവുമായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. സ്ത്രീകളെ കുറിച്ച് മഹത്വപൂർണ്ണമായ ഒരു കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു. 'കുടുംബത്തിന്റെ വിളക്ക്,' 'കുഞ്ഞുങ്ങൾക്ക്' രൂപം നൽകുന്നവൾ' എന്ന ഉദാത്തമായ വീക്ഷണം സ്വന്തം അനുഭവത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. ആത്മാനുതാപത്തിൽ അമ്മയെക്കുറിച്ച് പറയുമ്പോൾ ആയിരം നാവാണ് ചാവറപിതാവിന്.

കേരളത്തിലെ പ്രഥമ സന്യാസിനി സമൂഹമായി സി.എം.സി. സഭക്ക് രൂപം കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ ഭാവനയിലുണ്ടായിരുന്നത് സ്വന്തം കാലിൽ നിൽക്കാൻ കഴിവുള്ള സ്ത്രീ സമൂഹമായിരുന്നു. കന്യാസ്ത്രീകൾ മാത്രമല്ല, അവരിലൂടെ കേരള സ്ത്രീ സമൂഹവും കുടുംബങ്ങളും വളരണം, വികസിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. കൂനമ്മാവ് മഠത്തോട് ചേർന്ന് പെൺകുട്ടികൾക്കായി ബോർഡിങ്ങ് സ്കൂൾ (educatum) തുടങ്ങി അവരെ മലയാളം, തമിഴ്, ഇംഗ്ലീഷ്, ലാറ്റിൻ തുടങ്ങിയ ഭാഷകളും തയ്യൽ, പാചകം, സംഗീതം, റേന്തപ്പണി, കൊന്തകെട്ട്, പുഷ്പാലങ്കാരം, കണക്ക് എന്നിവയും പഠിക്കുന്നതായി നാം ചരിത്രത്തിൽ കാണുന്നു. ഈ സ്ത്രീ ശാക്തീകരണ വിപ്ലവം ഇന്നും തുടരേണ്ടതാണെന്ന സത്യം ബാക്കി നിൽക്കുകയാണ്. അതിൽ സി.എം.സി. സന്യാസിനി സമൂഹത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്.

## 4.വിദ്യാഭ്യാസം : കുടുംബപരിശീലനത്തിന്റെ പൂർത്തീകരണം

ചാവറയച്ചന്റെ വീക്ഷണത്തിൽ കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാന ഘടകം. അതുകൊണ്ട് തന്നെ കുടുംബമാണ് പ്രഥമ വിദ്യാലയം. മാതാപിതാക്കളാണ് പ്രഥമ അധ്യാപകർ. വിശ്വാസപരിശീലനത്തിലും സമുദായാചാരങ്ങളുടെ ബോധനത്തിലും വിജ്ഞാനവളർച്ചയിലും കുടുംബത്തിൽ നൽകപ്പെടുന്ന മാതൃകയും ഉപദേശവുമാണ് സർവ്വപ്രധാനം. കുടുംബജീവിതത്തിന്റെ നാനാവശങ്ങളെ, പ്രത്യേകിച്ച് മക്കളുടെ വളർത്തലിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ, സൂക്ഷ്മതലങ്ങളിൽ പരാമർശിക്കുന്ന "ഒരു നല്ല അപ്പന്റെ ചാവരുൾ" എന്ന ഗ്രന്ഥത്തിൽ ചാവറയച്ചൻ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്." "ദൈവം സൂക്ഷിക്കുന്നതിനായി മാതാപിതാക്കളെ ഏല്പിച്ചിരിക്കുന്ന വലിയ നിക്ഷേപമാണ് മക്കൾ." "ചെറുപ്പം മുതൽ മക്കളെ നല്ല ക്രൈസ്തവരായി വളർത്തുവാൻ പ്രാർത്ഥനകളും ആചാരമര്യദകളും പഠിപ്പിക്കണം." "അമിത വാൽസല്യവും അതികാർക്കശ്യവും പരിശീലനത്തിൽ ഒഴിവാക്കണം""വിദ്യാലയവുമായി ബന്ധം പുലർത്തി പഠനം ഉറപ്പു വരുത്തണം." "ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യം നൽകണം"എന്നീ നിർദ്ദേശങ്ങൾ ഇത്തരുണത്തിൽ നമ്മുടെ സവിശേഷമായ പരിചിന്തനം അർഹിക്കുന്നു.

മാതാപിതാക്കളും അദ്ധ്യാപകരും കുടുംബവും വിദ്യാലയവും തമ്മിലുള്ള സമ്പർക്കവും സഹകരണവും വിദ്യാദാനശുശ്രൂഷയിൽ സർവ്വപ്രധാനമാണെന്ന സത്യം ഇന്നും പ്രസക്തമാണ്. അധ്യാപകരക്ഷാകർത്തൃസംഘടന, മാതൃസംഗമം, ഭവനസന്ദർശനം എന്നീ മാർഗ്ഗങ്ങളിലൂടെ വിദ്യാഭ്യാസ പ്രക്രിയയുടെ മികവും വളരുന്ന തലമുറയുടെ വ്യക്തിത്വവികസനവും ഉറപ്പു വരുത്തണം. പ്രശ്നക്കാരായ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കുവാൻ അധ്യാപകർ നിഷ്ഠ വയ്ക്കണം.

## 5. വിദ്യാഭ്യാസം: വ്യക്തിത്വം പ്രദാനം ചെയ്യുന്ന പ്രക്രിയ

വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ വീക്ഷണത്തിൽ, മക്കളുടെ പരിശീലനത്തിൽ മാതാപിതാക്കന്മാരുടെയും അധ്യാപകരുടെയും മാതൃക വളരെ പ്രധാനമാണ്. മക്കളുടെ ശിക്ഷണത്തിൽ ശകാരിക്കുകയോ ശപിക്കുകയോ ചെയ്യുന്നതിലുപരി ജീവിതമാതൃകകളായിരിക്കണം മാതാപിതാക്കൾ എന്ന് ചാവരുളിൽ ചാവറയച്ചൻ എടുത്തു

പറയുന്നുണ്ട്. കുടുംബത്തിലെ പരസ്പര സ്നേഹത്തിലും ബഹുമാനത്തിലും കാരണവന്മാരുടെ മാതൃകയാണ് മക്കൾക്ക് പ്രചോദനാത്മകമെന്നും അദ്ദേഹം പറയുന്നു. 'നാടോടുമ്പോൾ നടുവേ' എന്ന വാദഗതിയിൽ അല്പമൊക്കെ നുണയും ചതിയും തട്ടിപ്പും വെട്ടിപ്പും ആകാമെന്ന ധാരണ മക്കൾക്ക് നൽകരുതെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ജീവിതത്തിനൊരുക്കമാണ് വിദ്യാഭ്യാസം. അതുകൊണ്ട് മാതാപിതാക്കളും അധ്യാപകരും ജീവിച്ചുകാണിച്ചു കൊടുക്കണം. തള്ളഞണ്ടിനെപോലെ മക്കളോട് മുന്നോട്ട് നടക്കാൻ ഉപദേശിച്ച് പിറകോട്ട് പോയാൽ ശരിയാകില്ല. അധ്യാപകർ വിദ്യാർത്ഥികൾക്ക് മാതൃകയായിരിക്കണം. കാരണം വ്യക്തിത്വം പ്രദാനം ചെയ്യുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. കോത്താരി കമ്മീഷന്റെ വീക്ഷണത്തിൽ "അധ്യാപകന്റെ പരിപക്വമായ വ്യക്തിത്വം വിദ്യാർത്ഥിയുടെ അപക്വമായ വ്യക്തിത്വത്തിൻമേൽ ചെലുത്തുന്ന സ്വാധീനശക്തിയാണ് വിദ്യാഭ്യാസം."

അതിന് ആദ്യമായും അവസാനമായും അധ്യാപകന് വ്യക്തിത്വം ഉണ്ടായിരിക്കണം. ക്ലാസിൽ കുട്ടികളോട് മിണ്ടാതിരിക്കാൻ പറയുന്ന അധ്യാപകർ ജീവിതത്തിൽ വല്ലപ്പോഴുമൊക്കെ മൗനം പാലിക്കുന്നവനായിരിക്കണം. നേരുപറയുമ്പോൾ കുട്ടികളെ ഉപദേശിക്കുന്ന അ ധ്യാപകൻ സത്യത്തിന്റെ പ്രവാചകനായിരിക്കണം. അധ്വാനിച്ച് പഠിക്കുവാൻ കുട്ടികളെ ഉദ്ബോധിപ്പിക്കുന്ന അധ്യാപകൻ എന്നും അറിവിന്റെ പാത പിന്തുടരുന്നവനായിരിക്കണം. ജൂബിലിയാഘോഷിച്ച നോട്ടുമായി വിദ്യാർത്ഥികളെ അഭിമുഖീകരിക്കാത്തവനായിരിക്കണം. ഭാഷയും കണക്കും ശാസ്ത്രവും ചരിത്രവും പഠിപ്പിക്കുന്നതോടൊപ്പം അറിഞ്ഞോ അറിയാതെയോ വിദ്യാർത്ഥികളുടെ വ്യക്തിത്വത്തിന് രൂപഭാവങ്ങൾ നൽകുന്ന ശില്പികളാണ് അധ്യാപകർ.

വ്യക്തിത്വമെന്നുപറഞ്ഞാൽ വ്യക്തിയുടെ അനന്യത എന്നാണർത്ഥം. ചിന്തയും വാക്കും പ്രവർത്തിയും തമ്മിലുള്ള ഐക്യമുള്ളവരാണ് വ്യക്തിത്വമുള്ളവർ. ഹിതോപദേശത്തിൽ പറയുന്നതുപോലെ, "മനസ്സന്യദ് വചസ്സന്യദ്, കാര്യമന്യദ് ദുരാത്മനാം, മനസ്യേകം വചസ്യേകം കാര്യമേകം മഹാത്മനാം" എന്റെ ജീവിതമാണെന്റെ സന്ദേശമെന്ന് മാതാപിതാക്കൾക്കും അധ്യാപകർക്കും ഗാന്ധിജിയെപ്പോലെ പറയാനാകണം.

ചെമ്മനം ചാക്കോയുടെ 'വേരോട്ടം' എന്ന കൊച്ചു കവിത ഞാനനുസ്മരിച്ചുപോകുന്നു. അപ്പനും അമ്മയും രണ്ടു മക്കളുമട ങ്ങുന്ന ഒരു കുടുംബം. 10വയസ്സുകാരൻ ആൺകുട്ടി. 7 വയസ്സുകാരി പെൺകുട്ടി. രണ്ടുപേരും പരസ്പരം എപ്പോഴും വഴക്കാണ്. വക്കാണ മാണ്. സദാ ബഹളം തന്നെ. ഒരു ദിവസം അമ്മ വിചാരിച്ചു.

"കീരിയും പാമ്പുമാണെപ്പോഴും പോയ്
രണ്ടു കീറു വച്ചു കൊടുക്കാതെ പറ്റില്ല."

അമ്മ വടിയെടുത്ത് പെൺകുട്ടിയ്ക്ക് രണ്ടുകൊടുത്തു. അവൾ കീറി വിളിച്ചു കരഞ്ഞു. പക്ഷേ മകനെ അടിക്കാൻ വടിയോങ്ങിപ്പോൾ അവൻ തറച്ചുനോക്കി ചോദിച്ചു.

"മമ്മിക്കും ഡാഡിക്കും മാത്രമേ ഈ വീട്ടിൽ
തമ്മിൽ കടിപിടി കൂടുവാൻ പാടുള്ളൂ?"

ചോദ്യം മമ്മിയുടെ മർമ്മത്തുതന്നെ ചെന്നുകൊണ്ടു. തല്ലാനാ വാതെ അമ്മ തരിച്ചു നിന്നുപോയി. ചെമ്മനം ചാക്കോ കവിത ഇങ്ങനെ അവസാനിപ്പിക്കുന്നു.

"തല്ലിയില്ലമ്മ കൈ താണുപോയി ചിന്തയിൽ
കല്ലുകടിച്ചപോൽ നിന്നുപോയി"

ഇങ്ങനെ ചിന്തയിൽ കല്ലുകടിക്കാത്ത മാതാപിതാക്കൾക്കും അ ധ്യാപകർക്കും മാത്രമേ വളരുന്ന തലമുറക്ക് നേരായ നേതൃത്വം നൽകാനാവൂ.

## 6. വിദ്യാഭ്യാസം വിദ്യാർത്ഥ്യോന്മുഖമായിരിക്കണം

ഒന്നര നൂറ്റാണ്ടു മുമ്പ് തന്നെ കുട്ടികൾ ദൈവികനിക്ഷേപങ്ങ ളാണെന്നും വീട്ടിലും വിദ്യാലയത്തിലും അവർ ദൈവമക്കൾക്കാ ടുത്ത സ്വാതന്ത്ര്യത്തോടു കൂടി വളരണമെന്നുള്ള വീക്ഷണം ചാവറ പിതാവിനുണ്ടായിരുന്നു. വളരുന്ന തലമുറക്ക് പ്രായമായാൽ പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം, പ്രത്യേകിച്ച് ജീവിതാന്തസ്സ് തെരഞ്ഞെ ടുക്കുന്ന കാര്യത്തിൽ എന്ന് ചാവരുളിൽ ചാവറയച്ചൻ അടിവരയി ട്ടെടുത്ത് പറയുന്നുണ്ട്. യുവതലമുറയെ അറിഞ്ഞ് അവർക്ക് നേരാ യ നേതൃത്വം നൽകണം.

പെട്ടെന്ന് ഓർത്തുപോയത് ഒരു ചെറുപ്പക്കാരന്റെ കഥയാണ്. യുവാവായ ഒരു തടവുപുള്ളി കാവൽക്കാരുടെ കണ്ണുവെട്ടിച്ച് തട വുചാടി ഗ്രാമത്തിലെത്തി.നല്ലവരായ ഗ്രമവാസികൾ ആ ചെറുപ്പക്കാ

രന് സ്നേഹപൂർവ്വം അഭയം നൽകി. കാവൽക്കാർ പിന്നാലെ വന്ന ചെറുപ്പക്കാരനെ വിട്ടുകൊടുത്തില്ലെങ്കിൽ ഗ്രാമം ചുട്ടെരിക്കുമെ അവർ ഭീഷണി മുഴക്കി. പ്രശ്ന പരിഹാരം കാണാൻ ഗ്രാമവാസ കൾ ഒന്നടങ്കം ഗ്രാമത്തലവനെ സമീപിച്ചു. അഭയമരുളിയ യുവാവിനെ ശത്രുക്കൾക്ക് ഏല്പിച്ചു കൊടുക്കണമോ? അതോ, ഗ്രാമം കാത്ത ച്ചാമ്പലാക്കാൻ അനുവദിക്കണമോ? പരിഹാരം എളുപ്പമായിരുന ല്ല. അവസാനം ഗ്രാമത്തലവൻ പരിഹാരം തേടി ബൈബിൾ തുറന്ന വായിച്ചു. അയാളുടെ കണ്ണുകൾ തറച്ചു നിന്നത് യോഹന്നാന്റെ സു( ശേഷം 18-ാം അധ്യായം 14-ാം വാക്യത്തിലാണ്. "ജനം മുഴുവ നശിക്കാതിരിക്കാൻ ഒരാൾ മരിക്കുന്നത് യുക്തമാണ്."

ഗ്രാമത്തലവൻ ബൈബിൾ അടച്ചു വച്ച ശേഷം ആ യു( വിനെ കാവൽക്കാർക്ക് ഏല്പിച്ചു കൊടുത്തു. ജനം മുഴുവൻ രക്ഷ പ്പെട്ടതിലുള്ള സന്തോഷ സൂചകമായി അന്നു രാത്രി ഗ്രാമത്തിലൊ വിരുന്നു സൽക്കാരം നടന്നു. പക്ഷേ ഗ്രാമത്തലവൻ മാത്രം സൽക്ക രത്തിൽ പങ്കെടുത്തില്ല. അയാൾ ഏകനായി മുറിയിൽ കതകുക അടച്ച് വിഷാദനിമഗ്നനായി ഇരിക്കുകയായിരുന്നു. കദനഭാരത്ത് മർന്ന് മയങ്ങിപോയപ്പോൾ സ്വപ്നത്തിൽ ഒരു ദൈവദൂതൻ പ്ര( ക്ഷനായി അയാളുടെ നേരെ വിരൽചൂണ്ടി കുറ്റപ്പെടുത്തി ചോദി( "നിങ്ങൾ എന്തിനാണ് യേശുവിനെ കാവൽക്കാർക്ക് ഏല്പിച്ചുക ടുത്തത്?" ഗ്രാമത്തലവന് വിശ്വാസിക്കാനായില്ല. "യേശുവിനെയോ( വിസ്മയമൂറുന്ന മിഴികളോടെ ദൈവദൂതനെ വീക്ഷിച്ചുകൊ( അയാൾ ചോദിച്ചു. മാലാഖയുടെ മറുപടി ശക്തമായിരുന്നു: "അ( യേശുവിനെ തന്നെ. ബൈബിളെടുത്ത് വായിക്കുന്നതോടൊപ്പം ( യുവാവിനെ സമീപിച്ച് അവന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കിയ ന്നെങ്കിൽ നിങ്ങൾ ഈ ക്രൂര കൃത്യം ചെയ്യുകയില്ലായിരുന്നു." ഈ കഥ നമ്മുടെ മുന്നിലവതരിപ്പിക്കുന്ന ലളിതമായൊരു സന്ദേ മുണ്ട്. കുട്ടികളുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കി സനാതന സ ങ്ങളുടെ വെളിച്ചത്തിൽ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാ( കയാണ് വിദ്യാദാനശുശ്രൂഷകരുടെ ദൗത്യം. വിദ്യാദാനം ശുശ്രൂ( യാകണമെങ്കിൽ ശ്രോത്രം+ ഇച്ഛ (eagerness to listen) വേണ കേൾക്കാനുള്ള അദമ്യമായ ആഗ്രഹമാണ് ശുശ്രൂഷ. വളരുന്ന ത ലമുറയുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കുവാനും അവരെ ശ്രവിക്കാന ുള്ള വെല്ലുവിളി നാം സ്വീകരിക്കണം. നമ്മുടെ ലോകവും ചിന്ത(

രണികളും വർത്തന രീതികളും അവർക്ക് അന്യമാണ്. അവരെ ശ്രദ്ധി ക്കുകയും ശ്രവിക്കുകയും ചെയ്താൽ മാത്രമേ അവരുടെ ലോകം നമ്മുടെ മുമ്പിൽ വിടർന്ന് വീഴുകയുള്ളു. അങ്ങനെ ആധുനിക തല മുറയുടെ സ്വഭാവവിശേഷണങ്ങളറിഞ്ഞ് അവർക്ക് നേരായ നേതൃത്വം നൽകുവാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും കഴിയണം.

മുറിവേറ്റ സൗഖ്യദായകൻ (wounded healer) എന്ന ശ്രദ്ധേയമായ ഗ്രന്ഥത്തിൽ ഹെൻട്രി നൊവാൻ (Henry Nowoen) എന്ന എഴു ത്തുകാരൻ ഇന്നത്തെ തലമുറയുടെ മുഖമുദ്രകൾ അക്കമിട്ടെടുത്ത് കണിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, ആധുനിക തല മുറ ആത്മനിഷ്ഠമായ (inward), പിതൃത്വമില്ലാത്ത (fatherless) പ്രക്ഷുപ്തമായ (convulsive)തലമുറയാണ്. വിശദീകരിക്കാം.

ആത്മപ്രകാശന വ്യഗ്രത ഇന്നത്തെ തലമുറയുടെ ഏറ്റവും പ്രധാനപ്പെട്ട മുഖമദ്രയാണ്. ഞാൻ ഒരു വ്യക്തിയാണ്. എന്റെ വ്യക്തിത്വം എല്ലാവരും അറിയുകയും അംഗീകരിക്കുകയും ചെയ്യ ണം. എന്റെ ഭാവി സ്വയം നിർണ്ണയിക്കുവാനും നിർമ്മിക്കുവാനും എനിക്ക് അവകാശമുണ്ട്. ഷൈൻ ചെയ്യാനും ചെത്തി നടക്കാനും അവർ വ്യഗ്രത കാണിക്കുന്നതിന്റെ കാരണം മറ്റൊന്നല്ല. മാതാപിതാ ക്കന്മാരിൽ നിന്നും അധ്യാപകരിൽ നിന്നും അകലാനും സാമൂഹ്യ ബന്ധങ്ങളിലൂടെ വ്യക്തിത്വം സംസ്ഥാപിക്കാനും അവർ പരിശ്രമി ക്കുന്നു. തൽഫലമായി അവർ പിയർ ഗ്രൂപ്പിന്റെ അടിമകളാകുന്നു. സമപ്രായക്കാരുടെ അംഗീകാരത്തിനും പ്രശംസക്കും അവർ അമിത പ്രാധാന്യം നൽകുന്നു.

ഈ പ്രവണതകൾ മനസ്സിലാക്കാതെ മാതാപിതാക്കളും അധ്യാ പകരും അധികാരഭാവവും അമിതശിക്ഷണവും പുലർത്തുവാനാണ് പലപ്പോഴും ശ്രമിക്കുക. ഇന്നത്തെ ചെറുപ്പക്കാർ ആഗ്രഹിക്കാത്തതും വക വെച്ചുതരാത്തതും ഈ വർത്തന രീതിയാണ്. പിതാക്കന്മാരെ യാണ്, രക്ഷാകർത്താക്കളെയല്ല (fathers, not parents) അവർ പ്രതീ ക്ഷിക്കുക. പിതൃഹൃദയത്തിന്റെ സ്നേഹവും പരിഗണനയും ലഭി ക്കാതെ വരുമ്പോൾ അവർ അനന്യരാകുന്നു. പിതൃത്വമില്ലാത്തവരാ കുന്നു.

ഇന്നത്തെ തലമുറ പ്രായം ചെന്ന തലമുറയോട് മറുതലിക്കു കയും ഒരിക്കലും പക്വത ആഗ്രഹിക്കാതിരിക്കുകയും പിതൃത്വവും ഉത്തരവാദിത്വവും ഏറ്റെടുക്കാൻ വിമുഖത പ്രദർശിപ്പിക്കുകയും

ചെയ്യുന്നു. ആത്മഹത്യാപരമായ പ്രവണതയിലേക്കാണ് ഇത് അവരെ നയിക്കുക. പ്രതീക്ഷാ നിർഭരമായ ഭാവിയിലധിഷ്ഠിതമായ യുഗാന്ത ദർശനത്തിന്റെ മരണമായിരിക്കും ഇതിന്റെ പരിണതഫലം. എല്ലാവരെയും താല്പര്യപൂർവ്വം കാത്തിരിക്കുന്ന ദൈവപിതാവിന്റെ ഭവനത്തിലേയ്ക്കുളള പ്രയാണം (യോഹ. 14:1–6) ഇവിടെ അപ്രസക്തമാകുന്നു. സ്നേഹധനനായ സ്വർഗ്ഗപിതാവിന്റെ പക്കലേക്കുളള പ്രത്യാഗമനം (ലൂക്ക 15:21) ഇവിടെ അസാധ്യമാകുന്നു.

മേല്പറഞ്ഞ ആത്മപരതയും അനന്യതയും ശൂന്യതാബോധവും സമൂഹത്തോടുളള ഉല്ക്കടമായ അസംതൃപ്തിയിലേക്ക് യുവതലമുറയെ കൊണ്ടുചെന്നെത്തിക്കുന്നു. നിലവിലിരിക്കുന്ന സാമൂഹ്യസാമ്പത്തിക സംവിധാനങ്ങളിൽ അടിസ്ഥാനപരമായ പന്തികേടുണ്ടെന്ന് അവർ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ അത്തരം ഘടനയോടും ക്രമീകരണത്തോടും സഹകരിച്ചു പ്രവർത്തിക്കുവാൻ അവർ വിമുഖരാണ്. അത് വഞ്ചനാപരമണെന്ന് അവർ കരുതുന്നു. വ്യവസ്ഥിതി മാറ്റാതെ മനസ്ഥിതി മാറ്റാനാവില്ലെന്ന് അവർ പ്രഖ്യാപിക്കുന്നു. അധികാര സ്ഥാനത്തോടും സ്ഥാപന സംവിധാനങ്ങളോടും വ്യവസ്ഥിതിയോടും അവർ മറുതലിക്കുന്നു.തൽഫലമായി, അവരിൽ നശീകരണ പ്രവണതയും അക്രമവാസനയും വളർന്നുവരുന്നു. അവർ ലക്ഷ്യബോധമില്ലാത്തവരാകുന്നു. പ്രക്ഷുപ്തരാകുന്നു.

ആത്മനിഷ്ഠമായ, അനന്യമായ, പ്രക്ഷുപ്തമായ ഇന്നത്തെ തലമുറയ്ക്ക് നേരായ നേതൃത്വം നൽകാനാഗ്രഹിക്കുന്ന മാതാപിതാക്കളും അധ്യാപകരും മൂന്ന് പ്രധാനപ്പെട്ട റോളുകൾ ഏറ്റെടുക്കണമെന്ന് ഹെൻട്രി നൊവാൻ നിർദ്ദേശിക്കുന്നു. ഒന്നാമതായി, അവർ സ്വന്ത ആത്മീയ ഭാവങ്ങളെ വ്യക്തിത്വത്തിൽ സമന്വയിപ്പിച്ച് യുവതലമുറയ്ക്ക് വഴികാട്ടികൾ (articulator of inner events) ആകണം. രണ്ടാമതായി, അവർ യുവാക്കളോടുളള വർത്തനത്തിൽ കാരുണ്യത്തിന്റെ പ്രതീകങ്ങൾ (men of compassion) ആകണം. മൂന്നാമതായി, അവർ യുവാക്കൾക്ക് മാതൃകകൾ (contemplative critics)ആകണം. മറ്റുവാക്കുകളിൽ പറഞ്ഞാൽ, കുട്ടികളെ അംഗീകരിക്കണം, അവരെ സ്നേഹിക്കണം, അവർക്ക് മാതൃകയാകണം.

ആത്മനിഷ്ഠമായ തലമുറയെ ശൂന്യതാബോധം, ലക്ഷ്യബോധമില്ലായ്മ, സ്വന്തം കാര്യം സിന്ദാബാദ് നയം എന്ന നിഷേധാത്മകമായ പ്രവണതകളിൽ നിന്ന് വിമോചിപ്പിക്കുവാൻ കഴിയണമെങ്കിൽ പ്രസംഗിച്ചതുകൊണ്ടോ, ഉപദേശിച്ചതുകൊണ്ടോ കാര്യമില്ല. സ്വന്തം

ആന്തരികഭാവങ്ങളെ വ്യക്തിത്വത്തിൽ സമന്വയിപ്പിച്ച് അവതരിപ്പിക്കുവാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും കഴിയണം. അനുദിന ജീവിതത്തിൽ അനുഭവിച്ചറിയുകയും പ്രായോഗികമാക്കുകയും ചെയ്ത തത്ത്വങ്ങൾ വിളമ്പിയാൻ യുവതലമുറ ആവേശത്തോടെ സ്വീകരിക്കും. മതിവരെ ആസ്വദിക്കും.

മുതിർന്ന തലമുറ ചെറുപ്പക്കാരുടെ മേൽ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുന്ന പ്രവണത ശരിയല്ല. കുട്ടികളുടെ ഭാവിയെപ്പറ്റി, പഠനത്തെപ്പറ്റി, കൂട്ടുകാരെപ്പറ്റി, പ്രവർത്തന മണ്ഡലങ്ങളെപ്പറ്റി, ജീവിതാന്തസിനെപ്പറ്റി അവരുമായി ചർച്ച ചെയ്യാൻ മാതാപിതാക്കളും അധ്യാപകരും തയ്യാറാകണം. അവരുടെ ആഗ്രഹങ്ങളും അഭിരുചികളും പ്രതീക്ഷകളും അന്വേഷിച്ചറിഞ്ഞ് അവരുടെ ഭാവി സ്വയം തീരുമാനിക്കാൻ വേണ്ടപ്പെട്ടവർ സാഹചര്യമൊരുക്കണം.

വിദ്യാർത്ഥികളുടെ സാഹചര്യങ്ങളും പരിമിതികളും അഭിരുചികളും കഴിവുകളും അറിഞ്ഞ് അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുവാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും കഴിയണം. വ്യക്തിബന്ധങ്ങൾക്ക് വിദ്യാദാനശുശ്രൂഷയിൽ വളരെ വലിയ പ്രാധാന്യമുണ്ട്. ക്ലാസ്സുമുറിയിലെ നമ്പറിലൊതുങ്ങുന്ന അധ്യാപനത്തേക്കാളുപരി വിദ്യാർത്ഥികളുടെ ലോകത്തിലേക്ക് ഇറങ്ങി ചെല്ലണം. മാതാപിതാക്കളുമായി ബന്ധം പുലർത്തണം. കുടുംബസന്ദർശനം നടത്തണം. പാഠ്യേതര വിഷയങ്ങളിൽ പങ്കെടുത്തുകൊണ്ട് അവരെ അറിയണം. വിദ്യാർത്ഥികളെ പേരെടുത്ത് വിളിക്കുവാൻ കഴിയത്തക്കവിധം അവരുമായി സുഹൃദ്ബന്ധം പുലർത്തണം. തുടർപഠനം, സെമിനാറുകൾ, കോഴ്സുകൾ, ഗവേഷണം, എന്നീ മാർഗ്ഗങ്ങളിലൂടെ അറിവിന്റെ ചക്രവാളം വികസ്വരമാക്കണം. കുട്ടികളെ പ്രശ്നപരിഹാരത്തിലേയ്ക്ക് നയിക്കണം. ജീവിത പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുവാൻ അവരെ ശക്തരാക്കണം.




# 8

## ചാവറ കുടുംബദർശനം

പ്രൊഫ. മോനമ്മ കോക്കാട്

2004-ൽ എനിക്കുണ്ടായ ദൈവാനുഗ്രഹങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ചാവറയച്ചന്റെ കുടുംബദർശനത്തെപ്പറ്റി വളരെ ആഴത്തിൽ പഠിക്കാൻ സാധിച്ചതാണ്. കേരളത്തിലെ വനിതാകമ്മീഷൻ അംഗമാ യി പ്രവർത്തിച്ചതുവഴി നമ്മുടെ കുടുംബപ്രശ്നങ്ങളുടെ രൂക്ഷതയും വ്യാപ്തിയും എനിക്ക് കൃത്യമായറിയാം. കുടുംബങ്ങളിൽ എക്കാലവും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ദൈവത്തിന്റെ സ്വന്തം നാട് കുടുംബങ്ങളുടെ സ്വന്തം നാട് അല്ലാതായിത്തീരുന്നുവോ എന്ന സംശയിപ്പിക്കത്തക്കവണ്ണമാണ് ഇപ്പോഴത്തെ അവസ്ഥ. കുടുംബപ്രശ്നങ്ങൾ കാരണം കേരളത്തിൽ ആയിരകണക്കിന് സ്ത്രീകളും പുരുഷൻമാരും ആത്മഹത്യ ചെയ്യുന്നു. ആത്മഹത്യയിൽ കേരളത്തിനാണ് ഇന്ത്യയിൽ ഒന്നാംസ്ഥാനം. കൂട്ട ആത്മഹത്യയിലും നമുക്കുതന്നെ ഒന്നാം സ്ഥാനം. ഏഷ്യയിൽ ഏറ്റവും കൂടുതൽ വിവാഹമോചനകേസുകൾ രജിസ്റ്റർ ചെയ്യുന്നതുകൊണ്ട് കേരളത്തിന് ഏഷ്യയുടെ 'ഡൈവോഴ്സ് ക്യാപിറ്റൽ' എന്ന പേരും വീണു കിട്ടിയിട്ടുണ്ട്. പെൺവാണിഭവവും സ്ത്രീപീഢനവും കൊച്ചുകേരളത്തിന് വേണ്ടുവോളം കുപ്രസിദ്ധി ഉണ്ടാക്കിയിട്ടുണ്ട്. കുടുംബങ്ങളിലെ ധൂർത്തിന്റെ തോത്

കേട്ടാൽ ആരും ഞെട്ടിപ്പോകും. പണം ഉണ്ടാക്കുന്നുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധിയിലാണ് മിക്ക കുടുംബങ്ങളും.

മേൽപ്പറഞ്ഞവയും അതോടൊപ്പം മറ്റെല്ലാ കുടുംബപ്രശ്നങ്ങളും മുൻകൂട്ടി കണ്ട് അവയ്ക്ക് പരിഹാരങ്ങൾ നിർദ്ദേശിച്ച ഒരു പ്രവാചകനായിരുന്നു ചാവറയച്ചൻ. 1869 ൽ അദ്ദേഹം എഴുതിയ "ഒരു നല്ല അപ്പന്റെ ചാവരുൾ" എന്ന പുസ്തകം ഒരു പുണ്യ പുരുഷൻ വഴി ദൈവം കുടുംബങ്ങൾക്കു തന്ന ഒരു ദിവ്യ മാർഗ്ഗ ദർശനമാണെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. ഇത് കുടുംബങ്ങൾക്കുള്ള 'മാഗ്നാ കാർട്ട ആണെന്ന കാര്യത്തിൽ തെല്ലും സംശയിക്കേണ്ട.

അദ്ദേഹത്തിന്റെ ദിവ്യദൃഷ്ടിയാണ് എന്നെ ഏറ്റവും അത്ഭുതപ്പെടുത്തുന്നത്. കാലം എത്ര കടന്നാലും എക്കാലത്തേയും കുടുംബപ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുന്ന ഈ അത്ഭുത ഗ്രന്ഥം എല്ലാ കുടുംബങ്ങൾക്കും വഴികാട്ടിയാകുമ്പോൾ നമ്മുടെ മിക്കവാറും കുടുംബപ്രശ്നങ്ങൾ ഒഴിവായിക്കിട്ടുമെന്ന് എനിക്കുറപ്പുണ്ട്. ലോകവസാനം വരെ ഉണ്ടാകാൻ സാധ്യതയുള്ള മിക്കവാറും എല്ലാ കുടുംബപ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കാൻ ചാവറയച്ചന് കഴിഞ്ഞത് കുടുംബങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക ദൂതനായി ദൈവം അദ്ദേഹത്തെ തെരഞ്ഞെടുത്തതു കൊണ്ടാണ്.

ലോകം പോകുന്നത് കുടുംബങ്ങൾക്കു പിന്നാലെയാണെന്ന് കൃത്യമായി മനസ്സിലാക്കിയ ദിവ്യമനുഷ്യനായിരുന്നു ചാവറയച്ചൻ. സർവ്വലോകത്തിനും കിട്ടേണ്ട നന്മയുടെ സ്രോതസ് കുടുംബങ്ങളാണെന്ന തിരിച്ചറിവാണ് ഒരു പ്രത്യേക കുടുംബദർശനം ലോകത്തിലെ എല്ലാ കുടുബങ്ങൾക്കുമായി സമ്മാനിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. നമ്മുടെ കുടുംബങ്ങളുടെ മദ്ധ്യസ്ഥനാണ് ഈ പുണ്യാത്മാവ് എന്ന കാര്യത്തിൽ സംശയമില്ല തന്നെ.

## സ്വർഗ്ഗ സമാന കുടുംബം

കുടുംബത്തിന് ചാവറയച്ചൻ കൊടുത്ത നിർവചനത്തിൽ തന്നെ ഇന്നത്തെ കുടുംബപ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്. നിർവചനം ഇപ്രകാരമാണ് : "ഒരു നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ ദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായമെന്തെന്നാൽ ചോരയാലും സ്നേഹത്താലും തമ്മിൽ തമ്മിൽ കെട്ടപ്പെട്ട പല ആളുകളും കാരണവന്മാരുടെ നേരെ ആചാരവും കീഴ്വഴക്കവും അനുസരിച്ച് തമ്പു

രാനോടും മനുഷ്യരോടും സമാധാനമായി നടക്കയും അവരവരുടെ അന്തസ്സിനു തക്കവണ്ണം നിത്യഗതിയേ പ്രാപിക്കുന്നതിന് പ്രയത്നം ചെയ്ത് കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു."

ഉത്തമ കുടുംബങ്ങൾക്ക് എക്കാലത്തും ഉണ്ടായിരിക്കേണ്ട അഞ്ച് പ്രധാന ഘടകങ്ങൾ ഈ നിർവചനത്തിലുണ്ട്. കുടുംബത്തിലുള്ളവർ സ്നേഹത്താൽ പരസ്പരം കെട്ടപ്പെട്ടവരാകണം എന്നതാണ് ഇവയിൽ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതും. പക്വമതിയും അനുഭവസമ്പന്നനുമായ മനഃശാസ്ത്രജ്ഞന്റെ സ്വരത്തിൽ അദ്ദേഹം കൃത്യമായി പറയുന്നത് സ്നേഹമല്ലാതെ മറ്റൊന്നിനും കുടുംബാംഗങ്ങളെ അന്യോന്യം ബന്ധിപ്പിക്കാതൊക്കില്ലെന്നാണ്. സ്നേഹത്തെ പുറന്തള്ളി പണത്തിന് പ്രാധാന സ്ഥാനം കൊടുക്കുന്നതായിരിക്കും ഭാവിയിലെ കുടുംബബന്ധങ്ങൾക്ക് തുരങ്കം വയ്ക്കുന്ന വില്ലനെന്ന് അ ദ്ദേഹം മനസ്സിൽ കണ്ടു. ഇന്ന് പണമാണല്ലോ ദൈവം. പണത്തിനുവേണ്ടി ഭാര്യയെ തല്ലിക്കൊല്ലുന്നവരും, അമ്മയെ ആറ്റിലെറിയുന്നവരും, മക്കളെ പണം കായ്ക്കുന്ന വൃക്ഷങ്ങളാക്കി മാറ്റുന്നവരും നമ്മുടെ നാട്ടിലും ധാരാളമായി ഉണ്ടാകുമെന്ന് മുൻകൂട്ടി കണ്ടതുകൊണ്ടാണ് അവയെ തടുക്കുവാനുള്ള ഏക ശക്തിയായി സ്നേഹത്തെ അദ്ദേഹം അവതരിപ്പിച്ചത്. ബുദ്ധിയും മനസ്സും മുഴുവൻ സമയവും കഴിവും ഉപയോഗിച്ച് പണമുണ്ടാക്കാനുള്ള ശ്രമങ്ങൾക്കൊടുവിൽ ജീവിതത്തിൽ ധന്യമായതെല്ലാം നഷ്ടപ്പെടുത്തുന്ന മരമണ്ടന്മാരാകരുത് തന്റെ ആളുകൾ എന്ന് ആ മഹത്വ്യക്തിക്ക് നിർബന്ധമുണ്ടായിരുന്നു.

കുടുംബങ്ങളിൽ ഉണ്ടാകാവുന്ന സ്വത്തുതർക്കങ്ങളും കോടതികയറ്റവും പണനഷ്ടവും മറ്റുനാശങ്ങളും ഒഴിവാക്കാനാണ് ശക്തമായ ഭാഷയിൽ അദ്ദേഹം ഇങ്ങനെ എഴുതിയത്," ഭിന്നിക്കപ്പെട്ട രാജ്യം ചിന്നിചിതറുന്നതുപോലെ ഭിന്നിക്കപ്പെടുന്ന കുടുംബവും തമ്മിലടിച്ച് ചിതറും. സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കും. എത്ര ന്യായമുള്ള സംഗതികളാണെങ്കിലും സർക്കാരിൽ-പോകാതിരിക്കുന്നതാണ് നല്ലത്." സർക്കാർ എന്നു പറഞ്ഞാൽ അന്നത്തെ കാലത്ത് കോടതികളാണ്. കിടപ്പാടം വിറ്റുപോലും കേസുകളിക്കുകയും അവസാനം കുത്തുപാളയെടുക്കുകയോ ആത്മഹത്യ ചെയ്യുകയോ മാത്രം ശരിയെന്ന നിലയിലാകുകയും ചെയ്യുന്ന ഇന്നത്തെ ലക്ഷകണക്കിനാളുകളെ ആ ദിവ്യാത്മാവ് മുന്നിൽ കണ്ടിട്ടുണ്ടാവണം. സ്വത്തിന്റെ

പേരിൽ സഹോദരങ്ങൾ തമ്മിൽ കേസുപറയുന്നത് സർവ്വ സാധാരണമായിരിക്കുന്ന നമ്മുടെ നാട്ടിൽ ചാവറയച്ചന്റെ വാക്കുകൾ കേട്ടിരുന്നെങ്കിൽ എത്രയോ കുടുംബങ്ങൾ വൻദുരന്തത്തിൽ നിന്നും രക്ഷപ്പെടുമായിരുന്നു.

"കാരണവന്മാരോട് ആദരവും അനുസരണയുമുള്ളവരാകണം" എന്നതാണ് നിർവചനത്തിലെ രണ്ടാംഘടകം. ഇന്നത്തെ തലമുറയ്ക്ക് അന്യമാകുന്ന ഒരു ഗുണമാണിത്. സമത്വത്തെപ്പറ്റിയുള്ള ആധുനിക ചിന്താഗതികളുടെ കടന്നു കയറ്റത്തോടെ പ്രായകൂടുതലും തലനരച്ചതുമൊന്നും ബഹുമാനം പിടിച്ചുപറ്റാനുള്ള ഉപാധികളായി യുവതലമുറ കരുതുന്നില്ല. മക്കളെ പേടിച്ചു കഴിയുന്നവരും മക്കളാൽ ഉപേക്ഷിക്കപ്പെട്ടവരുമായ മാതാപിതാക്കളുടെ എണ്ണം ഗണ്യമായി കൂടുമെന്ന് ചാവറയച്ചൻ കൃത്യമായി ഊഹിച്ചിട്ടുണ്ട്. ആധുനിക പ്രയോജനവാദവും അദ്ദേഹം സങ്കല്പിച്ചു കാണണം. പ്രയോജനമില്ലാത്തതെന്തും വലിച്ചെറിയാൻ മടിയില്ലാത്തവരുടെ കാലമായതുകൊണ്ടാണല്ലോ നമ്മുടെ വൃദ്ധജനങ്ങൾക്കുവേണ്ടി കൂണുകൾപോലെ വൃദ്ധസദനങ്ങൾ മുളച്ചുപൊങ്ങുന്നത്. പ്രയോജനമില്ലെങ്കിൽ ഏതു ബന്ധവും നിസ്സാരമായി വെട്ടിമുറിച്ചുകളയുന്ന പ്രവണതയ്ക്ക് തടയിടാനാണ് കാരണവന്മാരോട് ആദരവും അനുസരണയുമുള്ളവരാകണമെന്ന് ആ പുണ്യാത്മാവ് നമ്മോട് ആവശ്യപ്പെട്ടത്.

പുരോഗതിയുടെ അത്യുച്ചകോടിയിലെത്തി നില്ക്കുമ്പോഴും സമാധാനം നഷ്ടപ്പെട്ട ആധുനിക മാനവരാശിയെ മൊത്തം മനസ്സിൽ സങ്കല്പിച്ചുകൊണ്ടാവണം നിർവചനത്തിലെ മൂന്നാംഘടകം അദ്ദേഹം ഉൾകൊള്ളിച്ചത്. "ദൈവത്തോടും മനുഷ്യരോടും സമാധാനമായി ജീവിക്കുന്നവരാകണം." എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ചെവിക്കൊള്ളാൻ സാധിക്കാത്തതാണ് നമ്മുടെ വലിയ ദുരന്തങ്ങളിലൊന്ന്. ഇന്ന് നമുക്ക് അയൽകൂട്ടങ്ങളുണ്ട്; പക്ഷേ അയൽക്കാരില്ല, സമൂഹമുണ്ട്; പക്ഷേ അത് ജാതി മത വർഗ്ഗ ഖണ്ഡങ്ങളാൽ വെട്ടിമുറിയ്ക്കപ്പെട്ടിരിക്കുന്നു. ഹിന്ദുവിന്റേയും, മുസ്ലീമിന്റേയും ക്രിസ്ത്യാനിയുടേയും സിരകളിലെ രക്തത്തിന് ഒരേ നിറമാണെന്നുപോലും മറന്നുപോയ ആധുനികർക്ക് ചാവറയച്ചന്റെ വാക്കുകളിലെ ചൈതന്യം ഏറ്റുവാങ്ങി ഇനിയും സ്വയം തിരുത്താൻ സമയമുണ്ട്. ദൈവത്തോടും മനുഷ്യരോടും സമാധാനമായിട്ട് ജീവിക്കുന്നവരാകണമെങ്കിൽ മനസ്സിൽ നിന്നും സ്വാർത്ഥതയുടേയും, വെറുപ്പിന്റേ

യും, അസൂയയുടേയും പ്രതികാരത്തിന്റെയും ബീജങ്ങൾ പാടേ ദൂരെ യെറിയണമെന്നു തന്നെയാണ് ആ മഹത് വ്യക്തി ആവശ്യപ്പെടുന്നത്. സമാധാനമില്ലാതെ നീറിപ്പുകയുന്നവർക്ക് ഇതല്ലാതെ മറ്റെന്താണ് പരിഹാരമായുളളത്?

"അവരവരുടെ ജീവിതാന്തസ്സിന് അനുസരണമായി നിത്യരക്ഷ പ്രാപിക്കുവാൻ പരിശ്രമിക്കുന്നവരാകണം" എന്ന നാലാം ഘടകം ഉൾക്കൊളളിച്ചപ്പോൾ ചാവറയച്ചൻ ഉദ്ദേശിച്ചത് പ്രധാനമായും യുവജനങ്ങളെയാണ്. സ്വന്തം ജീവിതാന്തസ്സ് നിശ്ചയിക്കുമ്പോൾ അത് ദൈവത്തിലേയ്ക്കുളള അകലം വർദ്ധിപ്പിക്കുന്നതായിരിക്കരുത് എന്ന് ചിന്തിക്കുന്നവരുടെ എണ്ണം കുറയുന്നതുകൊണ്ടല്ലേ ഇന്ന് കളളക്കടത്തും, കരിച്ചന്തയും, മായം ചേർക്കലും ഇത്രയേറെ വർദ്ധിക്കുന്നത്? തീവ്രവാദവും, വാടകകൊലപാതകവും വരെ തൊഴിലുകളായി മാറിക്കഴിഞ്ഞു. ഭീതി ഉളവാക്കുന്ന ജീവിതശൈലികളും, ചിന്താരീതികളും, സമീപനങ്ങളുമാണ് നമ്മുടെ ധാരാളം യുവജനങ്ങൾക്ക്. എല്ലാ മാനുഷിക മൂല്യങ്ങളും കാറ്റിൽ പറത്തി, ആത്മാവിനേയും മനസ്സിനേയും വിഷമയമാക്കി ശരീരത്തേയും ബുദ്ധിയേയും മാത്രം പരിപോഷിപ്പിക്കുന്ന ഒരു സംസ്ക്കാരത്തിലേക്ക് എത്തിച്ചേരുന്നതിന്റെ വൻ ദുരന്തം ചാവറയച്ചൻ ദീർഘദൃഷ്ടിയോടെ കണ്ടിരുന്നു.

## പരസ്പരവിധേയത്വവും ഐക്യവും

വ്യക്തി വികാസചിന്തകൾ പരമകാഷ്ഠയിലെത്തുകയും സംപൂർണ്ണവ്യക്തിബോധം ശക്തമാവുകയും ചെയ്തതോടെ വ്യക്തിത്വസംഘട്ടനങ്ങൾ ഇന്ന് കുടുംബങ്ങളിലും സമൂഹങ്ങളിലും സർവ്വസാധാരണമാണ്. ഞാനോ നീയോ വലുതെന്ന് തീരുമാനിക്കാനുളള തീവ്രശ്രമങ്ങൾക്കിടയിൽ ഭാര്യാഭർതൃബന്ധം തകർന്നു തരിപ്പണമാവുന്നതും, സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം അനേകം വിവാഹമോചനങ്ങൾക്കു കാരണമാവുന്നതും ഒരു അളവുവരെ ഒഴിവാക്കാൻ സഹായിക്കുന്നതാണ്, നിർവചനത്തിലെ അഞ്ചാം ഘടകം:"കുടുംബാംഗങ്ങൾ പരസ്പര ഐക്യത്തിൽ കഴിയുന്നവരാകണം ." മാനസിക ഐക്യം ഉറപ്പുവരുത്തണമെങ്കിൽ മനസ്സുകൾ സ്വതന്ത്രമായിരിക്കണം. അഹങ്കാരവും സ്വാർത്ഥതയും അതിമോഹവും വെറുപ്പും തിന്മയും മനസ്സുകൾക്ക് ചുറ്റും മതിലുകൾ കെട്ടുമ്പോൾ പരസ്പര ഐക്യം ഒരു മരീചിക മാത്രം. ഒരേ കൂരയ്ക്കു കീഴിൽ കഴിയുന്ന ശത്രുക്കളുടെ കൂട്ടമായി കുടുംബാംഗങ്ങൾ മാറുന്നതുകണ്ട്

ആ പുണ്യപുരുഷന്റെ ആത്മാവ് വേദനിക്കുന്നുണ്ടാവും.

ചാവറയച്ചന്റെ കുടുംബദർശനത്തിലെ അതിമനോഹരവും അർത്ഥസംപുഷ്ഠവുമായ ഒരു വാചകം ഇങ്ങനെയാണ്: 'അതിധാരാളിത്വവും അധികലുബ്ധും ഒരുപോലെ തിന്മയാകുന്നു. ലുബ്ധന്റെ വസ്തുക്കൾ പുഴുതിന്നും, ധാരാളിയുടെ സന്തോഷം പുകപോലെ പറന്നും പോകും". നമ്മുടെ പല കുടുംബങ്ങളിലെയും കൊടിയ ധൂർത്ത് ആ പുണ്യപുരുഷൻ ദീർഘദൃഷ്ടിയോടെ കണ്ടിരുന്നു എന്ന് തെല്ലും സംശയിക്കേണ്ടതില്ല. ഭോഗത്തിലാണ് ജീവിതത്തിന്റെ ധന്യത എന്നു വിശ്വസിക്കുന്നവർ ഒടുങ്ങാത്ത ആർത്തിയോടെ പണം വാരിക്കൂട്ടുകയും, അത് അപ്പാടെ ധൂർത്തടിച്ച് ചെലവഴിക്കുകയും ചെയ്യുന്ന രീതി ഇന്നിന്റെ മുഖമുദ്രയാണ്. ഇന്നത്തെ ഉപഭോഗസംസ്ക്കാരം പഠിപ്പിക്കുന്നത് വാരിക്കൂട്ടാനും, ആസ്വദിക്കാനും, വലിച്ചെറിയാനുമാണ്. ഇതെല്ലാം കൊണ്ടെത്തിക്കുന്നത് വൻപിച്ച സാമ്പത്തിക പ്രതിസന്ധിയിലേക്കും കൂട്ട ആത്മഹത്യയിലേക്കുമാണെന്ന് നാം മനസ്സിലാക്കുന്നുമില്ല. വിവാഹങ്ങൾക്കും, മാമോദീസായ്ക്കും, ആദ്യകുർബ്ബാന സ്വീകരണത്തിനും ലക്ഷക്കണക്കിന് രൂപ വാരിവിതറുമ്പോൾ ഈ സന്തോഷത്തിന് പുകയുടെ ആയുസ്സേ ഉള്ളു എന്ന് ഓർമ്മിപ്പിക്കുവാൻ ചാവറയച്ചന്റെ വാക്കുകൾ ധാരാളം മതിയാവും. ആ മൂർച്ചയേറിയ വാക്കുകൾ ഇങ്ങനെയും നമ്മുടെ മുൻപിലുണ്ട്: "കഴിവിനും പ്രാപ്തിക്കും ചേരാത്ത വലിയ ആഘോഷങ്ങൾ കടബാദ്ധ്യതയ്ക്കും ദു:ഖത്തിനും കാരണമാകും."

മരണം വരെ സുഖത്തിലും ദു:ഖത്തിലും ഒന്നിച്ച് കഴിയാമെന്ന് ദൈവസന്നിധിയിൽ വാഗ്ദാനം ചെയ്ത് ഒന്നായവർ നിസ്സാരകാരണങ്ങളുടെ പേരിൽ തങ്ങളുടെ ബന്ധം ഒഴിവാക്കുന്ന ഇന്നത്തെ ദുരന്തം കാലേകൂട്ടി കാണാൻ സാധിച്ചതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത്: "ക്രമവും ദൈവപേടിയുമില്ലാത്ത ഭവനങ്ങളിൽ നിന്നും ബന്ധുത്വം ഉണ്ടാക്കരുത്. ആയിരം പേരിൽ നിന്നും സൂക്ഷിച്ച് ഒരുത്തനെ തെരഞ്ഞെടുക്കുക; തമ്പുരാനെ സ്നേഹിക്കാത്തവൻ നിന്നെയും സ്നേഹിക്കുകയില്ല." വിവാഹം നടക്കുന്നതിനു മുമ്പ് വിവാഹാർത്ഥികൾക്കും മാതാപിതാക്കൾക്കും ഇന്ന് അറിയേണ്ട ഒറ്റ കാര്യമേയുള്ളു- പണനിലവാരം. മിന്നൽകല്യാണങ്ങൾക്കും ഇന്റർ നെറ്റ് വിവാഹങ്ങൾക്കും മുൻഗണന കൊടുക്കുന്ന ആധുനികർക്ക് സ്വഭാവത്തെപ്പറ്റിയോ, കുടുംബമൂല്യങ്ങളെപ്പറ്റിയോ അന്വേഷിക്കാൻ എവിടെ സമയം? മിന്നൽ

കല്യാണങ്ങൾ മിന്നൽ വേഗത്തിൽ തന്നെ തകർന്നടിയുന്നതാണ് ഇന്നത്തെ വലിയ ഒരു കുടുംബദുരന്തം. പണത്തിനുപകരം മൂല്യങ്ങ ൾക്കു സ്ഥാനം കൊടുക്കാൻ കഴിഞ്ഞാലേ ഈ ദുരന്തം ഒഴിവാകൂ എന്ന് എത്ര ശക്തമായാണ് ചാവറയച്ചൻ പറയുന്നത്.

കേരളം കണ്ട ഏറ്റവും വലിയ സാമൂഹ്യ വിപ്ലവകാരിയായി രുന്നു ചാവറയച്ചൻ. പാവങ്ങളുടെ കണ്ണുനീർ കണ്ടാൽ ദൈവം നിങ്ങ ളോട് പകരം ചോദിക്കും എന്ന് ഒന്നര നൂറ്റാണ്ടുകൾക്കു മുൻപ് ഒരു വ്യക്തിക്ക് ചിന്തിക്കാൻ സാധിച്ചത് അത്യത്ഭുതകരമാണ്. സാമൂഹ്യ നീതിയുടെ ബാലപാഠങ്ങളെക്കുറിച്ചുപോലും സാധാരണക്കാർ ചിന്തി ച്ചിട്ടില്ലാത്ത അക്കാലത്ത് പാവപ്പെട്ടവരുടെ കണ്ണുനീർ തുടയ്ക്കാൻ പണക്കാരനു ബാധ്യതയുണ്ടെന്ന് സധൈര്യം പറയാൻ ഒരു വ്യക്തിക്ക് സാധിച്ചത് ദൈവത്തിന്റെ കരങ്ങൾ അദ്ദേഹത്തിൽ പ്രവർത്തിച്ചതു കൊണ്ടാണ്. ഒരു വശത്ത് കൊടും പട്ടിണിയും മറുവശത്ത് കുമി ഞ്ഞുകൂടുന്ന സ്വത്തും ദൃശ്യമാവുന്ന ആധുനിക സാമൂഹ്യ ദുരന്തം ഒഴിവാക്കാൻ അദ്ദേഹത്തിന്റെ വാക്കുകൾ പര്യാപ്തമാണ്. പക്ഷേ ആ സ്വരത്തിന് വേണ്ടത്ര പ്രാധാന്യം കൊടുക്കാൻ നമുക്ക് കഴിയാ ത്തത് നമ്മുടെ ഭാഗ്യക്കേട്.

## മക്കൾ ദൈവ നിക്ഷേപങ്ങൾ

അതിവിദഗ്ദനായ ഒരു മനഃശാസ്ത്രജ്ഞനായിരുന്നു ചാവറ യച്ചൻ. വ്യക്തിപ്രശ്നങ്ങൾക്കുള്ള കൗൺസലിംഗ് ഇന്ന് സർവ്വസാധാ രണമാണ്. പക്ഷേ കൗൺസലിംഗ് എന്ന വാക്കുപോലും ആരും കേട്ടി ട്ടില്ലാത്ത ഒരു കാലഘട്ടത്തിൽ മക്കളെ വളർത്തേണ്ടതെങ്ങനെയെന്ന് മാതാപിതാക്കൾക്ക് കൃത്യമായ നിർദ്ദേശങ്ങൾ കൊടുക്കാൻ ആ പുണ്യ പുരുഷന് സാധിച്ചു. "സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിക്കാൻ മാതാപിതാക്കളുടെ കൈയിലേല്പ്പിച്ചിരിക്കുന്ന നിക്ഷേപമാണ് മക്കൾ" എന്ന വാക്കുകളുടെ അർത്ഥം എന്തു ത്യാഗം സഹിച്ചും മാതാപിതാ ക്കൾ തങ്ങൾക്കുകിട്ടിയ നിക്ഷേപങ്ങൾ കാത്തു സൂക്ഷിക്കണമെന്നാണ്. ആസക്തികളുടെ പിന്നാലെ പാഞ്ഞ് മക്കളെ മറക്കുന്നവരുടേയും സ്വന്തം സുഖങ്ങൾക്ക് മക്കളെ ഉപയോഗിക്കുന്നവരുടേയും കണ്ണുതുറ പ്പിക്കാൻ പര്യാപ്തമാണ് അദ്ദേഹത്തിന്റെ ഈ മാർഗ്ഗദർശനം.

മെഡിക്കൽ എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷകളുടെ ആവിർഭാവത്തോടെ മക്കളും മാതാപിതാക്കളും തമ്മിലുള്ള ഏറ്റുമു ട്ടൽ അതിന്റെ പാരമ്യത്തിലെത്തി നില്ക്കുകയാണിപ്പോൾ. മക്കളെ

വസ്തുക്കളായി കണ്ട് അവരിലൂടെ മോഹസാക്ഷാത്കാരത്തിനു ശ്രമിക്കുന്ന മാതാപിതാക്കൾക്ക് താക്കീതായി അദ്ദേഹം 1869ൽ കുറിച്ചിട്ട വാക്കുകളാണിവ: "കുട്ടികളുടെ അന്തസ്സ് നിശ്ചയിക്കുന്നത് ദൈവത്തിന്റേയും അത് തെരഞ്ഞെടുക്കുന്നത് കുട്ടികളുടേയും കാര്യമാണ്." ഈ പ്രവാചക ശബ്ദം ഇനിയെങ്കിലും നമ്മുടെ മാതാപിതാക്കളുടെ ചെവികളിൽ പതിച്ചാൽ ഒട്ടനവധി ദുരന്തങ്ങൾ ഒഴിവായി കിട്ടും. മക്കളെ വ്യക്തികളായികണ്ട് അവർ അർഹിക്കുന്ന ബഹുമാനം കൊടുക്കാൻ ആധുനിക മാതാപിതാക്കൾക്ക് കഴിഞ്ഞാൽ നമ്മുടെ കുടുംബങ്ങൾ രക്ഷപ്പെടും.

## പെൺപൈതങ്ങളുടെ പരിശീലനം

ചാവറയച്ചന്റെ കുടുംബദർശനത്തിൽ എന്നെ ഏറ്റവും അധികം ആകർഷിച്ചത് പെൺകുട്ടികൾക്കും അവരുടെ അമ്മമാർക്കും അദ്ദേഹം ഉണ്ടാക്കിവെച്ച പെരുമാറ്റച്ചട്ടമാണ്. പെൺമക്കളെ അണിയിച്ചൊരുക്കി പ്രദർശന വസ്തുക്കളും വില്പന ചരക്കുകളുമായി സമൂഹത്തിലേയ്ക്ക് ഇറക്കി വിടുന്ന ഇന്നത്തെ അനവധി അമ്മമാരെ നൂറ്റാണ്ടുകൾക്കുമുൻപ് മനസ്സിൽ കണ്ട ആ ആത്മീയഗുരു പറഞ്ഞത്: "പെൺമക്കളെ ചമയിച്ചു നടത്തുന്നതും അന്തസ്സും പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും ആഭരണങ്ങളും ഇടുവിച്ച് നടത്തുന്നതും എത്രയോ ആത്മാക്കളിൽ നരകത്തീയ് കത്തിയ്ക്കുന്നു" എന്നാണ്. ഏറ്റവും എളുപ്പത്തിലും ഒട്ടും പണം മുടക്കാതെയും പണമുണ്ടാക്കാനുള്ള മാർഗ്ഗമായി പെൺവാണിഭത്തെ കണ്ടുകഴിഞ്ഞ നമ്മുടെ സമൂഹം ഒരു പക്ഷേ കാത്തിരിയ്ക്കുന്ന നരകത്തീയേപ്പറ്റി അറിയണമെങ്കിൽ ചാവറയച്ചന്റെ ശക്തമായ ഈ വാക്കുകൾ വല്ലപ്പോഴുമെങ്കിലും ഓർക്കണം.

അമ്മമാർ നിശ്ചയിച്ചുറപ്പിച്ചാൽ അനേകം പെൺകുട്ടികൾ ഈ വൻ ദുരന്തത്തിൽ പെട്ടുപോകാതെ രക്ഷപ്പെടുമെന്നുള്ള സത്യം അദ്ദേഹം ചൂണ്ടികാണിച്ചത് ഇനിയെങ്കിലും അമ്മമാർ മനസ്സിലാക്കിയിരുന്നെങ്കിൽ എന്ന് എല്ലാ കുടുംബസ്നേഹികളും ആഗ്രഹിച്ചുപോകുന്നു. അമ്മമാർ എങ്ങനെയായിരിക്കുമോ, അങ്ങനെയായിരിക്കും പെൺമക്കളും എന്നാണ് ആ ദിവ്യഗുരു ഉദ്ദേശിച്ചത്.

ലൈംഗിക ചൂഷണം ഇത്രമാത്രം പെരുകുമെന്നും വൻപ്രശ്നങ്ങൾ ഉണ്ടാക്കുമെന്നും 19-ാം നൂറ്റാണ്ടിൽ ഒരു വ്യക്തി എങ്ങനെ മുൻകൂട്ടി മനസ്സിലാക്കി എന്നത് അത്ഭുതാവഹമാണ്. ആൺപൈത

ങ്ങളേയും പെൺപൈതങ്ങളേയും ഒരുമിച്ച് ഒരു മുറിയിൽ കിടത്ത രുതെന്ന് അദ്ദേഹം ശക്തമായി മാതാപിതാക്കളെ ഉപദേശിച്ചു. സംബന്ധക്കാരുടെ വീടുകളിൽ കുട്ടികളെ താമസിപ്പിക്കരുതെന്ന് കർശനമായാണ് പറയുന്നത്. "പലപ്പോഴും അവർ മാലാഖമാരായി സംബന്ധക്കാരുടെ വീടുകളിൽ പോകുകയും പിശാചുക്കളായി തിരിച്ചു വരുകയും" ചെയ്യുമെന്നുള്ള വാക്കുകൾ അവഗണിക്കുന്ന മാതാപിതാക്കൾക്ക് മക്കൾക്ക് സംഭവിയ്ക്കുന്ന കൊടുംനാശംകണ്ട് ഹൃദയം തകരേണ്ടിവരും. പിഞ്ചുകുഞ്ഞുങ്ങളെപ്പോലും കാമദാഹം തീർക്കാനുപയോഗിക്കുന്ന മനുഷ്യാധമൻമാരുടെ കൈയ്യിൽ നിന്നും മക്കളെ രക്ഷിക്കണമെങ്കിൽ മാതാപിതാക്കൾ ജാഗരൂകരായിരിക്കണ മെന്നുള്ള അദ്ദേഹത്തിന്റെ ഉപദേശം ഇന്നത്തെ കാലത്ത് എത്രയോ പ്രസക്തമാണ്.

അനേകം കുടുംബങ്ങളെ സർവ്വനാശത്തിലെത്തിയ്ക്കുന്ന മദ്യ പാനം എന്ന മഹാ തിന്മയ്ക്കെതിരെ ആഞ്ഞടിച്ച വ്യക്തിയാണ് ചാവ റയച്ചൻ. "ലോകത്തിന്റെ മുൻപിൽ എത്രയും അപമാനമുള്ളതും തമ്പു രാന്റെ തിരുമുൻപിൽ എത്രയും ദോഷമുള്ള"തുമായ ഈ തിന്മ കുടും ബങ്ങളിൽ പ്രവേശിക്കാതിരിക്കാൻ ആ പുണ്യശ്ലോകൻ ആവതു ശ്രമി ച്ചു. സർവ്വ ദുർഗുണങ്ങളുടേയും മാതാവായ മടി ആണ് മദ്യപാന ത്തിന്റെ പ്രത്യേക കാരണമായി അദ്ദേഹം കണ്ടത്. ഭർത്താവിനെ മദ്യ ഭൂതത്തിന്റെ പിടിയിൽ നിന്നും വിട്ടുകിട്ടാൻ ഇന്നു ഭാര്യമാർ ആ ശ്ര യിക്കുന്നത് ചാവറയച്ചന്റെ മദ്ധ്യസ്ഥമാണ്. മദ്യത്താൽ തകർക്കപ്പെ ടുന്ന ആയിരക്കണക്കിന് കുടുംബാംഗങ്ങളെ കണ്ട് ആ പുണ്യാത്മാവ് ഇപ്പോൾ സങ്കടപ്പെടുന്നുണ്ടാവും. അദ്ധ്വാനശീലത്തെ അങ്ങേയറ്റം വില മതിച്ച അദ്ദേഹം പറഞ്ഞത് വേലയെടുക്കാതിരിക്കുന്നത് വീടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാണെന്നാണ്. പക്ഷേ ഞായ റാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വി.കുർബാന കണ്ടും നല്ല പുസ്തകങ്ങൾ വായിച്ചും സൽകർമ്മങ്ങൾചെയ്തും ചെലവഴിക്കണം, എന്നാണദ്ദേഹം ആവശ്യപ്പെട്ടത്. എങ്ങനെയെങ്കിലും കടം വീട്ടാനായി ഒരു കുർബാന കണ്ടിട്ട് ബാക്കി സമയം മുഴുവൻ മദ്യത്തിനും ടി.വി. ക്കും മറ്റ് ആഘോഷങ്ങൾക്കുമായി വിട്ടുകൊടുക്കുന്ന ആധുനികരെ പ്പറ്റി സങ്കല്പിക്കാൻ ആ ധന്യവ്യക്തിത്വത്തിന് സാധിച്ചിട്ടുള്ളതുകൊ ണ്ടാണ് ഇങ്ങനെ മുൻകൂട്ടി ആവശ്യപ്പെട്ടത്. സൽപ്രവൃത്തികൾ ചെയ്യാത്ത ഒരു ദിവസം പോലും ആരുടേയും ജീവിതത്തിലുണ്ടാക രുതെന്നെയായിരുന്നു ആദ്ദേഹത്തിന്റെ ഏറ്റവും വലിയ ആഗ്രഹം.

കുടുംബപ്രാർത്ഥനയെപ്പറ്റിയുള്ള ചാവരുൾ ഇക്കാലത്ത് ഏറെ പ്രസക്തമാണ്. സന്ധ്യക്ക് കുരിശുമണിയടിച്ചാലുടനെ മതാപിതാക്കളും മക്കളും ചേർന്ന് കുരിശുവരച്ച് പ്രാർത്ഥന ചൊല്ലണം. നമസ്ക്കാരം കഴിഞ്ഞാലുടനെ സ്തുതി ചൊല്ലി അപ്പന്റേയും അമ്മയുടെയും കൈമുത്തുവാൻ മക്കളെ പരിശീലിപ്പിക്കണം. ഇന്നു കുരുശുമണിയല്ല, കൂട്ടമണിയോ മരണമണിയോ അടിച്ചാലും മക്കളെല്ലാം വീട്ടിലെത്തുകയില്ല. അപ്പൻ പൊതുസ്ഥാപനത്തിലായിരിക്കും. അമ്മയും കൊച്ചുമക്കളും ടി.വി.യുടെ മുന്നിലും. പ്രാർത്ഥന പവർകട്ടു വരുമ്പോൾ മതിയെന്നു പറയുന്ന കുടുംബങ്ങളുണ്ട്

പിള്ളപ്പട തള്ളപ്പടയാക്കി വളർത്തുന്നതിനെതിരെയും ചാവറയച്ചൻ താക്കിത് നൽകുന്നുണ്ട്. കുട്ടികൾ തമ്മിലുള്ള വഴക്ക് അല്പസമയത്തേക്കാണ്. അതിനെ ചൊല്ലിയുള്ള മുതിർന്നവരുടെ വഴക്ക് വിനാശകരമായ കാലാപങ്ങളിൽ പലപ്പോഴും എത്തിച്ചേരുന്നു. ഇതിനെപ്പറ്റിയുള്ള ടോൾ സ്റ്റോയുടെ കാഥ ചാവറയച്ചൻ ദീർഘദൃഷ്ടിയിൽ കണ്ടിരുന്നുവോ?

വിശ്വസത്തിനും സന്മാർഗ്ഗത്തിനും ചേരാത്ത പുസ്തകങ്ങൾ വായിക്കുകയോ വീട്ടിൽ വെച്ച് സൂക്ഷിക്കുകയോ ചെയ്യരുതെന്ന് ചാവറയച്ചൻ ചാവരുളിൽ നിർദ്ദേശിക്കുന്നു. അത് വൈക്കോലിൽ തീ വെച്ചു സൂക്ഷിച്ചുവെയ്ക്കുന്നതുപോലയാണെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകുന്നുണ്ട്.

സ്ത്രീകൾക്ക് കുടുംബത്തിലും സമൂഹത്തിലും ശരിയായ സ്ഥാനമുണ്ടായിരിക്കണമെന്ന് ചാവറയച്ചൻ ചിന്തിച്ചിരുന്നു. സ്ത്രീശാക്തീകരണത്തന്റെ മാർഗ്ഗദീപമാണദ്ദേഹം, സ്ത്രീകളെപ്പറ്റി മഹത്വപൂർണ്ണമായ ഒരു കാഴ്ച്ചപാട് ചാവറയച്ചനുണ്ടായിരുന്നു. കുഞ്ഞിനെ രൂപപ്പെടുത്തുന്നവൾ, കുടുംബത്തിന്റെ വിളക്ക് എന്നായിരുന്നു ആ സങ്കൽപ്പം. പെൺകുട്ടികളുടെ സ്വഭാവരൂപികരണം സമൂഹത്തിന്റെ ആവശ്യമാണെന്ന് അദ്ദേഹം കരുതി. സി.എം.സി. സന്യാസിനി സമൂഹത്തിന്റ രൂപികരണം ആ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടായിരുന്നു.

ചുരുക്കത്തിൽ, കേരളസഭ കണ്ട ഏറ്റവും മഹാനായ കുടുംബപ്രേക്ഷിതനായിരുന്നു ചാവറയച്ചൻ. കുടുംബം സ്വർഗ്ഗമാക്കാനുള്ള മാന്ത്രികവിദ്യയാണ് അദ്ദേഹം പഠിപ്പിച്ചുതന്നത്. ഹൃദയത്തിൽ സുകൃതശക്തിയുടെ തീജ്വാല വഹിച്ചിരുന്ന ആ ധന്യാത്മാവ് കുടുംബജീവിതത്തിൽ ശ്രദ്ധിക്കേണ്ട സർവ്വതും നമുക്കു തന്നിട്ടാണ് കടന്നുപോയത്. കേരള കത്തോലിക്ക കുടുംബങ്ങളുടെ മദ്ധ്യസ്ഥനെന്ന സ്ഥാനം അദ്ദേഹം തീർത്തും അർഹിക്കുന്നു. ■



# 9

## ചാവറ
## കുട്ടികളുടെ സമഗ്രവളർച്ച

റവ.ഡോ.വർഗ്ഗീസ് പുതുശ്ശേരി സി.എം.ഐ.

സി.എം.ഐ. സഭയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ ഒരു കർമ്മയോഗിയായിരുന്നു. സഭയുടെ ആധ്യാത്മിക നേതാവെന്ന നിലിയിൽ മത്രമല്ല പണ്ഡിതൻ, എഴുത്തുക്കാരൻ, വിദ്യഭ്യാസ വിചക്ഷണൻ, ഭരണാധികാരി എന്നീ നിലകളിൽ തന്റെ ദീർഘവിക്ഷണവും ക്രാന്തദർശിത്വവും അദ്ദേഹം തെളിയിച്ചിട്ടുണ്ട്. പള്ളികളോടനുബന്ധിച്ചു പള്ളികൂടം സ്ഥാപിക്കണമെന്ന അദ്ദേഹത്തിന്റെ ആശയം പ്രവർത്തികമാക്കുക വഴി കേരളീയ വിദ്യാഭ്യാസ രംഗത്തുതന്നെ വിപ്ലവകരമായ മാറ്റം വരുത്തുന്നതിൽ അദ്ദേഹം പങ്കാളിയായി.

ചാവറയച്ചന്റെ ജീവിതകാലം 19-ാം നൂറ്റാണ്ടാണ്. എന്നാൽ അദ്ദേഹത്തിന്റെ ചിന്തകളും ആശയങ്ങളും 21-ാം നൂറ്റാണ്ടിലും പ്രസക്തമായിരിക്കുന്നു. അദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ കൂടുതൽ പ്രചാരം ലഭിച്ചിട്ടുള്ള 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന ഗ്രന്ഥം തന്നെ അതിനുദാഹരണം. കുടുംബഭദ്രതയ്ക്കുവേണ്ടിയുള്ള ഉപദേശനിർദ്ദേശങ്ങൾ അടങ്ങിയ ഈ പുസ്തകത്തിൽ കുട്ടികളെ എങ്ങനെ വളർത്തണമെന്നും ശരിയായ രീതിയിലുള്ള ശിശുസംരക്ഷണം കുടുംബഭദ്രതയ്ക്ക് എത്രമാത്രം അത്യന്താപേക്ഷിതമാണെന്നും പരാമർശി

ക്കപ്പെടുന്നു. മതത്തിന്റേയോ വിശ്വാസത്തിന്റേയോ തലത്തിൽ മാത്ര മല്ല മന:ശാസ്ത്രപരമായും സാമൂഹികമായും ഇന്നും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്കു പ്രസക്തിയുണ്ട്. പുസ്തകത്തിലെ മക്കളെ വളർത്തേണ്ടവിധം എന്ന ഭാഗം പരിശോധിച്ചാൽ ഇതു പൂർണ്ണമായും വ്യക്തമാകുന്നതാണ്. 16 കാര്യങ്ങളാണ് അദ്ദേഹം അക്കമിട്ടുനിരത്തിയിരിക്കുന്നത്.

## ഉടമസ്ഥരല്ല സൂക്ഷിപ്പുകാർ

ഒന്നാമതായി, അദ്ദേഹം ഊന്നിപറയുന്നകാര്യം ഇതാണ്. "മക്കളെ വേണ്ടവിധം വളർത്തുക എന്നതാണ്, മാതാപിതാക്കളുടെ ഏറ്റവും വലിയ കടമ. കാരണം ദൈവം നിങ്ങളെ, സൂക്ഷിക്കുവാനായി ഏല്പിച്ചിരിക്കുന്ന ഏറ്റവും വലിയ നിക്ഷേപമാണ് നിങ്ങളുടെ അരുമസന്താനങ്ങൾ." പാരന്റിങ്ങ് (parenting) അഥവാ ശിശുസംരക്ഷണം എന്നത് ഒരു മുഴുവൻ സമയപ്രവർത്തനം ആവശ്യപ്പെടുന്ന ജോലിയാണ്. കാലംമാറി, കുടുംബത്തിലെല്ലാവരും പുറത്തുപോയി ജോലിചെയ്യുന്ന അവസ്ഥ വന്നു. ഇത്തരമൊരു ചുറ്റുപാടിൽ ഇതെത്രമാത്രം സാധ്യമാകുമെന്നത് തർക്കവിഷയമാണ്. എങ്കിലും കഴിയുന്നത്ര ശ്രദ്ധ കുട്ടികളുടെ വളർച്ചാഘട്ടങ്ങളിൽ കൊടുക്കേണ്ടത് അത്യാവശ്യമാണ്. അതില്ലാത്തപക്ഷം കുട്ടികളുടെ വളർച്ചയെ അത് പ്രതികൂലമായി ബാധിക്കും. ജീവിതത്തിൽ മറ്റെന്തുനേട്ടങ്ങൾ ഉണ്ടായാലും ഭാവിതലമുറയെ വികലമായി വാർത്തെടുക്കാൻ നാം കാരണമാകുന്നുണ്ടെങ്കിൽ അതിൽപരം ഒരു തകർച്ച കുടുംബത്തിലും സമൂഹത്തിലും ഉണ്ടാകാനിടയില്ല. സ്വന്തം കുട്ടികളോടും കുടുംബത്തോടും സമൂഹത്തോടുമുള്ള ഈ ഉത്തരവാദിത്വമാണ്, ചാവറയച്ചൻ 'ദൈവത്തോടുള്ള കടമ' എന്നു പറയുന്നതിലൂടെ ഉദ്ദേശിക്കുന്നത്. ദൈവം നിങ്ങളെ സൂക്ഷിക്കാനേല്പിച്ച ഏറ്റവും വലിയ നിക്ഷേപമാണ് നിങ്ങളുടെ സന്താനങ്ങൾ എന്ന ചാവറയച്ചന്റെ പ്രയോഗത്തിനു പിന്നിൽ ഒരു വലിയ മന:ശാസ്ത്രതത്ത്വമുണ്ട്. പലപ്പോഴും മാതാപിതാക്കൾ കുട്ടികളെ തങ്ങളുടെ സ്വന്തം സ്വത്തായാണ് കരുതുന്നത്. കുട്ടികൾ വളർന്നുവരുമ്പോൾ അതുണ്ടാക്കുന്ന മാനസിക പ്രശ്നങ്ങൾ ചില്ലറയല്ല. പെൺകുട്ടികളാണെങ്കിൽ അവരെ വിവാഹം കഴിപ്പിച്ചുവിടാൻപോലും മാനസിക വിഷമം അനുഭവിക്കുന്ന മാതാപിതാക്കളുണ്ട്. മകളെ പിരിഞ്ഞിരിക്കാൻ കഴിയാത്തതാണു കാരണം. വിവാഹം കഴിച്ചാൽതന്നെ അവരുടെ കാര്യത്തിൽ വേണ്ടതിലധികം

ശ്രദ്ധയും അനാവശ്യമായ ഇടപെടലും നടത്തി മക്കളുടെ ജീവിതത്തിൽ താളപിഴകളുണ്ടാക്കുന്ന മാതാപിതാക്കൾ ഒട്ടും കുറവല്ല എന്നാണ് പല കേസ് സ്റ്റഡിയും സൂചിപ്പിക്കുന്നത്. കുട്ടി ആണാണെങ്കിൽ പ്രശ്നം വേറൊരു തരത്തിലാണ്. അവന്റെ ഭാര്യയെ അംഗീകരിക്കാതിരിക്കുക, എന്റെ മകൻ എന്ന ചിന്തമൂലം ആ പെൺകുട്ടിയുടെ ഭാര്യ എന്ന നിലയിലുള്ള അവകാശങ്ങൾ അനുവദിച്ചുകൊടുക്കാതിരിക്കുക എന്നിവയൊക്കെയാണ് പ്രശ്നങ്ങൾ. ഇതും കുടുംബഭദ്രതയെ ശിഥിലമാക്കുന്ന പ്രവണതയാണ്.

വേറൊന്ന്, കുട്ടികളുടെ വ്യക്തിത്വത്തെ അംഗീകരിച്ചുകൊടുക്കുന്നത് അവരുടെ മാനസിക വളർച്ചയ്ക്ക് ഗുണകരമാവും എന്നതാണ്. 'നമ്മൾ സൂക്ഷിപ്പുക്കാരാണ് ഉടമസ്ഥരല്ല' എന്ന ചിന്തയുണ്ടായാൽ ഈ ഒരു മനോഭാവം എളുപ്പത്തിൽ കൈവരും. നമ്മുടെ ഇഷ്ടത്തിനനുസരിച്ച് രൂപപ്പെടുത്തേണ്ട ഒന്നല്ല കുട്ടി എന്നു ബോധ്യമായാൽ അവരുടെ പരിമിതികളേയും കഴിവുകുറവിനേയും അംഗീകരിക്കാനും കഴിയും. പലപ്പോഴും മാതാപിതാക്കൾ തങ്ങളുടെ ആഗ്രഹങ്ങൾ കുട്ടികളിലൂടെ പൂർത്തീകരിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. അതിനുവേണ്ടി കുട്ടികളെ നിർബന്ധിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നത് കുട്ടികളിൽ മാനസിക പ്രശ്നം സൃഷ്ടിക്കുന്നു. തങ്ങൾ ആഗ്രഹിച്ച വണ്ണം കുട്ടികൾ മികവ് കാട്ടാത്തപ്പോൾ മാതാപിതാക്കൾ നൈരാശ്യപ്പെടുന്നു. കൗൺസലിങ്ങിന് എത്തുന്ന ധാരാളം കേസുകൾ ആ വിഭാഗത്തിൽ പെടുന്നവയാണ്. ദൈവം തന്ന കുഞ്ഞ് എന്ന മനോഭാവമുണ്ടായാൽ അവരിൽ ഇല്ലാത്ത കഴിവിനെ വികസിപ്പിക്കാനുള്ള തത്രപാടിന്റെ ആവശ്യമില്ല. അവരുടെ താൽപര്യങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കണം. അതാണ് ദൈവത്തിന്റെ ഇച്ഛ എന്ന് തിരിച്ചറിയണം. നല്ല കലാവാസനയുള്ള കുട്ടി, അല്ലെങ്കിൽ കളികളിൽ താൽപര്യമുള്ള കുട്ടി, അവർക്ക് പഠനത്തിൽ ചിലപ്പോൾ താൽപര്യകുറവുണ്ടാകാം. അവരെ തല്ലി പഠിപ്പിക്കാൻ നോക്കുന്നതിനു പകരം അവരുടെ കലാ-കായികവാസനകൾക്ക് വളം വെച്ചുകൊടുക്കുകയാണ് വേണ്ടത്. നമ്മുടെ കുഞ്ഞിന്റെ ഭാവി നമ്മുടെ കൈയിലല്ല എന്ന് ഓർമിച്ചുകൊണ്ട് അതിന്റെ വളർച്ചക്ക് വിഘാതം സൃഷ്ടിക്കാതിരിക്കുക. നമ്മുടെ പി.ടി. ഉഷയും ശ്രീശാന്തുമെല്ലാം ലോകപ്രസിദ്ധരായത് പഠനത്തിൽ മികവുകാട്ടിയതുകൊണ്ടല്ല എന്ന് ഓർമ്മിക്കുക. ഇതുതന്നെയാണ് ചാവറയച്ചനും സൂചിപ്പിക്കുന്നത്.

'നിങ്ങൾക്കും വാർദ്ധക്യകാലം വരും. അന്നു മക്കളിൽ നിന്നു എന്തെങ്കിലും പ്രയോജനം ലഭിക്കണമോ' എന്നും ചാവറയച്ചൻ ചോദിക്കുന്നു. ഇതും വളരെ പ്രധാനമാണ്. കുട്ടികൾക്ക് നല്കുന്ന കഠിനശിക്ഷ, തെറ്റായ കുറ്റാരോപണം, അനാവശ്യ ഇടപെടലുകൾ എല്ലാം വാർദ്ധക്യത്തിൽ തിരിച്ചടിയായി വരും. കുട്ടികൾക്ക് നൽകുന്ന സ്നേഹവും പരിഗണനയും ഫിക്സഡ് ഡിപ്പോസിറ്റുപോലെയാണ്. അത് പ്രായമാകുമ്പോൾ പലിശ സഹിതം തിരിച്ചുലഭിക്കും. അതു കൊണ്ടുതന്നെ കുട്ടികളെ വീടിനും നാടിനും കൊള്ളുന്നവരായി, സ്നേഹിക്കാനും ബഹുമാനിക്കാനും പ്രാപ്തരായി വളർത്തണം. അങ്ങനെ ചെയ്യുന്നതിലൂടെ ഒരു പുതിയ രാഷ്ട്രനിർമിതിയിൽ നിങ്ങൾ പങ്കാളികളാകുകയാണ്.

## മുതിർന്നവരുടെ മാതൃക

'വീടിനകത്തുപോലും വസ്ത്രമില്ലാതെ കൊച്ചുകുഞ്ഞുങ്ങളെ നടത്തരുത്. അവർക്ക് മനസ്സിലാകുകയില്ല എന്നു കരുതി അവരുടെ മുമ്പിൽവെച്ച് അസഭ്യവചനങ്ങളോ പരദൂഷണമോ പറയരുത് ' എന്ന് ചാവറയച്ചൻ പറയുന്നു. ഈ രണ്ടു കാര്യങ്ങളും കുട്ടികളുടെ വ്യക്തിത്വരൂപീകരണത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു.

കുട്ടികളെ സംബന്ധിച്ചിടത്തോളം അവരുടെ മാതൃക മുതിർന്നവരാണ്. മുതിർന്നവരുടെ ഭാഷണവും പ്രവൃത്തിയും അനുകരിക്കാനുള്ള വാസന അവർക്കുണ്ടാകും. കുട്ടികളോട് മൂല്യങ്ങളെക്കുറിച്ച് പറയുകയും അതിനു വിപരീതമായി അവരുടെ സാന്നിധ്യത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും എന്നതാണ് ഇന്നു കണ്ടുവരുന്ന രീതി. ഇത് ശരിയല്ല. ഇത് കുട്ടികളിൽ ആശയകുഴപ്പമുണ്ടാക്കുമെന്നുമാത്രമല്ല മുതിർന്നവരെ അനുകരിച്ച് സ്വയം വലുതാവാനായിരിക്കും അവർ ശ്രമിക്കുക. ചെറുപ്പത്തിൽ മുതിർന്നവരെ എടാ, എടീ,പട്ടീ എന്നിങ്ങനെ സംബോധനചെയ്യുന്ന കുട്ടികളുണ്ട്. ഇതിനു പിന്നിൽ മുമ്പുപറഞ്ഞ കാരണമാണുള്ളത്. ഇതു തുടക്കത്തിലേ തിരുത്തിയില്ലെങ്കിൽ ചൊട്ടയിലെ ശീലം ചുടലവരെ എന്നു പറയുന്നതു പോലെ എത്ര വലുതായാലും ഉന്നതോദ്യോഗസ്ഥരായാലും നാവിൽ ചീത്തയേ വരികയുള്ളൂ. ഇത് ഇവരുടെ വ്യക്തിത്വരൂപീകരണത്തെ ദോഷകരമായി ബാധിക്കും.

വസ്ത്രധാരണത്തിന്റെ കാര്യവും അതുപോലെതന്നെ. ചെറുപ്പത്തിലെ വസ്ത്രം ധരിപ്പിക്കുക എന്നത് ശരീരബോധം ഉണ്ടാകാനു

വസ്ത്രം ധരിക്കണം എന്ന ഒരു സംസ്കാരിക പരിശീലനം ലഭിക്കാനും ഇടയാകും. സ്വകാര്യഅവയവങ്ങളെ വൃത്തിയായി സംരക്ഷിക്കാനും കുട്ടികളിൽ ലൈംഗീക ഹോർമോൺ ഉത്പാദിപ്പിക്കുന്നില്ലെങ്കിൽകൂടി ലൈംഗീകവയവത്തിൽ സ്പർശിക്കുന്നതും മറ്റും അവർക്ക് സന്തോഷാനുഭൂതി ഉണ്ടാക്കും. അതുകൊണ്ട് കുട്ടികളുടെ കളികൾക്കിടയിൽ ഇത്തരം പ്രവൃത്തികൾ കടന്നുകൂടുന്നത് കാണുന്നുണ്ട്. മാത്രമല്ല കുട്ടികളുടെ നഗ്നത മുതിർന്നവരെ ലൈംഗീകമായി ഉത്തേജിപ്പിക്കും. അവർ കുട്ടികളെ ലൈംഗീകമായി ദുരുപയോഗം ചെയ്യുന്ന ധാരാളം അനുഭവകഥകളും ഉണ്ട്. പലപ്പോഴും ഇത്തരം നീക്കങ്ങൾ അപരിചിതരിൽ നിന്നല്ല ബന്ധുക്കളിൽനിന്നുതന്നെയാണ് ഉണ്ടാകുന്നതെന്നും ഓർക്കുക. നോക്കാനേൽപ്പിച്ച പത്തുമാസം പ്രായമായ കുഞ്ഞിനെ അമ്മാവൻ ലൈംഗീകോപദ്രവം ചെയ്ത സംഭവം അടുത്തിടെ പത്രവാർത്തയായിരുന്നു. ഇത്തരം അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാനായി ചെറുപ്പത്തിലേ വസ്ത്രം ധരിപ്പിച്ച് ശീലിപ്പിക്കേണ്ടതുണ്ട്.

മാതാപിതാക്കൾ കിടന്നുറങ്ങുന്ന മുറിയിൽ മക്കളെ കിടത്താതിരിക്കുന്നതാണു നല്ലത്. കാരണവന്മാരോടുള്ള സ്നേഹബഹുമാനങ്ങൾക്ക് ഉലച്ചിൽ തട്ടാതിരിക്കാൻ ഈ പരിശീലനം നന്നായിരിക്കും. "ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് ഒരേ മുറിയിൽ ഉറങ്ങുന്നതും അഭിലഷണീയമല്ല; അനുവദനീയമല്ല; കാരണം, അറിയാത്തതും അറിയരുതാത്തതുമായ കാര്യങ്ങൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ പിശാചു മുൻകൈയെടുക്കും." ചാവറയച്ചന്റെ ഈ പ്രസ്താവനയും പ്രസക്തമാണ്. മാതാപിതാക്കളുടെ കൂടെ കുട്ടികളെ ഉറക്കാൻ കിടത്തുമ്പോൾ പല അപകടങ്ങളുമുണ്ട്. കുഞ്ഞ് ഉറങ്ങി എന്നു കരുതി അവർ ശാരീരികബന്ധത്തിലേർപ്പെടുകയും എന്നാൽ പലപ്പോഴും കുഞ്ഞുങ്ങൾ ഇത് കാണാൻ ഇടയാകുകയും ചെയ്യുന്നു. ഇത്തരം പ്രവൃത്തികളിൽ കൗതുകവും താല്പര്യവും തോന്നുന്ന കുഞ്ഞ് സ്കൂളിലും മറ്റും ചെന്ന് കൂട്ടുകരോട് ഇതേ ചേഷ്ഠകൾ കാണിക്കുന്നു. കൗൺസലിങ്ങിൽ ഇത്തരത്തിലൊരു പ്രശ്നം വന്നത് ഓർക്കുക.

എൽ.കെ.ജി. ക്ലാസിലെ ഒരു കുട്ടിയുടെ പ്രവൃത്തികൾ സ്കൂൾ അധികൃതരെ അമ്പരിപ്പിച്ചു. അവർ വീട്ടുകാരെ വിവരമറിയിക്കുകയും എല്ലാവരും ചേർന്ന് കുട്ടിയെ ചോദ്യം ചെയ്യുകയും ചെയ് തു. പക്ഷേ

പ്രശ്നത്തിന്റെ ഉറവിടം കണ്ടെത്താനായില്ല. അങ്ങനെയാണ് കൗൺസലിങ്ങിനെത്തിയത്. കൗൺസലിങ്ങിൽ കുട്ടി പറഞ്ഞത് തന്റെ കസിനാണ് ഈ കളി പഠിപ്പിച്ചത് എന്നാണ്. കസിൻ നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടിയാണ്. ആ കുട്ടിയെ വിളിച്ചു സംസാരിച്ചപ്പോൾ വളരെ സ്വാഭാവികമായിരുന്നു മറുപടി. ഞങ്ങൾ കൂട്ടുകാർ ഈ കളി കളിക്കാറുണ്ട്. അച്ഛനും അമ്മയും കാണിച്ചതു കണ്ടാണ് പഠിച്ചത്. കുട്ടിയുടെ ഈ വെളിപ്പെടുത്തൽ മാതാപിതാക്കളെ ഞെട്ടിച്ചുകളഞ്ഞു. സംഭവം ശരിയാണെന്ന് അവർ സമ്മതിച്ചു. കുട്ടികൾ വളർന്നുവരുമ്പോഴും ഇത്തരം ഓർമ്മകൾ അവരുടെ മനസ്സിൽ നിലനിൽക്കും എന്നതാണ് സത്യം. കുട്ടികളെ കൂടെ കിടത്തുന്നത് മാതാപിതാക്കളോട് ബഹുമാന കുറവുണ്ടാകാൻ കാരണമാകും എന്ന് ചാവറയച്ചൻ പറഞ്ഞതിനു പിന്നിൽ ഇത്തരം കാരണങ്ങളാകാം.

## എപ്പോഴുമൊരു കണ്ണ്

അതുപോലെതന്നെ പ്രധാനമായ സംഗതിയാണ് ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചുറങ്ങുമ്പോൾ സംഭവിക്കുന്നത്. പരസ്പരമുണ്ടകുന്ന ലൈംഗീക സ്പർശനങ്ങൾ സന്തോഷാനുഭൂതി നല്കുകയും ക്രമേണ സഹോദരബന്ധം മറികടന്നുകൊണ്ടുള്ള ബന്ധങ്ങളിലേയ്ക്ക് അവരുടെ മനസ്സ് പായുകയും ചെയ്യാം. ഇത്തരത്തിലുള്ള പല കേസുകളും കൗൺസലിങ്ങിന് എത്താറുണ്ട്.

കുഞ്ഞുങ്ങൾ കളിക്കുമ്പോൾ പോലും കാരണവന്മാരുടെ ഒരു കണ്ണ് അവരുടെ മേൽ ഉണ്ടായിരിക്കണം. അതിനു വിപരീതമായി ദൃഷ്ടിയിൽ നിന്നകന്ന്, അകലെ പോയിരുന്നു കളിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്കനുവദിച്ചു കൊടുക്കരുത്. കുട്ടികളെ വേണ്ടവിധം സൂക്ഷിക്കാത്ത വേലക്കാരെ വിശ്വാസിച്ചു കുഞ്ഞുങ്ങളെ ഏല്പിക്കരുത്. മിക്കപ്പോഴും കുഞ്ഞുങ്ങളെ വഴിതെറ്റിക്കുന്നതും മോശമാക്കുന്നതും വേലക്കാരാണെന്നു മറക്കരുത്. ചാവറയച്ചന്റെ ഈ ഉപദേശം അനുവർത്തിക്കേണ്ടതാണ്. കുട്ടികൾ മാതാപിതാക്കളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽതന്നെ വളരുന്നതാണ് നല്ലത്. അവർ എന്തു ചെയ്യുമ്പോഴും കളിക്കുമ്പോൾപോലും ഒരു കണ്ണ് അവരുടെ മേൽ ഉണ്ടാവണം. കുട്ടികളുടെ അറിവില്ലായ്മ അവരെ വലിയ അപകടങ്ങളിൽകൊണ്ടുപോയി ചാടിക്കും. ഈയിടെ സദ്ദാം ഹുസൈന്റെ തൂങ്ങിമരണം അനിയത്തിക്കു മുമ്പിൽ അഭിനയിച്ചു കാണിച്ച ബാലൻ കഴുത്തുമുറുകി മരിച്ചുപോയത് പത്രത്തിൽ വായിച്ചിരിക്കുമല്ലോ. സിനിമ

യിലും സീരിയലിലും മറ്റും ഉള്ള സാഹസിക രംഗങ്ങൾ അനുകരിക്കുക കുട്ടികളുടെ സ്വഭാവമാണ്. അതൊക്കെ ഇത്തരം അപകടങ്ങളിലേയ്ക്ക് കൊണ്ടെത്തിക്കാറുണ്ട്. അതുപോലെ തന്നെ മുറ്റത്തെ ചെളികുഴിയിൽ വീണുമരിച്ചു. പാത്രത്തിലെ വെള്ളത്തിൽ മുങ്ങിമരിച്ചു, കുഴൽക്കിണറിൽ വീണു പരിക്കുപറ്റി തുടങ്ങിയ പലതരം അപകടങ്ങളെക്കുറിച്ച് നാം നിത്യവും കേട്ടുകൊണ്ടിരിക്കുന്നു.

വേറൊന്ന് കുട്ടികളെ തട്ടികൊണ്ടുപോകൽ ആണ്. പണ്ടൊക്കെ പിള്ളേരെപിടുത്തക്കാർ കൊണ്ടുപോകും എന്ന് പറഞ്ഞ് കുട്ടികളെ നമ്മൾ പേടിപ്പിക്കാറുണ്ട്. എന്നാൽ ഇന്നത് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കൂട്ടുകാരോടൊത്ത് കളിച്ചുകൊണ്ടിരുന്ന രാഹുലിനെ കാണാതായിട്ട് വർഷങ്ങൾ കഴിഞ്ഞു. സി.ബി.ഐ.ക്കുപോലും ഇതുവരെ തുമ്പുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അമ്മൂമ്മയുടെ കൂടെപ്പോയ കുട്ടിയെ ഒരു സ്ത്രീ തട്ടികൊണ്ടുപോകാൻ ശ്രമിച്ചു, എന്നത് അടുത്ത കാലത്തു കേട്ട ഒരു വാർത്തയാണ്. ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാൻ കുട്ടികളിൽ എപ്പോഴും ഒരു കണ്ണുണ്ടായിരിക്കുക തന്നെയാണ് പ്രതിവിധി. ഇതെല്ലാം യാദൃശ്ചികമായി സംഭവിക്കുന്ന അപകടങ്ങളുടെ കാര്യം. ഇതിലും പ്രധാനമാണ് കുട്ടികളുടെ മേലുള്ള അശ്രദ്ധ അവരുടെ സ്വഭാവരൂപീകരണത്തെത്തന്നെ വിപരീതമായി ബാധിക്കും എന്നത്. ചീത്ത് കൂട്ടുകെട്ട് കുട്ടികളെ കള്ളത്തരങ്ങളിലേയ്ക്ക് നയിക്കും എന്നതിൽ സംശയമൊന്നുമില്ല. കുട്ടികളുടെ ഇത്തരം മാറ്റങ്ങൾ നാം തിരിച്ചറിയുമ്പോഴും പലപ്പോഴും ഏറെ വൈകിയിരിക്കും. അവർ വീട്ടിൽ നിന്നുപോയാൽ നേരെ സ്കൂളിൽത്തന്നെയാണോ എത്തുന്നത്, അവരുടെ പഠനനിലവാരം, അവർ തങ്ങളെ മാർക്ക് തിരുത്തിയും മറ്റും കമ്പളിപ്പിക്കാറുണ്ടോ എന്നൊന്നും പലപ്പോഴും മാതാപിതാക്കൾ അറിഞ്ഞെന്നുവരികയില്ല. അച്ഛനെയും അമ്മയെയും വരെ മാർക്കറ്റിൽ കിട്ടുന്ന കാലമാണിതെന്നോർക്കണം. കുട്ടികളുടെ ഇത്തരം വികൃതികൾക്ക് മാതാപിതാക്കളുടെ അശ്രദ്ധതന്നെയാണ് കാരണം. ഇതിലും ഗൗരവമായ വേറൊരു കാര്യം, ലൈംഗീകചൂഷണത്തിനു വിധേയമാകൽ, മയക്കുമരുന്നിന്റെ ഉപയോഗം തുടങ്ങി കൂടുതൽ അപകടകരമായ അവസ്ഥയിലേക്കുവരെ കുട്ടികളെ എത്തിക്കുന്നതിന് ഒരു കാരണം മാതാപിതാക്കളുടെ അനാസ്ഥയാണ് എന്നതാണ്.

ജോലിക്കാരെ കുട്ടികളെ നോക്കാൻ ഏല്പ്പിക്കുന്നതും അപകടം ക്ഷണിച്ചുവരുത്താൻ ഇടയാക്കും. നമുക്കു ലഭിക്കുന്ന ജോലി

ക്കാർ സംസ്ക്കാര സമ്പന്നരാവണമെന്നില്ല. പലപ്പോഴും ദുശ്ശീലങ്ങളുടെ ആദ്യപാഠങ്ങൾ അവിടന്നായിരിക്കും കിട്ടുക.

"തിരിച്ചറിവ് ഉണ്ടായാലുടൻ കുട്ടികളെ വിദ്യാലയത്തിൽ അയക്കണം. തന്നെയുമല്ല അവർ പഠിക്കുന്നുണ്ടോ എന്നും എങ്ങനെയുള്ളവരുടെ കൂട്ടുകൂടി നടക്കുന്നു എന്നും പ്രത്യേകം അന്വേഷിച്ചറിയണം. കൂടാതെ ഞായറാഴ്ചതോറും അവർ എന്തെല്ലാം പഠിച്ചുവെന്നു പരിശോധിച്ചറിയുകയും വേണം." ചാവറയച്ചന്റെ ഈ നിർദ്ദേശം കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ എക്കാലത്തെയും മാതാപിതാക്കൾ അനുവർത്തിക്കേണ്ട ദിനചര്യയാണ്.

"ബന്ധുക്കളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ താമസിപ്പിക്കാതിരിക്കുന്നതാണ് നല്ലത്. കാരണം, പലപ്പാഴും അവർ അങ്ങോട്ടു പോകുമ്പോൾ മാലാഖമാരായിരിക്കും. തിരിച്ചുവരുമ്പോൾ പിശാചുക്കളും" ചാവറയച്ചൻ പറയുന്നു.

നമ്മുടെ ബന്ധുക്കൾ തന്നെയാണെങ്കിലും അവരുടെ ജീവിതനിലവാരവും ജീവിതസംസ്കാരവും നമ്മുടേതിൽ നിന്ന് വ്യത്യസ്തമായിരിക്കും. അവിടെപ്പോയി കുറേദിവസം ചെലവഴിക്കുന്ന കുട്ടി അത്തരം ശീലങ്ങളുമായിട്ടായിരിക്കും തിരിച്ചുവരവ്. മറ്റൊന്ന് ബന്ധുവീട്ടിൽ വിരുന്നു ചെല്ലുന്ന കുട്ടികൾക്ക് കൂടുതൽ സ്വാതന്ത്ര്യവും ലാളനയും കിട്ടും. ഇത് താത്കാലികമാണെന്ന് മനസ്സിലാക്കാത്ത കുട്ടി സ്വന്തം വീട്ടിലെ നിയന്ത്രണങ്ങളെ സ്നേഹമില്ലായ്മയായി തെറ്റിദ്ധരിക്കും. വേറൊന്ന് ബന്ധുവീട്ടിൽ കുട്ടി ലൈംഗീക ചൂഷണത്തിന് വിധേയരാകാനുള്ള സാധ്യത കൂടുതലാണെന്നാണ്. ഇതെല്ലാം മുൻകൂട്ടി കണ്ടിട്ടാവാം അങ്ങോട്ടുപോയ മാലാഖ തിരിച്ചുവരുമ്പോൾ പിശാചായിരിക്കും എന്ന് ചാവറയച്ചൻ പറയുന്നത്.

" നിങ്ങളുടെ കുട്ടികൾ നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങളെല്ലാം അതാതുസമയങ്ങളിൽ പഠിച്ചിരിക്കണം." എന്നു പറയുന്നതിലൂടെ മതാചാരങ്ങൾ ശരിയായ സമയത്തു തന്നെ നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് പറയുന്നത്. കുട്ടികളെ നല്ല മനസ്സുള്ളവരും ഈശ്വരവിശ്വാസികളുമായി വളരാൻ സഹായിക്കുന്നവയാണ് മതാചാരങ്ങൾ. കുടുംബപ്രശ്നങ്ങൾ കൊണ്ടോ പ്രായോഗിക ബുദ്ധിമുട്ടുകൊണ്ടോ അതു മാറ്റിവെയ്ക്കപ്പെടുമ്പോൾ കുട്ടികളുടെ മതപരമായ അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്.

## അമിത വാത്സല്യവും അതികാർക്കശ്യവും പാടില്ല.

മക്കളോടുള്ള പെരുമാറ്റത്തെക്കുറിച്ചാണ് അടുത്തതായി സൂചിപ്പിക്കുന്നത്. "മക്കളോട് അമിതവാത്സല്യം കാണിക്കരുത്. അതുപോലെതന്നെ അതികാർക്കശ്യവും. കാരണം അമിതവാത്സല്യം അഹങ്കാരം ജനിപ്പിക്കും. അതികാർക്കശ്യവും കഠിനശിക്ഷയും കുട്ടികൾക്കു നാണക്കേടും മറ്റു മനോവിഷമങ്ങളും വരുത്തും." എന്നുപറഞ്ഞുകൊണ്ട് കുട്ടികളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നു അദ്ദേഹം. ശരിയായ മനശാസ്ത്ര തത്ത്വങ്ങൾ അതിലടങ്ങിയിരിക്കുന്നത് കാണാം. അദ്ദേഹം പറയുന്നതു നോക്കുക: "വടി എടുക്കുന്നതിനുമുമ്പ് അവരെ വിവേകപൂർവ്വം ഗുണദോഷിക്കുക; ശകാരിക്കുക; കുറ്റമെന്താണെന്നു ബോധ്യപ്പെടുത്തുക....... കുറ്റം ആവർത്തിക്കാതിരിക്കാൻ പറ്റിയ ആധുനിക രീതിയിൽ അവലംബിക്കുക."

"മക്കളെ ശകാരിക്കുമ്പോൾ ഒരിക്കലും ശപിക്കുകയോ അസഭ്യവചനങ്ങൾ പറയുകയോ ചെയ്യരുത്. കാരണം അവ മക്കളെ നല്ലവരാക്കുന്നതിനു പകരം ചീത്തയാക്കാനേ വഴിതെളിക്കൂ. തന്നെയുമല്ല അവരും പ്രായമാകുമ്പോൾ അവരുടെ മക്കളോടും ഇപ്രകാരം പെരുമാറാൻ ഇടയാകും. അതിന് അവരെ പഠിപ്പിക്കുകയായിരിക്കും അതുവഴി മാതാപിതാക്കൾ ചെയ്യുക."

അമിതവാത്സല്യത്തിന്റേയും അതികാർക്കശ്യത്തിന്റേയും വിനയെക്കുറിച്ച് ഉദാഹരണങ്ങൾ പറയാം. ഒരു 11–ാം ക്ലാസുകാരൻ, മാതാപിതാക്കൾ ലാളിച്ചുവളർത്തുന്ന കുട്ടി . എന്തുചോദിച്ചാലും ഉടൻ സാധിപ്പിച്ചുകിട്ടുന്നതാണ് ശീലം. ഇക്കുറി അവന് വേണ്ടത് കമ്പ്യൂട്ടറാണ്. കമ്പ്യൂട്ടർ വാങ്ങിനൽകാൻ വീട്ടുകാർ തയ്യാറാകുകയും ചെയ്തു. പക്ഷേ ഇന്റർനെറ്റും മറ്റും കുട്ടികളെ വഴിതെറ്റിക്കുന്നു എന്ന് കേട്ടറിഞ്ഞിട്ടുള്ള പിതാവ് ഒരു നിർബന്ധന വച്ചു. പൊതുമുറിയിൽ വേണം കമ്പ്യൂട്ടർ വെയ്ക്കാൻ എന്നതായിരുന്നു അത്. കുട്ടി ഇത് സമ്മതിച്ചുകൊടുത്തില്ല. അവന് ഇഷ്ടപ്പെട്ട പെൺകുട്ടിയുമായി ചാറ്റ് ചെയ്യാനായിരുന്നു കമ്പ്യൂട്ടർ ആവശ്യപ്പെട്ടത്. അതിനു തടസ്സമാകുമെന്നു കണ്ടപ്പോൾ കുട്ടി അച്ചന്റെ മൂക്കിനിടിച്ച് പരിക്കേല്പിച്ചു. കുട്ടിക്ക് ചെറിയ ഇച്ഛാഭംഗം പോലും സഹിക്കാൻ കഴിയാതെ പോയത് മാതാപിതാക്കളുടെ അമിതലാളനകൊണ്ടാണ്. ഇതിന്റെ മറുവശമാണ് അമിതകാർക്കശ്യം. ഇതും കുട്ടികളെ നിഷേധികളാക്കാൻ ഇടയാക്കും. മാത്രമല്ല ചെറുപ്പത്തിൽ കിട്ടുന്ന കഠിനശിക്ഷ ഒരു മുറിവായി

മനസ്സിൽ കിടക്കും. കൗൺസലിങ്ങിനു വന്ന ഒരു മനുഷ്യൻ, ഒരു വലിയ ബിസിനസുകാരനാണ്. കുട്ടിക്കാലത്ത് എന്തോ കുറ്റത്തിന് പിതാവു തല്ലി. തല്ലിയപ്പോൾ കരഞ്ഞു. പിന്നെ കരച്ചിൽ നിർത്താൻ പറഞ്ഞായി തല്ലൽ. കെട്ടിയിട്ട് അടിച്ചു. ഇപ്പോഴും ആ കറുത്ത ദിനം അയാളുടെ മനസ്സിൽ ഉണ്ട്. വർഷങ്ങൾ ഇത്രകഴിഞ്ഞിട്ടും അച്ഛനോട് ക്ഷമിക്കാൻ കഴിയുന്നില്ല അയാൾക്ക്. അമിത വാത്സല്യവും അതി കാർക്കശ്യവും വിഷം പോലെയാണ്. അതു കുട്ടികളെ നന്നാക്കുക യല്ല നശിപ്പിക്കുകയാണ് ചെയ്യുന്നത്. ശപിക്കുകയോ അസഭ്യം പറ യുകയോ ചെയ്യുന്നതും ഇതുപോലെയാണ്. അമ്മയായാലും അച്ഛ നായാലും ശാപവാക്കുകൾ ഉരുവിടുമ്പോൾ അതു കുട്ടികളുടെ മന സ്സിൽ തീക്കനൽപോലെ പടരും. മാത്രമല്ല മക്കളോട് പെരുമാറേണ്ടത് ഇങ്ങനെയാണ് എന്നൊരു ദുർമാതൃകയാണ് അതിലൂടെ അവരിലേ യ്ക്കെത്തുന്നത്. ഇത് തലമുറ തലമുറകളിലേയ്ക്ക് പകരും. മാതാപി താക്കൾ എപ്പോഴും കുട്ടികൾക്ക് നല്ല മാതൃകയായിരിക്കണം. പണ്ടൊരു തമാശപറയും അപ്പനും മക്കളും കൂടി വഴക്കിട്ടു. വഴക്കു മൂത്തപ്പോൾ മക്കളെല്ലാവരും കൂടി അപ്പനെ വലിച്ചിഴച്ചു പടിക്കൽ വരെ കൊണ്ടുപോയി. അവിടെയെത്തിയപ്പോൾ അപ്പൻ പറഞ്ഞു. നിർത്ത്, നിർത്ത്, നിർത്ത് ഇവിടെ വരെ മതി. ഞാൻ എന്റെ അപ്പനെ ഇവിടെവരെയേ വലിച്ചിട്ടുള്ളൂ. ഇതൊരു കഥയാണ്. പക്ഷേ കഥയിൽ കാര്യമുണ്ട്. മുത്തപ്പന്റെ ചട്ടി അപ്പന് എന്നാണല്ലോ.

## നടോടുമ്പോൾ നടുവേയോ?

കുട്ടികളോട് സ്നേഹത്തെക്കുറിച്ചും ബഹുമാനത്തെക്കുറിച്ചും വാ തോരാതെ പറയുകയല്ല വേണ്ടത്. തങ്ങളുടെ പ്രവൃത്തികൾ അവർക്ക് മാതൃകയാകുകയാണ് വേണ്ടത്. ഇതിനെക്കുറിച്ചാണ് ചാവ റയച്ചൻ "അപ്പനോട് വേണ്ടത്ര സ്നേഹാദരങ്ങൾ അമ്മ കണിക്കണം. അതുകണ്ട് മക്കൾ പഠിക്കണം. പിതാവിന് കുടുംബനാഥന്റെ സ്ഥാന മാണ് കുടുംബത്തിലുള്ളതെന്നും അദ്ദേഹത്തെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതാണെന്നും മനസ്സിലാക്കണം. അപ്ര കാരംതന്നെ മാതാവിനേയും പിതാവ് ആദരിക്കണം, സ്നേഹിക്കണം. അതുകണ്ട് മക്കളും തന്നെ അനുകരിക്കുവാൻ പിതാവ് മുൻകൈ എടുക്കണം. നല്ല മാതൃക കാണിച്ചുകൊടുത്തു പഠിപ്പിക്കണം. മാതാ പിതാക്കൾ പരസ്പരം സ്നേഹാദരങ്ങൾ പങ്കുവെയ്ക്കുന്നില്ലെങ്കിൽ മക്കളും അവരെ സ്നേഹിക്കുകയില്ല; ബഹുമാനിക്കുകയില്ല; ആവ ശ്യനേരത്ത് ഉപകരിക്കുകയുമില്ല." എല്ലാ മാതാപിതാക്കളും

എപ്പോഴും ഓർത്തിരിക്കേണ്ട ഒരുപദേശമാണിത്.

നാടോടുമ്പോൾ നടുവേ എന്നതാണ് പൊതുവെ നാം പറഞ്ഞു കേൾക്കുന്നത്. ഇതല്ല ശരിയായ രീതി എന്നാണ് ചാവറയച്ചൻ പറയുന്നത്. അദ്ദേഹം പറയുന്നു നാടോടുമ്പോൾ നടുവേ എന്നു പറഞ്ഞുകൊണ്ട് അനീതി നിറഞ്ഞ ലോകത്തിൽ അല്പം നുണയും ചതിയും തട്ടിപ്പും വെട്ടിപ്പുമൊക്കെ ആകാം എന്ന ധാരണ മക്കളിൽ വളരാൻ ഇടയാക്കരുത്. അന്ധകാരത്തിന്റെ നടുവിൽ ഒരു കൈത്തിരി കത്തിക്കുന്ന മട്ടിൽ, സത്യത്തേയും നീതിയേയും സദാസമയവും മുറുകെപിടിക്കുവാൻ അവരെ അഭ്യസിപ്പിക്കുക. ഏതെങ്കിലും തെറ്റു കണ്ടാൽ ഉടനെ കുറ്റപ്പെടുത്തുക. ശാസിക്കുക. കുട്ടികളുടെ തെറ്റുകളെ ചൂണ്ടികാണിക്കുകയും തിരുത്തുകയും ചെയ്യേണ്ടത് മുതിർന്നവരുടെ കടമയാണ്. അതുചെയ്യാതെ അവരോട് ഇഷ്ടം പറയുന്നത് അവരുടെ മിത്രങ്ങളല്ല ശത്രുക്കളാണ്. "ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ കഷ്ടകാലത്തിങ്കലില്ലെന്നു നിർണ്ണയം" എന്ന കുഞ്ചൻനമ്പ്യാർ പറഞ്ഞിട്ടുള്ളതോർക്കുക.

കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം എന്നാണ് പറയാറ്. കുടുംബത്തിന്റെ ഈ കൂട്ടായ്മ പ്രകടമാകുന്നത് ഒരുമിച്ചുള്ള പ്രാർത്ഥന, ഭക്ഷണം എന്നിവയിലാണ്. സന്ധ്യാപ്രാർത്ഥനയ്ക്ക് എല്ലാവരും ഒന്നിച്ചുകൂടണമെന്നും പ്രാർത്ഥനയ്ക്കുശേഷം മാതാപിതാക്കളെ വന്ദിക്കാൻ പരിശീലിപ്പിക്കണമെന്നു ചാവറയച്ചൻ പറയുന്നു. ആധുനിക കുടുംബങ്ങളിലെ പല പ്രശ്നങ്ങൾക്കും കാരണം ഇത്തരം കൂട്ടായ്മകൾ ഉണ്ടാകുന്നില്ല എന്നതാണ്. പരസ്പരം മനസ്സിലാക്കാനും പങ്കുവെയ്ക്കാനും ഉള്ള ഇത്തരം വേദികൾ സൃഷ്ടിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പ്രായമായ കുട്ടികളെ പ്രത്യേകിച്ച് പെൺകുട്ടികളെ തന്നിഷ്ടം പോലെ നടക്കാൻ അനുവദിക്കരുതെന്ന് ചാവറയച്ചൻ പറയുന്നു. അതുപോലെത്തന്നെ പെൺകുട്ടികളെ നാട്ടുനടപ്പിന്റെയും തറവാട്ടു മഹിമയുടേയും മറ്റും പേരിൽ ആടയാഭരണങ്ങൾ ധരിച്ച് പ്രദർശന വസ്തുക്കളാക്കുന്നതിനേയും അദ്ദേഹം എതിർക്കുന്നു. ഇവ രണ്ടും എത്രയോ ആത്മാക്കളിൽ നരകത്തീ ഊതിക്കത്തിച്ചു പിടിപ്പിക്കുന്നു! എത്രയോ കുടുംബങ്ങളിൽ നരകം സൃഷ്ടിക്കുന്നു." എന്നതാണ് അദ്ദേഹം പറയുന്നത്. മാത്രമല്ല യഥാർത്ഥത്തിൽ ഒരു പെൺകുട്ടിയുടെ ഏറ്റവും വിലയേറിയ ആഭരണം അവളുടെ ചാരിത്ര്യമാണ്; കണ്ണടക്കമാണ്; അച്ചടക്കമാണ്; ദൈവഭക്തിയാണ്" എന്നും അദ്ദേഹം

കൂട്ടിച്ചേർക്കുന്നു. ആടയാഭരണങ്ങളേക്കാൾ സ്വഭാവശുദ്ധിയാണ് പെൺകുട്ടികളുടെ ധനം എന്നാണ് അദ്ദേഹം പറയുന്നത്. ആണുങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള വസ്ത്രധാരണവും സ്ത്രീധനം പോലുള്ള മറ്റ് ആകർഷണങ്ങളുമായി പെൺകുട്ടികളെ വില്പനച്ചരക്കാക്കുന്ന പുതിയ കാലത്തിൽ ചാവറയച്ചന്റെ ഈ ഉപദേശം ഒന്നു കേൾക്കേണ്ടതാണ്.

## പിള്ളപ്പട തള്ളപ്പട

കുട്ടികൾ നിഷ്കളങ്കതയുടെ പര്യായമാണ്. അവർ എളുപ്പത്തിൽ പിണങ്ങുകയും ഇണങ്ങുകയും ചെയ്യും. അതേറ്റുപിടിച്ച് വഴക്കുണ്ടാക്കുന്ന മാതാപിതാക്കൾ വിഡ്ഢികളാണ്. ടാഗോറിന്റെ ഒരു കഥയുണ്ട്. രണ്ടുകുട്ടികൾ തമ്മിൽ വഴക്കിട്ടു. മാതാപിതാക്കൾ അതേറ്റുപിടിച്ചു. വഴക്കായി. ഇരുപക്ഷത്തും വാദിക്കാൻ ആളുകളെത്തി. ഒടുവിൽ അത് രണ്ടു ചേരിക്കാർ തമ്മിലുള്ള തെരുവുയുദ്ധമായി മാറി. വഴക്കിങ്ങനെ തുടരുന്നതിനിടയിൽ ഒരാൾ ഉറക്കെ വിളിച്ചുപറഞ്ഞു: "അങ്ങോട്ടു നോക്കൂ അങ്ങോട്ടുനോക്കൂ" എന്ന്. ഒരു നിമിഷം എല്ലാവരും അയാൾ കൈചൂണ്ടിയിടത്തേയ്ക്കുനോക്കി. അവിടെ കണ്ട കാഴ്ച, മുതിർന്നവരുടെ ഈ വഴക്കിലൊന്നും പെടാതെ ആ രണ്ടു കുട്ടികളും കൂടി കളിച്ചു രസിക്കുന്നതാണ്. ചാവറയച്ചനും അതുതന്നെയാണ് പറയുന്നത്. "കുട്ടികൾ തമ്മിലുള്ള വഴക്കുകൾ ഒരു കാരണവശാലും മാതാപിതാക്കൾ ഏറ്റുപിടിച്ച് വഴക്കുണ്ടാക്കരുത്. നിങ്ങളുടെ മക്കളെ മറ്റൊരുത്തൻ അപമാനിച്ചാലും മറ്റു കുഞ്ഞുങ്ങൾ തല്ലിയാലും നിങ്ങളതു ബലൂൺപോലെ ഊതി വീർപ്പിക്കരുത്. കുട്ടികളുടെ ഇങ്ങനെയുള്ള കാര്യങ്ങളിൽ തലയിടുന്ന കാരണവന്മാരും കുട്ടികളാണ്; പാകതയും പക്വതയും വരാത്തവരാണ്." സ്കൂളുകളിലും മറ്റും വച്ച് കുട്ടികളുണ്ടാക്കുന്ന വഴക്കുകളെക്കുറിച്ച് പരാതി പറയാനെത്തുന്ന മാതാപിതാക്കൾ പ്രത്യേകിച്ചും അമ്മമാർ ഇന്നും കുറവല്ല. ഇത്തരക്കാരെ ഉപദേശിച്ചാണ് ചാവറയച്ചന്റെ ഈ ഉപദേശം.

മക്കളെ വളർത്തേണ്ടതെങ്ങനെ എന്ന ചാവറയച്ചന്റെ ഉപദേശനിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അടുത്തത്. ഇത്രയും നേരം മക്കളെ നിയന്ത്രിക്കേണ്ടതിനെക്കുറിച്ചും അവർക്ക് അമിതസ്വാതന്ത്ര്യം നല്കുമ്പോഴുണ്ടാകുന്ന അപകടത്തെക്കുറിച്ചും പറഞ്ഞ അദ്ദേഹം വളർച്ചയുടെ ഘട്ടം പൂർത്തിയായതിനുശേഷം മക്കളോടുള്ള സമീപനത്തിൽ വരുത്തേണ്ട മാറ്റത്തെക്കുറിച്ചുപറയുന്നു."പ്രായ

മായ മക്കൾക്കു പൂർണ്ണസ്വാതന്ത്ര്യം നൽകണം; പ്രത്യേകിച്ചും അവരുടെ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്ന കാര്യത്തിൽ. കാരണം അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നതു ദൈവമാണ്; അതു തെരഞ്ഞെടുക്കേണ്ടത് അവരും. കാരണവന്മാർക്ക് അതിലെന്തുകാര്യം? ഈ കാര്യത്തിൽ കാരണവന്മാർ അനാവശ്യമായി തലയിട്ട് ദുരന്തങ്ങൾ ഏറ്റുവാങ്ങരുത്. വിവാഹിതരാകാൻ മക്കൾക്ക് സമ്മതമുണ്ടോ എന്ന കാര്യം അന്വേഷിച്ചറിയാൻ മറക്കരുത്. ബന്ധുജനങ്ങളുടെ സ്ഥാനമാനങ്ങളേക്കാളും ധനസ്ഥിതിയേക്കാളും കൂടുതൽ വിലകല്പിക്കേണ്ടത് അവരുടെ നല്ല ശീലത്തിനും മാനം മര്യാദയ്ക്കുമായിരിക്കണം. വേണ്ടവിധം അന്വേഷിച്ചറിയാതെ തിടുക്കത്തിൽ നടത്തുന്ന വിവാഹം മക്കൾക്കും മാതാപിതാക്കൾക്കും സന്തോഷത്തിനു പകരം സന്താപത്തിനു കാരണമായേക്കാം."


ഒരു ചെടി വളർന്നു വരുമ്പോൾ അതിനെ സംരക്ഷിക്കാൻ അതിനുചുറ്റും ഒരു വേലി വളച്ചുകെട്ടും. കഠിനമായ വെയിലിൽ നിന്നും തിന്നു നശിപ്പിക്കാൻ വരുന്ന ജീവികളിൽ നിന്നും രക്ഷിക്കാൻ കവചമാണത്. ചെടി വളർന്നുകഴിഞ്ഞലോ വേലിയുടെ ആവശ്യമില്ല. മാത്രമല്ല, അതിനു നിലനിൽക്കാൻ കൂടുതൽ ഇടവും വേണം. ചാവറയച്ചൻ പറയുന്നതും ഇതുതന്നെയാണ്. താൻ പെറ്റ മക്കളും തന്നോളമായാൽ താനെന്നു വിളിക്കണം എന്നാണ് പഴമൊഴി. പ്രായപൂർത്തിയായ മക്കളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതം നിർണ്ണയിക്കാനുളള കഴിവും തന്റേടവും അവർക്കുണ്ട്. അതവരുടെ അവകാശമാണ്. പലപ്പോഴും മക്കളുടെ ജീവിതത്തിൽ മാതാപിതാക്കൾ നടത്തുന്ന അനാവശ്യ ഇടപെടലുകൾ അവരുടെ ജീവിതത്തെത്തന്നെ തകർക്കുന്ന തരത്തിലേയ്ക്കു മാറുന്നുണ്ട്. പ്രത്യോകിച്ച് അവരുടെ വിവാഹ ജീവിതത്തിൽ നടത്തുന്ന ഇടപെടലുകൾ. കുടുംബത്തിന്റെ അന്തസ്സിനും ധനസ്ഥിതിക്കും അല്ല കുട്ടികളുടെ താത്പര്യത്തിനും മനുഷ്യത്വത്തിനുമാണ് പ്രാധാന്യം നല്കേണ്ടതെന്ന ചാവറയച്ചന്റെ ദർശനം സ്വീകരിച്ചാൽ നമുക്കിടയിലെ ഒരുപാടു പ്രശ്നങ്ങൾ ഇല്ലാതാക്കാം എന്നതിൽ സംശയമില്ല. എന്നു കരുതി മക്കൾക്കു മുമ്പിൽ അവർ എത്രവലുതായാലും സ്വന്തം നില കളഞ്ഞു കുളിയ്ക്കുകയുമരുത്. താനിരിക്കേണ്ടിടത്ത് താനിരുന്നില്ലെങ്കിൽ അവിടെ നായയിരിക്കും എന്നാണ് ചൊല്ല്. "മക്കൾക്കു പ്രായപൂർത്തിയും ബുദ്ധിശക്തിയും, പ്രാപ്തിയും കൈവന്നാൽ തന്നെയും അവരുടെ മുന്നിൽ ബലക്ഷയം കാണിക്കേണ്ട ആവശ്യമില്ല" എന്ന് ചാവറയച്ചൻ പറയുന്നത് ഇതുതന്നെയാണ്.

അവസാനമായി, അദ്ദേഹം നൽകുന്ന ഉപദേശം സ്വത്തു വിഭജനത്തിനെക്കുറിച്ചാണ്. സ്വത്തിനു മുന്നിൽ എത്ര വലിയ സ്നേഹബന്ധങ്ങളും കുടുംബബന്ധങ്ങളും ശിഥിലമാകുന്നത് നമുക്കു മുന്നിലെ യാഥാർത്ഥ്യമാണ്. നമ്മുടെ കുടുംബ വഴക്കുകളിൽ ഭൂരിപക്ഷവും സ്വത്തിനെ പ്രതിയുള്ളതാണ്. ഇതിനെന്താണ് പരിഹാരം.?

"കാരണവന്മാർ മരിക്കുന്നതിനുമുമ്പുതന്നെ, മക്കൾ വേറെ വേറെ മാറി താമസിക്കാൻ വേണ്ട സജ്ജീകരണങ്ങൾ ചെയ്തുകൊടുക്കണം. സുബോധമുള്ളപ്പോൾ അവർക്ക് വസ്തുക്കൾ ഭാഗം ചെയ്തു വയ്ക്കുക. മരിക്കുന്നതിനു മുമ്പ് മക്കളെ അവ ഏല്പ്പിച്ചു കൊടുക്കുക. അല്ലെങ്കിൽ മരണശേഷം ഉണ്ടാകാവുന്ന വഴക്കിനും വക്കാണത്തിനും മാതാപിതാക്കളായിരിക്കും ഉത്തരവാദികൾ." നൂറ്റാണ്ടുകൾക്കുമുമ്പ് അച്ചൻ കണ്ടെത്തിയ പരിഹാരം തന്നെയേ നമുക്കു മുമ്പിലുള്ളൂ. കോഴിയമ്മ മക്കളെ കൊത്തിയാട്ടുന്നത് മക്കളോടുള്ള വിരോധം കൊണ്ടല്ല അവർ സ്വയം പര്യാപ്തരാകാനാണ്. തങ്ങളുടെ വിരൽത്തുമ്പിൽ നിന്നും മക്കളെ അടർത്തിമാറ്റി അവരെ സ്വാശ്രയരാക്കേണ്ടത് ഏതൊരു പിതാവിന്റെയും കടമയാണ്.

മാതാപിതാക്കൾക്കുള്ള ഈ മാർഗ്ഗനിർദ്ദേശങ്ങൾ ചാവറയച്ചൻ അവസാനിപ്പിക്കുന്നത് കുഞ്ഞുങ്ങളോടുള്ള ഉപദേശത്തോടെയാണ്. അദ്ദേഹം പറയുന്നു: "സ്നേഹം നിറഞ്ഞ മക്കളെ, നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കണം. അവരുടെ മനസ്സിനെ വേദനിപ്പിക്കരുത്. ദൈവപ്രമാണത്താൽത്തന്നെ നിങ്ങളിതിനു കടപ്പെട്ടവരാണെന്ന കാര്യം വിസ്മരിക്കരുത്. മാതാപിതാക്കളെ ബഹുമാനിക്കണം, എന്നത് ദൈവപ്രമാണത്തിൽ നാലാമത്തേതാണല്ലോ. ഇതു ലംഘിക്കുന്നവർക്കു പരലോകത്തിൽത്തന്നെയല്ല, ഈ ലോകത്തിൽത്തന്നെയും ദൈവശാപം ഏൽക്കേണ്ടിവരും. ഇതു നല്ലവണ്ണം ഓർത്തുകൊള്ളുക."

മലയാളത്തിലൊരു ചൊല്ലുണ്ട്. മത്ത നട്ടാൽ കുമ്പളം മുളയ്ക്കുമോ എന്ന്. നാം നട്ടുനനച്ച് വളർത്തുന്നതിന്റെ ഫലമാണ് നമുക്കു കിട്ടുക. നന്നായി വളർത്തപ്പെടുന്ന കുട്ടികൾ നല്ല കുട്ടികളായി ത്തന്നെ തീരും. അങ്ങോട്ടു കൊടുത്താലേ ഇങ്ങോട്ടുകിട്ടൂ. നാം സ്നേഹം നല്കി വളർത്തുന്ന കുട്ടികൾ നമ്മേയും സ്നേഹിക്കും. നാം മറ്റുള്ളവർക്കു നല്കുന്ന ബഹുമാനം നമ്മുടെ കുട്ടികൾക്കും മാതൃകയാവും. കുട്ടികൾ നാളത്തെ സമൂഹമാണ്; അവരുടെ കൈയിലാണ് ലോകത്തിന്റെ ഭാവി. അവരെ വാർത്തെടുക്കാനുള്ള ധാർമ്മിക ബാധ്യതയിൽ നിന്ന് ഇന്നത്തെ തലമുറക്ക് ഒഴിയാൻ കഴിയില്ല. ■




# 10 ചാവറ സാമൂഹ്യദർശനം

റവ. ഡോ. ജോസ് കുറിയേടത്ത് സി.എം.ഐ

കേരളസമൂഹത്തിന്റെ പുരോഗതിയ്ക്കും സമുദായങ്ങൾ തമ്മിലുള്ള ഐക്യത്തിനും വേണ്ടി പത്തൊമ്പതാം നൂറ്റാണ്ടിൽ നിർണ്ണായകമായ നേതൃത്വം നൽകിയ വ്യക്തിയാണല്ലോ വാഴ്ത്തപ്പെട്ട ചാവറകുര്യാക്കോസ് ഏലിയാസച്ചൻ. ഈ രണ്ടു ലക്ഷ്യങ്ങൾക്കുവേണ്ടി അദ്ദേഹം മുൻകൈയെടുത്തു ചെയ്ത കാര്യങ്ങൾ ഇന്നു കേരളത്തിലെ ക്രൈസ്തവർക്കു നന്നായറിയാം. അതുകൊണ്ട് അവയുടെ ചരിത്രപരമായ വിശദാംശങ്ങളിലേയ്ക്കു കടക്കുവാൻ ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നില്ല. അദ്ദേഹത്തിന്റെ പ്രവർത്തനമേഖലകളെ ഒന്നു സൂചിപ്പിച്ച ശേഷം, അവയ്ക്കു പ്രചോദനമായി അദ്ദേഹത്തിൽ ഉണ്ടായിരുന്ന സാമൂഹ്യ ദർശനത്തെ ചെറുതായി വിശകലനം ചെയ്യാനും വിലയിരുത്താനുമാണ് ഇവിടെ ശ്രമിക്കുന്നത്.

## സാമൂഹ്യപുരോഗതിക്കുവേണ്ടി

സമൂഹത്തിന്റെ വളർച്ചയ്ക്കും ഉന്നമനത്തിനുംവേണ്ടിയുള്ള വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പ്രവർത്തനങ്ങളെ മൂന്നു മേഖലകളായി തിരിക്കാം. പൊതുസമൂഹത്തിന്റെയും ക്രൈസ്തവസമൂഹത്തിന്റെയും

സാമാന്യപുരോഗതിക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ നേരിട്ടുള്ള സംഭാവനകളാണ് ആദ്യ മേഖല. സമൂഹത്തിലെ താഴ്ന്ന വർഗ്ഗത്തിലും ജാതിയിലുംപെട്ടവർക്കു പ്രത്യേക പ്രോത്സാഹനം നൽകി, പുരോഗതിയുടെ പാതയിൽ ചേരുവാൻ പ്രാപ്തരാക്കിയ പ്രവർത്തനങ്ങളാണ് രണ്ടാമത്തെ മേഖല. സാമൂഹ്യപുരോഗതിക്കു സഹായകമായിത്തീർന്ന ഏജൻസികൾക്കും സംവിധാനങ്ങൾക്കും രൂപം നൽകി അവ വഴി സാമൂഹ്യ വികസനത്തിന് അടിത്തറയിട്ടതാണ്, പരോക്ഷമായ സാമൂഹ്യവികസന പ്രവർത്തനം എന്നു വിളിക്കാവുന്ന മൂന്നാമത്തെ വിഭാഗം.

കേരള സഭയുടെ വികാരിജനറാളായിരിക്കുമ്പോൾ, എല്ലാ പള്ളികളോടും ചേർന്ന് പള്ളികൂടങ്ങൾ ഉണ്ടാക്കാൻ കല്പനയിറക്കി, വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിദ്യാഭ്യാസത്തെ സാർവത്രികമാക്കാൻ ശ്രമിച്ചത് ആദ്യത്തെ ഗണത്തിൽപ്പെട്ട പ്രവർത്തനമാണ്. സമൂഹത്തിന്റെയും ഓരോ വ്യക്തിയുടേയും സാംസ്കാരികവും സാമ്പത്തികവും ആയ വളർച്ച വിദ്യാഭ്യാസത്തിലൂടെയാണ് നടക്കുന്നത് എന്ന് ചാവറയച്ചൻ മനസ്സിലാക്കി. അടിസ്ഥാന വിദ്യാഭ്യാസം മാത്രംപോരാ പുരോഗതിക്ക് എന്നറിയാമായിരുന്ന അദ്ദേഹം ഉന്നത വിദ്യാഭ്യാസ രംഗം തുറക്കുവാനും ശ്രമിച്ചു. കത്തോലിക്കർക്കു ഇംഗ്ലീഷ് വിദ്യാഭ്യാസം നിഷിധമായിരുന്ന അക്കാലത്ത് ഭാരതത്തിന്റെ വിജ്ഞാന ഭണ്ഡാരം തുറക്കുവാൻ സഹായമാകുക സംസ്കൃത ഭാഷയിലൂടെയായിരിക്കും എന്നു പ്രതീക്ഷിച്ച്, ചാവറയച്ചൻ സംസ്കൃത സ്കൂൾ ആരംഭിച്ചു. അങ്ങനെ സാമാന്യവിദ്യാഭ്യാസത്തിനു കഴിവുണ്ടായിരുന്നവർക്കെല്ലാം പഠിച്ചുയരുവാൻ വഴിയൊരുക്കുക വഴി സാമൂഹ്യപുരോഗതിക്കു ശക്തമായ നേതൃത്വമാണ് അദ്ദേഹം നൽകിയത്.

സമൂഹത്തിന്റെ വിജ്ഞാനപരവും സാംസ്കാരികവുമായ പുരോഗതി തന്നെയായിരുന്നു, സ്വന്തമായി ഒരു പ്രസ്സുണ്ടാക്കി, അച്ചടിവിദ്യ കത്തോലിക്കരുടെയിടയിലേയ്ക്കു കൊണ്ടുവന്നപ്പോൾ ചാവറയച്ചൻ ഉദ്ദേശിച്ചത്. എളിയ നിലയിൽ ആരംഭിച്ച ആ യജ്ഞം ഇന്നു അനേകമായിരം പ്രസിദ്ധീകരണങ്ങളിലൂടെയും മറ്റു സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളിലൂടെയും വളർന്നു നിൽക്കുന്ന ഇക്കാലത്ത് ഇവ എങ്ങനെ സാമൂഹ്യവളർച്ചയെ സഹായിച്ചുകൊണ്ടിരിക്കുന്നുവെന്ന് പ്രത്യേകം വിശദീകരിക്കേണ്ട ആവശ്യമില്ല.

സാമൂഹ്യപുരോഗതിയുടെ ഗുണം ഉയർന്ന ജാതിയിൽപ്പെട്ടവർക്കു മാത്രം ലഭിച്ചാൽ സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ വർദ്ധിക്കുകയേയുള്ളുവെന്നു മനസ്സിലാക്കിയ ചാവറയച്ചൻ താഴ്ന്ന ജാതിയിലുള്ളവരെയും പുരോഗതിയുടെ പാതയിലേയ്ക്കാനയിക്കാൻ പ്രത്യേകം ശ്രമിച്ചു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റി നിറുത്തപ്പെട്ടിരുന്ന ഇക്കൂട്ടരെ, എതിർപ്പുകളെ അവഗണിച്ച്, അദ്ദേഹം വിദ്യാഭ്യാസം നൽകി പ്രോത്സാഹിപ്പിച്ചു. സമൂഹത്തെ സമഗ്രമായി കാണാനും വളർത്താനും പറ്റുന്ന വിശാലമായ വീക്ഷണമാണ് അദ്ദേഹത്തെ മേൽപറഞ്ഞതിനു സഹായിച്ചത്. വിദ്യാഭ്യാസത്തിനുവേണ്ട താല്പര്യം ജനിപ്പിക്കുന്നതിനു താഴ്ന്ന ജാതിക്കാർക്ക് ഉച്ചക്കഞ്ഞി, പഠനോപകരണങ്ങൾ മുതലായ സഹായങ്ങളും അദ്ദേഹം നൽകി. ഇങ്ങനെ ദരിദ്രർക്കും അധ:സ്തിതർക്കും വേണ്ടിയുള്ള പ്രത്യേക ശ്രമങ്ങളാണ് രണ്ടാമത്തെ മേഖലയെന്ന് നേരത്തേ സൂചിപ്പിച്ചത് .

മേല്പറഞ്ഞവിധം സാമൂഹ്യപുരോഗതിക്കു വേണ്ടിയുള്ള നേരിട്ടുള്ള ശ്രമങ്ങൾക്കുപുറമെ, ചാവറയച്ചൻ മതപരമായ മേഖലയിൽ ആരംഭിച്ച പലകാര്യങ്ങളും പരോക്ഷമായി സാമൂഹ്യപുരോഗതിയെ സഹായിച്ചിട്ടുണ്ട്; അതിനെ ലക്ഷ്യമാക്കിയുമായിരുന്നു. വൈദികരുടെ ദൈവശാസ്ത്രപഠനം ക്രോഡീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്തതിലും, പുരുഷൻമാർക്കും സ്ത്രീകൾക്കുമുള്ള സന്യാസ സഭകൾ സ്ഥാപിച്ചതിലും (പ്രത്യേകിച്ച് സ്ത്രീ വിദ്യാഭ്യാസം ലക്ഷ്യമാക്കി ആരംഭിച്ച സന്യാസിനീ സഭയുടെ സ്ഥാപനം), ഹരിജനങ്ങളെ മാനസാന്തരപ്പെടുത്തി ജാതി വ്യവസ്ഥയുടെ ചൂഷണങ്ങളിൽ നിന്നു മോചിപ്പിക്കാൻ ശ്രമിച്ചതിലും മറ്റും സമൂഹത്തിന്റെ പുരോഗതിയെന്ന ലക്ഷ്യമുണ്ടായിരുന്നു.

മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ എങ്ങനെ ഫലവത്തായി തീർന്നുവെന്ന് പിൽകാലചരിത്രം വ്യക്തമായി നമ്മെ ബോധ്യപ്പെടുത്തുന്നു. എന്നാൽ അതിലുപരി, മേല്പറഞ്ഞ നൂതന സംരംഭങ്ങൾക്കു നേതൃത്വം കൊടുക്കുവാൻ ചാവറയെ പ്രേരിപ്പിച്ച സാമൂഹ്യദർശനം എന്തായിരുന്നു.? ആ ദർശനം ഇന്ന് എങ്ങനെ സാക്ഷാത്ക്കരിക്കണം എന്ന വിഷയങ്ങളിലെയ്ക്കാണ് ഈ ലേഖനം കൂടുതൽ ശ്രദ്ധിക്കാൻ ആഗ്രഹിക്കുന്നത്.

## ചലനാത്മകദർശനം

ഈ പ്രപഞ്ചത്തെയും മനുഷ്യസമൂഹത്തെയും അതിന്റെ വിവിധ മേഖലകളെയും കുറിച്ചുള്ള മനുഷ്യദർശനങ്ങൾ ചരിത്രപുരോഗതിയ്ക്കിടയിൽ മാറി മാറി വന്നിട്ടുണ്ട്. അത്തരം മാറ്റങ്ങളെ അഥവാ ദർശന പരിണാമത്തെ പല ഘട്ടങ്ങളിലായി സാമൂഹ്യശാസ്ത്രജ്ഞന്മാർ തരം തിരിയ്ക്കാറുണ്ട്. മൂന്നു പ്രധാനകാലഘട്ടങ്ങൾ വളരെ വ്യക്തമായി കാണാം.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം അഥവാ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭം വരെ ലോകത്തിൽ പൊതുവെ നിലനിന്നിരുന്നത് ഒരു തരം 'സ്റ്റാറ്റിക് വിഷൻ' ആണ്. ഈ പ്രപഞ്ചവും മനുഷ്യസമൂഹവും ചലനരഹിതമാണ്, അചഞ്ചലമാണ് എന്ന വീക്ഷണം. ചരിത്രത്തിന്റെ ആരംഭത്തിൽ ദൈവം സൃഷ്ടിച്ചതുപോലെ തന്നെ ഇവ എന്നും നിലനിൽക്കുന്നുവെന്ന വിശ്വാസം. ദൈവനിയോഗത്തിൽ സ്ഥാപിക്കപ്പെട്ടതിനാൽ ഇവയ്ക്കു മാറ്റം വരുത്താൻ മനുഷ്യർക്കു അവകാശമില്ലയെന്ന ധാരണയും അതോടുകൂടെ നിലനിന്നിരുന്നു. ഇതിന്റെ പ്രതിധ്വനികൾ പ്രപഞ്ചദർശനത്തിന്റെ വിവിധ തലങ്ങളിൽ ദൃശ്യമായിരുന്നു. ഈ ഭൂമിതന്നെ ചലനരഹിതമായി പാതാളത്തിൽ തൂണുകളാൽ ഉറപ്പിച്ചതുപോലെ നിൽക്കുകയാണെന്നും കമഴ്ത്തി വെച്ച കോപ്പപോലെയുള്ള നഭോമണ്ഡലത്തിൽ സൂര്യനാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നും കരുതിയിരുന്ന ഭുകേന്ദ്രീകൃത വീക്ഷണ (geo centrism) മാണല്ലോ അന്നുണ്ടായിരുന്നത്. അതിനെ വെല്ലുവിളിച്ച ശാസ്ത്രജ്ഞരായ കോപ്പർനിക്കസും ഗലീലിയോയും തിരസ്കൃതരായ കഥ അറിയാവുന്നതാണല്ലോ.

അതുപോലെ, ഈ പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളും ഈശ്വരൻ പണ്ട് സൃഷ്ടിച്ചതുപോലെ തന്നെ നിലനിൽക്കുന്നുവെന്നും ഒട്ടും തന്നെ മാറ്റത്തിനു വിധേയമായിട്ടില്ലെന്നും സങ്കല്പിച്ചിരുന്ന സൃഷ്ടിവാദം (creationism) അന്ന് സാർവ്വത്രികമായിരുന്നു. മനുഷ്യസമൂഹം സഹസ്രാബ്ദങ്ങളായി ശ്രേണിബദ്ധമായി നിലനിൽക്കുന്നുവെന്നും പ്രസ്തുത ശ്രേണിയിൽ ആർക്കും മുകളിലോട്ടോ താഴോട്ടോ മാറാൻ അനുവാദമില്ലെന്നും വിശ്വസിച്ചിരുന്ന ഫ്യൂഡൽ വ്യവസ്ഥിതിയാണ് അക്കാലത്ത് യൂറോപ്പിൽ ഉണ്ടായിരുന്നത്. ഭാരതത്തിലാകട്ടെ, അതിനേക്കാൾ നിശ്ചലമായ ജാതിവ്യവസ്ഥയും ഉണ്ടായിരുന്നു.

രാഷ്ട്രീയ തലത്തിൽ,പരമ്പരാഗതമായി കൈമാറ്റപ്പെടുന്ന ഭരണ സംവിധാനം വ്യത്യസമില്ലാതെ നിലനിറുത്തിയിരുന്ന രാജഭരണ വ്യവസ്ഥയായിരുന്നു വ്യാപകമായിരുന്നത്. ഭരിക്കാനും ഭരിക്കപ്പെടാനും നിശ്ചയിക്കപ്പെട്ടവർ മാറ്റമില്ലാതെ നിലനിന്നു. അക്കാലത്തെ പ്രധാന തൊഴിലായിരുന്ന കൃഷി, കാര്യമായ മാറ്റങ്ങൾക്കു വിധേയമാകാത്ത ആവർത്തിച്ചു ചെയ്തിരുന്ന ഒരു പ്രവർത്തിയായിരുന്നു. എന്തിന്, ഈശ്വരദർശനം തന്നെ ചലനരഹിതനായ ഒരു ദൈവത്തെയും അവിടുന്ന് ആവഷ്ക്കരിക്കുന്ന നിത്യസത്യങ്ങളുടെ സമുച്ചയത്തെയും കേന്ദ്രീകരിച്ചുള്ളതായിരുന്നു. മനുഷ്യനാകട്ടെ ഈ നിത്യസത്യങ്ങൾ അനുസരിച്ച് എക്കാലത്തും ഒരുപോലെ ജീവിക്കാൻ വിളിക്കപ്പെട്ടവനും.

ഇങ്ങനെ മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിച്ചിരുന്ന 'നിശ്ചലദർശനം' വ്യവസായ വിപ്ലവത്തിന്റെ ആരംഭത്തോടെ ഒരു ചലനാത്മകദർശന (Dynamic vision) ത്തിനു വഴി മാറി കൊടുത്തു. പ്രപഞ്ചത്തെയും മനുഷ്യസമൂഹത്തെയും ചലനാത്മകമായി കാണാൻ തുടങ്ങി മനുഷ്യർ. നേരത്തെ സൂചിപ്പിച്ച ഭൂകേന്ദ്രീകൃത വീക്ഷണത്തിനു പകരം ഗലീലിയോയും മറ്റും സ്ഥിരീകരിച്ച സൂര്യകേന്ദ്രീകൃത വീക്ഷണ (heliocentrism)മാണ് ശരിയെന്നു മനസ്സിലായി. സൂര്യനു ചുറ്റും ഭൂമിയാണ് ചലിച്ചുകൊണ്ടിരിക്കുന്നത് എന്ന സത്യം ബോധ്യമായി. അതുപോലെ, സൃഷ്ടിവാദത്തിനു പകരം, ചലനാത്മകത സങ്കല്പിക്കുന്ന പരിണാമവാദവും, ഫ്യൂഡൽ വ്യവസ്ഥിതിക്കു പകരം സാമൂഹ്യ പുരോഗതിക്കു നിദാനമായ മുതലാളിത്ത വ്യവസ്ഥിതിയും, കൃഷിക്കു പുറമെ നവീനത വ്യപിപ്പിച്ച വ്യവസായ സമ്പ്രദായവും, രാജഭരണത്തിനുപകരം ഭരണം തന്നെ എന്നും ചലനാത്മകമാകാൻ സഹായിക്കുന്ന ജനാധിപത്യഭരണസമ്പ്രദായവും പ്രചരിച്ചു. വളർന്നുകൊണ്ടിരിക്കുന്ന മനുഷ്യനുപകരിക്കുന്ന, ആ മനുഷ്യനെ നയിക്കുന്നതും അവനോടൊപ്പം ചരിത്രത്തിൽ സഞ്ചരിക്കുന്നതുമായ ഈശ്വരനെപ്പറ്റിയുള്ള ദർശനവും നിലവിൽ വന്നു. ചുരുക്കത്തിൽ, മനുഷ്യദർശനമാകെ ചലനാത്മകമായിത്തീർന്നു. മേല്പറഞ്ഞ മാറ്റങ്ങൾ യൂറോപ്പിൽ നടക്കുമ്പോഴും ഭാരതവും കേരളവും തീർത്തും നിശ്ചലസമൂഹങ്ങളായിരുന്നു. യൂറോപ്പിന്റെ സ്വാധീനം ഇവിടെ എത്തിയിരുന്നില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലും ജാതി വ്യവസ്ഥ, ഫ്യൂഡൽ സമ്പ്രദായം, രാജഭരണം, മുതലായവയുടെ

കീഴിൽ ചലനരഹിതമായിരുന്ന സമൂഹത്തിലാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ പ്രവർത്തനമാരംഭിച്ചത്.

## ചാവറയുടെ ക്രിയാത്മകത

ചാവറയുടെ എല്ലാ പ്രവർത്തനങ്ങളെയും സ്വാധീനിച്ചതും അവയ്ക്കു പ്രചോദനമായതും സമൂഹത്തെപ്പറ്റിയുള്ള ചനനാത്മക ദർശനമായിരുന്നു. സമൂഹത്തിൽ മനുഷ്യർക്കു വളരുന്നതിനും ഉയരുന്നതിനും സഹായിക്കുന്ന മാർഗ്ഗമായിട്ടാണ് വിദ്യാഭ്യാസത്തെ ചാവറ മനസ്സിലാക്കിയത്. അതുകൊണ്ടാണ് സാർവ്വത്രിക വിദ്യാഭ്യാസത്തിന് അദ്ദേഹം മുൻകൈയെടുത്തത്. കീഴാളന്മാരായവരുടെ ഉയർച്ചയ്ക്കും വിദ്യാഭ്യാസമായിരുന്നു അദ്ദേഹം കണ്ട മാർഗ്ഗം. ആ മാർഗ്ഗം സാർവ്വത്രികമാക്കാനാണ്, എല്ലാവരെയും ഉയർച്ചയുടെ പാതയിൽ നയിക്കാനാണ്, പള്ളികളോടു ചേർന്ന് പള്ളികൂടങ്ങളും സ്ത്രീ വിദ്യാഭ്യാസത്തിന് നേതൃത്വം നൽകാൻ പറ്റുന്ന സന്യാസിനീ സമൂഹവും, സമൂഹത്തെയാകെ പ്രബുദ്ധമാക്കാൻ സാധിക്കുന്ന സന്യാസസഭയും, അച്ചടിശാലയും മറ്റും അദ്ദേഹം ആരംഭിച്ചത്.

തനിക്കുചുറ്റും വ്യാപിച്ചു കിടക്കുന്ന ചലനരഹിതമായിരുന്നതും നിശ്ചലതയെ ന്യായീകരിച്ചിരുന്നതുമായ ഒരു സമൂഹത്തിന്റെ മധ്യത്തിൽ എവിടെനിന്നായിരിക്കും മേല്പറഞ്ഞ സവിശേഷ വീക്ഷണം ചാവറയ്ക്കു ലഭിച്ചത്? ഇംഗ്ലീഷ് അറിവില്ലാതിരുന്ന അദ്ദേഹം പാശ്ചാത്യ നാട്ടിലെ ആശയങ്ങൾ വായിച്ചറിഞ്ഞ് ശേഖരിച്ചിരിക്കാൻ ഇടയില്ല. ഇവിടെ വന്ന മിഷനറിമാരുടെ വീക്ഷണം, പത്തൊമ്പതാം നൂറ്റാണ്ടിലെ മുകളിൽ സൂചിപ്പിച്ച മാറ്റങ്ങളോട് അതൃപ്തി പ്രകടിപ്പിച്ച കത്തോലിക്കാ സഭയുടേതു തന്നെയായിരുന്നതിനാൽ അവരിൽ നിന്നും ഒരു ചലനാത്മക സാമൂഹ്യദർശനം ലഭിച്ചിരിക്കാൻ ഇടയില്ല. ചാവറയുടെ സവിശേഷദർശനത്തിന്റെ ഉറവിടം ചാവറ തന്നെയായിരുന്നു; അഥവാ അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന കരിസ്മാ, സിദ്ധി, സർഗ്ഗാത്മകത തന്നെയായിരുന്നു. ആ സർഗ്ഗാത്മകത അദ്ദേഹത്തിന് ഒരു ദീർഘദൃഷ്ടി നൽകിയിരുന്നു എന്ന് അനുമാനിക്കണം. ദീർഘദർശിയെപ്പോലെ, നാളത്തെ സമൂഹത്തിനാവശ്യമായ നേതൃത്വം നൽകാൻ പ്രസ്തുത കരിസ്മ ചാവറയച്ചനു പ്രചോദനമായി. ഇതാണ് സാമൂഹ്യപിരോഗതിക്കുവേണ്ടിയുള്ള വാഴ്ത്തപ്പെട്ട ചാവ

റയച്ചന്റെ അടിസ്ഥാന സംഭാവന. ഈ ദർശനത്തിന്റെ പ്രായോഗിക പ്രകാശനമായിരുന്നു അദ്ദേഹത്തിന്റെ മേൽപറഞ്ഞ പ്രവർത്തനങ്ങൾ. ഏതെല്ലാം ചെയ്തു, എത്രമാത്രം അവയിൽ വിജയിച്ചു എന്നതിനേക്കാൾ അവ ചെയ്യാൻ പ്രേരിപ്പിച്ച സാമൂഹ്യദർശനം നാടിന് പ്രചോദനമായി എന്നതാണ് പ്രാധാന കാര്യം.

ഇന്ന് കേരള സമൂഹത്തിന്റെ പിരോഗതിയിൽ അക്ഷരജ്ഞാനവും വിദ്യാഭ്യാസവും പ്രാധാന പങ്കുവഹിച്ചിട്ടുണ്ടെന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ടല്ലോ. വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും സകലർക്കും സംലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലയിൽ ഗുണമേന്മനില നിർത്തുന്നതിനും ക്രൈസ്തവസഭകൾ വഹിച്ചിട്ടുളള പങ്കും എല്ലാവർക്കും അറിവുളളതാണ്. ഈ പ്രത്യേകതയുടെ അടിവേരുകൾ അന്വേഷിക്കുമ്പോഴാണ് ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസസഭകളുടെ സ്ഥാപകനും അസാധാരണ വിദ്യാഭ്യാസപ്രവർത്തകനുമായ ചാവറയുടെ കരിസ്മയുടെ പങ്ക് മനസ്സിലാക്കാൻ പറ്റുന്നത്.

## അനന്യമായ സംഭാവനകൾ

ഏതു കാര്യവും ആദ്യമായി ചെയ്യുന്ന വ്യക്തിയ്ക്ക് ഏതാനും പരിമിതികളെ തരണം ചെയ്യേണ്ടതായി വരും. ആദ്യമായി ഏതു കാര്യം ചെയ്യുമ്പോഴും അനുകരിക്കാൻ മാതൃകയായി ഒന്നുമില്ല എന്നതാണ് ഏററവും പ്രധാന പ്രശ്നം. അതുകൊണ്ട് തെറ്റുകളും പോരായ്മകളും ഉണ്ടാകുക സാധാരണം. മാത്രമല്ല, വിജയസാധ്യതയെപ്പറ്റിയുളള സന്ദേഹവും ശക്തമായിരിക്കും. ആദ്യ പരീക്ഷണമായതിനാൽ അതിനോട് ചേരാൻ ആളുകൾ മടിച്ചു നിൽക്കും. സഹകരണം സമ്പാദിക്കുക എളുപ്പമല്ല. ചാവറ നേതൃത്വം നൽകിയ സംരംഭങ്ങളെല്ലാം ഓരോ മേഖലയിലും പ്രഥമ കാൽവെയ്പ്പുകളായിരുന്നുവല്ലോ. വിദ്യാഭ്യാസം ,അച്ചടി, സന്യാസ സഭാസ്ഥാപനം, ആരാധനാ ക്രമീകരണം, എന്നിവയെല്ലാം തന്നെ ഭാരതത്തിലെ കത്തോലിക്കാ സമൂഹത്തിൽ നവീന സംരംഭങ്ങളായിരുന്നു. അവയുടെ വിജയസാധ്യത ഉറപ്പില്ലാതിരുന്ന സാഹചര്യത്തിൽ മുന്നിട്ടിറങ്ങുകയും പരീക്ഷിച്ചു വിജയിപ്പിക്കുകയും ചെയ്തതാണ് അനന്യമായ സിദ്ധിയായി ഈ ലേഖകൻ കാണുന്നത്.

## ഐക്യത്തിനുവേണ്ടി

സമൂഹത്തിന്റെ ഐക്യവും യോജിപ്പും അതിൽത്തന്നെ ഒരു ലക്ഷ്യവും, ഒപ്പം തന്നെ ഒരു മാർഗ്ഗവുമാണ്. ചാവറയെ സംബന്ധി ച്ചിട ത്തോളം സമൂഹത്തിന്റെ ഐക്യവും യോജിപ്പും ലക്ഷ്യവും മാർഗ്ഗ വും തന്നെയായിരുന്നു.

യേശു വിഭാവനം ചെയ്ത ദൈവരാജ്യത്തിന്റെ കേന്ദ്ര സവിശേ ഷത ഐക്യവും അതുവഴി സംലഭ്യമാക്കുന്ന സമാധാനവുമാണല്ലോ. ദൈവപിതാവിന്റെ മക്കളാണ് മനുഷ്യരെല്ലാവരും എന്ന ദർശനത്തിലാ ണ് ഐക്യത്തിനു വേണ്ടിയുള്ള ശ്രമം ഉറപ്പിച്ചിരിക്കുന്നത്. വാഴ്ത്തപ്പെട്ട ചാവറയച്ചനും മനുഷ്യരെയെല്ലാം അങ്ങനെയാണ് വീക്ഷിച്ചത്. അതു കൊണ്ടാണ് സമൂഹത്തിലെ യോജിപ്പും കൂട്ടായ്മയും വളർത്താ നുതകുന്ന വിധം ബലഹീനവിഭാഗങ്ങളെ പ്രത്യേകിച്ചും പരിഗണിക്കു കയും വളർത്തുകയും ചെയ്യാൻ അദ്ദേഹം വളരെ ശ്രദ്ധിച്ചത്.

എന്നാൽ, സമൂഹത്തിന്റെ ഐക്യം ഒരു മാർഗ്ഗം കൂടിയാണ്. അത് സമൂഹത്തിന്റെ ശക്തിയുടെ ഉറവിടമാണെന്നും സമൂഹം ആജ്ജവ ത്തോടെ ഐക്യം നിലനിൽക്കുകയും പ്രവർത്തനക്ഷമമാകുകയും ചെയ്യണമെങ്കിൽ ഐക്യം അത്യന്താപേക്ഷിതമാണെന്നും അദ്ദേഹ ത്തിനു ബോധ്യമായിരുന്നു. പതിനേഴാം നൂറ്റാണ്ടിലെ വിഭജനത്തോടെ ഏറെ കരുത്ത് നഷ്ടപ്പെട്ടിരുന്ന കേരളത്തിലെ മാർത്തോമ ക്രിസ്ത്യാ നികളുടെ സമൂഹം, വീണ്ടും വിഭജിക്കപ്പെട്ടാൽ തീരെ ബലഹീനമാ യിത്തീരും എന്നു മനസ്സിലാക്കിയതുകൊണ്ടാണ്, ചാവറയച്ചൻ റോക്കോസ് മെത്രാന്റെ വരവിന്റെ ഫലമായുണ്ടായ സംഘർഷത്തെ ശമിപ്പിക്കാൻ നാട്ടിൽ അങ്ങോളമിങ്ങോളം ഓടിനടന്നത്. അതിൽ അദ്ദേഹം വിജയിക്കുകയും സമൂഹം രണ്ടാമതൊരു വിഭജനത്തിനു വിധേയമാകാതെ സംരക്ഷിക്കപ്പെടുകയും ചെയ്തു.

ശരിയാണ്, റോക്കോസ് മെത്രാൻ കൽദായകത്തോലിക്കാ പാത്രിയർക്കീസിന്റെ കല്പനയോടെയാണ് ഈ നാട്ടിൽ വന്നത്. കൽദായ പാത്രിയർക്കീസിന് മലബാർ സഭയുടെ മേലുള്ള അധികാരം പരിശുദ്ധസിംഹാസനം പിൻവലിച്ചിരുന്നുമില്ല. എങ്കിലും ചരിത്രത്തിന്റെ ഗതി വിഗതികളിൽപ്പെട്ട് മലബാർസഭയെ അന്നു ഭരിച്ചിരുന്നത് ലത്തീൻമെത്രാൻമാരായിരുന്നുവല്ലോ. ഇവരുടെ ഭരണത്തിന് റോമിന്റെ പിന്തുണയും ഉണ്ടായിരുന്നു. തത്ത്വത്തിൽ റോക്കോസ് ശീശ്മക്ക്

കാരണക്കാരനാകേണ്ടതില്ലെങ്കിലും, കാര്യത്തിൽ അങ്ങനെ സംഭവിക്കുമെന്നു മനസ്സിലാക്കിയ ചാവറയ്ക്ക് ഐക്യം നിലനിർത്താൻ റോക്കോസിനെ പിന്തിരിപ്പിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ലാതായി. അതാണ് അദ്ദേഹം ചെയ്തതും.

ഇന്നു ചിലർ ഇത് ചാവറയുടെ ലത്തീൻ ചായവിന്റെ പ്രകടനമായി വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും, കൽദായപാരമ്പര്യത്തേക്കാൾ മുൻഗണന സമൂഹത്തിന്റെ ഐക്യത്തിന് അദ്ദേഹം നൽകി എന്നതാണ് സത്യം. ഇവിടെയാണ് ഒരാളുടെ മൂല്യശ്രേണി പ്രകടമാകുന്നത്. കൽദായ പാരമ്പര്യത്തിന്റെ പുനരുദ്ധാരണമാണോ സ്വന്തം സമുദായത്തിന്റെ ഐക്യവും കെട്ടുറപ്പുമാണോ കൂടുതൽ പ്രധാനം? സാബത്ത് മനുഷ്യനുവേണ്ടിയോ അഥവാ മനുഷ്യൻ സാബത്തിനു വേണ്ടിയോ?

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ സാമൂഹ്യദർശനം മനുഷ്യകേന്ദ്രീകൃതമായിരുന്നു. യേശുവിനെപ്പോലെ മനുഷ്യന്റെ നന്മയ്ക്കു പരമപ്രാധാന്യവും മറ്റെല്ലാത്തിനും അതിനു കീഴിൽ മാത്രം സ്ഥാനവും നൽകുകയെന്നത് ക്രൈസ്തവദർശനത്തിന്റെ സത്ത തന്നെയല്ലേ? സമൂഹം വിഭജിക്കപ്പെട്ടാലും വേണ്ടില്ല പാരമ്പര്യം പുനരുദ്ധരിക്കണം എന്നു കരുതുന്ന പ്രീശമനോഭാവം ചാവറയ്ക്കു അന്യമായിരുന്നു. പാരമ്പര്യത്തിനും ചട്ടങ്ങൾക്കും അതീവ പ്രാധാന്യം കല്പിച്ചിരുന്ന അക്കാലത്ത് അങ്ങനെയൊരു നിലപാട് എടുത്ത ചാവറ അന്നും ഇന്നും പലർക്കും അഭിമതനല്ലാതായിത്തീർന്നതിൽ അത്ഭുതമില്ല.

ഒരുപക്ഷേ ചാവറ ഒരു പടികൂടി കടന്ന് മറ്റൊരു വിലയിരുത്തലും റോക്കോസ് പ്രശ്നത്തെ സംബന്ധിച്ച് നടത്തിയോയെന്ന് ഈ ലേഖകൻ സന്ദേഹിക്കുന്നു. ചാവറയച്ചൻ സുറിയാനി പാരമ്പര്യത്തേയും റീത്തിനെയും സ്നേഹിച്ചിരുന്നിവെന്നതിൽ സംശയമില്ല. എങ്കിലും മാർത്തോമ്മ ക്രിസ്ത്യാനികളുടെ യഥാർത്ഥ പാരമ്പര്യത്തിന്റെ ഉറവിടം ഭാരതീയമാണെന്നും ആ വീക്ഷണത്തിൽ നിന്നും നോക്കുമ്പോൾ, കൽദായ സഭയും ലത്തീൻസഭയും ഒരുപോലെ സ്വന്തം പാരമ്പര്യത്തിനു മേൽ വയ്ക്കപ്പെട്ട വിദേശപാരമ്പര്യങ്ങൾ തന്നെയാണെന്നും മനസ്സിലാക്കിയ ക്രാന്തദർശിയായ ചാവറ, രണ്ടിലൊന്നിനു പ്രാധാന്യം കല്പിക്കുന്നതിനു പകരം സ്വന്തം സമൂഹം സജീവമായും അവിഭക്തമായും നിലനിൽക്കട്ടെയെന്നും അതിനു തടസ്സ

മാകുന്ന രീതിയിൽ വൈദേശിക പാരമ്പര്യത്തിലൊന്നിനെ മറ്റേതിനേക്കാൾ താല്പര്യത്തോടെ ആശ്ലേഷിക്കേണ്ടെന്നും തീരുമാനിച്ചതുമാകാം. ഭാവിയിൽ ഒരു കാലത്ത് തന്റെ സഭ ലത്തീൻ പാരമ്പര്യത്തിനും കൽദായപാരമ്പര്യത്തിനും അതീതമായി സ്വന്തമായ സഭാസംസ്കാരവും തനിമയും വികസിപ്പിച്ചെടുക്കുമെന്നും, അന്ന് ഈ പാരമ്പര്യശുദ്ധിയേക്കാൾ സഭയ്ക്കാവശ്യം യോജിപ്പിൽ നിന്നു ലഭിക്കുന്ന ശക്തിയായിരിക്കുമെന്നും ദീർഘവീക്ഷണത്തോടെ അദ്ദേഹം കണ്ടിട്ടുണ്ടാവണം. അതാണല്ലോ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ലത്തീൻകാരെ പുറത്താക്കി കൽദായസംസ്കാരം പുനരുജ്ജീവിപ്പിക്കണമെന്നും വാദിക്കുന്ന റോക്കോസിന്റെ കാഴ്ചപ്പാടുള്ളവരും, അതിനേക്കാൾ പ്രാധാനം സഭയുടെ ഐക്യവും വളർച്ചയുമാണെന്നു കരുതുന്ന ചാവറയുടെ ദർശനമുള്ളവരും തമ്മിലുള്ള സംഘട്ടനം തന്നെയാണ് ഇന്ന് സീറോ മലബാർ സഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. അന്ന് ചാവറജയിച്ചു; ഇന്ന് ജയിക്കുന്നത് ആരാണാവോ?

## പുരോഗതിയുടെ ഡയലെറ്റിക്സ്

കേരളസമൂഹത്തെ പൊതുവായും, കത്തോലിക്കാ സമൂദായത്തെ പ്രത്യേകിച്ചും, പുരോഗതിയുടെ ചലനാത്മകതയിലേയ്ക്കു നയിക്കുന്നതിനു നേതൃത്വം കൊടുത്തതാണ് വാഴ്ത്തപ്പെട്ട ചാവറയുടെ അനന്യതയെന്നു സൂചിപ്പിച്ചുവല്ലോ. സമൂഹത്തിന്റെ പുരോഗതിയിലേയ്ക്കുള്ള ഈ മാറ്റം എല്ലായ്പ്പോഴും എവിടെയും ഋജുവായും മൃദുവായും അല്ല നടക്കുന്നത്. ചില മാറ്റങ്ങൾ സംഘർഷത്തിലൂടെയും ഏറ്റുമുട്ടലുകളുടെയും ആണ് ഉണ്ടായിരിക്കുന്നത്. സംഘർഷം, ഏറ്റുമുട്ടൽ എന്നീ വാക്കുകൾകൊണ്ട് ശാരീരികമായ അടിപിടി, മർദ്ദനം എന്നിങ്ങനെയുള്ള ചുരുങ്ങിയ അർത്ഥങ്ങൾ മാത്രമല്ല ഉദ്ദേശിക്കുന്നത്. കൂടുതൽ വ്യാപകമായ അർത്ഥത്തിൽ, ആശയപരമായ വാദപ്രതിവാദങ്ങളും നിയമപരമായ ഏറ്റുമുട്ടലുകളും മാറ്റങ്ങൾക്കുവേണ്ടിയുള്ള സമ്മർദ്ദങ്ങളും ബോധവത്ക്കരണശ്രമങ്ങളും മറ്റും ഡയലെറ്റിസിൽപ്പെടും. ഇത്തരം പ്രക്രിയയിലൂടെയാണ് വളരെ പ്രധാനപ്പെട്ട പല മാറ്റങ്ങളും സമൂഹത്തിൽ ഉണ്ടായിട്ടുള്ളത്. ജാതിവ്യവസ്ഥയുടെ ക്ഷയം, അനാചാരങ്ങളുടെ നിർമ്മാർജ്ജനം മുതലാളിത്ത സമ്പ്രദായത്തിലെ സാമ്പത്തിക ചൂഷണത്തിന്റെ അന്ത്യം എന്നി

ങ്ങനെ പലതും സമ്മർദ്ദങ്ങളുടെ ഫലമായി നിയമങ്ങളിലും ആചാരങ്ങളിലും മാറ്റം വന്നതിന്റെ ഫലങ്ങളാണല്ലോ.

സാമൂഹ്യ പുരോഗതിയിൽ പ്രധാന പങ്കു വഹിച്ചിട്ടുള്ള ഈ പ്രക്രിയയുടെ കാര്യത്തിൽ വാഴ്ത്തപ്പെട്ട ചാവറയുടെ സംഭാവനകൾ തുലോം തുച്ഛമാണ് എന്ന പക്ഷക്കാരനാണ് ഈ ലേഖകൻ. കത്തോലിക്കാസഭയുടെ പാരമ്പര്യത്തിലും സംവിധാനത്തിലും നിന്നുകൊണ്ട് സഭയ്ക്കകത്തോ പുറത്തോ ഇത്തരം സമ്മർദ്ദസംഘർഷശൈലി ഉപയോഗിക്കുക എളുപ്പമായിരുന്നില്ല, പ്രത്യേകിച്ച് വിദേശികൾ ഭരിച്ചിരുന്ന അക്കാലത്ത്. ഡയലെക്റ്റിക്കൽ രീതി ഉപയോഗിക്കുന്നതിനേപ്പറ്റിയുള്ള അറിവില്ലായ്മയോ, മന:ശക്തിയുടെ കുറവോ, ചെയ്യാവുന്ന മറ്റു നന്മകൾ പോലും ചെയ്യാൻ പറ്റാത്തവിധം ബലഹീനനാകാനിടയുണ്ട് എന്ന യാഥാർത്ഥ്യബോധത്തോടുകൂടിയ പരിതസ്ഥിതി നിരീക്ഷണമോ എന്താണ് ഈ പ്രക്രിയയിലേയ്ക്കു കടക്കാൻ അദ്ദേഹത്തിനു തടസ്സമായിരുന്നത് എന്ന് നമുക്കറിവില്ല.

അന്നത്തെ കേരളസമൂഹത്തിലും സഭയിലും സാമൂഹ്യപുരോഗതിയ്ക്കു തടസ്സമായി നിന്നിരുന്ന അനേകം വ്യവസ്ഥിതികളുണ്ടായിരുന്നു. അതുപോലുള്ള, മനുഷ്യ വികസനത്തിനു തടസ്സമായിനിന്നിരുന്ന ഘടകങ്ങളെ യേശുവും പ്രവാചകന്മാരും വിശുദ്ധരും പലപ്പോഴും വെല്ലുവിളിച്ചിരുന്ന കാര്യം ചാവറയച്ചന് അറിയാവുന്നതുമായിരുന്നു. പാവപ്പെട്ടവരെ ചൂഷണം ചെയ്തിരുന്ന സമൂഹങ്ങളെയും സംവിധാനങ്ങളെയും പരസ്യമായും നിശിതമായും വിമർശിക്കുകയും തിരുത്താൻ ആവശ്യപ്പെടുകയും ചെയ്ത യേശുവിന്റെ ചരിത്രം ക്രിസ്തുമതത്തിന്റെ അടിസ്ഥാന സന്ദേശത്തിൽപ്പെട്ടതാണല്ലോ. ഫറവോമാരുടെ ചൂഷണത്തെ വെല്ലുവിളിച്ച മോശയുടെ മാതൃക വിശുദ്ധ ഗ്രന്ഥ ചരിത്രത്തിന്റെ ഭാഗമാണ്. റോമൻ ഭരണകൂടത്തെയും അതിന്റെ പീഢനങ്ങളെയും ജീവൻ നൽകി എതിർത്ത രക്തസാക്ഷികളുടെ ചരിത്രം സഭാപാരമ്പര്യത്തിന്റെ ഭാഗമാണ്. ഓരോ കാലത്ത് സഭയെ നവീകരിക്കാൻ സഭാഭരണത്തെപ്പോലും എതിർത്തിട്ടുള്ള വിശുദ്ധന്മാരുടെ കഥകളും പ്രസിദ്ധമാണ്.

എങ്കിലും ചാവറയുടെ ജീവിതത്തിൽ അത്തരം സംരംഭങ്ങൾ കാണാനില്ല. അദ്ദേഹത്തിന്റെ ജീവിതകാലത്ത് എതിർപ്പിനും വെല്ലുവിളിക്കും വിധേയമാകേണ്ടിയിരുന്ന വ്യവസ്ഥിതികൾ കേരളത്തിൽ

പലതും ഉണ്ടായിരുന്നു. പക്ഷേ, മുകളിൽ സൂചിപ്പിച്ചതുപോലെ, അദ്ദേഹം അവയെ വെല്ലുവിളിച്ചില്ല. ചില ഉദാഹരണങ്ങൾ ചൂണ്ടി കാട്ടാം. അക്കാലത്ത് കത്തോലിക്കരുടെയിടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം തിരുത്സാഹപ്പെടുത്തിയിരുന്നു. സഭാധികാരികൾ അനുവദിച്ചിരുന്നില്ല എന്നതു തന്നെ പറയാം. ഇംഗ്ലീഷുഭാഷയും പ്രോട്ടസ്റ്റന്റു സഭാവിഭാഗങ്ങളും തമ്മിൽ താദാത്മപ്പെടുത്തി കാണുന്ന ഇടുങ്ങിയ ചിന്താഗതിയുടെ ഫലമായി ലത്തീൻ പാരമ്പര്യത്തിൽപ്പെട്ട പോർത്തുഗീസോ, സ്പാനിഷോ, ഇറ്റലിയനോ സംസാരിച്ചിരുന്ന മെത്രന്മാരും വൈദികരുമാണ് ഇതിന് എതിരുനിന്നത്. ആ കുറവു നികത്താൻ സംസ്കൃതത്തിൽ ഉപരിപഠനത്തിന് ചാവറയച്ചൻ ശ്രമിച്ചു. എങ്കിലും ദൂരവീക്ഷണത്തോടെ ഇംഗ്ലീഷിനു ഭാവിയിലുള്ള ഉപകാരത്തെപ്പറ്റി മനസ്സിലാക്കുകയും അതു പഠിച്ചില്ലെങ്കിൽ, മറ്റു സമൂഹങ്ങളുടെ മധ്യത്തിൽ കത്തോലിക്കർ പിൻതള്ളപ്പെടുകയും ചെയ്യുമെന്നു വാദിക്കയെങ്കിലും ചെയ്യാൻ ചാവറയച്ചൻ മുതിർന്നതായി രേഖകളില്ല. അങ്ങനെയൊരു വാദപ്രതിവാദം ഉണ്ടാക്കുകയും അന്നുമുതൽ കത്തോലിക്കർ ഇംഗ്ലീഷു പഠിക്കുകയും ചെയ്തിരുന്നെങ്കിൽ ഈ സമൂഹം എത്രയോ കൂടുതൽ വളർച്ച നേടുമായിരുന്നു.!

ജാതിമഹാത്മ്യത്തെപ്പറ്റി അഭിമാനം കൊണ്ടിരുന്ന സുറിയാനി കത്തോലിക്കർ ക്രിസ്തുമതത്തിലേയ്ക്കു പരിവർത്തനം ചെയ്ത താഴ്ന്നജാതിക്കാരെ സ്വന്തം പള്ളിയിൽ സ്വീകരിക്കാനും ഒപ്പം ബലിയർപ്പണത്തിൽ പങ്കുചേരാൻ അനുവദിക്കാനും തയ്യാറായിരുന്നില്ല. എതിർപ്പു ശക്തമായപ്പോൾ ചാവറയച്ചൻ പുതുക്രിസ്ത്യാനികൾക്ക് വേറൊരു പള്ളി പണിയിച്ചുകൊടുത്തു. പള്ളിയില്ലെങ്കിലും ജാതി ചിന്ത കൂടാതെ ഒരേ വിശ്വാസമുള്ളവർ ഒന്നുചേരണമെന്നും വിഭാഗിയത അക്രൈസ്തവരാണെന്നു പറഞ്ഞു പഠിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്തതിന്റെ ഫലമായി ചാവറയച്ചനും നസ്രാണി സമൂഹത്തിലെ ഉന്നതന്മാരും തമ്മിൽ ഒരു സംഘർഷമുണ്ടായതായി ചരിത്രം രേഖപ്പെടുത്തിയിരുന്നെങ്കിൽ കേരള ചരിത്രത്തിൽ സാമൂഹ്യപരിഷ്കാരങ്ങളുടെയിടയിൽ ചാവറയച്ചന്റെ സ്ഥാനം എത്രയോ കൂടുതൽ ഉയർന്നതാകുമായിരുന്നു! അങ്ങനെ ഉണ്ടാകുമായിരുന്ന സംഘർഷം അന്നുതന്നെ സാമൂഹ്യമാറ്റത്തിനു വഴി തുറക്കുകയും ശ്രീനാരായണ ഗുരുവിന്റെ കാലത്തിന് എത്രയോ മുമ്പ് ജാതിതിരുവുകൾ കുറ

യുകയും ചെയ്യുമായിരുന്നു!

കൽദായമെത്രാനായ റോക്കോസ് കേരളത്തിൽ വന്നതിനെപ്പറ്റി മുകളിൽ സൂചിപ്പിച്ചല്ലോ. സാമൂഹ്യമായ യോജിപ്പിനും ഐക്യത്തിനും കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് റോക്കോസിനെ തിരിച്ചയയ്ക്കാൻ ചാവറയച്ചൻ ചെയ്ത ശ്രമത്തെയും വിശകലനം ചെയ്യുകയുണ്ടായി. എന്നാൽ അതോടൊപ്പം തന്നെ, പത്തു നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള കൽദായ രീതികളാണ് ലത്തീൻ രീതികളേക്കാൾ സ്വന്തം സമുദായത്തിനു താല്പര്യമെന്നും അതു നിലനിറുത്തുകയും അതേസമയം സ്വന്തം സമുദായത്തിൽ നിന്നു തന്നെ മെത്രാനുണ്ടായി സഭയെ വളർത്തുകയും ചെയ്യാൻ അനുവദിക്കുകയാണ് ഇത്തരം പ്രശ്നങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ചെയ്യേണ്ടത് എന്ന് ശക്തമായ ഭാഷയിൽ റോമിനെ ബോധ്യപ്പെടുത്താൻ ചാവറയച്ചന് കഴിഞ്ഞില്ല. കുറച്ചു കഴിഞ്ഞു അദ്ദേഹം കൽദായ മെത്രാനെ സമൂഹം ആഗ്രഹിക്കുന്ന കാര്യവും മറ്റും സൂചിപ്പിച്ച് റോമിലേയ്ക്കെഴുതുന്നുണ്ട്. പക്ഷേ, നാട്ടിലുണ്ടായ സാഹചര്യത്തിൽ നിന്ന് സ്വന്തം സമൂദായത്തിനു നാട്ടുനേതൃത്വം അനുവദനീയമാകാൻ വേണ്ട സമ്മർദ്ദം ചെലുത്താൻ അദ്ദേഹത്തിനു കഴിയാതെപോയി. എന്നാൽ പിൽക്കാലത്ത് അദ്ദേഹത്തിന്റെ പിൻഗാമികളിൽ ഏഴുപേർ(ഏഴുവ്യാകുലങ്ങൾ) സമ്മർദ്ദം ചെലുത്തുകയും അതിനു വില നൽകുകയും ചെയ്തു. സന്ന്യാസ സഭയിൽനിന്ന് അവർ പുറത്താക്കപ്പെട്ടെങ്കിലും സുറിയാനി സഭയ്ക്ക് നാട്ടുമെത്രാന്മാരെ കിട്ടുന്നതിന് അത് വഴിയൊരുക്കുകയും, ആ ഏഴു പേരിൽ ഒരാൾതന്നെ മെത്രാനാകുകയും ചെയ്തു.

സ്വന്തം 'കാരിസ'വും ദർശനവും നൽകുന്ന പ്രചോദനമനുസരിച്ച് താൻ സ്ഥാപിക്കുന്ന സന്ന്യാസ സഭയ്ക്ക് പ്രത്യേക ജീവിത ശൈലി രൂപപ്പെടുത്തുന്നതിന് ചില സഭാസ്ഥാപകർക്ക് പരിശുദ്ധസിംഹാസനത്തോട് വാദിക്കേണ്ടിവന്നിട്ടുണ്ട്. ചാവറയച്ചനും അദ്ദേഹത്തിന്റെ ജേഷ്ഠ വൈദികസഹോദരങ്ങളായ പാലയ്ക്കൽ തൊമാച്ചനും പോരൂക്കര തോമാച്ചനും ആഗ്രഹിച്ചത്, കേരളസഭാനവീകരണത്തിനു സഹായകമായ ധ്യാന പ്രസംഗങ്ങൾ നടത്തുന്നവരുടെ ഒരു സമൂഹം അമലോത്ഭവദാസസംഘം എന്ന പേരിൽ സ്ഥാപിച്ച് പ്രാർത്ഥനയും പ്രസംഗവും സമന്വയിപ്പിച്ചുള്ള ജീവിതശൈലി രൂപപ്പെടുത്താനാണ്. എന്നാൽ അതിൽ നിന്നു ഭിന്നമായി, കർമ്മലീത്താ നിയമങ്ങൾ ഭേദ

ഗതികളോടെ മെത്രാൻ നൽകുകയും ആ സമൂഹത്തെ കർമ്മലീത്താ സഭയുടെ മൂന്നാം സഭയായി അംഗീകരിക്കാൻ തുനിയുകയും ചെയ്തപ്പോൾ, തന്റെ വീക്ഷണം മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ഒരു സമ്മർദ്ദവും ചാവറയച്ചൻ പ്രയോഗിക്കുന്നത് കാണുന്നില്ല. വിധേയത്വത്തോടെ അദ്ദേഹം അതു സ്വീകരിച്ചു നടപ്പാക്കുന്നു.

ചുരുക്കത്തിൽ, സാമൂഹ്യപുരോഗതിയുടെ ഡയലെക്റ്റിക്കൽ പ്രക്രിയ അദ്ദേഹത്തിന് അന്യമായിരുന്നു. അതുകൂടിയുണ്ടായിരുന്നെങ്കിൽ, ചാവറയച്ചന്റെ സാമൂഹ്യപുരോഗതിയ്ക്കുവേണ്ടിയുള്ള സംഭാവനകൾക്ക് കൂടുതൽ സമഗ്രതയുണ്ടാകുമായിരുന്നില്ലെയെന്ന് ചോദിച്ചുപോകുന്നു. സാമൂഹ്യപുരോഗതിയ്ക്കും ഐക്യത്തിനും വേണ്ടിയുള്ള വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വിലപ്പെട്ട സംഭാവനകളും അതിനു പ്രചോദനമേകിയ സാമൂഹ്യ ദർശനവും അനന്യമാണ്. മുകളിൽ നടത്തിയ ചില നിരീക്ഷണങ്ങൾ അവയുടെ പ്രാധാന്യവും സ്വാധീനവും ഒട്ടും കുറക്കുന്നില്ല. വിഷയത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടി മാത്രം എല്ലാ പരിമാണങ്ങളേയും സ്പർശിച്ചുവെന്നുമാത്രം.


പക്ഷേ എല്ലാ അർത്ഥത്തിലും , ഡോ. സുകുമാർ അഴിക്കോട് പറഞ്ഞതുപോലെ, "ചാവറയച്ചൻ ഒരു യുഗസൃഷ്ടാവായിരുന്നുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരാൾ ഇരുപതാം നൂറ്റാണ്ടിൽ ആദരപൂർവ്വം അനുസ്മരിക്കപ്പെടുന്നുണ്ടെങ്കിൽ, ആ വ്യക്തി പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുകൊണ്ടുതന്നെ ഇരുപതാംനൂറ്റാണ്ടും ഇരുപത്തിയൊന്നാം നൂറ്റാണ്ടും സൃഷ്ടിച്ച ആളായിരിക്കും. അങ്ങനെയുള്ളവരെയാണ് യുഗകർത്താക്കൾ എന്ന് നാം വിളിക്കുക. ചാവറയച്ചൻ അങ്ങനെയുള്ള ഒരു വ്യക്തിയായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ച് കേരളീയ സമൂഹത്തിന് ശക്തിയും വെളിച്ചവും പകർന്ന ചാവറയച്ചൻ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് സൂര്യതേജസ്സായി ചൂടും വെളിച്ചവും പകരുന്നു. ഇത് തുടരുക തന്നെ ചെയ്യും. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ സർഗ്ഗാത്മകതയും ദീർഘവീക്ഷണവും അദ്ദേഹം സ്ഥാപിച്ച സഭകളിലും കേരളകത്തോലിക്കാസഭയിലും വളർന്നു വികസിക്കട്ടെ!

ചാവറജീവിത ദർശനം



# അനുസ്മരണാകിരണങ്ങൾ

# ചാവറ വംശാവലി




ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ വംശാവലി

# 1 ചാവറ തറവാട്

മാർത്തോമാശ്ലീഹായാൽ സ്നാനം ചെയ്യപ്പെട്ട നാലു പുരാതന കുടുംബങ്ങളിൽ ഒന്നായ പകലോമറ്റം ശാഖയിൽ പെട്ടതാണ് ചാവറ കുടുംബം. പാലയൂരിൽനിന്ന് കുറവിലങ്ങാട് പോയി താമസിച്ചിരുന്ന പകലോമറ്റം തറവാട്ടിലെ ഒരു കുടുംബത്തെ കൈനകരിയിലെ മുക്കാട്ടു മഠത്തിന്റെ ആശ്രിതരായി കൊണ്ടുപോയി. ഈകുടുംബം പിന്നീട് മുക്കാട്ട് എന്ന പേരിലും, വീണ്ടും മീനപ്പള്ളി, കാളാശ്ശേരി എന്ന പേരിലും പിരിഞ്ഞു. മീനപ്പള്ളി കുടുംബം നാലു പേരുകളിലായി തിരിഞ്ഞു: മാമ്പ്ര, കളിപറമ്പ്, വളേലാൻതറ, ചാവറ. ചാവറ കുടുംബത്തിലെ കുര്യാക്കോസ് മറിയം ദമ്പതികളുടെ മക്കളിൽ ഇളയവനാണ് കുര്യാക്കോസ് ഏലിയാസച്ചൻ.

ഏലിയാസച്ചന്റെ മാതാവായ മറിയം പുരാതനവും പ്രശസ്തവുമായ തോട്ടയ്ക്കാട് ചോതിരക്കുന്നേൽ തറവാട്ടിലെ ഇട്ടി കുരുവിള-അന്ന ദമ്പതികളുടെ 10 സന്താനങ്ങളിൽ അഞ്ചാമത്തേതാണ്. മറിയത്തിന്റെ ഒരു സഹോദരനായ ഇട്ടികുരുവിളത്തരകന്റെ മകൻ കുഞ്ഞുതൊമ്മിയുടെ (ഇല്ലിപ്പറമ്പിൽ) പൗത്രനാണ് ഷെവ. ഐ.സി. ചാക്കോ. മാർ ളൂയിസ് പഴേപറമ്പിൽ മകളുടെ മകനും. ഇട്ടിക്കുരുവിളത്തരകന്റെ സഹധർമ്മിണി ത്രേസ്യാ (ആയമ്മ) ചമ്പക്കുളം പോരൂക്കര കുടുംബാംഗമാണ്. ത്രേസ്യായുടെ സഹോദരൻ ഇട്ടിക്കുരുവിളയുടെ സന്താനങ്ങളാണ് പോരൂക്കര തോമ്മാമല്പാനും പോരൂക്കര കുര്യാക്കോസ് ഏലിശ്വാച്ചനും. മറിയത്തിന്റെ മറ്റൊരു സഹോദരനായ കുര്യന്റെ മകൻ തോപ്പിൽ കുരുവിള പത്തൊാൻപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലെ പ്രശസ്തനായ ഒരു അൽമായ നേതാവാണ്. ചാവറയച്ചന്റെ വലംകൈയും തുണയുമായിരുന്നു കുര്യൻ.

# 2 ചാവറയച്ചൻ: നാഴികക്കല്ലുകൾ

1805 ഫെബ്രുവരി 10 – കൈനകരിയിൽ ജനനം.

1831 മെയ് 11 – സി.എം.ഐ. സഭ സ്ഥാപനം.
മാന്നാനത്ത് ആദ്യഭവനം.

1833 മാന്നാനത്ത് സെമിനാരി ആരംഭം.

1846 മാന്നാനത്ത് പ്രഥമ കത്തോലിക്കാ പ്രസ് തുടക്കം.

1846 മാന്നാനത്ത് ആദ്യ കത്തോലിക്കാ സ്കൂൾ സ്ഥാപനം.

1855 ഡിസംബർ 8–മാന്നാനത്ത് ചാവറയച്ചനുൾപ്പെടെ ആദ്യ 11 പിതാക്കന്മാരുടെ സന്യാസവ്രതവാഗ്ദാനം.

1860 ഒക്ടോബർ 1 – അമലോത്ഭവ മാതാവിന്റെ ദാസർ എന്ന പേരിലറിയപ്പെട്ടിരുന്ന മാന്നാനം സമീഹം നിഷ്പാദുക കർമ ലീത്താ സഭ യുമായി (ഒ. സി.ഡി.) അഫിലിയേറ്റ് ചെയ്യപ്പെട്ട് കർമലീത്ത നിഷ്പാദുക മൂന്നാംസഭ (ടി.ഒ.സി.ഡി) എന്ന പേരിലായി.

1981 ജൂൺ 8 – സീറോ മലബാർ സഭയുടെ ആദ്യവികാരി ജനറാൾ.

1866 ഫെബ്രുവരി 13 – പ്രഥമ സന്യാസിനി സമൂഹം, സി.എം.സി, കൂനമ്മാവിൽ സ്ഥാപനം.

1871 ജനുവരി 3 – കൂനമ്മാവിൽ ചാവറയച്ചന്റെ മരണം.

1889 മെയ് 24 – ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ കൂനമ്മാവിൽ നിന്ന് മാന്നാനത്തേക്ക് മാറ്റി.

1984 ഏപ്രിൽ 7 – ചാവറയച്ചൻ ധന്യനായി പ്രഖ്യാപിക്കപ്പെട്ടു.

1986 ഫെബ്രുവരി 8 – ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ കോട്ടയത്ത് പ്രഖ്യാപിച്ചു.

1987 ഡിസംബർ 20 – ചാവറ സ്മാരക തപാൽസ്റ്റാമ്പ് രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ പുറത്തിറക്കി.

2005 ഫെബ്രുവരി 10 – ചാവറയച്ചന്റെ ഇരുനൂറാം ജന്മദിനം.

2006 ജൂൺ 4– തൃശൂരിലെ കേരള സാഹിത്യ അക്കാദമി ഹാളിൽ ചാവറയച്ചന്റെ ഛായാചിത്രം പ്രതിഷ്ഠിച്ചു.

# 3 ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ

1. **നാളാഗമങ്ങൾ : വാല്യം-I**
   - -സി.എം.ഐ., സി.എം.സി. സന്യാസസഭകളുടെ സ്ഥാപനം, വളർച്ച.
   - -19-ാം നൂറ്റാണ്ടിലെ 'പദ്രെവാദോ' 'പ്രൊപ്പഗാന്ത' സഭാ സംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും.
   - -19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും
   - -പാലയ്ക്കൽ തോമ്മാ മല്പാന്റെ ജീവചരിത്രം (മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം)
2. **സാഹിത്യ കൃതികൾ : വാല്യം-II**
   - -ആത്മാനുതാപം
   - -മരണവീട്ടിൽ പാടുന്നതിനുള്ള പാന
   - -അനസ്താസ്യായുടെ രക്തസാക്ഷ്യത്വം(മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യം)
   - -ഒരു നല്ല അപ്പന്റെ ചാവരുൾ
3. **ധ്യാനസല്ലാപങ്ങൾ : വാല്യം-III**
   - -ചാവറയച്ചന്റെ മിസ്റ്റിക് ധ്യാനസംഭാഷണങ്ങൾ
   - -ദൈവവിളിയിൽമേൽ ധ്യാനം
   - -ദൈവമനോഗുണങ്ങളിന്മേൽ ധ്യാനം
   - -ചാവുദോഷത്തിന്മേൽ ധ്യാനം
   - -രണ്ടച്ചന്മാരുടെ വേല എന്നതിന്മേൽ ധ്യാനം
   - -ഭക്തിയില്ലാത്ത വൈദികന്റെ മരണം
   - -ചാവറയച്ചൻ ചൊല്ലിയിരുന്ന പ്രാർത്ഥനകൾ
   - -നാല്പതുമണി ആരാധനാ.
4. **കത്തുകൾ : വാല്യം-IV**
   - -മാർപാപ്പയ്ക്കെഴുതിയ കത്തുകൾ -2
   - -പ്രൊപ്പഗാന്ത തിരുസംഘത്തിനെഴുതിയ കത്തുകൾ -7
   - -മെത്രാന്മാർക്കുള്ള കത്തുകൾ-10
   - -റോമിലെ കർമലീത്ത സഭാധികാരികൾക്ക് എഴുതിയ കത്തുകൾ-2
   - സി.എം.ഐ.,സി.എം.സി. സഭാംഗങ്ങൾക്കെഴുതിയ കത്തുകൾ-32
   - -ഇടവക വൈദികർക്കുള്ള കത്തുകൾ-4
   - -പൊതുസർക്കുലറുകൾ-7
   - -വ്യവഹാരസംബന്ധമായ കത്തുകൾ-3
5. **ഏകീകരിച്ചവ**
   - -തൂക്കാസ-തിരുകർമാചാരാനുഷ്ഠാനങ്ങൾ
   - -ലിറ്റർജിക്കൽ കലണ്ടർ
   - -മരിച്ചവർക്കുള്ള തിരുകർമ്മങ്ങൾ

# 4 ചാവറ : ആരംഭകൻ

- ഭാരതത്തിലെ ആദ്യസന്യാസസഭ (സി.എം.ഐ)ക്ക് തുടക്കമിട്ടു **1831.**
- ഞായറാഴ്ചപ്രസംഗങ്ങളും വൈദികർക്കും അല്മായർക്കും വേണ്ടി ധ്യാനങ്ങളും സംഘടിപ്പിച്ചു **1832.**
- സീറോ മലബാർ സഭയുടെ ആദ്യ മേജർ സെമിനാരിക്ക് മാന്നാനത്തു തുടക്കം കുറിച്ചു **1833.**
- കേരള സഭയിൽ മാന്നാനത്ത് 'കുരിശിന്റെ വഴി' ആരംഭിച്ചു **1840.**
- കേരളസഭയിൽ ദിവ്യകാരുണ്യഭക്തിക്കു പ്രചാരം നല്കി **1843.**
- സീറോ മലബാർ സഭയിൽ ആദ്യമായി പ്രസും പ്രസിദ്ധീകരണശാലയും മാന്നാനത്ത് സ്ഥാപിച്ചു **1846.**
- കേരളത്തിൽ ആദ്യത്തെ കത്തോലിക്കാ സ്കൂൾ (സംസ്കൃതം) മാന്നാനത്തു സ്ഥാപിച്ചു **1846.**
- സീറോ മലബാർ സഭയിലെ ആദ്യത്തെ വിശ്വാസപരിശീലന കേന്ദ്രം മാന്നാനത്താരംഭിച്ചു **1853**
- സീറോ മലബാർ സഭയിലെ ആദ്യത്തെ വികാരിജനറാൾ ആയി **1861**
- കേരളസഭയിൽ റോക്കോസ് ശീശ്മയ്ക്കെതിരെ പോരാട്ടത്തിനു നേതൃത്വം നല്കി **1861.**
- മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യം 'അനസ്താസ്യയുടെ രക്തസാക്ഷ്യത്വം' രചിച്ചു **1862.**
- ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം എന്ന ആശയം കേരളസഭയിൽ നടപ്പിലാക്കി **1864.**
- കേരളത്തിലെ ആദ്യ സന്യാസിനി സമൂഹത്തിന് (സി.എം.സി.) ആരംഭം കുറിച്ചു. **1866.**
- നാല്പതുമണി ആരാധന കേരളത്തിലാദ്യമായി ആരംഭിച്ചു **1866**
- ആദ്യ കത്തോലിക്കാ അല്മായ ജീവകാരുണ്യ സംഘടനയായ നന്മരണസഭ സ്ഥാപിച്ചു **1869.**
- കേരളത്തിൽ ആദ്യ അഗതിഭവനം കൈനകരിയിൽ സ്ഥാപിച്ചു **1869.**
- കാനൻ നമസ്കാരം,ആരാധനാക്രമം, അനുഷ്ഠാനങ്ങൾ തുടങ്ങിയവയിൽ നവീകരണങ്ങൾ വരുത്തി **1865-1869.**

# 5 ഉത്തമ കുടുംബം

നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായം എന്തെന്നാൽ, ചോരയാലും സ്നേഹത്താലും തമ്മിൽത്തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ കാരണവന്മാരുടെ നേരെ ആചാരവും കീഴ്‌വഴക്കവും അനുസരിച്ച് തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കയും, അവരവരുടെ അന്തസ്സിനു തക്കതിൻവണ്ണം നിതൃഗതിയെ പ്രാപിക്കുന്നതിനു പ്രയത്നം ചെയ്തു കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു. ദു:ഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏറ്റം മധുരിക്കപ്പെട്ട ആശ്വാസവും സമാധാനവും ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു.

അപ്രകാരംതന്നെ ക്രമവും സമാധാനവും ഇല്ലാതെയും ദൈവശുശ്രൂഷയിന്മേലും നിത്യരക്ഷയിന്മേലും ഒരു വിചാരവും ഇല്ലാതെയും നടക്കുന്ന ഒരു കുടുംബത്തിൽ ജീവിക്കുന്നത് ഏറ്റം വലിയ സങ്കടമാകുന്നു.

ഇപ്രകാരം ക്രമമില്ലാത്ത കുടുംബങ്ങൾ എത്രയോ സങ്കടങ്ങൾക്കും കണ്ണുനീരുകൾക്കും കാരണമായിരിക്കുന്നു. ഇതു നിമിത്തം കീർത്തിപ്പെട്ടതും ബഹുമാനമുള്ളതും ദ്രവ്യമുള്ളതുമായ എത്രയോ കുടുംബങ്ങൾ നശിച്ചുപോയിരിക്കുന്നു. ഇതിൽ നിന്ന് എത്രയോ വഴക്കുകളും എത്രയോ പാപങ്ങളും എത്രയോ നാശങ്ങളും എത്രയോ മരണങ്ങളും ഉണ്ടായിരിക്കുന്നു.

ഇതിൻ വണ്ണമുള്ള തിന്മയും നാശങ്ങളും വരുന്നതിന് ഇടവരാതിരിക്കാൻ എനിക്കുണ്ടായിരിക്കുന്ന അതിയായ ആഗ്രഹത്തെക്കുറിച്ചു ഞാൻ ദൈവവിളിയും സമാധാനവും അപേക്ഷിച്ചുകൊണ്ട് ഈ കുടുംബക്രമം അഥവാ ചട്ടം എഴുതിയുണ്ടാക്കി. ഇതിനെ നിങ്ങളുടെ പൂർവ കാരണവന്മാരുടെ വായിൽ നിന്നും പുറപ്പെട്ട ഗുണദോഷം പോലെ കൈക്കൊണ്ടു സൂക്ഷമായിട്ട് അനുസരിക്കുകയും അനുസരിപ്പിക്കുകയും ചെയ്യണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. (ചാവറയച്ചൻ, ഒരു നല്ല അപ്പന്റെ ചാവരുൾ)

# 6 പ്രിയോർ മാവിന്റെ കഥ

ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിന് മുമ്പുവരെ അദ്ദേഹം അധികവും അറിയപ്പെട്ടിരുന്നത് വലിയ പ്രിയോരച്ചൻ എന്ന പേരിലാണ്. കാരണം, 1871 വരെയുള്ള എല്ലാ ആശ്രമങ്ങളുടെയും പൊതു സുപ്പീരിയർ അദ്ദേഹമായിരുന്നു. അദ്ദേഹത്തിനു മാത്രമായിരുന്നു 'പ്രിയോർ' എന്ന സ്ഥാനപ്പേരും. അതുകൊണ്ട് സഭാംഗങ്ങളും ജനങ്ങളും അദ്ദേഹത്തെ 'വലിയ പ്രിയോരച്ചൻ' എന്നേ വിളിച്ചിരുന്നുള്ളൂ. അദ്ദേഹം എല്ലാവർക്കും 'വലിയ പ്രിയോരച്ചനാ'യിരുന്നു. 1864 മുതൽ 1871-ൽ മരിക്കുന്നതുവരെ അദ്ദേഹം കൂനമ്മാവിലെ ആശ്രമവാസിയായിരുന്നു.

ഒരിക്കൽ ചാവറയച്ചന് സമ്മാനമായി വിശേഷതരം ഒരു മാങ്ങ ലഭിച്ചു. ആ മാങ്ങ ആശ്രമവാസികൾക്കും മഠത്തിലെ കന്യാസ്ത്രീകൾക്കുമായി ചെത്തിപ്പൂളി പങ്കുവെച്ച ശേഷം അതിന്റെ അണ്ടി തന്റെ മുറിയുടെ അടുത്ത് നട്ടുപിടിപ്പിച്ചു. അതിരുചിയുള്ള ഈ പ്രിയോർമാവിന്റെ തൈകൾ പിന്നീട് കൊവേന്തകളിലും മഠങ്ങളിലും നട്ടുവളർത്തി. പ്രിയോരച്ചൻ നട്ടുവളർത്തിയ മാവായതുകൊണ്ട് 'പ്രിയോർമാവ്' എന്ന പേരിൽ അത് അറിയപ്പെട്ടു. പ്രിയോർമാവിൻ തൈകൾ ഈ പേരിൽ തന്നെ ഇന്നും നേഴ്സറികളിൽ ലഭ്യമാണ്. കൂനമ്മാവിലെ പ്രിയോർമാവ് നൂറുവർഷങ്ങൾക്കുശേഷം ഉണങ്ങിയപ്പോൾ മുറിച്ച് കഷണങ്ങളാക്കി സി.എം.ഐ. -സി.എം.സി. സഭകളിലെ പ്രധാനഭവനങ്ങളിൽ ഇന്ന് തിരുശേഷിപ്പ് പോലെ സൂക്ഷിച്ചിരിക്കുന്നു. പ്രിയോർമാങ്ങപോലെ, പ്രിയോരച്ചൻ സഞ്ചരിച്ചിരുന്ന വള്ളം 'പ്രിയോർ വള്ളം' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ആ വള്ളം ഇന്ന് മാന്നാനത്ത് പ്രദർശിപ്പിച്ചിരിക്കുന്നു.

# 7 ഒരു തലമുടിയുടെ കഥ

മുട്ടത്തുപാടത്ത് വർക്കിയച്ചൻ മറ്റു പലരേയും പോലെ ചാവറയച്ചനെ വിശുദ്ധനായിട്ടാണ് കരുതിയത്. ഒരിക്കൽ അദ്ദേഹം ചാവറയച്ചനെ കണ്ട് ചില കാര്യങ്ങൾ സംസാരിക്കുന്നതിന് എത്തി. അപ്പോൾ ചാവറയച്ചൻ മുടിവെട്ടിച്ചുകഴിഞ്ഞ് കുളിയ്ക്കാൻ കുളിമുറിയിലേയ്ക്ക് പോയിരുന്നു. മുടിവെട്ടിയ ആളെ വർക്കിയച്ചൻ കണ്ടു. അയാളുടെ സഹായത്തോടെ, നിലത്തുകിടന്ന മുടിശകലങ്ങൾ ശേഖരിച്ചു കൈവശംവച്ചു. അദ്ദേഹം തലമുടിശകലങ്ങൾ തിരുശ്ശേഷിപ്പുപോലെ ഒരു ചിമിഴിൽ(അരുളിക്ക) സൂക്ഷിച്ച് വലിയ നിധിപോലെ കരുതുകയും ചെയ്തു. നിരവധി അനുഗ്രഹങ്ങൾ ഇതുമൂലം മുട്ടത്തുപാടത്ത് വർക്കിയച്ചന് ലഭിച്ചിട്ടുണ്ട്. ചാവറയച്ചൻ മരിച്ചശേഷം വാർഷിക ദിനത്തിൽ ഇദ്ദേഹം മാന്നാനത്ത് പൂജ അർപ്പിക്കുകയും ഈ തിരുശേഷിപ്പ് എല്ലാവരേയും കാണിക്കുകയും ചെയ്തു. അനന്തിരവനായ മുട്ടത്തുപാടത്ത് ഔസേപ്പച്ചന് മേല്പറഞ്ഞ അരുളിക്ക സമ്മാനമായി നൽകിയിട്ടാണ് വർക്കിയച്ചൻ മരിക്കുന്നത്. എനിക്കു നൽകുവാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം എന്ന് അദ്ദേഹം ഈ തിരുശേഷിപ്പ് സഹോദരപുത്രനു കൊടുത്തപ്പോൾ പറയുകയും ചെയ്തു.

മുട്ടത്തുപാടത്തു കുടുംബാംഗം ആയിരുന്ന വാഴ്ത്തപ്പെട്ട സി. അൽഫോൻസാ നൊവിഷ്യേറ്റുകാലത്ത് രോഗശയ്യയിലായിരിക്കേ, ബ. ഔസേപ്പച്ചൻ ചാവറയച്ചന്റെ തലമുടി അടക്കം ചെയ്ത അരുളിയ്ക്ക മഠത്തിൽ കൊണ്ടുവന്നു. അത് തലയിണക്കീഴിൽ വച്ച് പ്രാർത്ഥിക്കുവാൻ സി.അൽഫോൻസായോടു നിർദ്ദേശിച്ചു. അൽഫോൻസാമ്മയുടെ രോഗം പെട്ടെന്നു മാറി. 1937-ൽ ജൂൺമാസത്തിൽ ബ. ഔസേപ്പച്ചൻ ഈ തിരുശേഷിപ്പ് മാന്നാനം ആശ്രമദേവാലയത്തിൽ ഏല്പിച്ചു. അത് ഇന്നും മാന്നാനത്ത് പൂജ്യവസ്തുവായി വണങ്ങപ്പെടുന്നു.

# 8 നിർമ്മല ജീവിതസാക്ഷ്യം

ചാവറയച്ചന്റെ ആധ്യാത്മിക പിതാവായിരുന്ന ലെയോപോൾദ് മിഷനറി ചാവറയച്ചന്റെ ശവസംസ്കാരത്തിനുശേഷം കണ്ണീരോടെ ഡയറിയിൽ എഴുതി: "ഇന്ന് 1871 ജനുവരി മൂന്നിന് തിരുകുടുംബ ത്തിന്റെ ഫാ. കുറിയാക്കോസ് ഏലിയാസ്, പ്രഥമ പ്രിയോർ, അത്യന്തം നിർമ്മലമായ ജീവിതത്തിന് ശേഷം നിര്യാതനായി. മാമ്മോ ദീസായിൽ തനിയ്ക്കു ലഭിച്ച വിശുദ്ധി ഒരിക്കലും നഷ്ടപ്പെടുത്തി യിട്ടില്ലെന്ന് മരണത്തിനുമുമ്പ് ഏറ്റു പറയുവാൻ ഇദ്ദേഹത്തിനു കഴി ഞ്ഞു. എല്ലാ സുകൃതങ്ങളും വിശിഷ്യാ, ഹൃദയ ലാളിത്യം, സജീവ വിശ്വാസം, ആഴമുള്ള അനുസരണം, പരിശുദ്ധ കുർബാനയോടും പരിശുദ്ധ കന്യാമറിയത്തോടും വിശുദ്ധ യൗസേപ്പിനോടുമുള്ള ആർദ്രമായ ഭക്തി എന്നിവ ഇദ്ദേഹം അഭ്യസിച്ചിരുന്നു.

"മലയാളത്തിലെ കർമ്മലീത്താ മൂന്നാംസഭയുടെ സ്ഥാപകനും പ്രഥമ പ്രിയോർ ജനറാളുമാണ് ഫാ. ചാവറ കുറിയാക്കോസ്. വളരെ പ്രയാസങ്ങൾ സഹിച്ച് സന്യാസിനികൾക്കുവേണ്ടിയുള്ള ഒരു സഭയും ഇദ്ദേഹം സ്ഥാപിച്ചു. സ്ഥായിയായ സുകൃതങ്ങൾ, വിജ്ഞാ നം, സുറിയാനി ഭാഷയിലുള്ള അഗാധമായ പാണ്ഡിത്യം എന്നിവ മൂലം മലബാറിലെ സുറിയാനിക്കാരുടെമേൽ വലിയ സ്വാധീനമാണ് ഇദ്ദേഹത്തിനുണ്ടായിരുന്നത്. ലൗകികവസ്തുക്കളോട് ക്രമവിരുദ്ധ മായ സ്നേഹത്തിൽ നിന്ന് ഇദ്ദേഹം വിമുക്തനായിരുന്നു. അന്ത്യ കൂദാശകൾ അസാധാരണമായ ഭക്തിയോടും വിശുദ്ധിയോടും കൂടി സ്വീകരിച്ചശേഷം തന്നെ അറിയുന്നവരെ പ്രത്യേകിച്ച് എന്നെ (ഞാൻ എന്നെത്തന്നെ അറിയുന്നതുപോലെ ഇദ്ദേഹത്തെയും അറിഞ്ഞിരു ന്നു.) കണ്ണീരിലാഴ്ത്തിക്കൊണ്ട് സ്വർഗ്ഗീയ സന്തോഷത്തോടെ 66-ാം വയസ്സിൽ ഇദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഇവിടെ, കൂനമ്മാവു പള്ളിയിൽ, സംസ്ക്കരിക്കപ്പെടുകയും ചെയ്തു. വിശുദ്ധവും മനോ ഹരവുമായ ആത്മാവേ, എനിയ്ക്കുവേണ്ടി പ്രാർത്ഥിയ്ക്കണമേ"

# 9 ചാവറയച്ചന്റെ സഭാംഗങ്ങൾക്കുള്ള അന്ത്യോപദേശം

''നിങ്ങൾ എന്തിനു ദു:ഖിക്കുന്നു. മനുഷ്യൻ ആരു തന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായുള്ള സമയം ഇപ്പോൾ ആകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്ത് എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറെനാൾ മുമ്പുതുടങ്ങി ഞാൻ ചെയ്തു വരുന്നു.

ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ മറിയം യൗസേപ്പ് എന്ന മഹാ കുടുംബത്തെ പല വിധത്തിൽ എന്നെ ഓർപ്പിക്കയും ഞാൻ ആ തിരുകുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ കാക്കുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമ്മോദീസാ യിൽ എനിക്കു കിട്ടിയ ദൈവഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടല്ല എന്ന് പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരേയും ഈ തിരുകുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു.

തിരുകുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ. നിങ്ങളുടെ ഹൃദയത്തിൽ ആ തിരുകുടുംബം അധികാരം നടത്തട്ടെ. ഞാൻ മരിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ദു:ഖിച്ചു കലങ്ങേണ്ട. ദൈവതിരുമനസ്സിനു സന്തോഷത്തോടുകൂടി കീഴുവഴങ്ങുവിൻ. ദൈവം സർവ വല്ലഭനും അറുതിയില്ലാത്ത അനുഗ്രഹക്കാരനുമാകുന്നു. സഭയ്ക്കും നിങ്ങൾ ഓരോരുത്തർക്കും എന്നെക്കാൾ കൂടുതൽ നന്മ ചെയ്‌വാൻ കഴിയുന്ന ഒരു പുത്തൻ പ്രിയോരച്ചനെ ദൈവം ഉടനെ തരും. നിങ്ങൾ എല്ലാവരും റേഗുളയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷമമായി അനുസരിച്ചു കാക്കണം. ദിവ്യകാരുണ്യത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴുഹൃദയത്തോടു കൂടെ സ്നേഹിക്കണം.

ആ തിരുഹൃദയത്തിൽ നിന്ന് നിവ്യായുടെ വചനംപോലെ ആയുസിന്റെ വെള്ളത്തെ കോരിയെടുപ്പിൻ. സഭയുടെ അംഗങ്ങളായിരിക്കുന്ന എല്ലാവരും പ്രത്യേകം ശ്രേഷ്ടന്മാരും തമ്മിൽ തമ്മിൽ പരമാർത്ഥ ഉപവിയുള്ളരായിരിക്കണം. ഇപ്രകാരം നിങ്ങൾ ചെയ്യുമെങ്കിൽ ഈ സഭ വഴിയായിട്ട് ദൈവസ്തുതിയും അത്മരക്ഷയും ഉണ്ടാകുകയും സഭ ഒന്നിനൊന്ന് അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും.''

# 10 ചാവറയച്ചൻ മഹാത്മാക്കളുടെ വീക്ഷണത്തിൽ

**1. ലെയോപോൾദ് ബെക്കാറോ മിഷനറി**

മാമ്മോദീസായിൽ ലഭിച്ച പരിശുദ്ധി ഒരിക്കലും നഷ്ട്ടമായിട്ടില്ലെന്ന് മരണത്തിന് തൊട്ടുമുമ്പ് പ്രഖ്യാപിക്കുവാൻ ചാവറയച്ചന് കഴിഞ്ഞു. സുകൃതാഭ്യാസനത്തിൽ, പ്രത്യേകിച്ച് ഹൃദയലാളിത്വം, സജീവവിശ്വാസം , ആർദ്രമായ അനുസരണം, ദിവ്യകാരുണ്യഭക്തി, മാതാവിനോടും വി. യൗസേപ്പിനോടുമുള്ള ഭക്തി എന്നിവയിൽ അദ്ദേഹം മുന്നിട്ടു നിന്നിരുന്നു. മലബാറിലെ ക്രൈസ്തവരുടെ നന്മയ്ക്കുവേണ്ടി കടുത്ത പ്രതിസന്ധികളിലൂടെയാണ് അദ്ദേഹം കടന്നു പോയത്, പ്രത്യേകിച്ച് റോക്കോസ് ശീശ്മയുടെ കാലത്ത്. സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിതനായപ്പോൾ പരിശുദ്ധ സിംഹാസനത്തോട് അനിതരസാധാരണമായ ഭക്തിയാണ് അദ്ദേഹം പ്രകടമാക്കിയത്. ഇരവുപകലധ്യാനിച്ച് ശീശ്മ പടർന്നു പിടിക്കാതെ സഭയെ അദ്ദേഹം സംരക്ഷിച്ചു. (ചാവറയച്ചന്റെ ആത്മഗുരുവായിരുന്ന ലെയോപോൾദച്ചൻ പിതാവിന്റെ മരണദിവസം എഴുതിയ കുറിപ്പിൽ നിന്ന്)

**2. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ**

വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയസച്ചന്റെയും സി.എം.ഐ. സഭയിലെ അദ്ദേഹത്തിന്റെ അനുയായികളുടേയും ജീവിതം സീറോ മലബാർ സഭയ്ക്കുവേണ്ടി ഉഴിഞ്ഞു വച്ചിട്ടുള്ളതാണ്. എത്രയെത്ര അപ്പസ്തോലിക നന്മകളാണ് അദ്ദേഹത്തിന്റെ സമർത്ഥ നേതൃത്വത്തിൽ അഥവാ ചൈതന്യധാരയിൽ വിരിഞ്ഞു വന്നിട്ടുള്ളത്. സ്കൂളുകൾ, വൈദിക പരിശീലനകേന്ദ്രങ്ങൾ, കത്തോലിക്കാ ആദർശങ്ങളുടെ പ്രചാരണത്തിനായി അച്ചടിശാല, ആസന്നമരണരായ വയോവൃദ്ധർക്ക് ആശ്വാസമന്ദിരം, പൊതുവിജ്ഞാനശാലകൾ, മതപഠനകേന്ദ്രങ്ങൾ,എന്നിവയെല്ലാം അദ്ദേഹം നൽകിയ സംഭാവനകളാണ്. സീറോ-മലബാർ സഭയുടെ ആരാധനാക്രമത്തിനു അദ്ദേഹം പുനരുദ്ധാര

ണമേകി. ദിവ്യകാരുണ്യത്തോടും തിരുകുടുംബത്തോടുമുള്ള ഭക്തി വ്യാപകമാക്കി. സഭയിലും സമൂഹത്തിലും കുടുംബ ങ്ങൾക്കുള്ള മൗലിക സ്ഥാനം മനസ്സിലാക്കിയ ചാവറയച്ചൻ ക്രിസ്തീയ കുടുംബങ്ങൾക്ക് പ്രോത്സാഹനവും ഉപദേശവും നൽകി ശക്തി പകർന്നു.

**3. കർദ്ദിനാൾ പീറ്റർ പലസ്സീനി**

പുരുഷന്മാർക്കുള്ള കാർമലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (സി.എം.ഐ) സ്ത്രീകൾക്കായുള്ള കോൺഗ്രഗേഷൻ ഓഫ് ദ മദർ ഓഫ് കാർമൽ (സി.എം.സി) എന്നീ സന്യാസ സഭകളുടെ സഹസ്ഥാപകനാണു ധന്യനായ കുരിയാക്കോസ്. മാമ്മോദീസാ യിൽ ലഭിച്ച ദൈവവരപ്രസാദം എന്നും താൻ കാത്തു സൂക്ഷി ച്ചതായി മരണശയ്യയിൽ വച്ചു പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അതേസമയം, പാപത്തെക്കുറിച്ചുള്ള ആഴമേറിയ അവ ബോധം പുലർത്തിക്കൊണ്ടാണ് അദ്ദേഹം ജീവിച്ചത്. പാപബോ ധത്തിന്റെ ഗൗരവപൂർണമായ അഭാവമുള്ള ആധുനികലോക ത്തിന്, ഇക്കാര്യത്തിൽ, അദ്ദേഹമൊരു ചോദ്യചിഹ്നമാണ്.

**4. നിത്യചൈതന്യയതി**

ദു:ഖസമുദ്രത്തിന്റെ അലമാലകൾ ചൂഴ്ന്നുയർന്നപ്പോഴും പ്രശാ ന്ത മനസ്കനായ ഒരു യമിയായി നില കൊള്ളുവാൻ ചാവറയ ച്ചനു കഴിഞ്ഞു. തെറ്റുകളെ ശക്തമായി എതിർക്കുമ്പോൾ പോലും തെറ്റു ചെയ്തവനോടുള്ള കാരുണ്യത്തിന് അതിരുണ്ടാ യിരുന്നില്ല. തന്റെ പ്രതിജ്ഞയായ അനുസരണം, ബ്രഹ്മചാര്യം, ദാരിദ്ര്യം എന്നിവയിൽ നിന്ന് അണുവോളം വ്യതിചലിക്കാതെ യും, തന്റെ കർമ്മധാരയെ ദൈവത്തിനു സാക്ഷ്യപ്പെടുത്തി സ്വധർമ്മത്തിനു പോറലേല്ക്കാതെയുമാണ് ചാവറയച്ചൻ കൊണ്ടുപോയത്. വലിയ സംഘാടകനും സംയോജകനുമായി രുന്നു ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ. അഭൂതപൂർവ്വ മായ ജനസമ്മതിക്കു പാത്രമായി, സമാരാധ്യനായിരുന്ന പ്പോൾപോലും ഒരു മഹിമയും തന്റേതായി അദ്ദേഹം എണ്ണിയി ല്ല. താൻ ഒരു നിമിത്തമെന്നതിലധികമായി അദ്ദേഹം തന്റെ മഹി മയെ ഒരിക്കലും കണ്ടിരുന്നില്ല.

**5. മുൻരാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ**

ചാവറയച്ചനെപ്പോലെ ദൈവികചിന്തയേയും മനുഷ്യസേവനത്തേയും ഇത്ര സ്വാഭാവികമായും ക്രിയാത്മകമായും സംയോജിപ്പിച്ചിട്ടുള്ളവർ അംഗുലീപരിമിതമാണ്. അദ്ദേഹത്തിന്റെ മനസ്സിൽ വിശ്വാസപരമായ പ്രവർത്തനങ്ങൾക്കും കർമ്മപരമായ പ്രവർത്തനങ്ങൾക്കും യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല. ചാവറയച്ചൻ ഒരേ സമയം ഒരു യോഗീവര്യനും അതേസമയം ബാഹ്യ പ്രവർത്തനങ്ങളുടെ ഒരു നിലയ്ക്കാത്ത യന്ത്രവുമായിരുന്നു. അദ്ദേഹം ഭാരതക്രിസ്തീയ സഭയുടെ ചൈതന്യത്തെ സമ്യക്കായി പ്രതിനിധീകരിച്ചു; മലബാർ സഭയുടെ പൈതൃകത്തെ സമഗ്രമായി പ്രകാശിപ്പിച്ചു.

**6. മുൻകേരള ഗവർണർ പി. രാമചന്ദ്രൻ**

വാഴ്ത്തപ്പെട്ട ചാവറയച്ചൻ കേരളത്തിന്റെ എന്നല്ല, മാനവകുലം മുഴുവന്റേയും അഭിമാന പാത്രമാണ്. അക്ഷുണ്ണധർമ്മനിചയം ഏക വ്യക്തിയിൽ വിളക്കിച്ചേർത്തതിന്റെ അസുലഭമായ ആവിഷ്ക്കാരമാണ് ആ ജീവിതം. ആറരദശാബ്ദം നീണ്ടിനിന്ന അദ്ദേഹത്തിന്റെ സുകൃതചര്യകൾ ഈ മർത്ത്യലോകത്ത് അമർത്ത്യതയുടെ മൂശയിൽ വാർത്തെടുത്ത വ്യക്തിയായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു. ചാവറയച്ചന്റെ ജീവിതം ആത്മാവിലാവേശം പകരുന്ന അന്തസ്സാരപൂർണ്ണമായ ഒരു വീരഗാഥയാണ്. ക്രൈസ്തവസഭയിൽ വൈദികനായി അദ്ദേഹം അഭിഷിക്തനായ നിമിഷം മുതൽ ദൈവത്തിനായി ജീവിതം ഉഴിച്ചുവച്ചുകൊണ്ട് സഹജീവികളുടെ സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് ആത്മാർത്ഥമായി യത്നിച്ചു.

**7. കർദ്ദിനാൾ മാർ ആന്റണി പടിയറ**

വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഒരു യുഗപുരുഷനായിരുന്നു. ഒരു യുഗം കൊണ്ട് ചെയ്യുവുന്നതിലധികം നല്ല കാര്യങ്ങൾ ഒരു പുരുഷായുസുകൊണ്ട് അദ്ദേഹം ചെയ്തു തീർത്തു. അന്നത്തെ തലമുറയേയും വരാനിരിക്കുന്ന തലമുറകളേയും അദ്ദേഹം ധന്യമാക്കി. മനുഷ്യജന്മം സാർത്ഥമാകുന്നത് കർമ്മജീവിതം കൊണ്ട് ജനനത്തെ സാധൂകരിക്കുമ്പോഴാണ്. അങ്ങനെ നോക്കുമ്പോൾ ചാവറയച്ചന്റെ ജീവിതം ചൈതന്യധന്യമാണ്. അദ്ദേഹം നമ്മുടെ കാലഘട്ടത്തിനുവേണ്ടിയുള്ള വിശുദ്ധനാണ്, കർമ്മയോഗിയാണ്.

**8. ഡോ. കെ.എം.തരകൻ**

ചാവറയച്ചന്റെ ദർശനം വളരെ സ്പഷ്ടമാണ്. അതു ശുഭാപ്തി വിശ്വാസത്താൽ നിർഭരമാണ്, പ്രസന്നമാണ്, പ്രസാദാത്മകമാണ്. ചാവറയച്ചന്റെ ദർശനം ഒരേ സമയം ദൈവത്തിന്റെ ദാസനും മനുഷ്യസ്നേഹിയും ആയിരിക്കുക എന്നതാണ്. മഹത്തായ ആ പ്രഭാരൂപത്തിന്റെ, തേജസിന്റെ, ശക്തി ഇന്ന് ഒരു മണ്ഡലത്തിൽ മാത്രമല്ല എല്ലാ മണ്ഡലങ്ങളിലും വ്യാപിച്ചു നില്ക്കുകയാണ്.

**9. കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ**

കേരളം കണ്ട ഏറ്റവും മഹത്തായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ. ദൈവത്തിൽ ജീവിച്ച മനുഷ്യനായിരുന്നു അദ്ദേഹം. തന്റെ കർമ്മശേഷിക്ക് അദ്ദേഹം ഊർജ്ജം കണ്ടെത്തിയത് ആഴമേറിയ ആധ്യാത്മികതയിൽ നിന്നായിരുന്നു. തന്നെതന്നെ ശൂന്യമാക്കി സഹജീവികൾക്ക് അദ്ദേഹം സേവനം ചെയ്തു. കേരളത്തിലൊട്ടാകെയും, പ്രത്യേകിച്ച് ദളിത് വിഭാഗങ്ങളിലും വിദ്യാവെളിച്ചമെത്തിക്കുന്നതിൽ ചാവറയച്ചൻ വഹിച്ച പങ്ക് നിസ്തുലമാണ്. സാമൂഹ്യരംഗത്ത് അദ്ദേഹത്തിന്റെ സംഭാവകൾക്കുള്ള അംഗീകാരമാണ് ചാവറയച്ചന്റെ ബഹുമാനാർത്ഥം ഇൻഡ്യഗവൺമെന്റ് തപാൽ സ്റ്റാമ്പ് പുറപ്പെടുവിച്ചത്. ചാവറയച്ചന്റെ ധീരവും ശക്തവുമായ നിലപാടില്ലായിരുന്നുവെങ്കിൽ കേരളത്തിലെ വ്യക്തിസഭ വഴിതെറ്റിപ്പോകുമായിരുന്നുവെന്ന ചരിത്രവസ്തുത നാം പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു.

**10. പ്രൊഫ.എ. ശ്രീധരമേനോൻ**

കാലത്തിന് മുമ്പേ നടന്ന മഹാപ്രതിഭാശാലിയായ നവോത്ഥാന നായകനായിരുന്നു ചാവറ കുറിയാക്കോസ് ഏലിയാസച്ചൻ. പത്തൊമ്പതാം നൂറ്റാണ്ട് മാനവസമൂഹത്തിന് സമ്മാനിച്ച ദീർഘദർശിയായ പുണ്യതേജസ് . കേരള ചരിത്രകാരന്മാർ നീതി കാണിക്കാത്ത സാമൂഹ്യപരിഷ്കർത്താവ്. ചാവറയച്ചന്റെ ജീവിതവും സന്ദേശവും നേട്ടങ്ങളും കത്തോലിക്കാ സമൂദായത്തിന് മാത്രമുള്ളതല്ല, എല്ലാ സമുദായങ്ങൾക്കും എക്കാലത്തും പ്രസക്തമാണ്.

11. **ഡോ. സുകുമാർ അഴീക്കോട്**

അനശ്വരതയിലേയ്ക്കുളള പ്രയാണത്തിൽ ചാവറയച്ചൻ 'വിദ്യാഭ്യാസത്തിലൂടെ മോചനത്തിന്റെ തുടക്കം' എന്ന ആശയത്തെ പ്രായോഗികമാക്കി കാണിച്ചു. പള്ളിയുണ്ടെങ്കിൽ പള്ളിക്കൂടം വേണം. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിന്റെ നവീകരണം കൂടി ഈ പരിപാടിയിൽ ചാവറയച്ചൻ ഉൾച്ചേർത്തെന്നാണ് എന്റെ വിശ്വാസം. പാവങ്ങളെ തെരഞ്ഞു പിടിച്ച് അവരെ ജ്ഞാനത്തിന്റെ പ്രകാശത്തിൽ പ്രതിഷ്ഠിച്ചു. കുടുംബത്തിന്റെ അറയിൽനിന്ന് മാനവസമൂഹത്തിന്റെ വിശാലമായ തുറന്ന അറയിലേയ്ക്ക് സഞ്ചരിക്കുവാൻ പലവഴികൾ അദ്ദേഹം വെട്ടിത്തുറന്നു.

12. **പി. ഗോവിന്ദപ്പിള്ള**

ചാവറയച്ചന്റെ സമർപ്പിത ജീവിതവും ദീർഘദൃഷ്ടിയോടുകൂടിയുള്ള പരിഷ്കരണ പ്രവർത്തനങ്ങളും കേരളനവോത്ഥാന ചരിത്രത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. കേരളീയ ജനസമൂഹത്തിന്റെ സമഗ്രമായ സാമൂഹ്യവികസനത്തിനും സാംസ്കാരിക അഭ്യുന്നതിക്കും ഈ പ്രവർത്തനങ്ങൾ അത്യന്തം ഉപകാരപ്രദങ്ങളാണെന്ന് അംഗീകരിച്ച് കേരളത്തിലെ നവോത്ഥാനനായകരുടെ അഗ്രാസനങ്ങളിൽ അദ്ദേഹത്തെ പ്രതിഷ്ഠിക്കുക ചരിത്രപരമായ ഒരാവശ്യമാണ്.

14. **സി.പി. ശ്രീധരൻ**

ചാവറകൃതികളുടെ അന്തർഭാഗത്തേയ്ക്ക് കടക്കുമ്പോഴാണ് സമർപ്പിത ചേതസായ ഒരു ക്രൈസ്തവ ഭക്തന്റെ അന്തർപ്രചോദിതങ്ങളായ വാങ്മയ രൂപങ്ങൾ മനസ്സിലാക്കുക. ഒരു കവിയുടെ വ്യക്തിമുദ്ര ഭാവാവിഷ്കാരത്തിലാണ് പ്രകടമാകുന്നത്. നിഗൂഢമായ കാവ്യസൗന്ദര്യം പദച്ചെപ്പുകളിൽ ഉടുപ്പിച്ച് ചേതനയുടെ സൂക്ഷമവും ആസ്പഷ്ടവുമായ സ്പന്ദനങ്ങളെ അനാവരണം ചെയ്യുന്നതിൽ ചാവറയച്ചൻ വിദഗ്ദ്ധനാണെന്ന് ആത്മാനുതാപം തുടങ്ങിയ കൃതികൾ തെളിയിക്കുന്നു.


# 11 ചാവറയച്ചൻ കുട്ടികളോട് സംസാരിക്കുന്നു

* മക്കളേ, നിങ്ങൾ മാതാപിതാക്കളുടെ കൈകളിലെ ദൈവനിക്ഷേപമാകുന്നു.
* കൃത്യമായി സ്കൂളിൽ പോകുകയും പഠിക്കുന്നവ ആഴ്ചതോറും ഓർമ്മ പുതുക്കുകയും ചെയ്യുക.
* ദൈവസ്നേഹികളാകട്ടെ നിങ്ങളുടെ കൂട്ടുകാർ
* നല്ല കൂട്ടുകാർ നിങ്ങളെ നല്ലവരാക്കും
* പതിവായി സൽഗ്രന്ഥങ്ങൾ വായിക്കുക. അത് ബുദ്ധിയെ പ്രകാശിപ്പിക്കും.
* അമിതമായ വേഷാലങ്കാരം നിങ്ങളെ തിന്മയിലേയ്ക്കു നയിക്കും
* പ്രായത്തിനടുത്ത വസ്ത്രധാരണവും ആത്മവിശുദ്ധിയും ഉള്ളവരാകണം
* നിങ്ങൾ സത്യത്തേയും നീതിയേയും സ്നേഹിക്കണം
* മറ്റുള്ളവർക്ക് നന്മ ചെയ്യാത്ത ദിവസം നിന്റെ ജീവിതത്തിൽ ഉണ്ടാവാതിരിക്കട്ടെ.
* നിങ്ങൾ പ്രായത്തിലും പ്രാപ്തിയിലും എത്തിയാലും മാതാപിതാക്കൾക്ക് കൊടുക്കേണ്ട അംഗീകാരവും വിധേയത്വവും നൽകണം.
* സ്വന്തം സഹോദരങ്ങളെ വെറുക്കരുത്.
* നിങ്ങളെ ഓർത്ത് മാതാപിതാക്കൾ കണ്ണീർ വീഴ്ത്താൻ ഇടവരരുത്.
* മാതാപിതാക്കളെ വേദനിപ്പിച്ചാൽ ഈ ലോകത്തിൽ തന്നെ നിങ്ങൾ ശിക്ഷ അനുഭവിക്കേണ്ടിവരും.
* എളിയഭാവം കാണിക്കുന്നവനാണ് മനുഷ്യരിൽ ഏറ്റവും ഉന്നതൻ.
* നിങ്ങൾ ദൈവത്തിന്റെ സ്വന്തമാകയാൽ ദൈവത്തിന് തിരിച്ചേൽപ്പിക്കപ്പെടണം.
* ദൈവസ്നേഹവും ദൈവഭയവും ഉള്ള മക്കൾ മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.
* വളരുവാൻ ഭക്ഷണം എന്നതുപോലെ അറിവും വിശുദ്ധിയും ആത്മീയതയും ഭക്ഷണമാകണം.
* മടിയും അലസതയും സർവ്വ ദുർഗുണങ്ങളേയും വളർത്തുന്നു.
* സമയക്രമീകരണത്തിലൂടെ കൃത്യനിഷ്ഠരാകുക.
* നിങ്ങളുടെ കഴിവ് ജീവിതക്രമത്തിലും ദൈവഭയത്തിലും ദൈവഭക്തിയിലും ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിലുമായിരിക്കട്ടെ
* വഞ്ചനകൊണ്ടും കളവുകൊണ്ടും സമ്പാദിച്ചവ മഞ്ഞുപോലെ അലിഞ്ഞുപോകും.
* പാവപ്പെട്ടവരെ നിന്ദിക്കുകയോ, ബുദ്ധിമുട്ടിക്കുകയോ അരുത്.
* നിങ്ങളുടെ ജീവിതാന്തസ്സിനെ നിശ്ചയിക്കുന്നത് ദൈവവും തിരഞ്ഞെടുക്കുന്നത് നിങ്ങളുമാണ്.
* വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് മക്കളുടെ കടമയാണ്.

ചാവറജീവിത ദർശനം



# ചരിത്രവും ചാവരുളും



# ചാവറ
# ഒരു ലഘു ജീവചരിത്രം

റവ. ഫാ. തോമസ് പന്തപ്ലാക്കൻ

പത്തൊമ്പതാം നൂറ്റാണ്ടിലെ രാഷ്ട്രീയവും സാമൂഹ്യവും മത പരവുമായ അവസ്ഥാവിശേഷങ്ങളെ പരിശോധിച്ചാൽ എല്ലാ മേഖ കളിലും വളരെ പരിമിതികൾ കണ്ടെത്താനാകും. നേതൃത്വം എടു ക്കാൻ അധികമാരുമില്ലായിരുന്നു. എല്ലാ മേഖലകളിലും ഒരുപോലെ നേതൃത്വം എടുക്കാൻ സാധിക്കുന്ന വ്യക്തികൾ ലോക ചരിത്രത്തിൽ തന്നെ വിരളമാണ്.

ആത്മീയ നവോത്ഥാനത്തിനും സാമൂഹ്യ സമുദ്ധാരണത്തിനും നേതൃത്വം എടുക്കാൻ വിശ്വദർശികളായ ആത്മീയ ആചാര്യന്മാർക്കെ കഴിയൂ. കേരളത്തിന്റെ സാമൂഹ്യവും സാംസ്കാരികവും മതപരവു മായ രംഗങ്ങളിൽ മാർഗ്ഗദർശിയായി തീരുവാൻ ദൈവത്താൽ അയ ക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു ചാവറയച്ചൻ.

കേരളത്തിൽ നമ്മുടെ പൂർവ്വികരുടെയിടയിൽ ജനിച്ചു വളർന്ന് നമ്മുടെ നാടിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി പലതും ചെയ്യുകയും അതിനു വഴി തുറക്കുകയും ചെയ്ത ഒരാളാണ് ചാവറ കുര്യക്കോസ് ഏലിയാസച്ചൻ. ഇന്നത്തെ കേരളത്തെ സാക്ഷര കേര ളമാക്കി മാറ്റുന്നതിന് അദ്ദേഹം ചെയ്ത സംഭാവന വിലപ്പെട്ടതായിരു

ന്നു. നിരാലംബരെ സംരക്ഷിക്കുകയും പാവപ്പെട്ടവരെയും അധഃകൃതരെയും ഉദ്ധരിക്കുകയും മതസഹിഷ്ണുതയുടെയും ശത്രുസ്നേഹത്തിന്റെയും മാതൃകകൾ കാട്ടിത്തരുകയും ചെയ്ത ഒരു മഹത്വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ജീവചരിത്രം ലഘുവായിട്ടെങ്കിലും അറിഞ്ഞിരിക്കുക നമ്മുടെ കടമയാണ്.

## ചാവറയച്ചന്റെ കുടുംബപശ്ചാത്തലം

താഴ്ന്ന ജാതിക്കാർ തൊട്ട് അശുദ്ധമാക്കിയ വസ്തുക്കൾ നസ്രാണിക്രിസ്ത്യാനികൾ തൊട്ടാൽ ശുദ്ധമാകും എന്നൊരു വിശ്വാസം പണ്ടുകാലങ്ങളിലുണ്ടായിരുന്നു. മാത്രമല്ല അവർ പൊതുവെ ധീരരും ശക്തരും കൂടിയായിരുന്നു. ഈ കാരണങ്ങളാൽ രാജകൊട്ടാരങ്ങളോടും ബ്രാഹ്മണകുടുംബങ്ങളോടും ചേർന്ന് ക്രിസ്ത്യാനികളെ ആശ്രിതരാക്കി താമസിപ്പിച്ചിരുന്നു. ഈ പതിവനുസരിച്ച് കൈനകരിയിലെ മുക്കാട്ടുമഠം ഇല്ലക്കാർ കുറുവിലങ്ങാട് പകലോമറ്റം കുടുംബങ്ങളിലെ ഒരു വീട്ടുക്കാരെ ഇവിടെ കൊണ്ടുവന്നു താമസിപ്പിച്ചു.

ക്രിസ്തു ശിഷ്യനായ തോമസ് അപ്പസ്തോലൻ പാലയൂരിൽ സ്നാനം നൽകിയ നാലു കുടുംബങ്ങളിൽ ഒന്നാണ് പകലോമറ്റം. കുറവിലങ്ങാട്ടുള്ള പകലോമറ്റം തറവാട്ടുകാർ ഇവരുടെ പിൻഗാമികളാണ്. മുക്കാട്ടുമഠം കുടുംബത്തിന്റെ ആശ്രിതരായി മാറിയ ഇവർ പിന്നീട് ആ കുടുംബപ്പേരിൽ തന്നെ അറിയപ്പെടുവാൻ തുടങ്ങി. ഇവിടെ നിന്ന് പിന്നീട് ചിലർ പുതിയ സ്ഥലങ്ങളിലേയ്ക്ക് മാറിതാമസിച്ചപ്പോൾ മീനപ്പള്ളി, കാളാശ്ശേരി എന്നീ വീട്ടുപേരുകളിൽ അറിയപ്പെട്ടു. മീനപ്പള്ളി കുടുംബം വീണ്ടും വിഭജിച്ച് മാമ്പ്ര, ചാവറ,കളിപ്പറമ്പ്, വള്ളോൻതറ എന്നീ പേരുകളിൽ തുടർന്നു.

ഏതാണ്ട് 225 വർഷങ്ങൾക്ക് മുമ്പായിരിക്കും കിഴക്കേ ചാവറയുടെ ആരംഭം. കൈനകരി പമ്പാനദിയുടെ പടിഞ്ഞാറെ കരയിൽ താമസിച്ചിരുന്ന മീനപ്പള്ളിയിൽ നിന്ന് ഒരു കുര്യാക്കോസ് നദിയുടെ കിഴക്കേ കരയിലേയ്ക്ക് താമസം മാറ്റി. കുര്യാക്കോസും ഭാര്യ മറിയവും ചെന്നു താമസിച്ചത് ചാവറ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഹൈന്ദവകുടുംബത്തിന്റെ കിഴക്കുവശത്തായിരുന്നു. നാട്ടുകാർ

പരിചയപ്പെടുത്തുവാൻ എളുപ്പത്തിനായി കുര്യക്കോസിന്റെ കുടുംബത്തെയും കിഴക്കേചാവറക്കാർ എന്നു വിളിച്ചു. പിന്നീടത് ചാവറയച്ചന്റെ കുടുംബപ്പേരായി മാറി.

## ചാവറയച്ചന്റെ ജനനവും ബാല്യകാലവും

തോമ്മാശ്ലീഹായാൽ സ്നാനം സ്വീകരിച്ച പകലോമറ്റം കുടുംബത്തിന്റെ തായ്‌വഴിയിൽ കുര്യാക്കോസിന്റെയും മറിയത്തിന്റെയും ആറാമത്തെ സന്താനമായി കൊച്ചുകുര്യാക്കോസ് 1805 ഫെബ്രുവരി 10–ാം തീയതി ഭൂജാതനായി. ഒരു സഹോദരനും നാലു സഹോദരിമാരുമായിരുന്നു ചാവറയച്ചനുണ്ടായിരുന്നത്. ജനിച്ച് 8–ാം ദിവസം ഇടവകയായ ചേന്നങ്കരി പള്ളിയിൽ വച്ച് ശിശുവിന് ജ്ഞാനസ്നാനം നല്കി. ദൈവമാതാവിന്റെ നാമത്തിൽ പ്രസിദ്ധമായ വെച്ചൂർ പള്ളിയിൽ സെപ്റ്റംബർ 8–ാം തീയതി അമ്മ മറിയം കുര്യാക്കോസിനെ മാതാവിനടിമവെച്ചു. ഇനി മേൽ ഞാനല്ല, മാതാവാണ് നിന്റെ അമ്മ എന്നു പറഞ്ഞ് മാതാവിനു സമർപ്പിച്ചിട്ടുള്ള കാര്യം മകൻ വളർന്നു വന്നപ്പോൾ അമ്മ ഓർമ്മിപ്പിക്കുമായിരുന്നു.

കനിഷ്ഠ പുത്രനായിരുന്നതു കൊണ്ടും ശിശുപ്രായത്തിൽ തന്നെ കോമള ഗാത്രനായിരുന്നതിനാലും മാതാപിതാക്കന്മാരുടെ ഓമന മകനായി കുര്യാക്കോസ് വളർന്നു. ഭക്തയായ മാതാവ് മുലപ്പാലോടു കൂടിത്തന്നെ ആത്മീയ ഭക്ഷണവും കൊടുത്താണ് മകനെ വളർത്തിയത്.

ആത്മാനുതാപം എന്ന കൃതിയിൽ തന്റെ കുട്ടികാലത്തെക്കുറിച്ചുള്ള ഓർമ്മകൾ ചാവറയച്ചൻ തന്നെ സൂചിപ്പിക്കുന്നുണ്ട്. പാതിരാവിൽ അമ്മയോടൊപ്പം ഉണർന്നിരുന്ന് സുകൃതജപങ്ങൾ ചൊല്ലിയിരുന്നു അദ്ദേഹം.വാത്സല്യ നിധിയായിരുന്ന അമ്മയുടെ തറപ്പിച്ചുള്ള നോട്ടം ആയിരുന്നു കൊച്ചുകുര്യാക്കോസിനുള്ള വലിയ ശിക്ഷ.

അഞ്ചാം വയസ്സിൽ ആശാൻ കളരിയിൽ ചേർന്ന് വിദ്യാഭ്യാസം ആരംഭിച്ചു. അമ്മയോടും സഹോദരങ്ങളോടുമൊത്ത് സുകൃതജീവിതം മാത്രം കണ്ടറിഞ്ഞു വളർന്നുവന്ന കുര്യക്കോസിന് കൂട്ടുകാർ ഉച്ചരിക്കുന്ന ചീത്തവാക്കുകളും പരസ്പരമുള്ള വഴക്കുകളും അസഹനീയമായിരുന്നു. ഈ സാഹചര്യത്തിൽ ജീവിച്ചാൽ ദൈവസ്നേഹത്താൽ നിറയപ്പെടേണ്ട തന്റെ ഹൃദയം മലിനമാകുമല്ലോ എന്നതാ

യിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ദുഃഖം. എന്തു വിലകൊടുത്തും പാപത്തെയും സ്നേഹമില്ലായ്മയേയും അതിജീവിക്കുകയെന്ന പരിശ്രമത്തിൽ അദ്ദേഹം വിജയിക്കുക തന്നെ ചെയ്തു.

## ദൈവവിളിയുടെ വഴികൾ തുറക്കുന്നു.

ആശാൻ കളരിയിൽ തുടർച്ചയായ അഞ്ചുവർഷത്തെ പഠനം പൂർത്തിയാക്കുന്നവർ അക്കാലത്ത് വിരളമായിരുന്നു. കുര്യാക്കോസ് അഞ്ചുവർഷം കൊണ്ട് മലയാളത്തിലും കണക്കിലും പ്രാവണ്യം നേടി. ഒപ്പം തമിഴും സംസ്കൃതവും കൈവശമാക്കുകയും ചെയ്തു. ആയിടയ്ക്കാണ് പള്ളിപ്പുറത്തുള്ള ഇടവക സെമിനാരിയിലെ റെക്ടർ മല്പാൻ തോമസ് പാലയ്ക്കൽ കൈനകരിയിലെത്തിയത്. ദൈവം കുര്യക്കോസിനെ വിതച്ചുവച്ചിരുന്ന ദൈവവിളിയുടെ വിത്ത് പൊട്ടിവിടരാൻ ഇതു നിമിത്തമായി. ശാന്തനും സൽസ്വഭാവിയുമായ കുര്യാക്കോസിന്റെ മല്പാനച്ചന് ഒറ്റനോട്ടത്തിൽ തന്നെ ഇഷ്ടമായി. തന്റെ ഇംഗിതം മാതാപിതാക്കളെ അറിയിച്ചെങ്കിലും ഓമന പുത്രനെ അകലേയ്ക്കയ്ക്കുവാൻ അവർ വിസ്സമ്മതിച്ചു. മറ്റു ബന്ധുമിത്രാദികളുടെയും വികാരിയച്ചന്റെയും ഉപദേശത്തെമാനിച്ച്, ദൈവദാനമായ പുത്രനെ ദൈവശുശ്രൂഷയ്ക്കായി വിട്ടുകൊടുക്കുവാൻ അവസാനം അവർ തയ്യാറായി.

സെമിനാരി ജീവിതത്തിന്റെ ആദ്യപടിയായി ചേന്നങ്കരി പള്ളിയിൽ വികാരിയച്ചനോടുകൂടി താമസിച്ചുകൊണ്ട് ആദ്യപരിശീലനം ആരംഭിച്ചു. ദിവ്യബലിയിൽ സംബന്ധിക്കാനും ആവശ്യമായ ശുശ്രൂഷചെയ്യാനും ഒപ്പം വിശുദ്ധിയിൽ ജീവിക്കാനും തെറ്റുകൾ തിരുത്താനും ഗുരുശ്രേഷ്ഠൻ തന്നെ സഹായിച്ചെന്ന് പില്ക്കാലത്ത് ചാവറയച്ചൻ അനുസ്മരിക്കുന്നുണ്ട്.

## ജീവിതത്തിലെ വിളിയും വെല്ലുവിളിയും

രണ്ടു വർഷത്തെ ഇടവക പരിശീലനത്തിനുശേഷം 13-ാം വയസ്സിൽ 1818-ൽ പള്ളിപ്പുറം സെമിനാരിയിൽ ചേർന്ന് പാലയ്ക്കലച്ചന്റെ നേതൃത്വത്തിൽ വൈദികപഠനം ആരംഭിച്ചു. അറിവിലും കഴിവിലും വിശുദ്ധിയിലും അതിശയനീയമാം വിധം വളർന്നുകൊണ്ടിരിക്കെ ജീവിതത്തിൽ വലിയ ഒരു പ്രതിസന്ധിയെ അദ്ദേഹത്തിനു നേരിടേണ്ടതായിവന്നു. കൈനക്കരി പ്രദേശത്ത് പടർന്നുപിടിച്ച

പകർച്ചവ്യാധിമൂലം കുര്യാക്കോസിന്റെ അപ്പനും അമ്മയും ഏകസഹോദരനും മരണമടഞ്ഞു. പകർച്ചവ്യാധി പടർത്തിയ ഭീതിമൂലം മാതാപിതാക്കളെയും സഹോദരനെയും അവസാനമായി ഒന്നു കാണുവാൻ പോലും അദ്ദേഹത്തിന് അനുവാദം ലഭിച്ചില്ല. എന്നാൽ അവശേഷിക്കുന്ന ഏകമകൻ എന്ന നിലയ്ക്ക് കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കുവാനുള്ള വെല്ലുവിളിയുടെ മുമ്പിൽ കൊച്ചുകുര്യാക്കോസ് ഉത്തരമില്ലാതെ പകച്ചുനിന്നു. കുടുംബം നിലനിർത്തുവാനായി വൈദികജീവിതം ഉപേക്ഷിക്കുവാൻ ബന്ധുമിത്രാദികൾ നിർബന്ധിച്ചു. ജ്യേഷ്ഠന്റെ ശിശുപ്രായം വിടാത്ത ഏകമകളെയും അവളുടെ അമ്മയെയും ആരു സംരക്ഷിക്കും. സ്വതന്ത്രമായ ഒരു തീരുമാനമെടുക്കുവാൻ നിർബന്ധിതനായ കുര്യാക്കോസ് ദൈമാതാവിലാശ്രയിച്ചു. കണ്ണുനീരോടെ പ്രാർത്ഥിച്ചു. തന്റെ സഭയെ ശുശ്രൂഷിക്കാനായി കുര്യാക്കോസിനെ തിരഞ്ഞെടുത്ത ദൈവം ആ പ്രാർത്ഥന കേട്ടു. മൂത്ത സഹോദരിയും ഭർത്താവും കുടുംബഭാരം ഏറ്റെടുത്തു. ശാന്തമായ ഹൃദയവുമായി കുര്യാക്കോസ് സെമിനരി ജീവിതം തുടർന്നു. 1829 നവംബർ 29-ാം തീയതി അർത്തുങ്കൽ പള്ളിയിൽ പ്രഥമബലി അർപ്പിച്ചു.

## ചാവറയച്ചനും സി.എം.ഐ. സഭയും

ചാവറയച്ചൻ സെമിനാരിയിലായിരുന്നപ്പോൾ തന്നെ വളർന്നുവന്ന ചിന്തയാണ് സന്യാസജീവിതം എന്നത്. പാലയ്ക്കലച്ചന്റെയും സുഹൃത്തായ പോരൂക്കര തോമാച്ചന്റെയും സഹായത്തോടെ ഭാരതത്തിലെ പ്രഥമ ദേശീയ സന്യാസ സമൂഹമായ സി.എം.ഐ. (അമലോത്ഭവ മാതാവിന്റെ കർമ്മലസഭ) സഭയ്ക്കു രൂപം നൽകി. 1831 മെയ് 11-ാം തീയതി മാന്നാനത്ത് സന്യാസജീവിതം ആരംഭിച്ചെങ്കിലും 1855-ലാണ് നിയമപ്രകാരം സന്യാസവ്രതം അനുഷ്ഠിക്കുവാൻ അനുവാദം ലഭിച്ചത്. 1855 ഡിസംബർ 8 ന് അമലോത്ഭവ മാതാവിന്റെ ദാസസംഘത്തിൽ ചാവറയച്ചന്റെ നേതൃത്വത്തിൽ 11പേർ വ്രതം അർപ്പിച്ചു. അദ്ദേഹം സഭയുടെ ഔദ്യോഗിക സുപ്പീരിയറായി സ്ഥാനമേറ്റെടുത്തു. പിന്നീട് സഭ കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭ എന്ന പേരിൽ അറിയപ്പെട്ടു. 1958 മുതൽ സി.എം.ഐ. സഭ എന്ന നാമത്തിൽ അറിയപ്പെടുന്നു.

## ചാവറയച്ചനും കേരളസഭാനവീകരണവും

1831 മതൽ സഭാപിതാക്കന്മാരുടെ ശ്രദ്ധ ഇടവക നവീകരണത്തിനായി ധ്യാനങ്ങൾ നടത്തുന്നതിലായിരുന്നു. പിന്നീട് അവരുടെ ശ്രദ്ധ പതിഞ്ഞത് വൈദികർക്ക് താമസിച്ചു പഠിക്കുന്നതിനായി ഒരു സെമിനാരി സ്ഥാപിക്കുന്നതിലായിരുന്നു. അങ്ങനെ 1833ൽ മാന്നാനത്ത് സീറോ മലബാർ സഭയിലെ ആദ്യത്തെ പൊതു സെമിനാരി ആരംഭിച്ചു. 1844-ൽ അന്നത്തെ മെത്രാൻ ചാവറയച്ചനെ സെമിനാരിയുടെ മല്പാനായി ഉയർത്തികൊണ്ട് പ്രത്യേക അധികാരങ്ങൾ ഏല്പ്പിച്ചു. ചാവറയച്ചന്റെ കാലത്തുതന്നെ 150 പേർക്കുവരെ ഒരുമിച്ചു താമസിച്ചു പഠിക്കുവാനുള്ള സൗകര്യം മാന്നാനം സെമിനാരിക്കുണ്ടായിരുന്നു.

ജനങ്ങളെ ആത്മീയമായി വളർത്തുവാൻ ഞായറാഴ്ചകളിൽ കുർബ്ബാന സമയത്തുള്ള വചന പ്രഘോഷണം നടപ്പിലാക്കിയത് ചാവറയച്ചന്റെ കാലത്താണ്. പരിശുദ്ധ കുർബ്ബാനയുടെ ആരാധനാ ക്രമവും അദ്ദേഹം ഉണ്ടാക്കി. വൈദികർക്ക് വേണ്ടിയുള്ള വാർഷിക ധ്യാനം മറ്റൊരു നവീകരണ പരിപാടിയായിരുന്നു. അതുപോലെ വൈദികർക്കുള്ള കാനോന നമസ്കാരവും അദ്ദേഹം ക്രോഡീകരിച്ചു. 'ഒരു നല്ല അപ്പന്റെ ചാവരുൾ' കുടുംബജീവിതകാരുടെ മാഗ്നകാർട്ടയാണ്. ഇതിൽ മാതാപിതാക്കളുടേയും മക്കളുടേയും കടമകളും ദൈവത്തോടും മനുഷ്യരോടുമുള്ള നമ്മുടെ ബന്ധങ്ങളും വിശദീകരിച്ചിട്ടുണ്ട്.

## ചാവറയച്ചനും വിദ്യാഭ്യാസരംഗവും

വൈദികരംഗത്തെ നിസ്തുലമായ നേട്ടങ്ങൾക്കു ശേഷം ചാവറയച്ചന്റെ അടുത്ത ശ്രമം കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ചലനാത്മകമായ വിപ്ലവം സൃഷ്ടിക്കുന്നതിലായിരുന്നു. വരേണ്യ വർഗ്ഗത്തിനായി വിദ്യാഭ്യാസത്തെ ഒതുക്കി നിർത്തിയിരുന്ന സമൂഹത്തിൽ ക്രൈസ്തവരുടെ നില തുലോം ദയനീയമായിരുന്നു. തീണ്ടലും തൊടീലും ഉച്ചനീചത്വങ്ങളും കാരണം വിദ്യാഭ്യാസം നിഷിദ്ധമായ അവസ്ഥ. സമുദായോദ്ധാരണത്തിനായി യത്നിച്ച ചാവറയച്ചനു മുന്നിൽ തെ ളിഞ്ഞ ഏക മാർഗ്ഗം സംസ്കൃത വിദ്യാഭ്യാസം സമൂഹത്തിൽ നടപ്പിലാക്കുക എന്നതായിരുന്നു. മറ്റുള്ളവരുടെ എതിർപ്പുകളെ മറികടന്ന് 1846 ൽ ചാവറയച്ചൻ മാന്നാനത്തു ഒരു സംസ്കൃത സ്കൂൾ സ്ഥാപിച്ചു. തൃശൂര് നിന്നുള്ള ഒരു വാര്യരെ അദ്ധ്യാപകനായി നിയ

മിക്കുകയും ചെയ്തു. പഠിക്കാൻ താല്പര്യമുളള ഏതു മതസ്ഥർക്കും പ്രവേശനം നല്കി. ഇത് സാമൂഹ്യ സാംസ്കാരിക മുന്നേറ്റത്തിന്റെ തുടക്കമായിരുന്നു.

എല്ലാ പളളികളോടും ചേർന്ന് പളളികൂടങ്ങൾ സ്ഥാപിക്കണ മെന്ന തന്റെ ആശയം മെത്രാൻ വഴി സമൂഹത്തിൽ എത്തിക്കുവാൻ ചാവറയച്ചനു കഴിഞ്ഞു. താൻ സ്ഥാപിച്ച എല്ലാ സന്യാസസഭക ളോടും ചേർന്ന് അദ്ദേഹം സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. കുട്ടികൾക്ക് ആഹാരം, വസ്ത്രം, പഠനോപകരണങ്ങൾ ഇവ സൗജ ന്യമായി വിതരണം ചെയ്തു. തിരുവിതാംകൂർ സർക്കാർപോലും 1936 ലാണ് സ്കൂളുകളിൽ ഉച്ചക്കഞ്ഞി സമ്പ്രദായം ആരംഭിച്ചത്. അതിനു പ്രചോദനമായത് ചാവറയച്ചൻ സ്ഥാപിച്ച സ്കൂളുകൾ തന്നെ യായിരുന്നുവെന്ന് കേരളചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിദ്യാഭ്യാസരംഗം കാര്യക്ഷമമായി തുടർന്നു പോകണമെങ്കിൽ അച്ച ടിവിദ്യ വികസിപ്പിക്കുകയേ നിവൃത്തിയുളളൂ എന്നു മനസിലാക്കിയ ചാവറയച്ചൻ 1846-ൽ അന്നത്തെ സർക്കാരിന്റെ അനുമതിയോടെ മാന്നാനത്ത് ഒരു പ്രസ്സ് ആരംഭിച്ചു. മലയാളത്തിലെ ആദ്യത്തെ ദിനപത്രമാ യ നസ്രാണി ദീപിക, ഇന്നത്തെ ദീപിക, ആദ്യമായി ജന്മ മെടുത്തത് ഈ പ്രസ്സിലായിരുന്നു.

## കേരളസഭയുടെ ഐക്യം

കത്തോലിക്കാ സഭയെ മാതൃതുല്യം സ്നേഹിച്ചിരുന്ന ചാവറ യച്ചന്റെ ജീവിതത്തിലെ പ്രതിസന്ധിയുടെ നിമിഷങ്ങളായിരുന്നു ബാഗ്ദാദിൽ നിന്നുളള റോക്കോസ് മെത്രാന്റെ ആഗമനവും തുടർന്നു ളള സംഭവങ്ങളും സ്വന്തം റീത്തിൽപ്പെട്ട ഒരു മെത്രാനുവേണ്ടി ആഗ്ര ഹിച്ചു കഴിഞ്ഞിരുന്ന ആളുകളുടെയിടയിലേയ്ക്ക് വന്ന അദ്ദേഹം താൻ മാർപ്പാപ്പയാൽ അയയ്ക്കപ്പെട്ട,സുറിയാനിക്കാരുടെ മെത്രാനാണെന്ന് ആളുകളെയും വൈദികരെയും തെറ്റിദ്ധരിപ്പിച്ചു. എല്ലാവരും അദ്ദേഹ ത്തിന്റെ പിന്നാലെ പോയി. കേരളത്തിൽ 154 സുറിയാനിപ്പളളികൾ ഉണ്ടായിരുന്നതിൽ 86 എണ്ണം പൂർണ്ണമായും 30 എണ്ണം ഭാഗികമായും ചിരുങ്ങിയ മാസങ്ങൾക്കുളളിൽ റോക്കോസ് മെത്രാനോടു ചേരുക യും ചെയ്തു. വരാപ്പുഴ മെത്രാന്റെ നേതൃത്വത്തിൽ ജനങ്ങളെയും വൈദികരെയും സത്യാവസ്ഥ ബോധ്യപ്പെടുത്താൻ നടത്തിയ ശ്രമ

ങ്ങൾ പരാജയപ്പെട്ടപ്പോൾ സർവ്വാദരണീയനായ ചാവറയച്ചനെ സീറോമലബാർ സഭയുടെ മുഴുവൻ വികാരി ജനറാളായി മെത്രാൻ പ്രഖ്യാപിച്ചു. റോക്കോസ് മെത്രാനെ മാർപ്പാപ്പ അയച്ചതല്ലെന്ന് റോമിൽ നിന്നു നേരിട്ടറിഞ്ഞ ചാവറയച്ചൻ മാർപ്പാപ്പയുടെ കത്തുമായി പള്ളികൾതോറും കയറിയിറങ്ങി, സത്യാവസ്ഥ എല്ലാവരെയും അറിയിച്ചു. അങ്ങനെ കേരള കത്തോലിക്കാസഭയെ വീണ്ടുമൊരു പിളർപ്പിൽ നിന്ന് അദ്ദേഹം രക്ഷിച്ചു.

1653-ൽ നടന്ന കൂനൻകുരിശ് സത്യത്തിന് ശേഷം കത്തോലിക്കാ സഭയിൽ നിന്നും ഭിന്നിച്ചുപോയവരാണ് കേരളത്തിലെ യക്കോബയക്കാർ. ഇവരുടെ പുനരൈക്യം ചാവറയച്ചന്റെ വലിയ ആഗ്രഹങ്ങളിൽ ഒന്നായിരുന്നു. ഇതിനുള്ള സാധ്യതകളെകുറിച്ച് നിർദ്ദേശങ്ങൾ ഉന്നയിച്ചുകൊണ്ട് റോമിലേക്ക് അദ്ദേഹം എഴുതിയിട്ടുണ്ട്. 1869-ൽ ഒന്നാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കുവാൻ എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടേയും അദ്ധ്യക്ഷരെ മാർപാപ്പ ക്ഷണിച്ചപ്പോൾ യാക്കോബയാ മെത്രാന്മാരെ ചാവറയച്ചൻ പ്രത്യേകം പ്രോത്സാഹിപ്പിക്കുകയുണ്ടായി.

## സന്യാസിനീ സഭാസ്ഥാപനം

അകത്തളത്തിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീ ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ 1857 മുതൽ ചാവറയച്ചൻ പരിശ്രമിച്ചു. സ്ത്രീജനങ്ങൾക്കു നേതൃത്വം നല്കുവാനായി സ്ത്രീകളെ തന്നെ ഉത്തരവാദിത്വം ഏല്പിക്കുകയും അവർക്കായി സന്യാസ ജീവിതത്തിന്റെ പാത തുറക്കുകയും ചെയ്തു. 1859 ൽ ഇവർക്കായി ആലങ്ങാട്ടു കുന്നേൽ ഒരു മഠം പണിയുവാനുള്ള ശ്രമം ആരംഭിച്ചെങ്കിലും ആ സ്ഥലം ഉപേക്ഷിച്ച് പുത്തൻപള്ളിയിൽ അതിനുള്ള സൗകര്യം ഉണ്ടാക്കി. എന്നാൽ കാലക്രമത്തിൽ റോക്കോസ് ശീശ്മയെ തുടർന്ന് അവിടം സെമിനരിയാക്കി മാറ്റേണ്ടിവന്നു.

പിന്നീട്, 1866-ൽ ലയോപോൾഡ് മിഷനറിയുടെ സഹായത്തോടെ കൂനമ്മാവിൽ ആദ്യത്തെ സന്യാസിനി മഠത്തിനും സന്യാസിനി സമൂഹത്തിനും രൂപം നൽകാൻ ചാവറയച്ചനു കഴിഞ്ഞു. ഇന്നത്തെ സി.എം.സി. സഭയുടെ തുടക്കം ഇപ്രകാരമായിരുന്നു. പെൺകുട്ടി

കൾക്കായി മഠത്തോടു ചേർന്ന സ്കൂളും തൊഴിൽ പരിശീലനത്തിനുള്ള സംവിധാനങ്ങളും അദ്ദേഹം ഉണ്ടാക്കി.

## ഉപവി ശാലകളുടെ ആരംഭം

വാർദ്ധക്യത്തിലേയ്ക്കും മരണത്തിലേയ്ക്കും അടുത്തുകൊണ്ടിരിക്കുന്നു എന്നു മനസിലാക്കിയ ചാവറയച്ചന്റെ മറ്റൊരാഗ്രഹമായിരുന്നു വൃദ്ധർക്കും, രോഗികൾക്കും, അഗതികൾക്കുമായുള്ള ഒരഭയകേന്ദ്രം. മറ്റുള്ളവരെ പ്രബുദ്ധരാക്കി താൻ ആഗ്രഹിക്കുന്ന നല്ല പദ്ധതികൾ അവരെക്കൊണ്ട് നടപ്പിലാക്കിക്കുക എന്നതായിരുന്നു ചാവറയച്ചന്റെ പ്രവർത്തനശൈലി. ഉപവിശാലയ്ക്കായി കൈനകരിയിലെ വീട്ടുകാരും നാട്ടുകാരുമായ ആളുകളെ അദ്ദേഹം പ്രേരിപ്പിച്ചു. ഒരു സന്നദ്ധ സംഘടനയ്ക്കു രൂപം നല്കി അതിലൂടെ ഒരു ആശാകേന്ദ്രം നിർമ്മിക്കുക എന്നതായിരുന്നു പദ്ധതി. ഇതിലെ നന്മതിരിച്ചറിഞ്ഞ ജനങ്ങൾ ആവേശത്തോടെ ഒരു സന്നദ്ധ സംഘടനയുണ്ടാക്കുകയും അതിന്റെ നേതൃത്വത്തിൽ ഒരുപക്ഷേ ഭാരതത്തിൽ തന്നെ അഗതികൾക്കും വൃദ്ധർക്കും വേണ്ടിയുള്ള ആദ്യത്തെ ഉപവിശാലയ്ക്കു രൂപം നല്കുകയും ചെയ്തു.

## സാഹിത്യപ്രതിഭയായ ചാവറയച്ചൻ

പുതിയ പ്രസ്ഥാനങ്ങൾക്കായി നെട്ടോട്ടമോടുന്നതിനിടയിൽ മലയാള സാഹിത്യരംഗത്ത് ചിരപ്രതിഷ്ഠങ്ങളായ അനേകം സംഭാവനകൾ നല്കാനും ചാവറയച്ചനു കഴിഞ്ഞു. പദ്യശാഖയിൽ മൂന്നു ഗ്രന്ഥങ്ങളും ഗദ്യശാഖയിൽ പലകൃതികളും അദ്ദേഹം രചിച്ചു. അദ്ദേഹത്തിന്റെ കൃതികൾ ആത്മീയോന്നതിയെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. അദ്ദേഹം രചിച്ച അനസ്താസ്യയുടെ രക്തസാക്ഷിത്വമാണ് മലയാള ഭാഷയിലെ ആദ്യത്തെ ഖണ്ഡകാവ്യം. ആത്മാനുതാപം, നാളാഗമങ്ങൾ, ഒരു നല്ല അപ്പന്റെ ചാവരുകൾ തുടങ്ങിയ കൃതികൾ അദ്ദേഹത്തിന്റേതായി മലയാളസാഹിത്യത്തിനു ലഭിച്ചിട്ടുണ്ട്.

## അന്ത്യദിനങ്ങൾ

ജീവിതസായാഹ്നത്തിലെത്തിയ ചാവറയച്ചനെ രോഗങ്ങൾ ഓരോന്നായി കീഴടക്കി. വാതപ്പനിയും കണ്ണിന്റെ തകരാറുകളും അദ്ദേ

ഹത്തെ ഏറെ ബുദ്ധിമുട്ടിച്ചു. തുടർന്ന് അദ്ദേഹം ദൈവികചിന്തയിൽ മാത്രം ഒതുങ്ങി ജീവിച്ചു. മാമ്മോദീസായിലൂടെ തനിക്കു ലഭിച്ച പ്രസാദവരം തിരുകുടുംബത്തിന്റെ സംരക്ഷണത്താൽ ഒരിക്കലും തനിക്കു നഷ്ടമായിട്ടില്ലെന്ന് അന്ത്യദിനത്തിൽ അദ്ദേഹം തന്നെ തുറന്നു പറഞ്ഞു. തനിക്കു ചുറ്റും പ്രാർത്ഥനാനിർഭരരായി കൂടി നിന്നവരെ ദു:ഖത്തിലാഴ്ത്തിക്കൊണ്ട് 1871 ജനുവരി മൂന്നാംതീയതി രാവിലെ 7.30ന് അദ്ദേഹം തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് 65 വർഷത്തെ ഇഹലോകവാസം അവസാനിപ്പിച്ചു.

ചാവറയച്ചന്റെ ഭൗതികശരീരം ആദ്യം കൂനമ്മാവിൽ അടക്കം ചെയ്തെങ്കിലും ഭൗതികാവശിഷ്ടങ്ങൾ 1889 ൽ മാന്നാനം ആശ്രമ ദേവാലയത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ജീവിതകാലത്ത് സുകൃത ജീവിതം നയിച്ച് ദൈവവേഷ്ടം പൂർത്തിയാക്കിയ ആളായതുകൊണ്ട് ചാവറയച്ചൻ ദൈവസന്നിധിയിൽ മദ്ധ്യസ്ഥ ശക്തിയുള്ളവനായി. അദ്ദേഹം വഴി ദൈവത്തോട് പ്രാർത്ഥിക്കുന്നവർക്ക് അനുഗ്രഹങ്ങൾ ധാരാളമായി ലഭിച്ചു. അദ്ദേഹത്തിന്റെ ജീവിത മാതൃക അനേകർക്ക് പ്രചോദനാത്മകമാണന്ന് തിരിച്ചറിഞ്ഞ കത്തോലിക്കാ തിരുസ്സഭ, ദൈവസന്നിധിയിലുള്ള അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ ശക്തിയെ അത്ഭുതകരമായ അനുഭവങ്ങളിലൂടെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നതും കണക്കിലെടുത്ത് ചാവറയച്ചനെ വിശുദ്ധരുടെ പട്ടികയിലെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്കുയർത്തി. 1986 ഫെബ്രുവരി 8-ാം തീയതി മാർപ്പാപ്പ കോട്ടയത്തുവെച്ച് ഈ ഔദ്യോഗിക പ്രഖ്യാപനം നടത്തി.

ഭാരത സമൂഹത്തിനു വേണ്ടിയുള്ള ചാവറയച്ചന്റെ വിലപ്പെട്ട സംഭാവനകളെ പരിഗണിച്ച് 1987 ൽ ഭാരതസർക്കാർ ചാവറയച്ചന്റെ പേരിൽ തപാൽ സ്റ്റാമ്പ് ഇറക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സാഹിത്യസംഭാവനകളെ പരിഗണിച്ച് കേരളസാഹിത്യ അക്കാദമി 2006-ൽ തൃശൂരുള്ള അക്കാദമി ഹാളിൽ ചാവറയച്ചന്റെ എണ്ണച്ഛായചിത്രം അനാച്ഛാദനം ചെയ്തു. 2006 ജൂലൈയിൽ നടന്ന സാഹിത്യ സംഗമം കേരള നവോത്ഥാന ജ്യോതിസ് എന്ന ബഹുമതി നല്കി ചാവറയച്ചനെ ആദരിച്ചു.

# ഒരു നല്ല അപ്പന്റെ ചാവരുൾ

**ആധുനിക ഭാഷീകരണം : ടി.ടി. മുണ്ടയ്ക്കൽ**

ക്രിസ്തീയ കുടുംബജീവിതം ഭദ്രവും വിശുദ്ധവും ആക്കാൻ വാഴ്ത്തപ്പെട്ട ചാവറയച്ചൻ നല്കിയിട്ടുളള നല്പതിനമാഗനാകാർട്ടയാണ് കുടുംബചട്ടം അഥവാ ഒരു നല്ല അപ്പന്റെ ചാവരുൾ. 1868 മുതലുളള കാലയളവിൽ അഭിവന്ദ്യ മെത്രാൻമാരുടെ പ്രോത്സാഹനത്തോടെ അനേകം പതിപ്പുകളിലൂടെ ചാവരുളിന്റെ'ലക്ഷക്കണക്കിന് കോപ്പികൾക്ക് നമ്മുടെ കുടുംബങ്ങളെ മഹത്വപൂർണ്ണമാക്കുവാൻ സാധിച്ചിട്ടുണ്ട്.

മന:ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ധാർമ്മിക ശാസ്ത്രം, ദൈവശാസ്ത്രം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം, നമ്മുടെ രൂപതകളിൽ യുവജനങ്ങളെ വിവാഹത്തിനൊരുക്കുമ്പോൾ പാഠ്യവിഷയമാക്കാൻ പറ്റിയതു തന്നെ. 'കുടുംബത്തിന്റെ ന്യായം എന്തെന്നാൽ' എന്നാരംഭിക്കുന്ന നിർവ്വചനത്തിൽ അഞ്ചു കാര്യങ്ങളാണ് ചാവറയച്ചൻ അവതരിപ്പിക്കുന്നത്.

**ഒന്ന്** : രക്തത്തിലും സ്നേഹത്തിലും ബന്ധിതരായിരിക്കണം.

**രണ്ട്** : മാതാപിതാക്കന്മാരുടെ നേരെ ആദരവും അനുസരണവും വേണം.

**മൂന്ന്** : ദൈവത്തോടും മനുഷ്യരോടും സമാധാനത്തോടെ സഹവസിക്കണം.

**നാല്** : ജീവിതാന്തസ്സനുസരിച്ച് നിത്യരക്ഷ പ്രാപിക്കാൻ ശ്രമിക്കണം.

**അഞ്ച്**: ഐക്യത്തിൽ ഒന്നിച്ച് ജീവിക്കുന്നവരായിരിക്കണം.

ഈ നിർവ്വചനത്തിൽ ദൈവത്തോടും മാതാപിതാക്കളോടും മക്കളോടും മറ്റു മനുഷ്യരോടും നമുക്കുളള കടമകൾ എന്തെന്ന് സ്പഷ്ടമാക്കിയിരിക്കുന്നു.

## ആമുഖം

സ്വർഗ്ഗത്തിന് സമാനമാണ് ഒരു നല്ല കത്തോലിക്കാ ഭവനം! ഒരു കുടുംബത്തിൽ പല തരത്തിലുള്ള ആളുകൾ ഉണ്ടാകും. എങ്കിലും അവരെല്ലാം ഒരൊറ്റ ചരടിൽ പരസ്പരം ബന്ധിതരാണ്; രക്തബന്ധത്താലും സ്നേഹബന്ധത്താലും. എല്ലാവരും ദൈവപിതാവിന്റെ തിരുഹിതമനുസരിച്ചു നടക്കേണ്ടവരാണ്. ഒരിക്കൽ ദൈവരാജ്യത്തിൽ എത്തിച്ചേരേണ്ടവരുമാണ്. തൻനിമിത്തം അവർ സദാ സമാധാനകാംഷികളായിരിക്കണം. കാരണവന്മാരെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരായിരിക്കണം. അവരവരുടെ ജീവിതാന്തസ്സിനു യോജിച്ചവിധം, നിത്യഭാഗം പ്രാപിക്കുവാൻ കഴിയുന്നതുപോലെ പ്രയത്നിക്കുന്നവരുമായിരിക്കണം. ഇതാണു നല്ല കുടുംബമര്യാദ.

ജീവിതം സുഖദു:ഖസമ്മിശ്രമാണ്. അതിൽ മുൻതൂക്കം, അന്ധകാരം നിറഞ്ഞ ദു:ഖങ്ങൾക്കായിരിക്കാം ; ദുരിതങ്ങൾക്കായിരിക്കാം; തോരാത്ത മിഴിനീരിനായിരിക്കാം. അപ്പോഴെല്ലാം ഒരു തരി ആശ്വാസത്തിന്റെ കൈതിരി കണ്ടെത്തുന്നത് എവിടെയാണെന്നോ? ഒരു കത്തോലിക്കാ ഭവനത്തിൽ!

സമാധാനവും ദൈവസ്നേഹവുമില്ലാത്ത ഒരു കുടുംബത്തിൽ കഴിഞ്ഞുകൂടുന്നത് എത്രയോ ഭയാനകം! എത്രയോ നിർഭാഗ്യകരം! അപ്രകാരമുള്ള കുടുംബങ്ങൾ ദു:ഖം വിലയ്ക്കു വാങ്ങുന്നു. കണ്ണുനീരു സംഭരിക്കുന്നു. കീർത്തിയും സ്ഥാനവും മാനവും എന്നല്ല ഉള്ളതു മുഴുവൻ കളഞ്ഞുകുളിക്കുന്നു! വഴക്കും വക്കാണവും വിലയ്ക്കെടുക്കുന്നു! കൊലപാതകവും മറ്റു മഹാപാപങ്ങളും വരുത്തിവയ്ക്കുന്നു! ക്രമേണ കരകയറ്റാൻ കഴിയാത്ത വിധം നാമാവശേഷമാകുന്നു! ഇപ്രകാരം നശിച്ചു വെണ്ണീറായിപ്പോയ പല വലിയ കുടുംബങ്ങളെയും എനിക്കറിയാം. അത് ആവർത്തിക്കാൻ ഇടയാകരുത്. അതിനുവേണ്ടിയാണ് ഈ കുടുംബക്രമം അഥവാ നിയമാവലി ഞാൻ എഴുതിയുണ്ടാക്കി നിങ്ങൾക്കു സമർപ്പിക്കുന്നത്. ഇതിൽ ദൈവത്തിന്റെ തൃക്കരം എന്നെ നയിച്ചിട്ടുണ്ടെന്നു എടുത്തുപറയുന്നു.

നിങ്ങളിത് നിങ്ങളുടെ നല്ലഭാവി കാംക്ഷിക്കുന്ന സ്വന്തം കാരണവന്മാർ അനുശാസിക്കുന്നതായി കണക്കാക്കണം. മാത്രമല്ല അതനുസരിച്ച് അവശ്യം പ്രവർത്തിക്കുകയും പ്രവർത്തിപ്പിക്കുകയും കൂടി ചെയ്യണമെന്ന് നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു.

● ചാവറയച്ചൻ

# കുടുംബചട്ടം

## ■ പരസ്നേഹം

ഒരു കത്തോലിക്ക ഭവനത്തിലെ അണയാത്ത ദീപമായിരിക്കണം പരസ്പര സ്നേഹം. ആ ദീപത്തെ കെടാതെ സൂക്ഷിക്കുന്നതും സദാ ജ്വലിപ്പിക്കുന്നതുമായ ഒരു എണ്ണയുണ്ട്; അതാണ് ക്ഷമാശീലം അഥവാ വിട്ടുവീഴ്ച്ചാമനോഭാവം! അതുകൊണ്ടു കുറ്റങ്ങളും കുറവുകളും നിങ്ങൾ അന്യോന്യം ക്ഷമിക്കുക; പരസ്പരം വിട്ടുവീഴ്ച്ച ചെയ്യുക. ഇങ്ങനെ ചെയ്താൽ, ഈ ലോകത്തിൽതന്നെ സമാധാനവും സന്തോഷവുമനുഭവിക്കും; അതുപോലെ പരലോകത്തിൽ നിത്യഭാഗ്യവും. ഒരേവീട്ടിൽ ഒന്നിച്ചു കഴിയുന്ന സഹോദരങ്ങളും അടുത്ത ബന്ധുക്കളും പരസ്പരം സ്നേഹമില്ലാതെ പെരുമാറുന്നതും സദാ വഴക്കിടുന്നതും ദു:ഖകരവും നിർഭാഗ്യകരവുമാണ്.

ഭിന്നിക്കപ്പെട്ട ഒരു രാജ്യം നിലനിൽക്കുമോ? ഇല്ലെന്നു കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്. പിന്നെ ചെറിയ ഒരു തറവാടിന്റെ കാര്യം പറയാനുണ്ടോ? തീപിടിച്ച വൈക്കോൽത്തുറുപോലെ അത് അതിവേഗം നശിക്കും. നിങ്ങളുടെ കുടുംബാംഗങ്ങളുടെ കുറ്റങ്ങളും കുറവുകളും മോശമായ പെരുമാറ്റങ്ങളും മറ്റ് അപാകതകളും നിങ്ങൾക്കു ക്ഷമിക്കുവാൻ സാധിക്കുമോ? ഇല്ലെങ്കിൽ മറ്റു കുടുംബക്കാർ അവ എങ്ങനെ ക്ഷമിക്കും? നീ ചെയ്തുപോയ തെറ്റ് മറ്റുള്ളവർ മറന്നു കളയണം, ക്ഷമിച്ചു കളയണം എന്ന് നിനക്ക് ആഗ്രഹമില്ലേ? എങ്കിൽ നിന്റെ സ്വന്തം ചോരയിൽപ്പെട്ടവർ ചെയ്തുപോയ തെറ്റുകൾ നീയും ക്ഷമിക്കേണ്ടതല്ലേ? നിനക്കു യാതൊരു ഉപദ്രവും ചെയ്യാത്തവരെ മാത്രമാണോ നീ സ്നേഹിക്കേണ്ടത്? അപരിചിതരും കള്ളന്മാരു പോലും അപ്രകാരം ചെയ്യുന്നുണ്ടല്ലോ. അതിൽ കൂടുതലായി നിന്റെ രക്തബന്ധുവിനുവേണ്ടി നീ എന്തെങ്കിലും ചെയ്യുന്നുണ്ടോ?

ആരോടും യാതൊരു വഴക്കും ഇല്ലാതിരിക്കുക. എല്ലാവരോടും സമാധാനമായി കഴിയുക. ഇതിൽക്കവിഞ്ഞ ഒരു മഹാഭാഗ്യം ഒരു തറവാടിനും ലഭിക്കുവാനില്ല. ഒരു കുടുംബത്തിന്റെ അന്തസ്സും അഭിമാനവും അടങ്ങിയിരിക്കുന്നതും മറ്റൊന്നിലുമല്ല. പ്രതികാരബുദ്ധിയോടെ പെരുമാറുവാൻ ഇഴജന്തുക്കൾക്കുവരെ സാധിക്കും. പക്ഷേ അപ്രകാരം ചെയ്യാതിരിക്കുവാൻ അറിവുള്ളവനേ സാധിക്കൂ; അന്ത

സ്സുള്ളവനെ സാധിക്കൂ; ബലമുള്ളവനേ സാധിക്കൂ.അതേ, ബലമില്ലാത്തവനോട് ക്ഷമിച്ച്, തന്റെ ആത്മീയബലം കാണിക്കുന്നവനാണു മഹാബലവാൻ, മനുഷ്യന്റെ മുമ്പിലും ദൈവത്തിന്റെ മുമ്പിലും. കുടുംബവഴക്കുകൾ ഉണ്ടാകാം. പക്ഷേ അവ തീർക്കുവാൻ കേസു കൊടുക്കരുത്; കോടതി കയറരുത്. എത്ര ന്യായമുള്ള സംഗതിക്കാണെങ്കിലും ശരി, 'അന്യായം' കൊടുക്കാതിരിക്കുക. കോടതിയിൽ പോയി കാലങ്ങളോളം കേസു വാദിച്ചവരുണ്ട്. അങ്ങനെ ചെയ്തവർ ആരും 'ഞാൻ ചെയ്തതു നന്നായി' എന്ന് ഇതേവരെ പറഞ്ഞിട്ടില്ല. ഇനി പറയുകയുമില്ല. കോടതി കയറിയതുകൊണ്ട് ആർക്കാണ് എന്തെങ്കിലും ഉപകാരമുണ്ടായിട്ടുള്ളത്? സന്തോഷമുണ്ടായിട്ടുള്ളത്? സമാധാനമുണ്ടായിട്ടുള്ളത്? ഉണ്ടായിട്ടുള്ളത് പാഴ്ചെലവുകളാണ്; മാനഹാനിയാണ്; കുടുംബനാശമാണ്!

ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും എന്തിനാണ് അടിയന്തിരങ്ങളും സമ്മേളനങ്ങളും സംഘടിപ്പിക്കുന്നത്? അവ ഒഴിവാക്കുന്നതാണ് അഭികാമ്യം. കടമുള്ള ദിവസം കർത്താവിന്റെ ദിവസമാണ്. അതു പിശാചിന്റെ ദിവസമാക്കി മാറ്റരുത്. വീട്ടിൽ ആരെങ്കിലും മരിച്ചുപോയി എന്നിരിക്കട്ടെ. എങ്കിൽപോലും അത്യാവശ്യമുള്ളവരൊഴികെ , മറ്റെല്ലാവരും പള്ളിയിൽ പോകണം. വിശുദ്ധ കുർബാനയിൽ സംബന്ധിക്കണം. കടമുള്ള ദിവസം വിശുദ്ധമായി ആചരിക്കണം. മറിച്ചു ചെയ്യുന്നതു ദൈവത്തിനു ചേർന്നതല്ല; തിരുസഭയ്ക്കു യോജിച്ചതല്ല; നല്ല കുടുംബമര്യാദയല്ല. •

എന്തെങ്കിലും പഴുതുണ്ടെങ്കിൽ, ആരോടും കടം വാങ്ങാതിരിക്കുക; വാങ്ങിച്ചുപോയെങ്കിൽ കഴിയുന്നതും വേഗം ആ കടം വീട്ടുക. പരസ്നേഹത്തെ പ്രതിയല്ലാതെ, പണം വായ്പ കൊടുക്കാതിരിക്കുക. കടമില്ലാത്ത കുടുംബമാണ് ഏറ്റവും സമ്പന്ന കുടുംബം. അതുകൊണ്ട് കാരണവന്മാർക്കു വല്ല കുർബാനക്കടമോ ഉത്തരിപ്പു കടമോ തീരാക്കടമോ ഉണ്ടോ എന്നു പരിശോധിക്കുക. ഉണ്ടെന്നു കണ്ടാൽ കഴിവതും വേഗം അതു കൊടുത്തുതീർക്കുവാൻ വലിയ താല്പര്യം കാണിക്കുക. ഇത് നിസ്സാര സംഗതിയായി കരുതരുത്. കാരണം പലപ്പോഴും ഒരു കുടുംബത്തിൽ ദൈവശാപം വന്നുവീഴുന്നത് ഈ രീതിയിലാണ്.

## വിനയഭാവം

ഞാൻ വലിയ സമ്പന്നനാണ്; സ്ഥാനമാനങ്ങൾ ഉള്ളവനാണ്; വലിയവനാണ്; ഈ അഹംഭാവം ഒരിക്കലും കാണിക്കരുത്. യഥാർത്ഥ ത്തിൽ, ഇങ്ങനെ പറയുന്നവർ അന്തസ്സില്ലാത്തവനാണ്. 'മറ്റുള്ളവരേ ക്കാൾ ഞാൻ വലിയവനാണ്' എന്നുഭാവിച്ചു നടക്കുന്നവന്, അധികം താമസിയാതെ മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടേണ്ടിവരും ഭിക്ഷ യാചിച്ചു നടക്കേണ്ടിവരും. ഇതു നാം നമ്മുടെ കൺമുൻപിൽ എപ്പോഴും കാണുന്ന സംഗതിയാണ്.

കുടുംബത്തിൽ ചില അടിയന്തരാഘോഷങ്ങൾ അനിവാര്യമായി വന്നേക്കാം. പക്ഷേ, തന്റെ കഴിവിൽ കവിഞ്ഞ അധികച്ചെലവും അമി താഘോഷവും പാടില്ല. കാരണം, എല്ലായ്പ്പോഴും അപ്രകാരം ചെയ്യു വാൻ സാധിക്കുമോ എന്നാർക്കറിയാം? തീ കൊടുത്താൽ വലിയ പ്രകാശം നൽകുന്നതും തത്ക്ഷണം ആളിക്കത്തി അണഞ്ഞു പോകു ന്നതാണ് ഒരു വൈക്കോൽതുറു. അതിനു തീ കൊളുത്തുന്നതിനേ ക്കാൾ എത്രയോ നല്ലതാണ്, എന്നും നിലനിൽക്കുന്ന പ്രകാശം തരുന്ന ഒരു ചെറിയ വിളക്കു കത്തിച്ചു വെയ്ക്കുന്നത്?

## സംസർഗ്ഗ വിശേഷം

അനാവശ്യമായി അന്യവീടുകളിൽ പോകരുത്; ആവശ്യമില്ലാത്ത കാര്യങ്ങൾ അന്വേഷിക്കുകയും വേണ്ട. കാര്യമില്ലാത്ത കാര്യങ്ങളിൽ തലയിട്ടു നേരം കളയുന്നവന്, ഉപകാരമുള്ള സ്വന്തം കാര്യം നോക്കാൻ നേരം കാണുകയില്ല. അടുക്കും ചിട്ടയും ദൈവഭയവും ഇല്ലാത്ത കുടുംബങ്ങളുമായി ബന്ധമരുത്. കാരണം, സമ്പന്നമായ ബന്ധുക്കളിൽ നിന്നല്ല, ഒരു കുടുംബത്തിനുവേണ്ട സന്തോഷവും സമാധാനവും പ്രയോജനവും ലഭിക്കുക; നല്ല ജീവിതക്രമവും ദൈവ ഭയവും ഉള്ളവരിൽ നിന്നാകുന്നു.

സംസ്കാരരഹിതരെ നിന്റെ ഭവനത്തിൽ നീ സ്വാഗതം ചെയ്യരുത്. മര്യാദയും ദൈവഭയവുമുള്ളവരെ മാത്രം നീ ആദരിക്കുക; സൽക്ക രിക്കുക. 'നിന്റെ സ്നേഹിതൻ ആരാണെന്ന് പറയാമോ? നീ ആരാ ണെന്ന് ഞാൻ പറയാം'. ഈ പഴഞ്ചൊല്ലിൽ പതിരില്ല.

നിന്റെ സംസാരം സംസ്കാര സമ്പന്നമായിരിക്കട്ടെ. ക്രമമല്ലാത്ത വർത്തമാനങ്ങൾക്കോ, ക്രൈസ്തവർക്ക് നിരക്കാത്ത അസഭ്യവാക്കു കൾക്കോ, മറ്റുള്ളവരുടെ കുറ്റം വിതയ്ക്കുന്ന സംഭാഷണങ്ങൾക്കോ

നിന്റെ ഭവനത്തിൽ ഒരിക്കലും സ്ഥാനം നൽകരുത്; അനുവാദം നൽകരുത്. നിന്റെ സംസാരത്തിൽ നിന്ന് മറ്റുള്ളവർ അതു മനസ്സിലാക്കട്ടെ. പരദൂഷണം നിനക്കു വലിയ ദോഷം ചെയ്യും. ആരുടെ ദോഷങ്ങൾ നിന്റെ വീട്ടിൽ സംഭാഷണ വിഷയമായോ, ആ ദോഷങ്ങളുടെ ശിക്ഷ നിന്റെ കുടുംബത്തിലും പതിച്ചെന്നു വരും.

## ■ അദ്ധ്വാനശീലം

പുതിയ പുരയിടങ്ങളും വസ്തുവകകളും സ്വന്തമാക്കുവാൻ വേണ്ടി അഹോരാത്രം അദ്ധ്വാനിക്കുന്നതിനേക്കാൾ നല്ലത് ഉള്ള വസ്തുവകകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ബുദ്ധിമുട്ടുന്നതാണ്. കുടുംബസമ്പത്ത് ആശ്രയിച്ചിരിക്കുന്നത് വസ്തുവകകളുടെ പെരുപ്പത്തിലല്ല; മറിച്ച് അവയിൽ നിന്നു ലഭിക്കുന്ന പ്രയോജനത്തിലും ആദായത്തിലുമാണ്. നിന്റെ ജീവിതാന്തസ്സിനു യോജിച്ച വിധം നീ എന്തെങ്കലും ജോലി ചെയ്യണം. വേലയെടുക്കാതെ വെറുതെയിരുന്ന് ഭക്ഷിക്കുന്നത് അന്തസ്സും അഭിമാനവും ഉള്ളവർക്കു ചേർന്നതല്ല.

മടി സകല ദുർഗുണങ്ങളുടേയും മാതാവാണ്; മദ്യപാനത്തിന്റെ ഒരു കാരണവുമതാണ്. ദൈവത്തിന്റെ മുമ്പിൽ മാത്രമല്ല മനുഷ്യന്റെ മുമ്പിലും ഒരു വ്യക്തിയ്ക്കു വളരെയധികം ദോഷം ചെയ്യുന്ന ദുശ്ശീലമാണു മദ്യപാനം.

എന്തെങ്കിലും നിവൃത്തിയുണ്ടെങ്കിൽ കച്ചവടം ചെയ്യുന്ന ജോലി ഒഴിവാക്കുക. മറ്റു ജോലികളെന്നും തരപ്പെടില്ലെങ്കിൽ മാത്രമേ കച്ചവടത്തിനു കച്ചകെട്ടി ഇറങ്ങാവൂ. കാരണം, കച്ചവടം സമ്പത്തിനും സമ്പാദ്യത്തിനും മാത്രമല്ല ആത്മാവിനും ആപത്തു വരുത്തും. അതുകൊണ്ടു കച്ചവടം ചെയ്യുന്നവൻ കഴിയുന്നത്ര സൂക്ഷിക്കണം; കപടം ചെയ്യാതിരിക്കാനും, നീതിപുലർത്താനും. എല്ലാം കാണുന്നവനാണു ദൈവം എന്നു മറക്കരുത്! കളവും വഞ്ചനയും അനീതിയും കാണിക്കുന്ന ഒരു കച്ചവടക്കാരനും വേണ്ടതുപോലെ വളരുകയില്ല; ഉയരുകയില്ല; മനഃസമാധാനത്തോടെ ഉറങ്ങുകയില്ല. ശോഭിക്കുകയുമില്ല! സൂത്രം കൊണ്ടും കപടതന്ത്രം കൊണ്ടും ഉണ്ടാക്കുന്ന പണം മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും.

1. മറ്റുള്ളവർക്ക് എന്തെങ്കിലും ഉപകാരം ചെയ്യാത്ത ദിവസം, നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല എന്നു മറക്കരുത്.

2. മറ്റുള്ളവർ നിന്നെ ഭയപ്പെടണം എന്ന ഭാവം നിനക്കുണ്ടാകരുത്, മറിച്ച് എല്ലാവരും നിന്നെ സ്നേഹിക്കണം എന്ന മനോഭാവം നിന്നിൽ വളരട്ടെ.
3. ഒരു ഭിക്ഷക്കാരനും വെറുംകൈയോടെ നിന്റെ വീട്ടിൽ നിന്നു പോകുവാൻ നീ ഇടയാക്കരുത്; സമ്മതിക്കരുത്.

ഇല്ലാത്തവർക്ക് ഉള്ളവരല്ലാതെ മറ്റാരാണ് കൊടുക്കുക? അതിനാൽ ദാനം ചെയ്യാൻ ശങ്കിക്കേണ്ട. അല്പമേ ഉള്ളൂ എങ്കിൽ അതു മതി. എല്ലാം കാണുന്ന ദൈവം അതു കാണും.

## ■ പരോപകാര ശീലം

പരോപകാരത്തിനായി ഉപയോഗിക്കേണ്ട പണം ചിലർ ധൂർത്തടിച്ചു വെള്ളംപോലെ ചെലവാക്കുന്നു. മറ്റു ചിലർ അത്യാവശ്യത്തിനു പോലും വേണ്ടത്ര കൈവിട്ടു ചെലവാക്കാതെ പിശുക്ക് കാണിക്കുന്നു. രണ്ടും ഒരുപോലെ തിന്മയാകുന്നു. ധാരാളിയുടെ സന്തോഷം പുകപോലെ കടന്നുപോകും. ലുബ്ധന്റെ മുതലോ പുഴുവരിച്ചു തീരും! നിനക്ക് അധികം സ്നേഹിതന്മാരെ ആവശ്യമില്ല. ഒരാൾ മതി. പക്ഷേ, അയാൾ ആയിരക്കണക്കിന് ആളുകളിൽ നിന്നു നീ വളരെ സൂക്ഷിച്ചു തിരഞ്ഞെടുത്ത വ്യക്തി ആയിരിക്കണം. ദൈവത്തെ സ്നേഹിക്കാത്തവൻ, നിന്നെയും ആത്മാർത്ഥമായി സ്നേഹിക്കുകയില്ല.

## ■ നീതിതൽപരത

അവകാശപ്പെട്ട മുതൽ അവകാശപ്പെട്ടവനു ലഭിക്കുന്നതാണല്ലോ നീതി. അതുകൊണ്ടു മോഷ്ടിച്ചെടുത്ത വസ്തു നിന്റെ വീട്ടിൽ ഒരു നിമിഷംപോലും സൂക്ഷിക്കുവാൻ നീ ഇടയാക്കരുത്; സമ്മതിയ്ക്കരുത്.

കട്ട വസ്തു മാത്രമല്ല അത് ഇരിക്കുന്ന ഭവനംകൂടി കത്തി നശിപ്പിക്കുമെന്നു പരിശുദ്ധാത്മാവു വെളിപ്പെടുത്തിയിരിക്കുന്നു. അന്യന്റെ വസ്തുക്കൾ മോഷ്ടിച്ചവരുമായി സഹവാസം നിനക്കു നല്ലതല്ല. നാളെ നിന്റെ വസ്തുക്കൾ മോഷ്ടിച്ചെടുക്കാനും അവർ മടിക്കുകയില്ല. മാത്രമല്ല അവർ ചെയ്തുകൂട്ടുന്ന പാപത്തിനും നീ പങ്കുകാരനാകും.

ജോലിചെയ്യുന്നവർക്കും നിന്നെപ്പോലെ ജീവിക്കണം. അതുകൊണ്ടു ജോലിചെയ്യിപ്പിക്കുന്ന നീ അവർക്കു ന്യായമായ കൂലികൊടുക്കണം. അതിനു കാലതാമസം വരുത്തുകയുമരുത്. കൂലി കൊടു

ക്കാതിരിക്കുന്നത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമാണ്! കഷ്ടപ്പെടുത്തി കണ്ണീരു കുടിപ്പിക്കുകയുമരുത്. കാരണം, കഴിവില്ലാത്ത ആ പാവപ്പെട്ടവന്റെ കണ്ണീരു ദൈവം കാണും! അതു കാണുന്ന നീതിമാനായ ദൈവപിതാവ്, നിന്നെ വെറുതെ വിടുമെന്നു കരുതേണ്ട.

## ■ യഥാർത്ഥ സമ്പത്ത്

ഒരു കുടുംബത്തിന്റെ യഥാർത്ഥ സമ്പത്ത്, ആ കുടുംബത്തിൽ കെടാതെ തെളിയുന്ന ദൈവഭയവും ആണ്. കാരണം, ഈ ലോകത്തിലും പരലോകത്തിലും ദൈവഭയമുള്ള ഏതു കുടുംബവും ദൈവാനുഗ്രഹത്തിന്റെ അർഹമായ ഫലം നുകരും. എന്നിരുന്നാലും ഒരു നല്ല കുടുംബത്തിലെ എല്ലാ വെളിച്ചവും മറച്ചുവെച്ച്, അതിനെ അന്ധകാരത്തിലാഴ്ത്തുന്ന ഒരു ഇരുണ്ട കാർമേഘപടലമുണ്ട്. അതാണ് പരദൂഷണം; അതാണ് അസഭ്യവചനം!

കുടുംബത്തിൽ വെളിച്ചം നിലനിർത്താൻ ഉപകരിക്കുന്ന ഒരു സിദ്ധതൈലമുണ്ട്. അതാണു വിശുദ്ധ കുർബാന. അതുകൊണ്ടു കഴിയുമെങ്കിൽ എല്ലാ ദിവസവും വി. കുർബാനയിൽ സംബന്ധിക്കുക. ഒരു കുടുംബത്തിൽ നിന്ന് എല്ലാവർക്കും ദേവാലയത്തിൽ പോകാൻ സാധിച്ചെന്നു വരില്ല. അതുകൊണ്ട് ഓരോ ദിവസവും ഒന്നോ രണ്ടോ പേർ വീതം മാറി മാറി ദിവ്യബലിയിൽ സംബന്ധിക്കേണ്ടതാണ്. അപ്രകാരം തന്നെ എല്ലാവരും മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും കുമ്പസാരിക്കണം; വി.കുർബാന സ്വീകരിക്കണം. ദിവ്യബലിയിൽ സംബന്ധിക്കുവാൻ സാധിക്കുന്നവർ അന്നന്നു ദിവ്യകാരുണ്യ സ്വീകരണം നടത്തുന്നതു നല്ലതാണ്. അതുപോലെ ദൈവമാതാവിന്റെയും മാർ യൗസേപ്പിതാവിന്റെയും വണക്കമാസങ്ങൾ എന്നിവ നമ്മുടെ കുടുംബങ്ങളിൽ മുടങ്ങാതെ നടത്തണം. അവയെല്ലാം നമ്മുടെ കുടുംബങ്ങളിലേയ്ക്കു ദൈവകൃപ ഒഴുകുന്ന അരുവിയാണ്.

നടക്കുമ്പോഴും, ഇരിക്കുമ്പോഴും, കളിക്കുമ്പോഴും, കിടക്കുമ്പോഴും, അടക്കവുമൊതുക്കവും പാലിക്കുക. വിരക്തി എന്ന വിശുദ്ധി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. ഉപകാരത്തിനുള്ളതാണു തീ. പക്ഷേ, ശ്രദ്ധിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ അതു വലിയ ഉപദ്രവത്തിനും അപരിഹാര്യമായ നാശത്തിനും നഷ്ടത്തിനും കാരണമാവില്ലേ? അതുപോലെ അന്തസ്സിനു ചേരാത്ത അടക്കവുമൊതുക്ക

വുമില്ലായ്മ, തീ ർത്താൽ തീരാത്ത അപമാനത്തിനു മാത്രമല്ല ആത്മ നാശത്തിനും വഴിയൊരുക്കും; അതു ദൈവത്തിന്റെയും മനുഷ്യ ന്റെയും മുൻപിൽ നിന്നെ അവഹേളനാപാത്രമാക്കും. മറക്കരുത്.

## ■ ദൈവേഷ്ടത്തിന്റെ അടയാളം

ഒരിക്കൽ ഒരു ഭക്തൻ പറഞ്ഞു. "ഈ ലോകത്തിൽ സകലതും എന്റെ മനസ്സുപോലെ നടക്കുന്നു. കാരണമെന്താണെന്നോ? ദൈവം എന്തു തിരുമനസ്സാകുന്നുവോ അതുതന്നെയാണ് എന്റെ മനസ്സും, അഭീഷ്ടവും". അതുപോലെ നീയും ദു:ഖത്തിലും ദുരിതത്തിലും ആധിയിലും വ്യാധിയിലും ദൈവതിരുമനസ്സിന് നിന്നെതന്നെ സമർപ്പി ക്കണം; സന്തോഷത്തിൽ മാത്രം ക്ഷമയോടെ വർത്തിക്കുന്നവൻ, ഒട്ടും ശക്തിയില്ലാത്തവനാകുന്നു.

## ■ നല്ല ഗ്രന്ഥങ്ങൾ

ദൈവത്തെ അറിയുന്നതിനും അനുഭവിക്കുന്നതിനുമാണ് ജ്ഞാനം. അജ്ഞാനികളുടെ ചില ശാസ്ത്രഗ്രന്ഥങ്ങൾ അജ്ഞത വിളമ്പുന്നു.വഴിപിഴപ്പിക്കുന്ന ചീത്ത പുസ്തകങ്ങൾ വീട്ടിൽ കയറ്റു ന്നതും വീട്ടിൽ സൂക്ഷിക്കുന്നതും വൈയ്ക്കോലിൽ തീ ഒളിച്ചു വെയ്ക്കുന്നതിനു സമമാകുന്നു. മറിച്ചു നല്ല ഗ്രന്ഥങ്ങൾ നല്ല സമ്പാ ദ്യങ്ങളാണ്; നിക്ഷേപങ്ങളാണ്; മക്കൾക്കുവേണ്ടി ഉണ്ടാക്കാവുന്ന വലിയ സമ്പത്താണ് . അതുകൊണ്ട് ഒരു കുടുംബത്തിന്റെ മുതൽകൂ ട്ട് ശരിയായ ജ്ഞാനം ഉളവാക്കുന്ന, ദൈവഭകതിയെ വർദ്ധിപ്പിക്കുന്ന വിജ്ഞാന ഗ്രന്ഥങ്ങളാണ്, തത്വശാസ്ത്രഗ്രന്ഥങ്ങളാണ്. അവ്നവന്റെ കഴിവനുസരിച്ച് അപ്രകാരമുള്ള നല്ല ഗ്രന്ഥങ്ങൾ വാങ്ങി കുടുംബ ത്തിൽ ശേഖരിക്കുക. മക്കളുടെ നല്ല ഭാവിക്ക് അത് ഉപകരിക്കും.

## ■ കടമയുള്ള ദിവസങ്ങൾ എങ്ങനെ ആചരിക്കണം

കടമുള്ള ദാവസങ്ങളിൽ വിശുദ്ധ കുർബാനയിൽ സംബന്ധി ച്ചാൽ മാത്രം മതിയോ? പോരാ, അന്നേ ദിവസത്തിന്റെ അധികപങ്കും നാം നല്ല കാര്യങ്ങൾ ചെയ്യുവാനും നല്ല ഗ്രന്ഥങ്ങൾ വായിക്കുവാനും ദൈവവചനം ശ്രവിക്കുവാനും മാറ്റി വെയ്ക്കണം. സാധുക്കളുടെ വീടുകൾ സന്ദർശിച്ചു സാധിക്കുന്ന സഹായം ചെയ്യുക, രോഗികളെ ചെന്നുകണ്ട് അവരെ ആശ്വസിപ്പിക്കുക, കഴിയുംപോലെ അവരെ ശുശ്രൂഷിക്കുക. ഇപ്രകാരം ആത്മാവിനുതകുന്ന സത്കർമ്മങ്ങൾ

യഥാവിധി അനുഷ്ഠിച്ചുകൊണ്ടുവേണം കടമുള്ള ദിവസങ്ങൾ ആചരിക്കുവാൻ.

നമ്മെ ശുശ്രൂഷിക്കുവാനായി നമ്മുടെ ഭവനത്തിൽ താമസിപ്പിക്കുന്ന ആളുകളുടെ ഭൗതികമായ കാര്യങ്ങളും അതിനേക്കാളധികം അവരുടെ ആത്മീയ കാര്യങ്ങളും നാം വേണ്ടവിധം ശ്രദ്ധിക്കണം. അതിനുള്ള കടമയും ചുമതലയും നമുക്കുണ്ട്. അക്കാര്യം ഒരിക്കലും നാം വിസ്മരിക്കരുത്.

## ദിനചര്യക്രമം

1. നിത്യവും രാവിലെ കൃത്യസമയത്ത് ഉണരുക. രാവിലെ ആറുമണിക്കെങ്കിലും എല്ലാവരും ഉണരണം. ഉടനെ ഉഷ:കാലജപം ചൊല്ലുക. അപ്രകാരം തന്നെ രാത്രിയിൽ കൃത്യസമയത്തു തന്നെ ഉറങ്ങുവാൻ കിടക്കുക. ഈ ക്രമം കണിശമായും പാലിക്കണം.
2. രാവിലെ സാധിക്കുന്നവരെല്ലാം പള്ളിയിൽ പോകുക. വി. കുർബാനയിൽ സംബന്ധിക്കുക.
3. രാവിലെ എട്ടുമണിക്കു പ്രാതൽ
4. പന്ത്രണ്ടു മണിക്ക് ഉച്ചഭക്ഷണം.
5. സന്ധ്യാസമയത്ത് എല്ലാവരും ഒന്നിച്ചുകൂടി ത്രികാലജപം ചൊല്ലുക. അതിനുശേഷം അൻപത്തിമൂന്നു മണിജപം കൂട്ട പ്രാർത്ഥനയായി ചൊല്ലേണ്ടതാണ്.
6. പ്രാർത്ഥന കഴിഞ്ഞ് അരമണിക്കൂർ സൽഗ്രന്ഥങ്ങൾ വായിച്ചു ധ്യാനിക്കണം
7. കുടുംബത്തിൽ എത്രവലിയ വിശിഷ്ടാതിഥികൾ ഉണ്ടായിരുന്നാൽ തന്നെയും കുടുംബപ്രാർത്ഥന മുടക്കരുത്. അതു നിശ്ചയ സമയത്തുതന്നെ നടത്തണം. മറ്റുള്ളവർക്കു നിന്റെ പ്രവൃത്തി ഒരു സന്മാതൃകയാകട്ടെ. അവർ നിന്നെ പരിഹസിച്ചാൽ അതു ഭാഗ്യമായി നീ കരുതുക.
8. എട്ടു മണിക്ക് അത്താഴം.
9. ഉറങ്ങുന്നതിനുമുമ്പ് ആത്മശോധന നടത്തണം; അതുകഴിഞ്ഞു പ്രാർത്ഥിച്ചുറങ്ങണം .

കുടുംബനാഥൻ ഈ ക്രമം കൃത്യമായി പാലിക്കുകയും അതു പാലിക്കുവാൻ കുടുംബാംഗങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യണം.

## മക്കളെ വളർത്തേണ്ട വിധം

1. മക്കളെ വേണ്ട വിധം വളർത്തുക എന്നതാണ് മാതാപിതാക്കളുടെ ഏറ്റവും വലിയ കടമ. കാരണം ദൈവം നിങ്ങളെ സൂക്ഷിക്കുവാനായി ഏല്പിച്ചിരിക്കുന്ന ഏറ്റവും വലിയ നിക്ഷേപമാണു നിങ്ങളുടെ അരുമസന്താനങ്ങൾ. തന്നെയുമല്ല, ഈശോമിശിഹാ നിങ്ങളെ ഭരമേല്പ്പിച്ചിരിക്കുന്ന അമൂല്യമായ ആത്മാക്കളാണവർ. എന്തിനാണെന്നോ? ഈശോമിശിഹായുടെ തിരുരക്തംകൊണ്ട് അവരെ ശുദ്ധീകരിക്കുന്നതിനായി; അവരും ഈശോയുടെ യഥാർത്ഥ ശുശ്രൂഷികളാകുന്നതിനായി; അന്തിമവിധിനാളിൽ അവരെ കേടുപാടുകൂടാതെ തിരികെ ഏല്പിക്കുന്നതിനായി. നിങ്ങളുടെ കുറ്റം നിമിത്തം നിങ്ങളുടെ മക്കളിലാരെങ്കിലും നരകത്തീയിൽ നിപതിക്കുമെങ്കിൽ നിങ്ങൾ രക്ഷപ്പെടുമോയെന്ന കാര്യം കണ്ടറിയണം.

നിങ്ങൾക്കും വാർദ്ധക്യകാലം വരും. അന്നു മക്കളിൽ നിന്നു എന്തെങ്കിലും പ്രയോജനം ലഭിക്കണമോ? എങ്കിൽ ചെറുപ്പം മുതൽ അവരെ നല്ല ക്രിസ്ത്യാനികളാക്കി വളർത്തണം. ദൈവത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാത്തവർ മാതാപിതാക്കളേയും വകവെയ്ക്കുകയില്ല. അതുകൊണ്ട് മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ കൂടെക്കൂടെ തമ്പുരാനു കാഴ്ചവെയ്ക്കണം. തിരുകുടുംബത്തിന്റെ മാദ്ധ്യസ്ഥത്തിൽ ഏല്പിക്കണം. അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കണം. അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷ പോലെ ദൈവം കൈകൊള്ളും.

2. കുഞ്ഞുങ്ങൾ സംസാരിച്ചു തുടങ്ങുമ്പോൾ തന്നെ 'ഈശോ മറിയം യൗസേപ്പ്' എന്ന തിരുനാമങ്ങൾ ഭക്തിപൂർവ്വം ജപിക്കുവാൻ പഠിപ്പിക്കുക. അവരുടെ തിരുസ്വരൂപങ്ങൾ കുഞ്ഞുങ്ങളെ കാണിച്ചുകൊടുക്കുക. അവയെ ചുംബിക്കുവാനും, വണങ്ങുവാനും, തിരുകുടുംബത്തെ സ്നേഹിക്കുവാനും പരിശീലിപ്പിക്കുക. യൗസേപ്പിതാവിന്റെയും മാതാവിന്റെയും സ്ഥാനമാണു മാതാപിതാക്കൾക്കുള്ളതെന്നു നിങ്ങളുടെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും കാണിച്ചുകൊടുക്കുക. ആത്മീയഭോജനമായ 'സ്വർഗ്ഗസ്ഥനായ പിതാവേ,' 'നന്മ നിറഞ്ഞ മറിയമേ', ത്രിത്വസ്തുതി, ത്രികാലജപം, ജപമാല തുടങ്ങിയ നമസ്കാരങ്ങളെല്ലാം കുഞ്ഞുങ്ങൾ വളർന്നു വരുന്നതോടൊപ്പം അവരുടെ നാവിൽ പാഠമായിരിക്കണം.

3. വീടിനകത്തുപോലും വസ്ത്രമില്ലാതെ കൊച്ചുകുഞ്ഞുങ്ങളെ നടത്തരുത്. അവർക്കു മനസ്സിലാകുകയില്ല എന്നു കരുതി, അവരുടെ മുമ്പിൽ വെച്ച് അസഭ്യവചനങ്ങളോ പരദൂഷണങ്ങളോ പറയരുത്.
4. മാതാപിതാക്കൾ കിടന്നുറങ്ങുന്ന മുറിയിൽ മക്കളെ കിടത്താതിരിക്കുന്നതാണ് നല്ലത്. കാരണവന്മാരോടുള്ള സ്നേഹബഹുമാനങ്ങൾക്ക് ഉലച്ചിൽ തട്ടാതിരിക്കുവാൻ ഈ പരിശീലനം നന്നായിരിക്കും . ആൺകുട്ടികളും, പെൺകുട്ടികളും ഒരുമിച്ച് ഒരേ മുറിയിൽ ഉറങ്ങുന്നതും അഭിലഷണീയമല്ല.; അനുവദനീയമല്ല. കാരണം, അറിയാത്തതും അറിയരുതാത്തതുമായ കാര്യങ്ങൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുവാൻ പിശുചു മുൻകൈ എടുക്കും.
5. കുഞ്ഞുങ്ങൾ കളിക്കുമ്പോൾ പോലും കാരണവന്മാരുടെ ഒരു കണ്ണ് അവരുടെ മേൽ ഉണ്ടായിരിക്കണം. അതിനു വിപരീതമായി ദൃഷ്ടിയിൽ നിന്നകന്ന്, അകലെ പോയിരുന്നു കളിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്ക് അനുവദിച്ചു കൊടുക്കരുത്. കുട്ടികളെ വേണ്ടവിധം സൂക്ഷിക്കാത്ത വേലക്കാരെ വിശ്വസിച്ചു കുഞ്ഞുങ്ങളെ ഏല്പിക്കരുത്. മിക്കപ്പോഴും കുഞ്ഞുങ്ങളെ വഴിതെറ്റിക്കുന്നതും മോശമാക്കുന്നതും അവരെ നോക്കാനേല്പിക്കുന്ന വേലക്കാരാണെന്നു മറക്കരുത്.
6. തിരിച്ചറിവ് ഉണ്ടായാലുടൻ കുട്ടികളെ വിദ്യാലയത്തിൽ അയയ്ക്കണം. തന്നെയുമല്ല അവർ പഠിക്കുന്നുണ്ടോ എന്നും എങ്ങനെയുള്ളവരുടെ കൂട്ടുകൂടി നടക്കുന്നു എന്നും പ്രത്യേകം അന്വേഷിച്ചറിയണം.

കൂടാതെ, ഞായറാഴ്ചതോറും അവർ എന്തെല്ലാം പഠിച്ചുവെന്നു പരിശോധിച്ച് അറിയുകയും വേണം.
7. ബന്ധുജനങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ താമസിപ്പിക്കാതിരിക്കുന്നതാണ് നല്ലത്. കാരണം, പലപ്പോഴും അവർ അങ്ങോട്ടുപോകുമ്പോൾ മാലാഖമാരായിരിക്കും. തിരിച്ചുവരുമ്പോൾ പിശാചുക്കളും.
8. നിങ്ങളുടെ കുട്ടികൾ നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങളെല്ലാം അതാതു സമയങ്ങളിൽ പഠിച്ചിരിക്കണം. ഏഴുവയസ്സാകുമ്പോഴെങ്കിലും നല്ല കുമ്പസാരം നടത്തുകയും വേണം. അതോടൊപ്പം തന്നെ നമ്മുടെ അമ്മയായ പരിശുദ്ധ ദൈവമാതാവിനോ

ടുള്ള ഭക്തിയിൽ അവർ വളർന്നു വലുതാകണം. അതിനുവേണ്ട തായ പരിശീലനം കാലാകാലങ്ങളിൽ അവർക്കു നൽകേണ്ടത് മാതാപിതാക്കളാണെന്ന കാര്യം മറക്കരുത്.

9. മക്കളോടു അമിത വാത്സല്യം കാണിക്കരുത്. അതുപോലെ തന്നെ അതികാർക്കശ്യവും. കാരണം; അമിത വാത്സല്യം അഹ ങ്കാരം ജനിപ്പിക്കും.

അതികാർക്കശ്യവും കഠിനശിക്ഷയും കുട്ടികൾക്കു നാണ ക്കേടും മറ്റു മനോവിഷമങ്ങളും വരുത്തും. വടി എടുക്കുന്നതിനു മുമ്പ്, അവരെ വിവേകപൂർവ്വം ഗുണദോഷിക്കുക; ശകാരിക്കുക; കുറ്റമെന്താണെന്നു ബോദ്ധ്യപ്പെടുത്തുക. കുറ്റത്തിനു ശിക്ഷയായി ഭക്ഷണം കുറയ്ക്കുകയോ, മുട്ടിന്മേൽ നിർത്തുകയോ, കുറ്റം ആവർത്തിക്കാതിരിക്കാൻ പറ്റിയ ഏതെങ്കിലും ആധുനിക രീതി കൾ അവലംബിക്കുകയോ ചെയ്യുക.

മക്കളെ ശകാരിക്കുമ്പോൾ ഒരിക്കലും ശപിക്കുകയോ അസ ഭ്യവചനങ്ങൾ പറയുകയോ ചെയ്യരുത്. കാരണം, അവ മക്കളെ നല്ലവരാക്കുന്നതിനുപകരം, ചീത്തയാക്കാനേ വഴിതെളിയിക്കൂ. തന്നെയുമല്ല അവരും പ്രായമാകുമ്പോൾ അവരുടെ മക്കളോടും ഇപ്രകാരം പെരുമാറുവാൻ ഇടയാകും. അതിന് പഠിപ്പിക്കുകയാ യിരിക്കും അതുവഴി മാതാപിതാക്കൾ ചെയ്യുക.

അപ്പനോടു വേണ്ടത്ര സ്നേഹാദരങ്ങൾ അമ്മ കാണിക്കണം; അതുകണ്ടു മക്കൾ പഠിക്കണം. പിതാവിന് കുടുംബനാഥന്റെ സ്ഥാനമാണ് കുടുംബത്തിലുള്ളതെന്നും അദ്ദേഹത്തെ ആദരിക്കു കയും, അനുസരിക്കുകയും ചെയ്യേണ്ടതാണെന്നും മനസ്സിലാക്ക ണം. അപ്രകാരം തന്നെ, മാതാവിനേയും പിതാവ് ആദരിക്കണം, സ്നേഹിക്കണം. അതുകണ്ട് മക്കളും തന്നെ അനുകരിക്കുവാൻ പിതാവു മുൻകൈ എടുക്കണം. നല്ല മാതൃക കാണിച്ചു കൊടുത്തു പഠിപ്പിക്കണം. മാതാപിതാക്കൾ പരസ്പരം സ്നേഹാദരങ്ങൾ പങ്കു വെയ്ക്കുന്നില്ലെങ്കിൽ, മക്കളും അവരെ സ്നേഹിക്കുകയില്ല; ബഹു മാനിക്കുകയില്ല; ആവശ്യനേരത്ത് ഉപകരിക്കുകയുമില്ല.

10. 'നാടോടുമ്പോൾ നടുവേ' എന്നു പറഞ്ഞുകൊണ്ട് അനീതി നി റഞ്ഞ ലോകത്തിൽ അല്പം നുണയും ചതിയും തട്ടിപ്പും വെട്ടിപ്പു മൊക്കെ ആകാം എന്ന ധാരണ മക്കളിൽ വളരാൻ ഇടയാക്കരുത്.

അന്ധകാരത്തിന്റെ നടുവിൽ ഒരു കൈത്തിരി കത്തിക്കുന്ന മട്ടിൽ, സത്യത്തേയും നീതിയേയും സദാസമയവും മുറുകെ പിടിക്കുവാൻ അവരെ അഭ്യസിപ്പിക്കുക. ഏതെങ്കിലും തെറ്റുകണ്ടാൽ ഉടനെ കുറ്റപ്പെടുത്തുക. ശാസിക്കുക.

11. സന്ധ്യാസമയത്തു ദേവാലയത്തിൽ കുരിശുമണി അടിക്കുമ്പോൾ മക്കളെല്ലാവരും വീട്ടിലുണ്ടായിരിക്കണം. ഒന്നിച്ചുകൂടി സന്ധ്യനമസ്കാരം ചൊല്ലണം. അതുകഴിഞ്ഞ് അപ്പന്റേയും അമ്മയുടേയും കൈമുത്തുവാൻ ചെറുപ്പം മുതലേ മക്കളെ പരിശീലിപ്പിക്കണം. പന്ത്രണ്ടു വയസ്സു തികഞ്ഞാൽ കുഞ്ഞുങ്ങളെ പ്രത്യേകം സൂക്ഷിക്കണം. അവരെ കല്ല്യണം, ചാത്തം, പെരുന്നാൾ തുടങ്ങിയ ആഘോഷങ്ങളിൽ പങ്കുകൊള്ളുവാൻ നിർബാധം അഴിച്ചു വിടരുത്. മറിച്ച് അവരെ വീട്ടിൽ നിർത്തണം. അവർക്കു യോജിച്ച വല്ല ജോലിയിലും വ്യാപൃതരാക്കണം.

പ്രായമായ പെൺകുട്ടികളെ പ്രത്യേകിച്ചും സൂക്ഷിക്കണം. അവരെ പെരുന്നാൾ ആഘോഷങ്ങൾക്കും മറ്റും തന്നിഷ്ടംപോലെ നടക്കുവാൻ അണിയിച്ചൊരുക്കി അയയ്ക്കരുത്.

12. നാട്ടുനടപ്പ്, തറവാട്ടുമഹിമ, ലോകബഹുമാനം, സാമ്പത്തിക സ്ഥിതി എന്നീ കാരണങ്ങൾ ഉയർത്തിപ്പിടിച്ച് ചിലർ പെൺമക്കളെ ചമയിച്ചു നടത്താറുണ്ട്. മറ്റു ചിലർ തങ്ങളുടെ അന്തസ്സും പ്രാപ്തിയും കവിയുന്ന തരത്തിൽ ആടയാഭരണങ്ങൾ അണിയിച്ച് അഹങ്കാരത്തിന്റെ പ്രതീകമായി പെൺകുട്ടികളെ നടത്താറുണ്ട്. ഇവ രണ്ടും എത്രയോ ആത്മാക്കളിൽ നരകത്തീ ഊതിക്കത്തിച്ചു പിടിപ്പിക്കുന്നു....! എത്രയോ കുടുംബങ്ങളിൽ നരകം സൃഷ്ടിക്കുന്നു. യഥാർത്ഥത്തിൽ ഒരു പെൺകുട്ടിയുടെ ഏറ്റവും വിലയേറിയ ആഭരണം അവളുടെ ചാരിത്ര്യമാണ്; കണ്ണടക്കമാണ്; അച്ചടക്കമാണ്; ദൈവഭക്തിയാണ്.

13. കുട്ടികൾ തമ്മിലുളള വഴക്കുകൾ ഒരു കാരണവശാലും മാതാപിതാക്കന്മാർ ഏറ്റുപിടിച്ച് വഴക്കുണ്ടാക്കരുത്. തങ്ങളുടെ മക്കളെ മറ്റൊരുത്തൻ അപമാനിച്ചാലും, മറ്റു കുഞ്ഞുങ്ങൾ തല്ലിയാലും, നിങ്ങളതു ബലൂൺപോലെ ഊതിവീർപ്പിക്കരുത്. കുട്ടികളുടെ ഇങ്ങനെയുളള കാര്യങ്ങളിൽ തലയിടുന്ന കാരണവന്മാരും കുട്ടികളാണ്; പാകതയും പക്വതയും വരാത്തവരാണ്.

14. പ്രായമായ മക്കൾക്കു പൂർണ്ണ സ്വാതന്ത്ര്യം നൽകണം; പ്രത്യേകിച്ചും അവരുടെ ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്ന കാര്യത്തിൽ. കാരണം, അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നതു ദൈവമാണ്. അതു തിരഞ്ഞെടുക്കേണ്ടത് അവരും, കാരണവന്മാരല്ല. ഈ കാര്യത്തിൽ കാരണവന്മാർ അനാവശ്യമായി തലയിട്ട് ദുരന്തങ്ങൾ ഏറ്റു വാങ്ങരുത്. വിവാഹിതരാകാൻ മക്കൾക്ക് സമ്മതമുണ്ടോ എന്ന കാര്യം അന്വേഷിച്ചറിയാൻ മറക്കരുത്. ബന്ധുജനങ്ങളുടെ സ്ഥാനമാനങ്ങളേക്കാളും ധനസ്ഥിതിയേക്കാളും കൂടുതൽ വില കല്പിക്കേണ്ടത് അവരുടെ നല്ല ശീലത്തിനും മാനം മര്യാദയ്ക്കുമായിരിക്കണം. വേണ്ട വിധം അന്വേഷിച്ചറിയാതെ തിടുക്കത്തിൽ നടത്തുന്ന വിവാഹം, മക്കൾക്കും മാതാപിതാക്കൾക്കും സന്തോഷത്തിനു പകരം സന്താപത്തിനു കാരണമായേക്കാം.

15. മക്കൾക്കു പ്രായപൂർത്തിയും ബുദ്ധിയും പ്രാപ്തിയും കൈവന്നാൽ തന്നെയും അവരുടെ മുമ്പിൽ ബലക്ഷയം കാണിക്കേണ്ട ആവശ്യമില്ല.

16. കാരണവന്മാർ മരിക്കുന്നതിനുമുമ്പു തന്നെ, മക്കൾ വേറെ വേറെ മാറി താമസിക്കാൻ വേണ്ട സജ്ജീകരണങ്ങൾ ചെയ്തുകൊടുക്കണം. സുബോധമുള്ളപ്പോൾ തന്നെ അവർക്കു വസ്തുക്കൾ ഭാഗം ചെയ്തു വയ്ക്കുക. മരിക്കുന്നതിനു മുമ്പ് മക്കളെ അവ ഏല്പിച്ചു കൊടുക്കുക. അല്ലെങ്കിൽ മരണശേഷം ഉണ്ടാകാവുന്ന വഴക്കിനും വക്കാണത്തിനും മാതാപിതാക്കളായിരിക്കും ഉത്തരവാദികൾ.

**സ്നേഹം നിറഞ്ഞ മക്കളേ,**

നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കണം. അവരുടെ മനസ്സിനെ വേദനിപ്പിക്കരുത്. ദൈവപ്രമാണത്താൽത്തന്നെ നിങ്ങളിതു കടപ്പെട്ടവരാണെന്ന കാര്യം വിസ്മരിക്കരുത്. മാതാപിതാക്കളെ ബഹുമാനിക്കണം എന്നതു ദൈവപ്രമാണത്തിൽ നാലാമത്തേതാണല്ലോ. ഇതു ലംഘിക്കുന്നവർക്കു പരലോകത്തിൽത്തന്നെയല്ല, ഈ ലോകത്തിൽത്തന്നെയും ദൈവശാപം ഏൽക്കേണ്ടിവരും. ഇതു നല്ലവണ്ണം ഓർത്തുകൊള്ളുക.

*1868 കുംഭമാസം 23*

**തിരുകുടുംബത്തിന്റെ**
**കുര്യാക്കോസ് ഏലിയാസ്**

# CMI

## EDUCATIONAL INSTITUTIONS & BENEFICIARIES -2007

| Institutions | Total Number | Number of students | Teaching staff | Non teaching staff |
|---|---|---|---|---|
| **GENERAL** | | | | |
| University Colleges | 18 | 19576 | 905 | 476 |
| Higher Secondary Schools | 53 | 51052 | 1924 | 462 |
| High Schools | 100 | 69837 | 2437 | 523 |
| U.P.Schools | 75 | 37938 | 1176 | 202 |
| L.P.Schools | 80 | 21982 | 1036 | 162 |
| Nursary schools | 74 | 10378 | 263 | 118 |
| **Total** | **400** | **210763** | **7741** | **1943** |
| **PROFESSIONAL** | | | | |
| Medical college | 1 | 400 | 140 | 50 |
| Nursing college & schools | 6 | 520 | 36 | 22 |
| Engineering college | 1 | 1224 | 95 | 30 |
| College of social sciences | 1 | 670 | 60 | 180 |
| B.Ed.Colleges | 8 | 530 | 40 | 28 |
| Poly Technic | 1 | 1115 | 59 | 22 |
| I.TC&Techiical Institutions | 12 | 1266 | 98 | 32 |
| Research Centres | 3 | 155 | 18 | 7 |
| **Total** | 33 | 5880 | 546 | 371 |
| **GRAND TOTAL** | **433** | **216643** | **8287** | **2314** |